MY LORD AND MY GOD

കനക ജൂബിലി സ്മരണിക

2018

50 Years 1968 -2018

സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്
മെയിൻ റോഡ്, കുന്നംകുളം

GOLDEN JUBILEE SMARANIKA 2018

IN LOVING MEMORY OF

K.V.CHUMMAR

KANJIRATHINGAL HOUSE
KUNNAMKULAM

17/07/1986

BE HOLY LIKE THE SAINTS

St.Mary

St.Thomas

St.Kuriakkose

St.Gregorios

മാർത്തോമ്മ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ

പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ്
ദ്വിതീയൻ ബാവ

അഹമ്മദാബാദ് ഭദ്രാസന മെത്രാപ്പോലീത്തായും
കുന്നംകുളം ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായ

അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ്

Website: www.mosc.in
E-mail: catholicos@mosc.in

TELEPHONE: 0481-2574323, 2578500
FAX: 0481-2570569

The Malankara Orthodox Syrian Church

CATHOLICATE OF THE EAST

BASELIOS MARTHOMA PAULOSE II
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM-686 038
KERALA, INDIA

ഡിസംബർ 18, 2018

അനുഗ്രഹാശംസ

നമ്മുടെ കുന്നംകുളം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക അതിന്റെ ചരിത്രഗതിയിൽ 50 വർഷങ്ങൾ പിന്നിടുന്നു എന്നറിയുന്നതിൽ നാം സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ക്രിസ്തീയ സ്നേഹത്തിന്റെയും കൂട്ടായ്മയുടെയും അനുഭവത്തിൽ നിലനിൽക്കുകയും, സമൂഹത്തോടും സഹവിശ്വാസികളോടും ഉള്ള പ്രതിബദ്ധത നിറവേറ്റുകയുമാണ് ഒരു ഇടവകയുടെ ധർമ്മം. സ്വർഗ്ഗീയമായ ആരാധനയിലൂടെ ആർജിക്കുന്ന ദൈവകൃപ പരസ്പരം പങ്കിടുന്നതിനും ദൈവനാമ മഹത്വത്തിനായി വിനിയോഗിക്കുന്നതിനും ഇടവകയ്ക്ക് കഴിയണം. സത്യവിശ്വാസത്തിന്റെ പാതയിൽ നിലകൊള്ളുന്നതിനും ദൈവിക സാക്ഷ്യം നിറവേറ്റുന്നതിനും നിങ്ങൾക്ക് ഇടയായതിൽ നമുക്കുള്ള സന്തോഷം ഇത്തരുണത്തിൽ അറിയിക്കുന്നു. തുടർന്നും മാതൃകാപരമായ പ്രവർത്തനങ്ങളുമായി മുന്നേറുന്നതിന് ആ ഇടവകയ്ക്ക് കഴിയട്ടെ എന്ന് നാം ആശംസിക്കുന്നു. ഇടവകയുടെ ഇന്നോളമുള്ള വളർച്ചയ്ക്കായി അദ്ധ്വാനിച്ച് മൺമറഞ്ഞുപോയവരെ പ്രത്യേകം സ്മരിക്കാം. ജൂബിലി ആഘോഷങ്ങൾക്കും അതോടനുബന്ധിച്ച് പുറത്തിറക്കുന്ന സ്മരണികയ്ക്കും സർവ്വ മംഗളങ്ങളും നേരുന്നു.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ

THE INDIAN ORTHODOX CHURCH

(The Malankara Orthodox Syrian Church)

Catholicate of the East

Diocese of Ahmedabad

'Gandhi Smriti'
St. Thomas Bishop's House
Naroda- Ahmedabad
Gujarat, India - 382 330

By His Grace,
Dr. Geevarghese Yulios Metropolitan

സന്ദേശം

പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ പാദസ്പർശനത്താൽ പരിപാവനമായ സ്ഥലത്ത് സ്ഥാപിക്കപ്പെട്ട കുന്നംകുളം മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് ദേവാലയം കുന്നംകുളത്തെ പരുമല എന്ന നിലയിൽ അരനൂറ്റാണ്ടുകാലമായി പ്രശോഭിക്കുകയാണല്ലോ. മാർത്തോമ്മ ശ്ലീഹായാൽ സ്ഥാപിതമായ, ''വെള്ളത്താലും ആത്മാവിനാലും'' നമ്മെ ജനിപ്പിച്ച, ആർത്താറ്റ് സെന്റ് മേരീസ് കത്തീഡ്രലും ഇടവകപള്ളിയായ തെക്കേഅങ്ങാടി സെന്റ് മത്ഥ്യാസ് ദേവാലയവും '' ആത്മീയ പിള്ളതൊട്ടിൽ'' എന്ന് വിശേഷിപ്പിക്കാവുന്ന ''മെത്രാന്റെ കുരിശും'' ജീവിത ഗന്ധിയായ വിശുദ്ധ ആലയങ്ങളാണ്.

മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് പള്ളി ബലഹീനനായ നമുക്ക് വേണ്ടി നിർമ്മിക്കപ്പെട്ടതായി കരുതുന്നു. കാരണം 1967 ലാണ് ജനനം; 1968 ൽ ദേവാലയം സ്ഥാപിക്കപ്പെടുകയും ചെയ്തു. ഈ ദേവാലയത്തിലെ വിവിധ ആത്മീയ സംഘടനകളിൽ പ്രവർത്തിക്കുവാനുള്ള അവസരം ലഭിച്ചത് തികച്ചും ഒരു ദൈവനിയോഗമായി മനസ്സിലാക്കുന്നു. സണ്ടേസ്കൂളിലെ വിദ്യാർത്ഥിയായും പിന്നീട് അദ്ധ്യാപകനായും പ്രവർത്തിച്ചത് സന്തോഷത്തോടെ ഓർക്കുന്നു. മദ്ബഹാ ശുശ്രൂഷകനായും യുവജനപ്രസ്ഥാനം ഭാരവാഹിയായും ചുമതല നിർവ്വഹിച്ചത് ഓർമ്മചെപ്പിൽ സൂക്ഷിച്ചിട്ടുണ്ട്. വെരി.റവ. പുലിക്കോട്ടിൽ ജോസ് കോർഎപ്പിസ്ക്കോപ്പ, ഫാ.ജോസഫ് പുലിക്കോട്ടിൽ (കരുമാംകുഴി), ഫാ.അബ്രഹാം ഓലിക്കൽ, ഫാ.സൈമൺ കൂത്തൂർ തുടങ്ങിയ വൈദീകരേയും അന്നത്തെ പ്രധാന ശുശ്രൂഷകൻ പാവേട്ടനേയും പ്രത്യേകിച്ച് നന്ദിയോടെ സ്മരിക്കുന്നു. ദിവ്യബോധനം സഭയിൽ ആരംഭിച്ചപ്പോൾ മെയിൻ റോഡ് ദേവാലയത്തിൽ ആദ്യബാച്ച് തുടങ്ങിയതും അതിൽ വിദ്യാർത്ഥിയായതും പിന്നീട് ഗ്രന്ഥകർത്താവായതും കേന്ദ്ര ചുമതല ഏറ്റെടുത്തതും സ്മരണയിൽ നിന്നും മാഞ്ഞുപോയിട്ടില്ല. പരി.പരുമല തിരുമേനിയോടൊപ്പം മാർ കുരിയാക്കോസ് സഹദായും മർത്ത് യൂലിത്തിയും നമുക്ക് ഏറെ പ്രിയമുള്ള മദ്ധ്യസ്ഥരാണ്. സത്യ വിശ്വാസത്തിന്റെ പാതയിൽ നിലകൊള്ളുന്നതിനും ദൈവിക സാക്ഷ്യം നിറവേറ്റുന്നതിനും അനേകർക്ക് ആശ്വാസം പകർന്നുകൊടുക്കുന്നതിനും ഈ ദേവാലയത്തിലൂടെ സാദ്ധ്യമാകുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

"എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല." (3 യോഹന്നാൻ 4-ാം വാക്യം) എന്ന സാക്ഷ്യം നിങ്ങളെ കുറിച്ച് ദൈവസന്നിധിയിൽ നൽകുവാൻ സംഗതിയാകുമാറാകട്ടെ. മാതൃകാപരമായ പല പ്രവർത്തനങ്ങളും ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിങ്ങൾ പ്രാവർത്തികമാക്കിയതിൽ നാം സന്തോഷിക്കുന്നു. പൂർവ്വ പിതാക്കന്മാരുടെ അനുഗ്രഹീത ജീവിത ചര്യയും പ്രാർത്ഥനാനുഭവങ്ങളുമാണ് നന്മയുടെ മുകുളങ്ങൾക്ക് ഉത്തേജനം നൽകുന്നത്. പുഷ്പങ്ങളും ഫലങ്ങളും ആസ്വദിയ്ക്കുമ്പോൾ വൃക്ഷങ്ങളെ നട്ടുനനയ്ച്ചവരെ പൗരസ്ത്യ സഭകൾ വിസ്മരിക്കാറില്ല. "നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസം അനുകരിപ്പിൻ" (എബ്രാ.13:7) എന്നാണല്ലോ തിരുവചനം.

ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഗതകാല സ്മരണകളും വർത്തമാന സംഭവങ്ങളും ചരിത്ര ആഖ്യാനങ്ങളും കോർത്തിണക്കി പ്രസിദ്ധീകരിക്കുന്ന ഗോൾഡൻ ജൂബിലി സ്മരണികയ്ക്കും ഈ സദ്ഉദ്യമത്തിൽ പങ്കാളികളായ ഏവർക്കും അനുഗ്രഹാശ്ശിസുകൾ നേരുന്നു

ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലിത്ത

എ.സി.മൊയ്തീൻ
തദ്ദേശസ്വയംഭരണ
വകുപ്പ് മന്ത്രി
കേരള സർക്കാർ

സന്ദേശം

കുന്നംകുളത്തെ പരുമല എന്നറിയപ്പെടുന്ന **സെന്റ് ഗ്രിഗോറിയോസ് പള്ളിയുടെ** കനക ജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുവെന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്.

1968 മുതലുള്ള പള്ളിയുടെ ചരിത്രവും ഗതകാല സ്മരണകളും, വർത്തമാന സംഭവങ്ങളും കോർത്തിണക്കി ഒരു സുവനീർ പ്രസിദ്ധീകരിക്കുന്നു എന്നുള്ളത് അഭിനന്ദനാർഹമാണ്.

കനകജൂബിലി ആഘോഷങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

എ.സി മൊയ്തീൻ

ഓഫീസ് : നോർത്ത് ബ്ലോക്ക്, മൂന്നാം നില, റൂം നമ്പർ 149
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-695 001
വസതി : "പെരിയാർ", ക്ലിഫ് ഹൗസ് കോമ്പൗണ്ട്, നന്തൻകോട്, തിരുവനന്തപുരം
ഫോൺ (ഓ) : 0471-2332700, 2333059 ഫാക്സ് : 2323732 വസതി : 2727711, 2727713
മൊബൈൽ : 9447978800 ഇ-മെയിൽ : min.ind@kerala.gov.in

ഉൾത്താളുകൾ...

7	പരിശുദ്ധനായ പരുമല തിരുമേനി: നമ്മുടെ മാതൃകാപുരുഷൻ	പരി.കാതോലിക്കാബാവ
8	മാർ കുരിയാക്കോസ് സഹദായും മർത്ത് യൂലിത്തിയും	ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
10	മെയിൻ റോഡ് മാർ ഗ്രീഗോറിയോസ് ദേവാലയം	ഫാ.ജോൺ ഉറുമ്പിൽ, വികാരി
11	ജൂബിലിയുടെ ധ്വനിഭേദങ്ങൾ	ഫാ. ടി.സി. ജേക്കബ്
13	ഒരു സഹനക്കാലത്തിന്റെ പുനർവായനകൾ	ഫാ.മാത്യു വർഗീസ് കുളങ്ങാട്ടിൽ
16	പരുമല തിരുമേനി: ബിബ്ലിയോഗ്രഫി	ജോയ്സ് തോട്ടയ്ക്കാട്
25	പരിശുദ്ധിയുടെ പരിമളം	ഫാ.ഡോ.കെ.എം.ജോർജ്ജ്
27	മലങ്കരസഭയിലെ ആരാധനാ പാരമ്പര്യം	ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
29	മലങ്കര സഭയും സന്യാസ പ്രസ്ഥാനവും	ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത
31	വചനത്തിന്റെ ഉത്സവം	ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
33	ചലനാത്മകമായ യൗവ്വനം: സാധ്യതകളും വെല്ലുവിളികളും	ഫാ. ഡോ. റെജി ഗീവർഗ്ഗീസ്
39	പരിശുദ്ധന്റെ തിരുനാമത്തിൽ പ്രഥമ ദേവാലയം	ഡോ. എം. കുര്യൻ തോമസ്
43	Lead a life of 'Success' Not- Excuses	*FR.MATHAI O.I.C*
45	Christian impact on the social....	*Fr. Dr. Sunny Chacko*
55	ശുദ്ധ സ്ഥലികൾ	ഫാ.അബ്രഹാം തോമസ്
65	സണ്ടേസ്കൂൾ ഇടവകയുടെ ജീവനാഡി	ഫാ.ഡോ.റെജി മാത്യു
69	പ്രാർത്ഥനയും രോഗസൗഖ്യവും	ക്യാപ്റ്റൻ മിനി സൈമൺ എം.
73	മാനസികആരോഗ്യവും ആത്മീയതയും	ഫാ. ഡോ. ഒ. തോമസ്
77	വിശുദ്ധ ജീവിതം - ഒരു മാർഗ്ഗ രേഖ	ഫാ.സ്റ്റീഫൻ ജോർജ്ജ്
83	പരുമലയുടെ പരിമളം പടർന്ന കുരിശ്	ഫാ.ജോസഫ് ചെറുവത്തൂർ
85	കുന്നംകുളവും പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും	ഫാ.ഡോ.ജോസഫ് ചീരൻ
91	മദ്ബഹാ ശുശ്രൂഷകസംഘം	പോൾസൺ ജോർജ്ജ്
93	മെയിൻ റോഡ് സെന്റ് ഗ്രിഗോറിയോസ് പള്ളിയും....	അഡ്വ.ഡോ.പി.സി.മാത്യു പുലിക്കോട്ടിൽ
96	അമ്മ	ഫാ.വി.എം. ശമുവേൽ
98	മുൻ സോവനീറുകളെ കുറിച്ച്.....	അഡ്വ.ഡോ.പി.സി.മാത്യു പുലിക്കോട്ടിൽ
101	അനുഗ്രഹം തേടി	സി.വി.വീരസ്
103	എം.ജി.ഒ.സി.എസ്.എം.	ത്രിഷനി സാം വിൽസൺ
105	മർത്ത്മറിയം വനിതാ സമാജം	മീന ജോൺസ് പുലിക്കോട്ടിൽ
106	പരുമല പരിശുദ്ധന്റെ പരിമളം തലമുറകളിലേക്ക്...	ജാസ്മിൻ ഡോണി
108	വേര്...	യൂഥിക
109	കുന്നംകുളത്തിന്റെ പുണ്യം	സുധീർ പി.പുലിക്കോട്ടിൽ
111	എന്റെ പരുമല തിരുമേനി	ലാസർ സി.സി.
112	സെഹിയോൻ ബംഗ്ലാവ്	ഫാ.ഇയ്യോബ് ഒ.ഐ.സി
114	പിതാക്കന്മാരെ ഓർക്കുന്ന കുന്നംകുളം	ലോഫ്സൺ.കെ.സി
115	ഇതാ ഞാനും, ദൈവം എനിക്ക് തന്ന മക്കളും	ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
116	Achievements of Mar Joseph Dionysius	*K.C.Laughson*
121	മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തനിമ	ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത
125	യുവജന പ്രസ്ഥാനം മെർവിൻ.റ്റി.പോൾ	മെർവിൻ.റ്റി.പോൾ
126	സഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ദ്വിതീയൻ	മിനി സി.സി
131	God's Better Plans for Us	*Clement K. Laughson*
132	മാർത്തോമ പൈതൃകം	ക്ലൗദിയ കെ.എൽ
133	ഗോൾഡൻ ജൂബിലി മത്സര വിജയികൾ	സി.കെ.ബാബു
134	പരിശുദ്ധ പരുമല കൊച്ചു തിരുമേനി ജീവിത രേഖ	വർഗീസ് ജോൺ തോട്ടപ്പുഴ
136	സാമൂഹ്യ വ്യതിയാനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം	ലിജി.സി.വി
138	ഗോൾഡൻ ജൂബിലി പ്രോഗ്രാം	ടി.സി.പോൾ
141	മെയിൻ റോഡ് സണ്ടേസ്കൂൾ	ജോളമ്മ പത്രോസ്



പരിശുദ്ധനായ പരുമല തിരുമേനി: നമ്മുടെ മാതൃകാപുരുഷൻ

നമ്മുടെ കുന്നംകുളം സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക അതിന്റെ കനകജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നു എന്നതിൽ ഏറെ സന്തോഷിക്കുന്നു. ദൈവമുമ്പാകെയും മനുഷ്യരുടെ മുമ്പാകെയും സത്യസന്ധത പുലർത്തിയ പ.പരുമല തിരുമേനിയുടെ ഓർമ്മ നമ്മുടെ പലതരം 'വ്യാജപ്രതിഛായ'കളോടും ശണ്ഠകൂടുന്നതാണ്. ധാർമ്മികതയുടെയും വിശ്വാസ്യതയുടെയും ജീവനുള്ള അടയാളങ്ങളായി ക്രൈസ്തവരെ കണ്ടിരുന്ന ഒരു കാലം കേരള ചരിത്രത്തിനുണ്ട്. നിർഭാഗ്യവശാൽ അത്തരമൊരു ധാർമ്മികോന്നതിയിൽ നിന്നും അധികമാളുകളും വീണുപോയിട്ടുണ്ട്. തെറ്റുചെയ്യാതിരിക്കുന്നതിനുവേണ്ടിയല്ല ഇന്ന് മനുഷ്യർ ഭാരപ്പെടുന്നത്. ചെയ്യുന്ന തെറ്റുകൾ മറച്ചുപിടിക്കുന്നതിനുവേണ്ടി മാത്രമാണ് തന്ത്രപ്പെടുന്നത്. ഈ പാശ്ചാത്തലത്തിൽ ഒരു പ്രാർത്ഥനാ മനുഷ്യന്റെ സ്മരണകൾ നമ്മുടെ ഹൃദയത്തെ കീഴടക്കേണ്ടത് അത്യന്തം അനിവാര്യമാകുന്നു. പ.പരുമല തിരുമേനിയുടെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക "നിത്യവും ദൈവപ്രാർത്ഥന ചെയ്യുന്നവർ ഒരിക്കലും അസത്യവാനോ, ദുർമ്മാർഗിയോ, അവിശ്വാസിയോ, ഭക്തിഹീനനോ, ജനദ്വേഷിയോ, സ്വാമിദ്രോഹിയോ ആയിതീരുന്നതല്ല." നിശ്ചയമായും സത്യസന്ധമായ പ്രാർത്ഥനകളുടെ അഭാവമാണ് നമുക്കിടയിൽ ഇരുട്ട് പരത്തുന്നത്. ജീവിതത്തിൽ അഭിനയിക്കുകയും കൃത്യമായി പെരുമാറുകയും വക്രതയോടെ ചിന്തിക്കുകയും ചെയ്യുന്നവർ പെരുകുമ്പോൾ ദൈവോചിതമായ ഒരു അതിജീവനത്തിനുള്ള സാധ്യതയാണ് പ.പരുമല തിരുമേനി നമുക്ക് തുറന്നുതരുന്നത്. ക്രിസ്തുവിലേക്കുള്ള ഒരു കിളിവാതിൽ പോലെ 'തിരുമനസ്സ്' തുറന്നു കിടക്കുന്നു. ഉള്ളിലേക്ക് നോക്കാനാണ് ആഹ്വാനം. തന്റെ ജീവിതം ചരിത്രത്തിൽ അവശേഷിപ്പിച്ച ക്രിസ്തുവിന്റെ അടയാളങ്ങളെ പിന്തുടരുവാനാണ് ക്ഷണം. ഈ വിളിയോടാണ് നാം പ്രതികരിക്കേണ്ടത്. അങ്ങനെ വരുമ്പോൾ പെരുന്നാളുകൾ ആഘോഷങ്ങളിലും, ആൾക്കൂട്ടങ്ങളിലും അവസാനിക്കുന്നില്ല. പിന്നെയോ അതൊരു തുടക്കം കുറിക്കലാകുന്നു. കൂടുതൽ വിശ്വാസ്തതയോടെയുള്ള ഒരു ജീവിതത്തിന് ! കൂടുതൽ നിർമ്മലമായ ഒരു പുഞ്ചിരിക്ക്! കൂടുതൽ വാത്സല്യത്തോടെയുള്ള ഒരു നോട്ടത്തിന്! കൂടുതൽ ശ്രദ്ധയോടെയുള്ള ഒരു കേൾവിക്ക്! കൂടുതൽ കരുണയോടെയുള്ള ഒരു പെരുമാറ്റത്തിന്! ഇത്തരത്തിൽ നമ്മുടെ കാലത്തെ ഇനിയും പ്രഭാപൂരിതമാക്കുന്നതിനുള്ള ഇടപടലുകളുടെ ഒരു തുടക്കമായി ഈവിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ ആയിത്തീരട്ടെ. തീർച്ചയായും ചരിത്രത്തിൽ ആവർത്തിക്കപ്പെടേണ്ടത് ഇത്തരം വിശുദ്ധമായ പരിശ്രമങ്ങൾ തന്നെയാണ്.

സത്യത്തിൽ പരിശുദ്ധ പരുമല തിരുമേനി ഒരു 'നല്ല നടപ്പിന്' നാമേവരേയും ആഹ്വാനം ചെയ്യുന്നുണ്ട്. അത്രമേൽ മലിനപ്പെട്ടിരിക്കുന്നും നമ്മുടെ വിചാരലോകം. വാക്കുകളിൽ വിഷം പുരണ്ടിരിക്കുന്നു. പ്രവൃത്തികൾ കരുണയറ്റതാകുന്നു. ദൈവം സൃഷ്ടിക്കുകയും രക്ഷിക്കുകയും ചെയ്ത ഒരു ലോകത്തെ എന്ത് ധൈര്യത്തിലാണ് നാം ഇത്രയധികം അശുദ്ധമായി സൂക്ഷിക്കുന്നത്. ഈ വിശുദ്ധന്റെ ഓർമ്മ നമ്മെ ഭാരപ്പെടുത്തേണ്ടതുണ്ട്. നിശ്ചയമായും ആഴമേറിയ ഒരു ഓർമ്മക്കടൽതീരമാണ് പരിശുദ്ധ പരുമല തിരുമേനി. ഈ സ്വച്ഛതീരത്തേയ്ക്കുള്ള കടന്നുവരവുകൾ നമുക്ക് ചിലത് നേടിത്തരേണ്ടതുണ്ട്. പ.പരുമല തിരുമേനിയുടെ ജീവിതത്തിന്റെ ഉള്ളടരുകളിൽ അദ്ദേഹം കാത്തുസൂക്ഷിച്ച ക്രിസ്തു ചൈതന്യത്തിന്റെ പവിഴ രേഖകളെ ധ്യാനിക്കുക. വിശുദ്ധന്റെ കബറിടം നമ്മോട് സംവേദിക്കുന്ന മഹാമൗനത്തിന്റെ അഗാധതകളിലേക്ക് ഊളിയിടുക. ആവോളം മുത്തുകൾ പെറുക്കിയെടുക്കുക. ദൈവത്തെ അനുസരിക്കാനും മനുഷ്യരെ സ്നേഹിക്കാനും നമ്മെ സഹായിക്കുന്ന രത്നഖചിതമായ ഓർമ്മകളെ ഹൃദയത്തിൽ നിറയെ വാരി മടങ്ങിപ്പോവുക. അതാകണം ഈ ആഘോഷം നമുക്കേകുന്ന അമൂല്യസമ്പത്ത്. വീണ്ടെടുക്കപ്പെടേണ്ട ക്രിസ്തുചൈതന്യമാണ് ഈ പുണ്യഭൂമി നമ്മെ ഓർമ്മിപ്പിക്കുന്ന സാംസ്കാരികത. പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായിട്ടുള്ള ആ ദേവാലയം നേൽക്കുമേൽ അഭിവൃദ്ധിപ്പെട്ട് അനേകർക്ക് കാവലും കോട്ടയുമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

മാർ കുരിയാക്കോസ് സഹദായും മർത്ത് യൂലിത്തിയും

ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ്
മെത്രാപ്പോലീത്ത

പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് പിതാവിനും പുലിക്കോട്ടിൽ തിരുമേനിമാർക്കും പാമ്പാടി തിരുമേനിക്കുമൊക്കെ ഏറ്റവും പ്രിയപ്പെട്ടവനായ ഒരു മദ്ധ്യസ്ഥനാണ് മാർ കുരിയാക്കോസ് സഹദാ. പാമ്പാടി തിരുമേനി ആശ്രമം സ്ഥാപിച്ചപ്പോൾ ആ ആശ്രമത്തിന് മാർ കുരിയാക്കോസ് ദയറാ എന്നാണ് പേരിട്ടത്. കുന്നംകുളത്ത് പഴയപള്ളിയോടും തെക്കേഅങ്ങാടി സെന്റ് മത്ഥ്യാസ് പള്ളിയോടും മെയിൻ റോഡ് പള്ളിയോടും ചേർന്ന് മാർ കുരിയാക്കോസ് സഹദായുടെ ചാപ്പലുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മലങ്കരസഭയുടെ ജീവിതത്തിൽ പ.ഗീവർഗീസ് സഹദായ്ക്കും പ.കുരിയാക്കോസ് സഹദായ്ക്കും നൽകിയിരിക്കുന്ന സ്ഥാനം വളരെ വലുതാണ്.

മാർ കുരിയാക്കോസ് സഹദായേയും അദ്ദേഹത്തിന്റെ മാതാവ് യൂലിത്തിയേയും കുറിച്ച് വലിയ സാക്ഷ്യമാണ് പ.സഭയ്ക്ക് ലഭിച്ചിട്ടുള്ളത്. റോമാ സാമ്രാജ്യത്തിലുടനീളം 4-ാം നൂറ്റാണ്ടിൽ ഉണ്ടായ അതിശക്തമായ ക്രൈസ്തവപീഡന കാലഘട്ടത്തിലെ ആദ്യത്തെ രക്തസാക്ഷികളിൽ ഒരാളാണ്, ഗീവർഗ്ഗീസ് സഹദ എഡി 303 ഏപ്രിൽ 23-ാം തിയതി ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മുമ്പാകെ നടത്തിയ മാർ ഗീവറുഗീസ് സഹദായുടെ വധത്തെ തുടർന്ന് ഏകദേശം അഞ്ച് വർഷങ്ങൾ പീഡനത്തിന്റെ കാലഘട്ടം -The Black Era of Rome എന്ന് അറിയപ്പെടുന്നു. സഹദേന്മാരിലും മൗദ്യാനന്മാരിലും ഏറ്റവും കൂടുതൽ പേർ രക്തസാക്ഷികളായ ഈ കാലഘട്ടത്തിലാണ്, 40 സഹദേന്മാരും മർത്ത്ശ്മൂനിയും ഈജിപ്തിലും റോമാ സാമ്രാജ്യത്തിന്റെ വിവിധ സ്ഥലങ്ങളിലുമായി പീഡനം സഹിക്കുകയും വധിക്കപ്പെടുകയും ചെയ്തത്.

ഏഷ്യാമൈനറിലെ ഇക്കോണിയം എന്ന ചെറിയ പ്രവിശ്യയിൽ എ.ഡി 45 ൽ പരിശുദ്ധനായ പൗലോസ് ശ്ലീഹായും ബർണബാസും കൂടിയുള്ള മിഷനറിയാത്രയിലാണ് പ.സഭ സ്ഥാപിക്കപ്പെട്ടത്. അതിശക്തമായ പീഡനങ്ങളുണ്ടായപ്പോൾ അവിടെ നിന്ന് ഒരു പറ്റം ആളുകൾ പലായനം ചെയ്തു. അവർ സിറിയയുടെ താഴ്‌വശത്തേക്കു വന്ന് "തർശീശ്"എന്ന തുറമുഖ പട്ടണത്തിൽ എത്തി. അവിടെയുള്ള സമൂഹത്തിൽ ചേർന്ന് അവർ ആരാധനാ പൂർവ്വമായ ജീവിതം നയിക്കുമ്പോൾ ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ സഹചക്രവർത്തിയായ ടെട്രാക്കുകളിൽ ഒരാളായ അലക്സന്ത്രിയോസ് എന്ന ചക്രവർത്തി അവിടെ അതിശക്തമായ പീഡനം ആരംഭിച്ചു.

യുവതിയായ യൂലിത്തി എന്ന വിധവയും അവളുടെ ഏകജാതനായ ഏകദേശം 3 വയസ്സു മാത്രം പ്രായമുള്ള കുരിയാക്കോസ് എന്ന കുഞ്ഞും, ക്രൈസ്തവ പാരമ്പര്യത്തിൽ വളരുന്ന കുടുംബം, പീഡനങ്ങളുള്ളിടത്ത് വിശ്വാസം വർദ്ധിക്കും. പേരുകളുടെ അർത്ഥം വളരെ പ്രധാനപ്പെട്ടതാണ് "യൂലിത്തി" എന്നത് "യൂലിയോസ്" എന്നതിന്റെ സ്ത്രീലിംഗ രൂപമാണ്. "ദൈവത്തിന്റെ

കുഞ്ഞ് " A son or daughter of God എന്നാണർത്ഥം. "കുറിയാക്കെ" എന്ന പദത്തിന്റെ അർത്ഥം Something from the Lord "ഞാൻ ക്രിസ്തുവിൽ നിന്നുള്ളവൻ എന്നർത്ഥമുള്ള കുറിയാക്കെ" വളരെ ശ്രദ്ധിക്കപ്പെട്ട ഒരു പേരായിരുന്നു ഈ വിധവയും മകനും ക്രിസ്തുവിൽ വിശ്വസിക്കുന്നവരാണ് എന്നുള്ളതുകൊണ്ട് പിടിക്കപ്പെട്ടു. ക്രിസ്തുവിനെ തള്ളിപ്പറയുവാനും റോമിലെ ദേവതകളുടെ ബിംബങ്ങളെ ആരാധിക്കുവാനും നിർബന്ധിച്ചു. അപ്പോൾ ആ അമ്മ പറഞ്ഞു "ക്രിസ്തു ദൈവമാണ്. അവൻ സത്യഏകദൈവത്തിന്റെ ത്രിത്വത്തിന്റെ രണ്ടാമത്തെ ക്നൂമായാണ്. ഞാൻ അവനിലല്ലാതെ മറ്റൊന്നിലും വിശ്വസിക്കയില്ല" അമ്മയെ മനം മാറ്റുവാനുള്ള ഏറ്റവും എളുപ്പവഴി അവരുടെ കുഞ്ഞിനെ ഉപദ്രവിക്കുക എന്നതാകയാൽ ആ ശിശുവിനെ, രാജകിങ്കരന്മാർ എടുത്ത് മേലോട്ടെറിയുകയും വിവിധ തലത്തിൽ ഈ കുഞ്ഞിനെ പീഡിപ്പിക്കുകയും ചെയ്തു. അമ്മ കണ്ണടച്ചുകൊണ്ട് "കുറിയാക്കെ" എന്ന് ആവർത്തിച്ച് കരഞ്ഞുകൊണ്ടിരുന്നു. അത് മകന്റെ പേരാണ്. ഒപ്പം തന്നെ ആ വാക്കിന്റെ അർത്ഥം "I am from Christ. I am a Christian" എന്നാണ്. കുഞ്ഞിനെ നിർബന്ധിച്ചപ്പോൾ ആ കുഞ്ഞു ചിരിച്ചുകൊണ്ട് പറഞ്ഞു "I am a christian. I believe in Christ alone, നിങ്ങളുടെ ഈ ബിംബങ്ങൾ ഒക്കെയും കല്ലുകളും മരവുമാണ്. അവയ്ക്ക് ജീവനില്ലാത്തവയാണ്. ഞാൻ ക്രിസ്തുവിൽ വിശ്വസിക്കുന്നു. എന്റെ അമ്മയുടെ വിശ്വാസം ഞാൻ ആവർത്തിച്ച് പറയുന്നു". ഈ ശിശുവിനെ എറിഞ്ഞ് കളിച്ചുകൊണ്ടിരിക്കുമ്പോൾ കരിങ്കൽതൂണിൽ തല അടിച്ച്, ആ ശിശു മരിക്കുവാൻ ഇടയായി. ഇത് സംഭവിച്ചപ്പോൾ അമ്മ ദു:ഖത്തോടെയെങ്കിലും ദൈവസന്നിധിയിൽ സന്തോഷത്തോടെ "ഹാലേല്ലൂയ്യാ എന്റെ മകൻ സഹദായായിത്തീരുന്നത് കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായി" എന്നുപറഞ്ഞ്കൊണ്ട് കൂടുതൽ യേശുവിനെ സാക്ഷിച്ചു. താമസിയാതെ തന്നെ കിങ്കരന്മാരുടെ കൈകളിൽ ആ വിധവയായ യുവതി പിച്ചിച്ചീന്തപ്പെട്ടു. അങ്ങനെ ആ അമ്മയും കുഞ്ഞും ശാശ്വതീകരിക്കപ്പെട്ടു. നിത്യജീവനിലേക്ക് എടുക്കപ്പെട്ടു. അവരോടുകൂടി ഉണ്ടായിരുന്ന മറ്റു രണ്ടുപേരും വധിക്കപ്പെട്ടു.

കാലങ്ങൾ കഴിഞ്ഞു. കുസ്തന്തീനോസ് രാജാവ് അധികാരത്തിൽ വന്നപ്പോൾ ക്രൈസ്തവ സഭയ്ക്ക് റോമാസാമ്രാജ്യത്തിലെങ്ങും സ്വാതന്ത്ര്യം ലഭ്യമായി. തർശീശിൽ പണിത ദേവാലയത്തിൽ സ്ഥാപിച്ച സഹദേന്മാരുടെ പട്ടികയിൽ ആദ്യം എഴുതപ്പെട്ടത് "മാർ കുരിയാക്കോസ് സഹദായും അവന്റെ അമ്മ മർത്ത് യൂലിത്തീയും" എന്നാണ്. അന്നുമുതൽ ആ പ്രദേശത്തുള്ളവരും അവിടെ വരുന്നവരും ഈ വൃത്താന്തം കേട്ടവരുമായ എല്ലാവരും പുണ്യസഹദായുടെയും അവന്റെ അമ്മയുടേയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുവാൻ തുടങ്ങി. ഈ കുഞ്ഞിനോട് നാം അപേക്ഷിക്കുമ്പോൾ നമുക്ക് ഏവർക്കും അനുഗ്രഹങ്ങൾ ലഭ്യമാകുന്നു എന്നത് സത്യമായ വസ്തുതയാണ്.

"വയസ്സന്മാർ പിഴച്ചാൽ പൈതങ്ങളപേക്ഷിക്ക
പൈതങ്ങളപേക്ഷിച്ചാൽ തിരുവുള്ളമുണ്ടല്ലോ"

എന്ന് മാർ അപ്രേം പാടുന്നതു പോലെ ഈ കുഞ്ഞിന്റെ മദ്ധ്യസ്ഥതയിൽ അഭയം തേടുമ്പോൾ, ലോകത്തിന്റെ കളങ്കം ഒട്ടും ഏശിയിട്ടില്ലാത്ത ഈ സഹദായുടെ പ്രാർത്ഥന ദൈവസന്നിധിയിൽ ഉയരുമ്പോൾ, ഏതു കാര്യവും നടക്കുന്നു എന്നത് നമ്മുടെയും ജീവിതത്തിൽ സംഭവിച്ചിട്ടുണ്ട് എന്ന് നാം സാക്ഷ്യപ്പെടുത്തുന്നു. ജൂലൈ 15ന് നാം ഇവരെ പ്രത്യേകം അനുസ്മരിക്കുന്നു. പെന്തിക്കോസ്തിക്കുശേഷമുള്ള കാലഘട്ടത്തിൽ പ.സഭ സഹദേന്മാരേയും ശ്ലീഹന്മാരേയും പ്രത്യേകം ഓർക്കുന്നു. ക്രിസ്ത്യാനി എന്ന തന്റേടം (വലിയ ആർജ്ജവം) ഏതുപ്രതിസന്ധിയിലും നമുക്ക് വേണ്ടിയിരിക്കുന്നു.

സഹോദരസഭകൾ പ്രത്യേകിച്ച് സിറിയൻ സഭ ഇന്ന് പീഢനം നേരിട്ടുകൊണ്ടിരിക്കുന്നു. അർമ്മേനിയ സഭയിലും ഈ ജിപ്തിലും പീഢനം തുടരുന്നു. യെമനിലും ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. കുന്നംകുളത്ത് ഇന്ന് മതസ്വാതന്ത്ര്യം ധാരാളം അനുഭവിക്കുന്നു എന്നത് സത്യമാണ് എന്നാൽ അത് സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന സ്വയ പരിശോധന ആവശ്യമാണ്.

പേരിനുവേണ്ടി പെരുന്നാൾ ആചരിക്കുന്ന സ്ഥിതി ഉണ്ടാകരുത്. സഹദേന്മാരെ ആദരിക്കുമ്പോൾ ഇന്ന് പീഢനം അനുഭവിക്കുന്ന ഏവർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ കഴിയണം. നമ്മുടെ ചുറ്റുമുള്ള പ്രയാസമനുഭവിക്കുന്നവരെ കാണുവാനും സഹായിക്കുവാനും ക്രൈസ്തവ സ്നേഹം അവർക്ക് പകർന്നുകൊടുക്കുവാനും ഇടയാകുന്നുവെങ്കിൽ അവരുടെ ഓർമ്മയ്ക്ക് നാം കൊടുക്കുന്ന പ്രാധാന്യം അന്വർത്ഥമാകും. മാർ കുരിയാക്കോസ് സഹദായുടെയും മാതാവ് മർത്ത് യൂലിത്തിയുടെയും മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

■

മെയിൻ റോഡ് മാർ ഗ്രീഗോറിയോസ് ദേവാലയം ആശ്രിതർക്ക് അഭയ സ്ഥാനം



ഫാ.ജോൺ ഉറുമ്പിൽ, വികാരി

പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ആത്മീയ സാന്നിദ്ധ്യത്താൽ പരിപാവനമായ കുന്നംകുളം മെയിൻ റോഡ് ദേവാലയത്തെ വടക്കുഭാഗത്തെ പരുമല എന്ന് വിശേഷിപ്പിക്കാറുണ്ട് പരുമല കബറിങ്കലേക്ക് എത്തിച്ചേരുവാൻ സാധിക്കാതെപോകുന്നവർ ഈ ദേവാലയത്തെ അവരുടെ പരുമലയായി കരുതി വരുന്നതിനാലാണ്.

കുന്നംകുളത്തെ സ്നേഹിച്ച പരുമലതിരുമേനി

കോട്ടയം സെമിനാരി സ്ഥാപകന്റെ ജന്മദേശം എന്ന നിലയിൽ പരുമല തിരുമേനിയ്ക്ക് കുന്നംകുളത്തോട് ഒരു പ്രത്യേക വാത്സല്യം ഉണ്ടായിരുന്നു. വെട്ടിക്കൽ ദയറായിൽ പരുമലതിരുമേനിയ്ക്ക് സന്യസിക്കുവാനും ധ്യാനിക്കുവാനും സൗകര്യം ഒരുക്കികൊടുത്ത പുലിക്കോട്ടിൽ തിരുമേനി സെമിനാരി സ്ഥാപിച്ചപ്പോൾ പരുമല തിരുമേനിയെ സെമിനാരിയുടെ ചുമതല ഏല്പിച്ചു. പരുമല തിരുമേനിയുടെ പ്രാർത്ഥനാ ജീവിതത്തെ ഏറെ ആദരിച്ചിരുന്ന പുലിക്കോട്ടിൽ തിരുമേനി, കൊച്ചുമെത്രാപ്പോലീത്തായോട് സഭയുടെ വിഷമസന്ധിയിൽ പ്രത്യേകം പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. നവീകരണ കൊടുങ്കാറ്റിൽപെട്ട് സഭാനൗകയെ നയിക്കുവാൻ ഏറെ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലമായിരുന്നു അത്. പുലിക്കോട്ടിൽ തിരുമേനി മെത്രാപ്പോലീത്തായായതിനുശേഷം പലപ്പോഴും പുലിക്കോട്ടിൽ തിരുമേനിയോടൊത്ത് കുന്നംകുളത്തു വരാറുണ്ടായിരുന്നു.

കുന്നംകുളം സെഹിയോൻ ബംഗ്ലാവിൽ താമസിക്കുന്ന കാലത്ത് പരുമലതിരുമേനി വി. കുർബ്ബാന അർപ്പിയ്ക്കുമായിരുന്നു. പരുമല തിരുമേനി വിശുദ്ധനാട് സന്ദർശിക്കുവാൻ കുന്നംകുളത്തുവന്ന് പട്ടാമ്പിവഴിയാണ് പോയത്. തിരികെ വന്നപ്പോൾ മാർ കുരിയാക്കോസ് സഹദായുടെ തിരുശേഷിപ്പിൽ ഒരംശം കുന്നംകുളത്തെ കുരിശിൽ സ്ഥാപിക്കുകയുണ്ടായി.

1902ൽ പരിശുദ്ധ തിരുമേനി കാലം ചെയ്തശേഷം പുലിക്കോട്ടിൽ തിരുമേനി ഏറെ ദു:ഖിതനായി. തനിക്കുവേണ്ടി ഏറെ സഹായങ്ങൾ ചെയ്തിരുന്ന വലംകൈ നഷ്ടപ്പെട്ട പ്രതീതിയായിരുന്നു അദ്ദേഹത്തിന്. 1903ൽ പരുമലതിരുമേനിയുടെ സ്മാരകമായി കുരിശിനോട് ചേർന്ന് ഒരു ചാപ്പൽ പണിയിക്കുകയും പരുമല മാർഗ്രീഗോറിയോസ് സ്മാരക കുരിശ് എന്ന് നാമകരണം ചെയ്യുകയും ചെയ്തു. മലങ്കര സഭയിൽ പരുമലതിരുമേനിയുടെ നാമത്തിൽ പടുത്തുയർത്തപ്പെട്ട ആദ്യദേവാലയമാണ് ഇന്ന് നാം കാണുന്ന മാർഗ്രീഗോറിയോസ് സ്മാരക കുരിശുപള്ളി.

കുരിശുപള്ളി അനേകരെ ദൈവത്തിങ്കലേക്ക് ആകർഷിച്ചു കൊണ്ടിരിക്കുന്നു. അനേകർ വി.കുർബ്ബാനയ്ക്കു വരാൻ തുടങ്ങിയപ്പോൾ പള്ളി വലുതാക്കി പണിയുവാൻ തീരുമാനിച്ചു. മെയിൻ റോഡിനോട് ചേർന്ന് നില്ക്കുന്നതിനാൽ കിഴക്ക് മാറി വേറെ പള്ളി പണിയുന്നതാണ് ഉചിതം എന്ന് ചിന്തിക്കുകയും 1959 നവംബർ 25ന് പരി.ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ ശിലാസ്ഥാപനം നടത്തുകയും 1968 ഡിസംബർ 31ന് പരിശുദ്ധ ഔഗേൻ ബാവ കൂദാശ നിർവ്വഹിക്കുകയും ചെയ്തു.

ആരാധന ക്രമീകരണം.

വിശ്വാസികളെ ദൈവത്തോട് ചേർന്ന് നില്ക്കുവാൻ സഹായിക്കുകയാണ് ആരാധനയുടെ ലക്ഷ്യം. മനുഷ്യരെ ദൈവീകരാക്കുവാനാണ് ദൈവം മനുഷ്യനായി തീർന്നത്. (മാർ അത്താനാസ്യോസ്)

ഇന്ന് കനകജൂബിലി നിറവിൽ പ്രശോഭിക്കുന്ന പരിശുദ്ധ ദേവാലയത്തിൽ എല്ലാ ദിവസവും സന്ധ്യക്ക് 6 മണിക്ക് ആരംഭിക്കുന്ന സന്ധ്യാനമസ്ക്കാരത്തിനുശേഷം മാർ ഗ്രീഗോറിയോസ് സ്മാരക കുരിശിൽ ധൂപപ്രാർത്ഥന നടത്തിവരുന്നു.

ഞായറാഴ്ചകളിൽ രാവിലെ 7.30ന് പ്രഭാത നമസ്ക്കാരവും തുടർന്ന് 8.30ന് വി.കുർബ്ബാനയും നടത്തിവരുന്നു. തിങ്കൾ, ബുധൻ എന്നീ ദിവസങ്ങളിൽ രാവിലെ 7.30 നും ശനിയാഴ്ച രാവിലെ 7.20 നും വി.കുർബ്ബാന ആരംഭിക്കുന്നു. മാസാദ്യ തിങ്കളാഴ്ചകളിൽ വി.മൂന്നിന്മേൽ കുർബ്ബാനയും പരുമല തിരുമേനിയോടുള്ള മധ്യസ്ഥപ്രാർത്ഥനയും മാസാദ്യ ബുധനാഴ്ച വി.കുർബ്ബാനയും മാതാവിനോടുള്ള മധ്യസ്ഥതയും നടത്തിവരുന്നു.

നവംബർ 1,2 തിയ്യതികളിൽ പരുമല തിരുമേനിയുടെ ഓർമ്മ പ്രധാനപെരുന്നാളായി കൊണ്ടാടിവരുന്നു. ജൂലായ് 14, 15 തിയ്യതികളിൽ സ്മാരക കുരിശുപള്ളിയിൽ മാർ കുരിയാക്കോസ് സഹദായുടെ പെരുന്നാൾ ആചരിക്കുന്നു. ഡിസംബർ 30, 31 തിയ്യതികളിലായി പള്ളി സ്ഥാപനപെരുന്നാൾ നടത്തിവരുന്നു.

50 വർഷം പൂർത്തിയാക്കി ജൂബിലി ആഘോഷിക്കുന്ന ഈ അവസരത്തിൽ പ്രസിദ്ധീകരിക്കുന്ന ഈ സോവനീർ ദൈവസാന്നിദ്ധ്യം തിരിച്ചറിയുവാനും ദൈവത്തിങ്കലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുവാനും സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ജൂബിലിയുടെ ധ്വനിഭേദങ്ങൾ

(യോവേൽ സംവത്സരം)

ഫാ. ടി.സി. ജേക്കബ്
(സെക്രട്ടറി, കുന്നംകുളം ഭദ്രാസന വൈദീക സംഘം)

കാലാതിവർത്തിയായ മൂല്യങ്ങൾ കടലെടുക്കാൻ അനുവദിക്കാത്ത മനുഷ്യന്റെ പ്രതിരോധമാണ് ജൂബിലി വർഷം. മനുഷ്യത്വരഹിതവും ജീവവിരുദ്ധവുമായ സംസ്കാരത്തിന്റെ മധ്യത്തിൽ ചെറുത്തുനില്പ്പിന്റെ ഒരു സംസ്കാരമാണ് അബ്രഹാമിന്റെ പിൻതലമുറക്കാർ രൂപപ്പെടുത്തിയത്. മനുഷ്യത്വം നഷ്ടപ്പെട്ടിടത്ത്, സ്ത്രീത്വം അപമാനിക്കപ്പെട്ടിടത്ത്, ഭൂമി മരുഭൂമിയാക്കുന്നിടത്ത്, ജീവൻ ഹനിക്കപ്പെട്ടിടത്ത് രൂപപ്പെട്ട ഒരു പ്രതിസംസ്കാരമായി ഇതിനെ അടയാളപ്പെടുത്തേണ്ടിയിരിക്കുന്നു. ഇവ പുനഃനിർമ്മിക്കേണ്ടത് ഇന്നിന്റെ അനിവാര്യതയുമാണ്. കാരണം മനുഷ്യത്വം ഇത്രയധികം അപമാനിക്കപ്പെടുകയും സ്ത്രീ ശരീരം വാണിജ്യവത്ക്കരിക്കപ്പെടുകയും ജലാശയങ്ങൾ മലീമസമാക്കി മരുഭൂവത്ക്കരണം വർദ്ധിക്കുകയും ചെയ്ത് ആധുനിക നാഗരികത ഭൂമിക്ക് ഭീഷണി ഉയർത്തുമ്പോൾ ഒരു പ്രതിസംസ്കാരത്തിന്റെ നിർമ്മിതി അനിവാര്യമായിരിക്കുകയാണ്.

ജൂബിലിയാഘോഷരീതിയുടെ പശ്ചാത്തലം പഴയനിയമകാലത്ത് വ്യക്തമാണ്. 'യോവേൽ' എന്ന പദത്തിന് 'യാഹാണ് ദൈവം' എന്നാണർത്ഥം. പഴയനിയമക്കാലത്ത് അതിസാധാരണമായ ഒരു നാമമായിരുന്നു അത്. ഒരുപക്ഷെ ദൈവത്തെ വിസ്മരിക്കുന്ന മനുഷ്യനെ ഓരോ നിമിഷവും ദൈവത്തെകുറിച്ച് ഓർമ്മിപ്പിക്കുന്ന നാമം. അമ്പതാം വർഷം ജൂബിലിവർഷമാണ് ജൂബിലിവിളംബരം യഹോവയാണ് ദൈവം എന്നത് തന്നെ. പുരാതനകാലത്ത് കാഹളം മുഴക്കിയാണ് വിളംബരഘോഷം നടത്തുന്നത്. മുട്ടനാടിന്റെ കൊമ്പ് (Ram) ആയിരുന്നു അതിനായി ഉപയോഗിച്ചിരിക്കുന്നത്. കൊമ്പിന്റെ ഗ്രീക്ക് ശബ്ദമാണത്രേ ജൂബിലി എന്ന പദത്തിന്റെ വ്യുൽപത്തി. ഈ പശ്ചാത്തലത്തിൽ ലേവ്യപുസ്തകം 25:8–17, 29 –31 വായിക്കപ്പെടേണ്ടതാണ്. മണ്ണ് മനുഷ്യന്റേതല്ല, ദൈവത്തിന്റേതാണ് എന്ന ആശയവും ജൂബിലിയുടെ സന്ദേശമായിരുന്നു. അമ്പതാം വർഷം എന്ന ആശയം തന്നെ അനാഥർക്കും വിധവയ്ക്കും ദരിദ്രനും നീതി സമ്മാനിക്കുന്ന കാഴ്ച്ചപ്പാട് തന്നെയാണല്ലോ!

'ജൂബിലിഗ്രന്ഥ'മെന്ന മറ്റൊരു സംജ്ഞയും ഈ വിവക്ഷയോടൊപ്പം നാം പരിചയപ്പെടേണ്ടതാണ്. ക്രിസ്തുവിനുമുമ്പ് 135 നും 110 നും ഇടയ്ക്ക് രചിക്കപ്പെട്ട ഈ അപ്പോക്രിഫൽ പുസ്തകം സൃഷ്ടി മുതൽ സീനായ് ഉടമ്പടി വരെയുള്ള കാലം 49 വർഷങ്ങൾ വീതം ഉൾക്കൊള്ളുന്ന 49 ഘട്ടങ്ങളായി തിരിച്ചിരിക്കുകയാണ്. കുമ്രാനിലെ ഒരു എസ്സീൻ സന്യാസിയാൽ വിരചിതമാണ് ഈ ഗ്രന്ഥം. 364 ദിവസങ്ങൾ സൂര്യാധിഷ്ഠിത പഞ്ചാംഗമാണ് അവർ ഉപയോഗിച്ചിരുന്നത്. ഇസ്രായേൽക്കാരുടെ ഈജിപ്ഷ്യൻ ബന്ധത്തിലൂടെയാകാം അവർക്ക് ഈ പഞ്ചാഗം ലഭിച്ചിട്ടുണ്ടാവുക. ജൂബിലി എന്ന ഗ്രന്ഥം ന്യായപ്രമാണ ആചരണത്തെയും ലേവ്യപുരോഹിതരുടെ നേതൃത്വത്തിലുള്ള തങ്ങളുടെ പുരോഗമനത്തെയും പരാമർശിക്കുന്നുണ്ട്. ആത്മാവിന്റെ അനശ്വരതയെ അടിവരയിട്ടു പറയുന്ന ഗ്രന്ഥമാണ് ജൂബിലി. അവരുടെ അസ്ഥികൾ മണ്ണിൽ വിശ്രമിക്കുമെങ്കിലും ആത്മാക്കൾ വളരെ സന്തോഷിക്കുമെന്ന് അത് സൂചിപ്പിക്കുന്നു. ന്യായപ്രമാണത്തെ അവർ സനാതനമായി കണ്ടിരുന്നു. എല്ലാ ജൂബിലികളും അനശ്വരമായ

ഒരു സംസ്കാരത്തിന്റെ വിളംബരമാണ്.

'പെന്തികോസ്തോസ്' എന്ന ഗ്രീക്ക് പദത്തിൽ നിന്നുണ്ടായതാണ് പെന്തികോസ്തി. ഈ പദം ക്രിസ്തീയ വിശ്വാസികൾക്ക് സുപരിചിതമാണ്. നീസാൻ മാസം 16-ാം തീയ്യതിക്ക് ശേഷം 50-ാം ദിവസം കൊയ്ത്തുകാല ഉത്സവമായാണ് ഇതിന്റെ ആരംഭം.ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റേന്നാൾ വരെ അമ്പതുദിവസം എണ്ണി യഹോവയ്ക്ക് നവധാന്യം കൊണ്ട് ഭോജനയാഗം (ലേവ്യ 23:16) അർപ്പിക്കണം എന്നാണ് അതിനെക്കുറിച്ച് സൂചിപ്പിക്കുന്നത്. ദൈവീകജനം തങ്ങളുടെ വരുമാനത്തിന്റെ അമ്പതിൽ ഒന്ന് അഥവാ രണ്ട് ശതമാനം യഹോവയ്ക്ക് അർപ്പിക്കുകയായിരുന്നു അവിടുത്തെ പതിവ്. പിന്നീട് മോശയ്ക്ക് സീനായ് മലയിൽ നിന്നും ന്യായപ്രമാണം ലഭിച്ചതിന്റെ ഓർമ്മയായി പെഹസായ്ക്ക് 50 ദിവസം കഴിഞ്ഞ് യഹൂദർ ഈ പെരുന്നാൾ ആചരിച്ചുതുടങ്ങി. പുതിയ നിയമക്കാലത്ത് തീനാവുകളുടെ രൂപത്തിൽ ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവ് ആവസിച്ചത് പെന്തികോസ്തി പെരുന്നാൾ ദിവസമായിരുന്നു.

യെശയ്യാ പ്രവാചകന്റെ വിലാപത്തിന്റെ മാറ്റൊലി കൂടിയാണ് ജൂബിലി. ഫലദായകമല്ലാത്ത കാട്ടുമുന്തിരിയെപ്പോലെ യിസ്രായേൽ തെറ്റിപോകുമ്പോൾ ഞാൻ ആകുന്നു സാക്ഷാൽ മുന്തിരിവള്ളി എന്ന പ്രഖ്യാപനം കർത്താവിലൂടെ നാം കേൾക്കുന്നു. പ്രത്യാശകൾക്ക് ഭംഗമുണ്ടാവുന്ന കാത്തിരിപ്പുകളെ വ്യർത്ഥമാക്കുന്ന തലമുറയുടെ നോമ്പുപവാസങ്ങളും, ആഘോഷങ്ങളും വ്യർത്ഥമാക്കുന്ന ഒരു നിഷ്ഫലകാലത്തിനൊടുവിലെ ആനന്ദയുഗപിറവിയായി ക്രിസ്തുവും പെന്തികോസ്തിയും നമ്മുടെ മുമ്പിലുണ്ട്. ഓർമ്മകൾക്ക് ചിതയൊരുക്കുന്നവരുടെ കാലമാണിത്. കഴിഞ്ഞകാലങ്ങളിൽ നാം പുരോഗമനത്തിന്റെ പാതയിൽ മുന്നേറിയതിന്റെ വഴിയടയാളങ്ങളെ തമസ്ക്കരിക്കുന്ന പ്രവർത്തനങ്ങൾ ഇന്ന് സജീവമാണ്.

ജൂബിലിയുടെ സംസ്കാരം നമ്മുടെ വർത്തമാനകാലത്തിനുമേൽ ഉള്ള കുറ്റപത്രമാണ്. തിരുത്തലിന്റെ പുതിയലോകത്തിനായി അത് വാതിൽ തുറക്കുന്നു. യെശയ്യാപ്രവാചകന്റെ കായ്ക്കാത്ത മുന്തിരിയും കാട്ടുമുന്തിരികളും ഒക്കെ ഒരേ നിഷ്ഫലതയുടെ പ്രതീകങ്ങളാണ്. അത് സഫലമായ സഭ എന്ന പുതിയ കിനാവുകളിലേക്ക് പ്രത്യാശയുടെ നാളത്തെ നീട്ടുകയാണ്. 'ദുരിതങ്ങളുടെ കാലത്ത് പാട്ടുണ്ടാവുമോ?' എന്ന ചോദ്യത്തിന് 'ഉണ്ട്, അത് ദുരിതങ്ങളെ കുറിച്ചുള്ള പാട്ടുകളാകുമെന്ന്' ഒരു ബ്രഹ്തിന്റെ കവിതയുണ്ട്. അതുപോലെ ജൂബിലിയുടെ ആചരണങ്ങൾ വരുംകാലത്തിലേക്ക് ജാലകങ്ങൾ തുറന്നിടുന്നു.

ജൂബിലികളും അനുസ്മരണങ്ങളും ഒരു സമൂഹത്തിന്റെ വലിയ പ്രതിരോധം കൂടിയാണ്. സഭയിലും സ്വകാര്യജീവിതത്തിലും ഓർമ്മ പ്രതിരോധത്തിന്റെ കവചം തീർക്കുന്നു. ഒരു മഹാനഗരത്തിൽ വിദ്യാഭ്യാസത്തിനായി എത്തിയ യുവാവ് അവിടുത്തെ മലിനതകൾ കണ്ട് പിതാവിന് ഒരു കത്തെഴുതുന്നു. താൻ ഈ മാസ്മരികമായ തിന്മയിൽ പെട്ടുപോവുമോ എന്നതായിരുന്നു അയാളുടെ ചിന്ത. ആ യുവാവിന് മറുപടിയായി പിതാവ് തന്റെ ഒരു ഫോട്ടോ അയച്ചുകൊടുത്തു. പൊരിവെയിലത്ത് പാറപൊട്ടിക്കുന്ന പിതാവിന്റെ ചിത്രം. ഈ ഓർമ്മ മാത്രം മതിയാകും അയാൾക്ക് ജീർണ്ണതൾക്കെതിരെ പ്രതിരോധം തീർക്കാൻ.

യേശു സ്മൃതിയുടെ സംസ്കാരത്തിലൂടെയാണ് നവനീയമായ ഒരു കാലത്തെ രൂപപ്പെടുത്തുക. വിശുദ്ധ കുർബ്ബാന ഓർമ്മയുടെ വിളംബരമായി തീരുന്നു. വിസ്മൃതികളുടെ വെണ്ണീർമൂടിയ നമ്മുടെ അകത്തളങ്ങളെ കനലൂതി ജ്വലിപ്പിക്കുന്നതിനും കാണെക്കാണെ അത് വർത്തമാനകാല ജീർണ്ണതകളെ ദഹിപ്പിച്ച് വീണ്ടെടുപ്പിന്റെ യുഗത്തെ വിളംബരം ചെയ്യുവാനും ഈ ജൂബിലിക്കാലം സഹായിക്കട്ടെ. ഈ ജൂബിലിവർഷത്തിൽ നാം കർമ്മപദത്തിലേറ്റിയ എല്ലാ പ്രവർത്തനങ്ങളും പ്രതിരോധത്തിന്റെ, പ്രതിസംസ്കാരത്തിന്റെ വാതായനങ്ങളെ തുറക്കുവാൻ കഴിയുന്നതാകട്ടെ. എന്ന് ആശംസിക്കുന്നു. ■

ഒരു സഹനക്കാലത്തിന്റെ പുനർവായനകൾ

ഫാ.മാത്യു വർഗീസ് കുളങ്ങാട്ടിൽ

ആമുഖം

ക്രൈസ്തവ ചരിത്രം പഠിക്കുന്നവർക്ക് മലബാർ എന്ന നാമം സുപരിചിതമാണ്. വിദേശീയരായ സഞ്ചാരികളും എഴുത്തുകാരും കേരളത്തിലെ നസ്രാണികളെ വിശേഷിപ്പിച്ചത് മലബാർ ക്രിസ്ത്യാനികൾ എന്നാണല്ലോ. വൈദേശികബന്ധങ്ങളിലെ പ്രധാന ആകർഷണമായിരുന്ന കറുത്ത പൊന്നിന്റെ നാടായിരുന്നു അത്. ക്രൈസ്തവരുടെ ഒരു കുടിയേറ്റകേന്ദ്രമായിട്ടാണ് മലബാറിനെ പൊതുവെ വീക്ഷിച്ച് പോന്നിട്ടുള്ളത്. മലബാറിലെ ക്രൈസ്തവ സംസ്കൃതിയുടെ ഇരുൾ മൂടിയ ഒരു കാലമുണ്ട്. കുടിയേറ്റത്തിന്റെ ചരിത്രം മാത്രമല്ല മലബാറിലെ കുടിയൊഴിപ്പിക്കലും ചർച്ചചെയ്യപ്പെടേണ്ടതാണ് എന്ന് തോന്നിയത്, ജയിംസ് സ്ക്യൂറിയുടെ " The Captivity Sufferings And Escape" (1824) എന്ന ഗ്രന്ഥം വായിച്ചപ്പോഴാണ്. കാലത്തിനും ചരിത്രത്തിനും ഇടയ്ക്ക് പാലമാകുന്ന ഒരു ഗ്രന്ഥമാണിത്. 1824 -ൽ ലണ്ടനിൽ നിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിനും എഴുത്തുകാരനും മലങ്കരനസ്രാണികളുടെ കാര്യത്തിൽ എന്തെങ്കിലും പ്രത്യേക താൽപ്പര്യം ഉണ്ടാകേണ്ട കാര്യമില്ല. അതിനാൽ തലശ്ശേരിയിലും, കോഴിക്കോടും കണ്ണൂരും ഒക്കെ ഉണ്ടായിരുന്ന ക്രിസ്ത്യാനികളുടെ വംശഹത്യയുടെയും പാലായനത്തിന്റെയും ഒരുകാലത്തെ മറയില്ലാതെ ചിത്രീകരിക്കുന്ന ഒരു ഗ്രന്ഥമാണിതെന്ന് നിസ്സംശയം പറയാം. ഈ പുസ്കവായനയുടെ കാലത്തിന് കുന്നംകുളവുമായി അഭേദ്യമായി ബന്ധമുണ്ട്. കാർത്തേജിലെ പുരാതന നഗരം രക്തസാക്ഷികളാൽ അലങ്കരിക്കപ്പെട്ടതുപോലെ പാലയൂർ ആർത്താറ്റ് മേഖലകൾ ആക്രമിച്ച ടിപ്പു സുൽത്താന്റെ ആക്രമണങ്ങളുടെ കിരാതപടയോട്ടത്തെ മിന്നൽപിണർപോലെ ഓർമ്മിപ്പിക്കും.

'ദി ക്യാപിറ്റിവിറ്റി ആൻഡ് സഫറിംഗ്സ് ' : പുസ്തകവും പശ്ചാതലവും

മരണത്തിന് മുമ്പ് ജീവിതത്തെ കുറിച്ച്വെക്കേണ്ടി വന്ന ഒരാളുടെ സത്യസന്ധതയാണ് ജയിംസ് സ്ക്യൂറിയുടെ സാക്ഷ്യത്തിന്റെ ആധികാരികത. ജനറൽ മാത്യൂസ് എന്നയാൾ താൻ കൊല്ലപ്പെടുന്നതിന് മുമ്പ് കോപ്പർ പ്ലേയറ്റിൽ കുറിച്ചിട്ട സാക്ഷ്യത്തെ ആസ്പദമാക്കിയുള്ള വിവരണമാണ് സ്ക്യൂറി നൽകുന്നത്. ആരാണ് ജനറൽ മാത്യൂസ് എന്നല്ലേ? കേരള ചരിത്രത്തിൽ കോഴിക്കോട് ഹൈദറും മൈസൂർ സൈന്യവും കടന്ന് വന്നപ്പോൾ സാമൂതിരി നിസ്സഹായനായിരുന്നു. ഇവിടെ ഹൈദർ ആവശ്യപ്പെട്ടത്, ഒരു കോടി രൂപയുടെ സ്വർണ്ണം മൊഹർ ആണ് അത് അസാധ്യവുമായിരുന്നതിനാൽ സാമൂതിരി അത് നിരസി

ച്ചു. പിന്നീട് പരാജയവും അപമാനവും താങ്ങാനാവാതെ തന്റെ കൊട്ടാരത്തിൽ അയാൾ ആത്മഹത്യ ചെയ്തു.

ഈ ഘട്ടത്തിലാണ് ബ്രീട്ടീഷ് ബ്രീഗേഡിയർ ആയ ജനറൽ മാത്യൂസ് റിച്ചാർഡിനെ ബ്രീട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ ബോംബേ കൗൺസിൽ മൈസൂർ ആധിപത്യം ഉറപ്പിക്കാൻ നിയോഗിക്കുന്നത്. മലബാർ മാന്വോൽ ഇദ്ദേഹത്തിന്റെ നാമം പരാമർശിക്കുന്നുണ്ട്. ഈ ചരിത്ര പുരുഷന്റെ സാക്ഷ്യം വെള്ളക്കാരനായതിനാൽ പലപ്പോഴും നിരാകരിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു കാലത്തെ കഥ അക്കാലത്തെ ആവിഷ്ക്കരിച്ചവരിലൂടെയും അനുഭവിച്ചവരിലൂടെയും അറിയുവാൻ സ്ക്യൂറിയുടെ പരാമർശം ഇവിടെ ഭാഷാന്തരം ചെയ്യത് ചേർക്കുന്നു. ഇത് സ്വതന്ത്ര പരിഭാഷയാകുന്നുവെന്ന് ഓർമ്മിപ്പിച്ചുകൊണ്ട് അത് ചുവടെ ചേർക്കുന്നു.

“മലബാർ നസ്രാണികൾക്കുണ്ടായ ഭീകരമായ വിധി,ഞാൻ ജനറൽ മാത്യൂസ് കുറിച്ചത് എന്റെ മനസാക്ഷിയെ ന്യായീകരിക്കുവാൻ ആയി ഇവിടെ കുറിക്കട്ടെ. അവരുടെ നാട്ടിൽ ടിപ്പുവിന്റെ പട്ടാളം നിറഞ്ഞു. ആ പട്ടാളക്കാർ സ്ത്രീകളും കുട്ടികളും പുരുഷന്മാരും അടങ്ങുന്ന 30,000 പേരെ ശ്രീരംഗപട്ടണത്തിലേക്ക് പിടിച്ചുകൊണ്ടുപോയി. ആ സംഘത്തെ നാലു ബറ്റാലിയൻ ആയി തിരിച്ചിരുന്നു. അവരിൽ ആയുധം ചുമക്കുവാൻ കഴിയുന്നവർക്ക് ആ ഭാരം നൽകിയിരുന്നു.കൂടാതെ അത്തരത്തിലുള്ള പുരുഷന്മാർക്ക് അഗ്രചർമ്മം ഛേദിച്ചിരുന്നു.ആ പാവം സൃഷ്ടികൾ തീവ്രവേദന അനുഭവിക്കുവാൻ വിധിക്കപ്പെട്ടിരുന്നു.ഒരു സാഹചര്യം പെട്ടെന്നുള്ള എന്റെ ശ്രദ്ധയിൽ വന്നിരുന്നു. അവ വിശദീകരിക്കാൻ ഞാൻ ശ്രമിക്കട്ടെ. അവർ തീപന്തങ്ങൾ ആയുധങ്ങൾ ചുമന്നും മുറിവേറ്റും, മൈസൂറിൽ അതായത്, തലസ്ഥാന നഗരിയിൽ നിന്ന് 9 മൈൽ അകലം അവരെ കൊണ്ട് ചുമന്ന് കൊണ്ട് നടന്നു. ഇത്തരത്തിൽ നടത്തിയത് എന്തിനെന്ന് ഞങ്ങൾക്ക് അറിയില്ലായിരുന്നു. ആ കൂട്ടരുടെ പെൺമക്കൾ മിക്കവരും വളരെ സൗന്ദര്യം ഉള്ളവരായിരുന്നു.ടിപ്പു അവരെ അന്തപുരത്തിലാക്കുവാൻ നിശ്ചയിച്ചു. എന്നാൽ ആ നസ്രാണികൾ അത് സമ്മതിച്ചില്ല. അങ്ങിനെ നാലു ബെറ്റാലിയൻ ആയിരുന്ന മലബാർ ക്രിസ്ത്യാനികളടങ്ങിയ സംഘം പിരിച്ചു ഒന്നാക്കി. അവരെ തടവുകാരായി ശ്രീരംഗപട്ടണത്തിലാക്കി. ആ പാവങ്ങളുടെ കൈകൾ പിറകിൽ കെട്ടിയിരുന്നു.ചില തോൽതൊഴിലാളികളായ ആളുകളെ അയച്ച് ആ പാവങ്ങളിൽ ചിലരുടെ മൂക്കുകളും, ചെവികളും, മേൽചുണ്ടുകളും അയാൾ മുറിപ്പിച്ചു. അതിനുശേഷം അവരെ കഴുതപ്പുറത്ത് കെട്ടി മലമുകളിലേക്ക് വലിച്ചുകൊണ്ടുപോയി. അപ്പോൾ അവരുടെ മുഖങ്ങൾ കഴുതയുടെ വാലിൽ സ്പർശിക്കും വിധം തൂക്കിയിട്ടിരുന്നു. അവരുടെ കുറ്റമെന്തെന്ന് കുറിക്കപ്പെടും മുമ്പേ ഏൽക്കുന്ന ശിക്ഷ... അതിലൊരാൾ ആ കഴുതപ്പുറത്ത് നിന്ന് മറിഞ്ഞ് വീഴുന്നത് ഞാൻ കണ്ടു ,ഭീകരമായി മുറവേറ്റിരുന്ന അയാൾ അവിടെ കിടന്ന് രക്തം വാർന്ന് മരിച്ചു. അതുപോലെ ഛിന്നഭിന്നമായ നസ്രാണികളുടെ ശരീരം അവിടെ കിടക്കുന്നത് കണ്ട് ഞങ്ങളുടെ ഹൃദയം പൊടിഞ്ഞുപോയി. ഇതിനുശേഷം ഇത് ടിപ്പുവിന് റിപ്പോർട്ട് ചെയ്യതപ്പോൾ അയാൾക്ക് അനുതാപമുണ്ടായിയെങ്കിലും എനിക്ക് തോന്നുന്നത്, അവരുടെ സ്ത്രീകളെ ബഹുമാനിക്കുവാൻ അയാൾ യാതൊരു കൽപ്പനയും പടയാളികൾക്ക് നൽകിയില്ല. അതിൽ ഇരുപത്തഞ്ചോളം ആളുകൾ രക്ഷപ്പെട്ടിരുന്നു. അവരിൽ കുറച്ചുപേരെ ഞാൻ വർഷങ്ങൾക്ക് ശേഷം കണ്ടിരുന്നു. അവരുടെ സങ്കടകരമായ ആ നിലനിൽപ്പ് ദയവ് തോന്നിപ്പിക്കുന്നതായിരുന്നു. അവരിൽ സമർത്ഥരായവർ വ്യത്യസ്ഥ ജയിലുകളിൽ ആയിരുന്നു ഉണ്ടായിരുന്നത്. പിന്നീട് അവരെ ആയുധപ്പുരയുടെ കാവൽക്കാരാക്കി. അവർക്ക് ഒരു ചെറിയ അലവൻസും നൽകിയിരുന്നു. പിന്നീട് ഞങ്ങളുടെ പരിശ്രമത്തെ തുടർന്ന് ഏകദേശം ഒൻപത് മാസങ്ങൾക്ക് ശേഷം കുറെ മെക്കാനിക്കുകൾ അവരുടെ വ്യത്യസ്തങ്ങളായ ജയിലുകളിൽ നിന്ന് ശ്രീരംഗപട്ടണത്തേക്ക് അവരുടെ ആയുധങ്ങളും തൊഴിലാളികളെയും കൊണ്ടുവന്നു. മുപ്പത് പേരോളമുണ്ടായിരുന്നു അവർ”

മൈസൂർ കടുവയുടെ കുന്നംകുളം അധിനിവേശം

അധിനിവേശത്തിന് പുത്തൻ ഏടുകൾ രൂപപെടുത്തിയവരായിരുന്നു മെസൂറിലെ ഹൈദർ അലിയും മകനായ ടിപ്പു സുൽത്താനും. മൈസൂറിന്റെ കടന്ന് വരവ് ടിപ്പുവിന്റെ പടയോട്ടമെന്ന പേരിലാണ് അറിയപ്പെടുന്നത്. ഇന്നും കേരള സമൂഹത്തിൽ മായാത്ത സാംസ്ക്കാരികമായ മുറിവാണ് അത് സൃഷ്ടിച്ചത്. 1766 മുതൽ 1790 വരെയുള്ള കാലത്ത് ഇന്നത്തെ കേരളഭൂമികക്ക് എന്ത്മാത്രം ആഘാതങ്ങളാണ് ഏറ്റിട്ടുള്ളത് എന്ന് പരിശോധിക്കുന്നത് ഉചിതമാണ്.

വലിയ മാർ ദീവന്നാസ്യോസിന്റെ കാലത്താണ് മലങ്കരസഭ ടിപ്പുവിന്റെ ആക്രമണത്തിന് ഇരയായത്. ടിപ്പു ഈ കാലത്ത് കൊച്ചിയും, തിരവിതാംകൂറും ആക്രമിച്ചു. ആർത്തെറ്റയും, പറവൂരെയും, അങ്കമാലിയിലെയും പള്ളികൾ തീവെച്ചു നശിപ്പിക്കുകയും സുറിയാനി ക്രിസിത്യാനികൾ വസിച്ചിരുന്ന അങ്ങാടികൾ കൊള്ളചെയ്യപ്പെടുകയും ചെയ്യ്തു. ടിപ്പുവിന്റെ കൈയ്യിൽ അകപ്പെടുവാൻ ഇടയായ ചില ക്രിസ്ത്യാനികളെ അവൻ ബലത്താൽ ചേലാകർമ്മം ചെയ്യിച്ചുവെങ്കിലും ഭാഗ്യവശാൽ അവരെ ആരേയും ഇസ്ലാം മതത്തിലേക്ക് പരിവർത്തനം ചെയ്യിച്ചില്ല. തൽസമയം

ഉണ്ടായ ഈസ്റ്റ് ഇൻഡ്യാ കമ്പനിക്കാരുടെ പ്രവേശനവും മൈസൂറിനോടുള്ള അവരുടെ യുദ്ധപ്രഖ്യാപനവും നിമിത്തം തിരുവിതാംകൂറിനെയും, കൊച്ചിയെയും പൂർണ്ണമായി നശിപ്പിക്കുന്നതിന് മുൻപെ ടിപ്പു തിരിച്ചുപേകേണ്ടതായി വന്നു.

നിരണം ഗ്രന്ഥവരിയുടെ ഭാഷ്യം

മൈസൂർ കടുവയുടെ പടയോട്ടത്തെ കുറിച്ച് നിരണം ഗ്രന്ഥവരി നൽകുന്ന ഒരു വിവരണം നോക്കുക, “ഇങ്ങിനെയിരിക്കുമ്പോൾ 965-മാണ്ട് ദനുമാസം 18 ന് ടിപ്പുസുൽത്താൻ വെട്ടിയ കോട്ടയിൽ കരേറി. ഉടൻതന്നെ ഇറങ്ങി മേടമാസം ആറിന് മേലുക്കോട്ടയിൽ കരേറി. കോട്ടയും കോത്തളവും നിരത്തി. അവന്റെ ആളുകൾ ആലുവയിലോളം വന്നു പരന്നു. അതിനകമുള്ള ഇല്ലങ്ങളും, ക്ഷേത്രങ്ങളും, പള്ളികളും, കമ്പോളങ്ങളും, ചുട്ട് ദ്രവ്യങ്ങളും എടുത്തുകൊണ്ട് കോട്ടയ്ക്ക് പുറത്തിറങ്ങി. ഇതിന്റെ ശേഷം കേശവപിള്ള ദിവാൻജി അങ്ങുന്ന് ഇംഗ്രേസു പട്ടാളത്തെ കൂട്ടി പടവെട്ടി ശ്രിരംഗപട്ടണത്തോളം പിടിക്കുകയും ചെയ്തു.

“.....പടകേറിയാറെ ഏറിയ ആളുകളെ ചേലയിൽ കൂട്ടി.അന്നത്തെ തിടുക്കത്തിൽ അങ്ങൂരിരുന്ന മെത്രപ്പോലിത്താ കോട്ടയ്ക്കകത്ത് കരേറി മുളംതുരുത്തിയിലും, കരിങ്ങാച്ചിറയും വന്നു പാർത്തിരിക്കുമ്പോൾ ചാട്ടുകുളങ്ങര പുലിക്കോട്ട് ഉട്ടൂപ്പുകത്തനാരെ ചേലയിൽ കൂട്ടുകകൊണ്ട്, അതിനെക്കുറിച്ച് കരിങ്ങാച്ചിറ വന്ന് കാട്ടുമാങ്ങാട്ട് മൂപ്പിലെക്കൂടെ റമ്പസുഖം ഏൽക്കയും ചെയ്തു”

ഉപസംഹാരം:

ഇംഗ്ലീഷ്കാരുടെ സഹായത്താൽ ടിപ്പുപടയിൽ നിന്ന് രക്ഷപ്പെട്ട മലബാർനസ്രാണികളും നായന്മാരും അവർക്ക് പണം നൽകി തലച്ചേരിൽ(തലശ്ശേരി) നിന്ന് കൊച്ചി, തിരുവിതാംകൂർ മേഖലകളിലേക്ക് രക്ഷപ്പെട്ടു. ഈ പാലായനത്തിന്റെ അടയാളങ്ങൾ നമ്മുടെ ചരിത്രത്തിൽ ഇന്നും ശേഷിക്കുന്നു. കുന്നംകുളത്തും തെക്കൻമേഖലയിലും കാണുന്ന ചെറുവത്തൂർ,വടക്കെതലയ്ക്കൽ തുടങ്ങിയ വീട്ട്പേരുകൾ, മലബാർ നിന്ന് തെക്കോട്ട് സഞ്ചരിക്കുമ്പോൾ ഉള്ള സ്ഥലപേരുകൾ-വടകര, കണ്ണൂർ,ചെറുവത്തൂർ,ചിറയ്ക്കൽ തുടങ്ങിയവയും ഒക്കെ ഈ പാലായനത്തിന്റെ ബന്ധങ്ങളെ സാധൂകരിക്കുന്നു. ഇത് സംബന്ധിച്ച് ആധികാരിക പഠനങ്ങൾ ഇനിയും നടക്കേണ്ടിയിരിക്കുന്നു. വലിയ മാർ ദീവന്നാസിയോസ് ബ്രീട്ടീഷ് ഖജനാവിൽ നിക്ഷേപിച്ചത് 3000 പൂവരഹാൻ ആയിരുന്നു; അതായത് 3000 'star pagoda' ആയിരുന്നു. ഈ മലബാർ നാണ്യത്തിന്റെ നിക്ഷേപവും ഇംഗ്ലീഷ്കാരുടെ സഹായത്തിന്റെ പ്രകാശനമായിരിക്കണം. നാം പഠനവിധേയമാക്കേണ്ട ഒരു കാലത്തിലേക്കുള്ള അന്വേഷത്തിന്റെ സൂചനകളിണിവയെല്ലാം. ■

പരുമല തിരുമേനി: ബിബ്ലിയോഗ്രഫി

ജോയ്സ് തോട്ടയ്ക്കാട്

പരുമല തിരുമേനി രചിച്ച ഗ്രന്ഥങ്ങളുടെയും തിരുമേനിയെ സംബന്ധിച്ച് പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങളുടെയും ഒരു ലഘുവിവരണം മാത്രമാണ് ഇവിടെ നല്കുന്നത്. ഗ്രന്ഥങ്ങളുടെ സംഖ്യ പൂർണമെന്ന് അവകാശപ്പെടുന്നില്ല.

പരുമലതിരുമേനി രചിച്ച ഗ്രന്ഥങ്ങൾ

ഊർശ്ലേം യാത്രാ വിവരണം

ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, സോഫിയാ ബുക്സ്, കോട്ടയം, 2002.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണമായ ഊർശ്ലേം യാത്രാ വിവരണം പരുമല തിരുമേനി രചിച്ചതാണ്. ഈ ഗ്രന്ഥം 1895 കർക്കടകത്തിൽ (ജൂലൈ – ഓഗസ്റ്റ്) കോട്ടയം പഴയസെമിനാരിയിലെ മാർത്തോമസ് പ്രസ്സിൽ നിന്ന് പ്രസിദ്ധീകൃതമായി. രണ്ടാം പതിപ്പ് ആ വർഷം നവംബറിൽത്തന്നെ പ്രസിദ്ധീകരിച്ചു. 1902 –നു ശേഷം വിവിധ പ്രസാധകർ നിരവധി തവണ ഈ കൃതി പ്രസിദ്ധീകരിച്ചു. 1952–ൽ മാരേട്ട് തോമസ് റമ്പാൻ പ്രസിദ്ധീകരിച്ച പതിപ്പിന്റെ പുനഃപ്രസിദ്ധീകരണമായി ഡോ. സാമുവൽ ചന്ദനപ്പള്ളി 1980 –ൽ ഈ കൃതി സാഹിത്യ ലോകത്തിന് പരിചയപ്പെടുത്തി (പവിത്രരചനകൾ എന്ന ഗ്രന്ഥത്തിൽ). ഊർശ്ലേം യാത്രാവിവരണത്തിന് സഞ്ചാര സാഹിത്യത്തിലുള്ള മഹനീയ സ്ഥാനം ഉയർത്തിക്കാട്ടുവാൻ ഡോ. ചന്ദനപ്പള്ളിക്ക് കഴിഞ്ഞു. 1996 –ൽ 'മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ യാത്രാവിവരണം' എന്ന വിശേഷണത്തോടെ പോൾ മണലിൽ ഈ കൃതി കറന്റ് ബുക്സ് വഴി പ്രസിദ്ധീകരിച്ചു. ആ ശതാബ്ദി പതിപ്പ് സംവാദങ്ങൾക്കും നിരൂപണങ്ങൾക്കും വേദിയൊരുക്കി. 1895 –നു ശേഷം വിവിധ പ്രസാധകർ പ്രസിദ്ധീകരിച്ച പതിപ്പുകളിലെ ഭാഷയിൽ, പ്രസാധകരും പ്രസുകാരും നിരവധി മാറ്റങ്ങൾ അറിഞ്ഞും അറിയാതെയും വരുത്തി. ഇത്തരത്തിൽ ഭാഷാദോഷം സംഭവിച്ച പതിപ്പുകളാണ് നിലവിലുണ്ടായിരുന്നത്.

മലയാള സഞ്ചാര സാഹിത്യത്തിൽ ഊർശ്ലേം യാത്രാ വിവരണത്തിന്റെ ഭാഷയും സാഹിത്യ മൂല്യവും വിശകലനം ചെയ്യുന്നതിന് മൂലകൃതി അനിവാര്യമാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കി കോട്ടയം സോഫിയാ ബുക്സ് 2002 ഏപ്രിലിൽ ഒന്നാം പതിപ്പിന്റെ പുനഃപ്രസിദ്ധീകരണം നിർവ്വഹിച്ചിട്ടുണ്ട്. ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, എം. കുര്യൻ തോമസ്, ജോയ്സ് തോട്ടയ്ക്കാട് എന്നിവരുടെ നേതൃത്വത്തിലാണ് ഈ പതിപ്പ് തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

പവിത്ര രചനകൾ

പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അനശ്വരാ പബ്ലിക്കേഷൻസ്, ചന്ദനപ്പള്ളി, 1980.

പരുമല തിരുമേനിയുടെ യാത്രാവിവരണഗ്രന്ഥം, ലേഖനം, പ്രഭാഷണം, ഇടയലേഖനങ്ങൾ, സ്വകാര്യ കല്പനകൾ എന്നിവ ഡോ. സാമുവൽ ചന്ദനപ്പള്ളി ഈ ഗ്രന്ഥത്തിൽ സമാഹരിച്ചിരിക്കുന്നു. ഡോ. കെ. എം. തരകന്റെ അവതാരിക. അനുബന്ധമായി സംക്ഷിപ്ത ജീവചരിത്രവും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് രചിച്ച ഇംഗ്ലീഷ് ലേഖനവും കണ്ടത്തിൽ വറുഗീസ് മാപ്പിളയുടെ അനുസ്മരണവും കൊടുത്തിരിക്കുന്നു.

എഴുത്തുകൾ

ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, സോഫിയാ ബുക്സ്, കോട്ടയം, 2010.

പരുമല തിരുമേനിയുടെ 1895, 1897 വർഷങ്ങളിലെ കല്പനബുക്കുകൾ ഗവേഷകനായ ജോയ്സ് തോട്ടയ്ക്കാട് സമാഹരിച്ചു പ്രസിദ്ധീകരിച്ച ഗ്രന്ഥം. സ്വകാര്യ കത്തുകൾ, ഇടയലേഖനങ്ങൾ, പ്രഭാഷണം എന്നിവയും പ. ഗീവർഗീസ് രണ്ടാമൻ ബാവാ, റമ്പാനായിരിക്കെ പരുമല തിരുമേനിയെക്കുറിച്ച് എഴുതിയ സാക്ഷ്യവും, അൽവാറീസ് മാർ യൂലിയോസ്, റെനിവിലാത്തി മാർ തീമോത്തിയോസ് എന്നിവർ പരുമല തിരുമേനിക്ക് അയച്ച കത്തും, ജീവിത കാലാനുക്രമണികയും ഉൾപ്പെടുത്തിയിരിക്കുന്നു. ഡോ. ഗീവർഗീസ് മാർ യൂലിയോസിന്റെ അവതാരികയും ഫാ. ജോൺ തോമസ് കരിങ്ങാട്ടിലിന്റെ കല്പനബുക്കുകളെക്കുറിച്ചുള്ള പഠനവും ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് പരുമല തിരുമേനിയെക്കുറിച്ച് എഴുതിയ ലേഖനവും ഗ്രന്ഥത്തിന്റെ ആദ്യഭാഗത്ത് ചേർത്തിരിക്കുന്നു.

പരുമലതിരുമേനിയെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ

മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ
തൃപ്പൂണിത്തുറ മൂക്കഞ്ചേരി പൈലി വർക്കി,
മനോരമ പബ്ലിക്കേഷൻസ്, 2002 ജൂലൈ.

1903-ൽ പ്രസിദ്ധീകരിച്ച പരുമല തിരുമേനിയുടെ ആദ്യ ജീവചരിത്രത്തിന്റെ പുനഃപ്രസിദ്ധീകരണം. തിരുമേനി കാലം ചെയ്ത് മാസങ്ങൾക്കുള്ളിൽ എഴുതപ്പെട്ട ഗ്രന്ഥമാണിത്. തുടക്കത്തിൽ കൊടുത്തിരിക്കുന്ന ശ്ലോകങ്ങൾ കെ. ഐ. വർഗീസ് മാപ്പിള മനോരമ പത്രത്തിൽ നിന്നെടുത്ത ചരമ ശ്ലോകങ്ങളാണ്. അദ്ദേഹം തന്നെ എഴുതിയ "മാർ ഗ്രീഗോറിയോസ് സ്മരണ" എന്ന ഒരു ചെറിയ ഗാനവും ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു.

പരുമല തിരുമേനിയുടെ ജീവചരിത്രവുമായ് ബന്ധപ്പെട്ട് ആദ്യം ലഭിക്കുന്ന ലിഖിത രേഖ എന്ന നിലയിൽ ഈ ഗ്രന്ഥത്തിന് പ്രാധാന്യമുണ്ട്. പരുമല ത്തിരുമേനിയെ സംബന്ധിച്ച് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യകാല ജീവചരിത്രങ്ങൾക്ക് ഒരളവു വരെ മാർഗ്ഗദർശി ഈ ഗ്രന്ഥമാണ്.

മാർ ഗ്രീഗോറിയോസ് പാന

പുലത്തുരുത്തിൽ ചാക്കോ ചാക്കോ ചിങ്ങവനം, മാർത്തോമ്മസ് അച്ചുകൂടം, കോട്ടയം, 1903.

1903-ൽ ചിങ്ങവനംകാരനായ ഒരു അന്ധനാൽ വിരചിതമായതാണ് മാർ ഗ്രീഗോറിയോസ് പാന. കോട്ടയം പഴയ സെമിനാരിയിൽ പ്രവർത്തിച്ചിരുന്ന മാർത്തോമസ് അച്ചുകൂടത്തിൽ നിന്ന് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഈ ഗ്രന്ഥത്തിലെ ഒരു ഭാഗമാണ് ഇപ്പോഴും പരുമലത്തിരുമേനിയുടെ ഓർമ്മ ദിവസവും അതിനു തലേ ദിവസവും പരുമലയിൽ നടക്കുന്ന റാസയിൽ വിശ്വാസികൾ ആലപിക്കുന്നത്.

1903 -ൽ തന്നെയാണ് സി. എസ്സ്. സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപവും എം. രാജവർമ്മയുടെ പ്രിയ വിലാപവും പ്രസിദ്ധീകരിക്കപ്പെടുന്നത്. ലക്ഷണമൊത്ത വിലാപ കാവ്യം എന്ന് മാർ ഗ്രീഗോറിയോസ് പാനയെ വിലയിരുത്തുവാൻ സാധിക്കില്ലായെങ്കിലും, വിലാപകാവ്യ ശാഖയിൽ ഉൾപ്പെടുത്താവുന്ന ഒരു കൃതിയാണ് മാർ ഗ്രീഗോറിയോസ് പാന.

പരുമല പെരുന്നാൾ (കാവ്യം)

പരുമല സെമിനാരി മല്പാൻ തോമസ് കത്തനാർ, മലയാള മനോരമ പ്രസ്സ്, കോട്ടയം 1918.

രാമായണം ഇരുപത്തിനാല് വൃത്തത്തിൽ രണ്ടാം വൃത്തത്തിന്റെ മട്ടിൽ രചിക്കപ്പെട്ട ഒരു കാവ്യമാണ് പരുമലപ്പെരുന്നാൾ. പരുമല പെരുന്നാളിന്റെ വിശദാംശങ്ങൾ വേണ്ടത്ര ഉണ്ട്. അതിലുപരി പെരുനാളിനു കാരണഭൂതനായ വിശുദ്ധന്റെ ജീവചരിത്ര വർണ്ണനയും കൃതിയിലുണ്ട്. കാവ്യത്തിന് അവതാരിക എഴുതിയിരിക്കുന്നത് കൊട്ടാരത്തിൽ ശങ്കുണ്ണിയാണ്.

മലയാള കാവ്യ സരണിയിൽ കിളിപ്പാട്ടു വൃത്തങ്ങളിൽ ധാരാളം കൃതികൾ ഉണ്ടായിട്ടുണ്ട്. കേരള സാഹിത്യ ചരിത്ര രചയിതാക്കൾ ആനു

ഷംഗികമായിപ്പോലും പരമാർശിച്ചിട്ടില്ലാത്ത ഈ കൃതി ഗവേഷണത്തിനും പഠനത്തിനും ഉപയുക്തമാകണം.

പരുമല കൊച്ചു തിരുമേനി

ഫാ. ഇ. ജെ. എബ്രഹാം, മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്, 1988.

1938 –ൽ ആദ്യമായി പ്രസിദ്ധീകരിച്ച പരുമല തിരുമേനി എന്ന ഗ്രന്ഥത്തിന്റെ പരിഷ്ക്കരിച്ച പതിപ്പാണ് ഇത്. മൂന്നു ഭാഗങ്ങളായി വേർതിരിച്ചിരിക്കുന്ന ഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം പരുമലത്തിരുമേനിയുടെ ജീവചരിത്രമാണ്. രണ്ടാം ഭാഗം പരുമലയിൽ നടക്കുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ചും പരിശുദ്ധ തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ ലഭിച്ച അതിശയങ്ങളുടെ അനുഭവ സാക്ഷ്യങ്ങളുമാണ്. മൂന്നാം ഭാഗത്ത് പരുമലത്തിരുമേനിയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന ചേർത്തിരിക്കുന്നു.

1938 –നു ശേഷം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന പരുമലത്തിരുമേനിയെപ്പറ്റിയുള്ള ജീവചരിത്ര ഗ്രന്ഥങ്ങൾക്ക് ആധാരമായിരിക്കുന്നത് എബ്രഹാം അച്ചന്റെ ഈ പുസ്തകമാണ്. സാധാരണ ജനങ്ങളെ വായനക്കാരായി കണ്ട് ഒരു പുണ്യപുരുഷന്റെ ജീവിതത്തിന്റെ അലൗകീക മേഖലകളെ എടുത്തുകാട്ടാനാണ് ഗ്രന്ഥകർത്താവ് ശ്രമിച്ചിരിക്കുന്നത്. ഋജുവും, ലളിതവുമായ പ്രതിപാദന ശൈലി ഈ പുസ്തകത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്നാണ്. സാധാരണക്കാരെ ജിജ്ഞാസാഭരിതരാക്കുന്ന അത്ഭുത സംഭവങ്ങളെ വളരെ നാടകീയമായി പ്രതിപാദിക്കുവാൻ ഗ്രന്ഥകർത്താവ് ശ്രമിച്ചിട്ടുണ്ട്.

അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന മരണാനന്തര അവസ്ഥയും പരിശുദ്ധന്മാരും എന്ന അദ്ധ്യായത്തിൽ മരണാനന്തരമുള്ള ജീവിതാവസ്ഥകളിലേക്കുള്ള ദൈവശാസ്ത്രപരമായ ഒരു സമീപനമാണ്. ക്രിസ്തുവിനു മുമ്പുള്ള പ്രധാന മതങ്ങളിലെ ചില ചിന്തകളും പഠനവിധേയമാക്കിയിരിക്കുന്നു.

പരുമല പുണ്യവാളൻ

ഇസ്സഡ്. എം. പാറേട്ട്, 1965, പി. സി. പ്രസ്സ്, കോട്ടയം, വിതരണം: മനോരമ പബ്ലീഷിങ്ങ് ഹൗസ്, കോട്ടയം.

'മഹാസിദ്ധന്റെ ചൈതന്യം കലർപ്പു കൂടാതെ എടുത്തു കാണിക്കുക എന്ന ഉദ്ദേശ്യത്തിലാണ്' താൻ പരുമല പുണ്യവാളൻ എന്ന ചരിത്രാഖ്യായിക എഴുതിയതെന്ന് ആമുഖത്തിൽ ഇസ്സഡ്. എം. പാറേട്ട് പ്രസ്താവിക്കുന്നു. ധാരാളം നോവലുകളും ചരിത്ര ഗ്രന്ഥങ്ങളും ചരിത്രാഖ്യായികകളും എഴുതി നല്ല കൈത്തഴക്കമുള്ള ആളാണ് അദ്ദേഹം. സ്വതസിദ്ധമായ ഒരു ഭാഷാശൈലിക്കുടമയുമാണ്. വളരെ നാടകീയമായി ആരംഭിക്കുന്ന ഒരു തുടക്കമാണ് പരുമല പുണ്യവാളനുള്ളത്. സംഭാഷണങ്ങളിലൂടെ കഥാതന്തുവിന്റെ വളർച്ചയെ പ്രകടിപ്പിക്കുന്നു. സംഭാഷണങ്ങളിൽ തെളിയുന്ന വസ്തുതകളും, ചിത്രങ്ങളും, വ്യക്തികളും ചരിത്രബന്ധിയാണ്. മുളന്തുരുത്തി, പരുമല, കോട്ടയം തുടങ്ങിയ ദേശങ്ങളുടെ ആചാരങ്ങളും നാട്ടുനടപ്പുകളും ഭംഗിയായി അവതരിപ്പിച്ചിരിക്കുന്നു. പരുമലത്തിരുമേനിയെ സംബന്ധിച്ചുള്ള ജീവചരിത്ര ഗ്രന്ഥങ്ങളിൽ വേറിട്ടു നിൽക്കുന്ന കൃതിയാണ് പരുമല പുണ്യവാളൻ. പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ നവീകരണ ശ്രമവും, പത്രോസ് പാത്രിയർക്കീസിന്റെ മലങ്കര സഭയോടുള്ള താല്പര്യവും പല പ്രകാരേണ വിവരിച്ചിരിക്കുന്നു.



ഒരു കൃതിയെ ഈടുറ്റതാക്കുന്നത് അനുവാചകരാണല്ലോ. വായനക്ഷമമായ ഭാഷയും വിശുദ്ധമെങ്കിലും ഉദ്വേഗം നിലനിർത്തുന്ന രചനാശൈലിയും പരുമല പുണ്യവാളന്റെ പ്രത്യേകതയാണ്.

2013-ൽ എം.ഒ.സി. പബ്ലിക്കേഷൻസ് ഈ ഗ്രന്ഥം പുനഃപ്രസിദ്ധീകരിച്ചു.

വിശുദ്ധ ഇടയൻ

പ്രൊഫ. പി. എൻ. ചാക്കോ, മണർകാട്, 1991, കോട്ടയം-10

പ. പരുമലത്തിരുമേനിയുടെ ജീവചരിത്രം. ഡോ. ഡി. ബാബുപോളിന്റെ അവതാരിക. ബാല്യവും വിദ്യാഭ്യാസവും തുടങ്ങി ജീവചരിത്രത്തിന്റെ ഘടനകൾ അതേപടി നിർവഹിച്ചിരിക്കുന്നു. ഒടുക്കം പ. പരുമലത്തിരുമേനിയുടെ കല്പനകളുടെ ചില ഭാഗങ്ങൾ പ്രത്യേകമായി കൊടുത്തിരിക്കുന്നു. അത് പുണ്യപുരുഷന്റെ ജീവിതത്തിലേക്കു വെളിച്ചം വീശുന്ന ചില രേഖകളാണ്. കണ്ടത്തിൽ വർഗീസ് മാപ്പിള, എ. എം. വർക്കി, കെ. സി. മാമ്മൻ മാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എം. പി. വർക്കി തുടങ്ങിയ മഹാരഥന്മാരുടെ രചനകളിലെ ചില ഭാഗങ്ങൾ പ്രത്യേകമായി എടുത്തു കാണിച്ചിരിക്കുന്നു.

പുണ്യചരിത്രങ്ങളുടെ പ്രത്യേകത ജീവിച്ചിരുന്നപ്പോഴും അതിനുശേഷവും അവരുടെ നാമത്തിൽ നടക്കുന്ന അത്ഭുത പ്രവൃത്തികളാണ്. പരുമലത്തിരുമേനിയുടെ കാര്യത്തിലും ഇത് പ്രസ്താവ്യമാണ്. പുസ്തകത്തിന്റെ ഒരദ്ധ്യായം അത്ഭുത സംഭവങ്ങൾ കൊണ്ട് തീർത്തിരിക്കുന്നു. പതിനൊന്നാം അദ്ധ്യായത്തിൽ തിരുമേനിയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെപ്പറ്റി വിവരിച്ചിരിക്കുന്നു. സന്യാസത്തിന്റെയും തപോജീവിതത്തിന്റെയും വെളിച്ചം ജനങ്ങളിലേക്ക് പകർന്ന ഒരു ഋഷിവര്യന്റെ വിശുദ്ധിയാണ് സ്കൂൾ സ്ഥാപനത്തിലൂടെ നാം കാണുന്നത്.

പരുമലത്തിരുമേനിയുടെ വചനസുധ

ഡോ. സാമുവേൽ ചന്ദനപ്പള്ളി, അനശ്വരാ പബ്ലീഷേഴ്സ്, ചന്ദനപ്പള്ളി, 1979.

പ. പരുമലത്തിരുമേനിയുടെ രചനകളെ മലയാള ഭാഷയ്ക്കു പരിചയപ്പെടുത്തിയ ഡോ. സാമുവേൽ ചന്ദനപ്പള്ളിയുടെ ഒരു ചെറു ഗ്രന്ഥമാണ് വചനസുധ. പോക്കറ്റ് വലിപ്പമുള്ള ഗ്രന്ഥത്തിൽ കേവലം മുപ്പതു പേജുകൾ മാത്രമാണുള്ളത്. പരുമലത്തിരുമേനിയുടെ ഗ്രന്ഥങ്ങൾ, കല്പനകൾ, കത്തുകൾ, ഡയറിക്കുറിപ്പുകൾ എന്നിവ സമാഹരിക്കുന്നതിനിടയിൽ ഡോ. ചന്ദനപ്പള്ളി കണ്ടെത്തിയ അമൃത സൂക്തങ്ങളാണ് വചനസുധ എന്ന് പേരിട്ടിരിക്കുന്ന ചെറുഗ്രന്ഥം.

പ. പരുമലക്കൊച്ചുതിരുമേനിയുടെ ജീവചരിത്രവും തോട്ടയ്ക്കാട് കുരിശടിയും

സി. പാപ്പച്ചൻ തോട്ടയ്ക്കാട്, പ്രസാധകർ: വിശ്വമാതാ പ്രിന്റേഴ്സ്, ചങ്ങനാശ്ശേരി, 1986.

ജീവചരിത്ര ഗ്രന്ഥമെന്ന ശീർഷകം പുസ്തകത്തിനു നൽകിയിട്ടുണ്ടെങ്കിലും ആ വിഭാഗത്തിലുൾപ്പെടുത്തുവാൻ സാധിക്കുമോ എന്നു സംശയം. വളരെ ലഘുവായ ജീവചരിത്ര വിവരണം. പരുമലത്തിരുമേനിയുടെ നാമത്തിൽ തോട്ടയ്ക്കാട് കവലയിൽ സ്ഥാപിക്കപ്പെട്ട കുരിശടിയുടെ ചരിത്രവും ഗ്രന്ഥത്തിലുണ്ട്. പല വ്യക്തികളുടെയും അനുഭവക്കുറിപ്പുകളും ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു. മദ്ധ്യസ്ഥ പ്രാർത്ഥന, അപ്രേം പള്ളിയുടെ ചരിത്രം എന്നിവ ഗ്രന്ഥത്തിൽ കാണാം. തോട്ടയ്ക്കാട് അധിവസിക്കുന്ന വിശ്വാസികളുടെ വായനയ്ക്കും പഠനത്തിനുമായി എഴുതപ്പെട്ട ഒരു ഗ്രന്ഥമെന്നേ ഇതിനെ പരിഗണിയ്ക്കാൻ സാധിക്കൂ.

Honey Verses

Translated & Published in English by Jose Kurian Puliyeril M.A., 1991.

വചനസുധയുടെ ഇംഗ്ലീഷ് പരിഭാഷയാണ് ഈ ഗ്രന്ഥം. പരിഭാഷ നിർവ്വഹിച്ചിരിക്കുന്നത് നിരവധി ഗ്രന്ഥങ്ങളുടെ കർത്താവായ ശ്രീ. ജോസ് കുര്യൻ പുളിയേരിൽ. പുതിയ തലമുറയ്ക്ക് ഉപയുക്തമാകത്തക്കവിധമാണ് ഗ്രന്ഥ നിർമ്മിതി.

പരുമലത്തിരുമേനിയുടെ കഥ

ജോയൻ കുമരകം, 1992, സെ. ബേസിൽ പബ്ലിക്കേഷൻ, ന്യൂയോർക്ക്.

കഥകൾ പറഞ്ഞും കഥകൾ എഴുതിയും കുട്ടികളുടെയും മുതിർന്നവരുടെയും മനം കവർന്ന ശ്രീ. ജോയൻ കുമരകത്തിന്റെ പരുമലത്തിരുമേനിയുടെ കഥ ഏറെ ശ്രദ്ധേയമാണ്. കുട്ടികളുടെ ലോകത്തിലേക്കുള്ള പ്രവേശനം കഥാകാരന്റെ കൃതഹസ്തതയെ വെളിവാക്കുന്നു.

പമ്പാനദിയുടെ മടിത്തട്ടിൽ ഉറങ്ങുന്ന ഒരു കൊച്ചു ഗ്രാമത്തിലെ നിഷ്ക്കളങ്കരായ കുഞ്ഞുങ്ങളോട് അവരുടെ പ്രിയങ്കരനായ 'കൊച്ചച്ചൻ' പറയുന്ന കഥകളിലൂടെയാണ് തിരുമേനിയുടെ കഥ ഇതൾ വിരിയുന്നത്. വിശുദ്ധമായ ഒരു ജീവിതത്തെ ചിത്രീകരിക്കുവാൻ ശുദ്ധവും ലളിതവുമായ ഭാഷ വേണം. ഈ കഥയിലെ സരളമായ ഭാഷയും ലളിതമായ പ്രതിപാദന ശൈലിയും ശ്രദ്ധേയമാണ്.

ജീവചരിത്ര ഗ്രന്ഥമെന്ന നിലയിൽ പരുമലത്തിരുമേനിയെ സംബന്ധിച്ചുള്ള ആദ്യ അറിവിന് ഈ ഗ്രന്ഥം വളരെ ഉപകാരപ്രദമാണ്. പഠനങ്ങളോ ഗഹനമായ ചിന്തകളോ വായനയെ മുടക്കുന്നില്ല. വിശുദ്ധിയുടെ പരിമളം അനുവാചകന്റെ ഹൃദയത്തിൽ ശേഷിപ്പിക്കുവാൻ ശ്രീ. ജോയന് സാധിക്കുന്നു. ഫാ. ഡോ. കെ. എം. ജോർജിന്റെ അവതാരിക.

The Parumala Kochu Thirumeni

P. S. Iype, Bombay, 1981, St. Pauls Mission Press, Mavelikkara

വളർന്നുവരുന്ന പുതിയ തലമുറയെ ഉദ്ദേശിച്ച് ഇംഗ്ലീഷിൽ എഴുതപ്പെട്ട ഗ്രന്ഥമാണ് പരുമല കൊച്ചുതിരുമേനി. പതിനൊന്നദ്ധ്യായമായി എഴുതപ്പെട്ട ഗ്രന്ഥം. സരളവും ഋജുവുമായ പ്രതിപാദന ശൈലി. പുനഃപ്രസിദ്ധീകരണം നടന്നിട്ടില്ല.

പരിശുദ്ധ പരുമല കൊച്ചുതിരുമേനിയുടെ ജീവചരിത്രം

1983, സെന്റ് ജോർജ്ജ് ബുക്കു സ്റ്റാൾ, പരുമല.

ആര് എഴുതി എന്ന് വ്യക്തമല്ല. Teeyem' എന്ന് ചുരുക്കത്തിൽ കൊടുത്തിരിക്കുന്നു. ആമുഖമോ, അവതാരികയോ ഒന്നുമില്ല. ജീവചരിത്രത്തോടൊപ്പം ഊർശ്ലേം യാത്രാവിവരണത്തിന്റെ കുറെ ഭാഗങ്ങൾ ചേർത്തിട്ടുണ്ട്. ധ്യാനവും അതോടൊപ്പം. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിങ്കലെ ഗീതങ്ങൾ (ലുത്തിനിയായോടു കൂടിയത്) പുസ്തകത്തിന്റെ അവസാന അധ്യായമായി ചേർത്തിട്ടുണ്ട്.

പരുമല തിരുമേനിയുടെ കല്പനകൾ

ഡോ. സാമുവേൽ ചന്ദനപ്പള്ളി, സീഡീസ് ബുക്സ്, ചന്ദനപ്പള്ളി.

പരുമല തിരുമേനിയുടെ ഇടയലേഖനങ്ങൾ, കല്പനകൾ, സ്വകാര്യ കത്തുകൾ എന്നിവയുടെ സമാഹാരമാണീ കൃതി. ചന്ദനപ്പള്ളി സാറിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് ഈ ഗ്രന്ഥം സമർപ്പിച്ചിരിക്കുന്നത്. പോൾ മണലിൽ എഴുതിയ അവതാരിക. പരുമല തിരുമേനിയുടെ കല്പനകൾ എന്നാണ് ശീർഷകം എങ്കിലും ഒന്നാം അധ്യായം വിശുദ്ധന്റെ കഥയാണ്. ഇടയ ലേഖനങ്ങളെ വി. പൗലോസിന്റെ ലേഖനങ്ങളോടാണ് ചന്ദനപ്പള്ളി ഉപമിച്ചിരിക്കുന്നത്. പരുമല തിരുമേനിയുടെ കല്പനകളുടെ ഒരു നമ്പർ ബുക്ക് ജോയ്സ് തോട്ടയ്ക്കാട് കണ്ടെത്തിയത് ഈ കൃതിയിൽ ചേർത്തിട്ടുണ്ട്.



പരിശുദ്ധ കൊച്ചുതിരുമേനി

കണിയാംപറമ്പിൽ ഡോ. കുര്യൻ കോറെപ്പിസ്ക്കോപ്പാ, 2001.

പരുമലത്തിരുമേനിയുടെ ജീവിത രേഖകളെ ഒട്ടളവുവരെ പരിശോധിക്കുന്ന കൃതി. പരുമലത്തിരുമേനിയുടെ ജീവചരിത്രം രചിച്ചിട്ടുള്ള മറ്റു ലേഖകരിൽ നിന്നും വ്യത്യസ്ഥമായി ചില മുൻവിധികളോടും കാഴ്ചപ്പാടുകളോടുമാണ് ഈ കൃതി രചിച്ചതെന്ന് ഒറ്റ നോട്ടത്തിൽ കാണാം. പരുമലത്തിരുമേനി ജീവിച്ച കാലത്തെ സാഹചര്യങ്ങളോ ചരിത്ര വശങ്ങളോ ലേഖകൻ വേണ്ടത്ര ഗൗനിച്ചി

ട്ടില്ല. തദ്ദേശീയനായ ഏക പരിശുദ്ധനെന്ന് ചരിത്രം സാക്ഷിക്കുന്ന മാർ ഗ്രീഗോറിയോസിനെ അന്ത്യോഖ്യാ ബന്ധത്തിന്റെ സന്തതിയെന്ന് കാണുന്നതിൽ യുക്തിഭംഗമുണ്ട്.

മറ്റു ജീവചരിത്ര പുസ്തകങ്ങളിൽ കാണാത്ത ചില നല്ല വശങ്ങൾ ഈ ഗ്രന്ഥത്തിനുണ്ട്. പരുമലത്തിരുമേനിയുടെ ഊർശ്ലേം യാത്രാവിവരണം ഇതിൽ ചേർത്തിരിക്കുന്നു. നൂറ് വർഷത്തിനിടയിൽ ആദ്യമായിട്ടാണ് സുസ്താത്തിക്കോൻ മുദ്രണം ചെയ്ത് വരുന്നത്. മുളന്തുരുത്തിപ്പള്ളിയുടെയും പരുമലത്തിരുമേനിയുമായി ബന്ധപ്പെട്ട പള്ളികളുടെയും ചരിത്രങ്ങൾ ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ഒരു ജീവചരിത്ര ഗ്രന്ഥത്തിൽ ആവശ്യമില്ലാത്ത ചില വസ്തുതകളും ഈ ഗ്രന്ഥത്തിലുണ്ട്. വെട്ടിക്കൽ ദയറായുടെയും പരുമലപ്പള്ളിയുടെയും തീറാധാരമൊക്കെ തിരുമേനിയുടെ ജീവിതവുമായി എങ്ങനെയാണ് ബന്ധിപ്പിക്കുന്നത്.

വിഘടിച്ചു നിൽക്കുന്ന ഒരു വിഭാഗത്തിന്റെ മാത്രം തിരുമേനിയായി മാർ ഗ്രീഗോറിയോസിനെ കാണുവാനുള്ള ശ്രമം ചരിത്രത്തോടു കാട്ടുന്ന വഞ്ചനയാണ്. സമൂഹത്തിൽ സ്ഥാനവും മാനവുമുള്ള വ്യക്തികളിൽ നിന്ന് ജനം പ്രതീക്ഷിക്കുന്ന ഒരു ചരിത്ര നിലപാട് ഈ കൃതിയിൽ പാലിക്കുവാൻ കണിയാമ്പറമ്പിൽ അച്ചന് സാധിച്ചിട്ടില്ല.

Behold a Saint

സണ്ണി തോമസ് ഇംഗ്ലീഷിൽ രചിച്ച ജീവചരിത്ര ഗ്രന്ഥം. 1977-ൽ ന്യൂഡൽഹിയിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ടു.

പ. പരുമല തിരുമേനിയുടെ പെരുന്നാളിലെ പെങ്കീസാ നമസ്കാരക്രമം

ഔഗേൻ മാർ തീമോത്തിയോസ്, എം.ഒ.സി. പബ്ലിക്കേഷൻസ്, ദേവലോകം, 1987 (രണ്ടാം പതിപ്പ്)

പ. പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ ഉപയോഗിക്കുവാനായി ഔഗേൻ മാർ തീമോത്തിയോസ് (പ. ബസ്സേലിയോസ് ഔഗേൻ കാതോലിക്കാ ബാവാ) സുറിയാനിയിൽ തയ്യാറാക്കിയ പെങ്കീസാ നമസ്കാരക്രമം യൂഹാനോൻ മാർ സേവേറിയോസ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത്. ഗാനരചന സഭാകവി സി. പി. ചാണ്ടി വെണ്ണിക്കുളം.

ആദ്യപതിപ്പ് പത്തനാപുരം മൗണ്ട് താബോർ പബ്ലിക്കേഷൻസിനുവേണ്ടി തോമസ് മാർ തീമോത്തിയോസാണ് (പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ) പ്രസിദ്ധീകരിച്ചത്.

പരുമല കൊച്ചുതിരുമേനി: മലങ്കരയിലെ മഹാപരിശുദ്ധൻ

എം. ഐപ്പ്, റ്റി. ചെറിയാൻ ആൻഡ്രൂസ്, ഒ.എസ്.എസ്.എ.ഇ., ദേവലോകം, 1993 (എട്ടാം പതിപ്പ്)

സണ്ടേസ്കൂൾ പത്താം ക്ലാസ്സിലെ ഉപപാഠ പുസ്തകം. പരുമല തിരുമേനിയുടെ ജീവചരിത്ര സംഗ്രഹവും മദ്ധ്യസ്ഥതയാൽ നടന്ന അത്ഭുതങ്ങളും വിവരിക്കുന്ന ലഘു കൃതി.

ആർഷമഞ്ജരി

ബിനോയ് ചാത്തുരുത്തി, അനശ്വരാ പബ്ലിക്കേഷൻസ്, ചന്ദനപ്പള്ളി, 1994.

പരുമല തിരുമേനിയുടെ ജീവിതം ആസ്പദമാക്കി രചിച്ച ആഖ്യാനകാവ്യം.

A Journey to Jerusalem

Geevarghese Mar Gregorios, CSS, Thiruvalla, 2000

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണമായ ഊർശ്ലേം യാത്രാവിവരണത്തിന്റെ ഇംഗ്ലീഷ് പരിഭാഷ. ഡോ. യാക്കോബ് മാർ ഐറേനിയോസാണ് പരിഭാഷ നടത്തിയിരിക്കുന്നത്.

പരുമല തിരുമേനി മലയാള സാഹിത്യത്തിൽ

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, എം. ഒ. സി. പബ്ലിക്കേഷൻസ്, ദേവലോകം, കോട്ടയം, 2000.

ഒൻപത് അധ്യായങ്ങളിലായി ക്രോഡീകരിച്ചിരിക്കുന്ന ഗ്രന്ഥത്തിന്റെ ഓരോ അധ്യായവും ഓരോ വിഷയത്തെപ്പറ്റിയുള്ള പഠനമാണ്. ഡോ. കെ. എം. തരകന്റെ പ്രൗഢമായ അവതാരിക.

മറ്റാരും സ്പർശിച്ചിട്ടില്ലാത്ത ചില മേഖലകളെ കരിങ്ങാട്ടിൽ കൈകാര്യം ചെയ്യുന്നുണ്ട്. പരുമല തിരുമേനി ചിത്രകലയിൽ എന്ന അദ്ധ്യായം അതിനുദാഹരണമാണ്. വിശുദ്ധിയുടെ വഴികളെ സ്പർശിച്ചു തന്നെ സാമൂഹിക നവോത്ഥാനത്തിന്റെ പുത്തൻ ഉണർവുകളെ ഗ്രന്ഥം പരിചയപ്പെടുത്തുന്നു.

വിശുദ്ധിയുടെ ദർശനം

റെജി പാറപ്പുറത്ത് (എഡിറ്റർ), പ്രസാധനം: മാർ ഗ്രീഗോറിയോസ് സ്റ്റഡി ഫോറം, വിതരണം: ക്രൈസ്തവ സാഹിത്യ സമിതി, 2000.

പരുമലത്തിരുമേനിയെ സംബന്ധിച്ച് പലരാൽ എഴുതപ്പെട്ട ലേഖനങ്ങളുടെ സമാഹാരമാണ് വിശുദ്ധിയുടെ ദർശനം. മണ്മറഞ്ഞുപോയ വ്യക്തി

കളുടെ ലേഖനങ്ങൾക്കൊപ്പം ജീവിച്ചിരിക്കുന്ന പ്രഗത്ഭരുടെ ലേഖനങ്ങളും ഉള്ളടക്കത്തിലുണ്ട്. വിഷയങ്ങളുടെ ആഴവും പരപ്പും പല ലേഖകരും വേണ്ടത്ര ഗൗനിച്ചിട്ടുണ്ടോ എന്നു സംശയിക്കണം. ഉപരിപ്ലവമായ ചില പ്രസ്താവനകളും വിഷയാവതരണവും ഗ്രന്ഥത്തിന്റെ മിഴിവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. ഒന്നു രണ്ടു ലേഖനങ്ങളെങ്കിലും തിരുമേനിയുടെ ദർശനങ്ങളെ ആഴത്തിൽ വിലയിരുത്തുവാൻ ശ്രമിച്ചിട്ടുണ്ട് എന്നത് പ്രശംസാർഹമാണ്. ചർവിതചർവ്വണം ധാരാളമുണ്ടെങ്കിലും പുസ്തകത്തിന്റെ കെട്ടും മട്ടുംകൊണ്ട് അത് ക്ഷന്തവ്യമായിത്തീരും.

പരുമലയിലെ പുണ്യദീപം

എം. കെ. കോര മുട്ടത്തുകര, ജയധ്വനി പബ്ലിക്കേഷൻസ്, കോട്ടയം, 2006.

പരുമല കൊച്ചുതിരുമേനിയുടെ ജീവചരിത്രം കവിതകളിലൂടെ ആവിഷ്ക്കരിച്ചിരിക്കുന്ന കൃതി. ചേപ്പാട് ഭാസ്ക്കരൻ നായരുടെ അവതാരിക.

പരിശുദ്ധ പരുമല തിരുമേനിയുടെ പവിത്രജീവിതം

പ്രൊഫ. വർഗീസ് പടിയറ, എം.ജി.എം. ബുക്സ്, പരുമല, രണ്ടാം പതിപ്പ്, 1984.

ജീവചരിത്രവും തിരുമേനി രചിച്ച യാത്രാവിവരണവും ഉൾപ്പെടുത്തിയിരിക്കുന്നു. യാത്രാവിവരണം ഒരു അദ്ധ്യായമായി ചേർത്തിരിക്കുകയാണ്.

പരുമല സ്മൃതി

ചീഫ് എഡിറ്റർ: ഫാ. ഡോ. ജേക്കബ് കുര്യൻ, മലങ്കരസഭാ മാസിക, കോട്ടയം, 2002.

പരുമല തിരുമേനിയുടെ ദേഹവിയോഗ ശതാബ്ദി ഗ്രന്ഥം. തിരുമേനിയുടെ ജീവിതവും ദർശനവും വിലയിരുത്തുന്ന ലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ആമുഖമായി ജീവചരിത്രലേഖനം ഫാ. ഡോ. ജേക്കബ് കുര്യൻ തയ്യാറാക്കിയിരിക്കുന്നു. പരുമല തിരുമേനിയെക്കുറിച്ച് പുലത്തുരുത്തിൽ ചാക്കോ ചാക്കോ ചിങ്ങവനം എന്ന അന്ധകവി എഴുതിയ മാർ ഗ്രീഗോറിയോസ് പാനയും ഫാ. തോമസ് മൽപാൻ എഴുതിയ പരുമല പെരുന്നാൾ എന്ന കാവ്യകൃതിയും ഈ ഗ്രന്ഥത്തിൽ കണ്ടെടുത്ത് ചേർത്തിരിക്കുന്നു.

പരുമല മാർ ഗ്രീഗോറിയോസ് വിജയം മഹാകാവ്യം

എം. എ. ജേക്കബ് പുത്തൻകാവ്, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്, മാങ്ങാനം, 2012.

പരുമല തിരുമേനിയുടെ ജീവിതവും ദർശനവും കവിതാരൂപത്തിൽ അവതരിപ്പിക്കുന്ന ഗ്രന്ഥം. ഡോ. യാക്കോബ് മാർ ഐറേനിയോസിന്റെ അവതാരിക.

പരുമല തിരുമേനി: ഒരു വിശുദ്ധന്റെ ജീവിതവും സന്ദേശങ്ങളും

ഡോ. ഏലിയാസ് ജിമ്മി ചാത്തുരുത്തി, ഡി.സി. ബുക്സ്, കോട്ടയം, 2015.

പരുമല തിരുമേനി സ്വകുടുംബത്തിലേയ്ക്ക് അയച്ച സ്വകാര്യ കത്തുകളുടെ സമാഹാരം. അവതാരിക എം. കെ. സാനു. ജിമ്മി ചാത്തുരുത്തിയുടെ തിരുമേനിയെക്കുറിച്ചുള്ള ലേഖനവും യൂഹാനോൻ മാർ പോളിക്കാർപ്പോസ്, അശ്വതി തിരുനാൾ ഗൗരി ലക്ഷ്മി ഭായി, ശ്രീകുമാരി രാമചന്ദ്രൻ, സി. എം. വർഗീസ് ചാത്തുരുത്തിൽ എന്നിവരുടെ ഗ്രന്ഥാവലോകനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. സ്വകാര്യ കത്തുകൾ സ്കാൻ ചെയ്ത് ഇമേജാക്കി കളറിൽ തന്നെ പ്രിന്റ് ചെയ്തിരിക്കുന്നതു കൂടാതെ അതിലെ ഉള്ളടക്കം ടൈപ്പ് ചെയ്ത് ചേർത്തിട്ടുമുണ്ട്.

സുവനീറുകൾ

മാർ ഗ്രീഗോറിയോസ് വിയോഗം പൊൻജൂബിലി സുവനീർ 1952

പരുമലസെമിനാരിയിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ പൊൻജൂബിലി സുവനീർ അമൂല്യമെന്നു വിശേഷിപ്പിക്കാം. കെ. സി. മാമ്മൻ മാപ്പിള, എം. സി. കുറിയാക്കോസ് റമ്പാൻ, ചിത്രമെഴുത്ത് കെ. എം. വർഗീസ്, സി. പി. ചാണ്ടി, റാവുസാഹിബ് ഒ. എം. ചെറിയാൻ തുടങ്ങിയവർ എഴുതിയ ലേഖനങ്ങൾ സുവനീറിൽ വായിക്കാം. കെ. സി. മാമ്മൻ

മാപ്പിളയുടെ ചില സ്മരണകൾ വായനാ ക്ഷമവും പരുമലത്തിരുമേനിയെ സംബന്ധിച്ച ചില വെളിപ്പെടുത്തലുമാണ്. ജീവിത വിശുദ്ധിയുടെ പ്രതിസ്പന്ദനം ഓരോ ലേഖനത്തിലും കാണാം.

മാർ ഗ്രീഗോറിയോസ് എന്ന അദ്ധ്യായത്തിൽ എം. സി. കുറിയാക്കോസ് റമ്പാൻ പരുമലത്തിരുമേനിയെക്കുറിച്ച് സംക്ഷിപ്തമായി പ്രതിപാദിച്ചിരിക്കുന്നു. ഒരു ലഘു ജീവചരിത്രം കൂടിയാണിത്. വസ്തുനിഷ്ഠവും ചരിത്രബന്ധിയുമായി കാര്യങ്ങൾ അവതരിപ്പിക്കുവാൻ ലേഖകൻ ശ്രമിച്ചിട്ടുണ്ട്. ചിത്രമെഴുത്ത് കെ. എം. വർഗീസ് പരുമലത്തിരുമേനിയുടെ ജീവിതവുമായി ബന്ധപ്പെട്ട അത്ഭുതങ്ങളെ വളരെ ഭംഗിയായി അവതരിപ്പിക്കുന്നു. വാക്കുകളെ വാങ്മയ ചിത്രങ്ങളാക്കാനുള്ള ചിത്രമെഴുത്തിന്റെ കരവിരുത് ഈ ലേഖനത്തിൽ അനുഭവിക്കാം.

ജേക്കബ് കുര്യൻ, ഒ. എം ചെറിയാൻ, എ. എം. വർക്കി മുതലായവരുടെ കുറിമാനങ്ങൾ സ്മരണികയിലുണ്ട്. അത് സ്മരണികയ്ക്കു വേണ്ടി എഴുതിയതാണോ അല്ലയോ എന്ന് രേഖപ്പെടുത്തിയിട്ടില്ല. എങ്കിലും തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് വളരെ മുമ്പ് (ഏകദേശം 1939) എഴുതപ്പെട്ടതാണിതെന്ന് കരുതാം. വളരെ അപൂർവ്വമായ ചില ചിത്രങ്ങളും പൊൻ ജൂബിലി സുവനീറിൽ ഉണ്ട്.

മാർ ഗ്രീഗോറിയോസ് സുവനീർ

മലങ്കരസഭ, 1977, നവംബർ.

പരുമലതിരുമേനിയുടെ ദേഹവിയോഗത്തിന്റെ എഴുപത്തിയഞ്ചാം വാർഷികം പ്രമാണിച്ച് പ്രസിദ്ധീകരിച്ച സുവനീർ. ധാരാളം എഴുത്തുകാരെ അണിനിരത്തി പ്രസിദ്ധീകരിച്ച സുവനീറിൽ ധാരാളം ഫോട്ടോകൾ ഉണ്ട്. 206 പേജുകൾ ഉള്ള സുവനീർ 1977 -ലെ സാഹചര്യത്തിൽ ഒന്നാമത് എന്ന് പറയുവാൻ സാധിക്കും. ഇതേ കാലയളവിൽ പരുമലയിൽ നിന്നും ഒരു സുവനീർ ഇറക്കിയതായി പറയുന്നുണ്ടെങ്കിലും കോപ്പി ലഭ്യമായിട്ടില്ല.

സെന്റ് ഗ്രീഗോറിയോസ് പ്ലാറ്റിനം ജൂബിലി സുവനീർ

സെന്റ് മേരീസ് കത്തീഡ്രൽ തുമ്പമൺ, നവംബർ, 1977.

പരുമലത്തിരുമേനിയുമായി ഏറെ ബന്ധപ്പെട്ടു നിൽക്കുന്ന തുമ്പമൺ കത്തീഡ്രൽ പ്രസിദ്ധീകരിച്ച സുവനീർ പള്ളിയുടെ തിരുമേനിയോടുള്ള ഭക്തിയുടെ പ്രകാശനമാണ്. വിലപ്പെട്ട ലേഖനങ്ങളും പ്രഗത്ഭരായ എഴുത്തുകാരെയും ഉൾപ്പെടുത്തി ഉള്ളടക്കം ക്രമീകരിക്കുവാൻ സംഘാടകർ ശ്രമിച്ചിട്ടുണ്ട്. പരുമലത്തിരുമേനിയുമായ് ബന്ധപ്പെട്ട ലേഖനങ്ങളും ഈ വിഷയവുമായി അൽപ്പം പോലും ബന്ധമില്ലാത്ത ലേഖനങ്ങളും ഈ സുവനീറിലുണ്ട്.

മലങ്കരസഭ വാർഷികപ്പതിപ്പ്, 1992

പരുമലത്തിരുമേനിയുടെ ദേഹവിയോഗ നവതിയോടനുബന്ധിച്ചു പ്രസിദ്ധീകരിച്ചത്.

പരുമലത്തിരുമേനിയുടെ ബഹുമുഖ പ്രതിഭയിലേക്കുള്ള ഒരു എത്തിനോട്ടം. പ. മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, തോമസ് മാർ തീമോത്തിയോസ് (നിയുക്ത കാതോലിക്കാ), പുത്തൻ കാവ് മാത്തൻ തരകൻ, ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ്, ഡോ. എൻ. ജെ. തോമസ് റമ്പാൻ, ഡോ. സാമുവൽ ചന്ദനപ്പള്ളി, ഡോ. കെ. എം. തരകൻ തുടങ്ങിയവർ സ്മരണികയിൽ തൂലിക ചലിപ്പിച്ചിട്ടുണ്ട്.

പുണ്യസ്മൃതി, 2000

പരുമലയിലെ പുതുക്കിപ്പണിത ദേവാലയത്തിന്റെ കൂദാശയോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സുവനീർ. പ്രഗത്ഭരായ എഴുത്തുകാരെ അണിനിരത്തി പ്രസിദ്ധീകരിച്ച സ്മരണികയാണിത്. ഏറ്റവും വലിയ പ്രത്യേകത പരസ്യമില്ലാതെ പ്രസിദ്ധീകരിച്ചു എന്നതാണ്. നല്ല മേനിക്കടലാസിൽ അച്ചടി, ധാരാളം വർണ്ണചിത്രങ്ങൾ.

■

ആശംസകളോടെ...

ഹെലനി പുലിക്കോട്ടിൽ

കിഴൂർ

പരിശുദ്ധിയുടെ പരിമളം

> "സമസൃഷ്ടങ്ങളെ ആരു നല്ലവണ്ണം സ്നേഹിക്കുന്നുവോ,
> അവനത്രെ ഉത്തമനായ ദൈവഭക്തൻ എന്തെന്നാൽ
> ദൈവം സൃഷ്ടിക്കുന്നതെല്ലാം നമുക്ക് സ്നേഹിക്കാനാണ്"
> പരുമല തിരുമേനി

ഫാ.ഡോ.കെ.എം.ജോർജ്ജ്
ചെയർപേഴ്സൺ പൗലോസ് മാർ ഗ്രീഗോറിയോസ് ചെയർ എം.ജി.യൂണിവേഴ്സിറ്റി
ഡയറക്ടർ സോപാനം അക്കാദമി

പ്രസിദ്ധ റഷ്യൻ സാഹിത്യകാരനായിരുന്ന ദസ്തയേവ്സ്ക്കിയുടെ 'കാരമസോവ് സഹോദരന്മാർ' അപൂർവ്വമായ ഉൾക്കാഴ്ചയും ആത്മീക ഭാവവുമുള്ള നോവലാണ്. അതിലെ ഫാദർ സോസിമ എന്ന സന്യാസിശ്രേഷ്ഠൻ ആഴമേറിയ ആത്മികതയുടെയും മനുഷ്യസ്നേഹത്തിന്റെയും പ്രതീകമാണ്. അദ്ദേഹം മരിച്ചപ്പോൾ ശവശരീരത്തിൽനിന്ന് സുഗന്ധം പുറപ്പെടുമെന്ന് ആളുകൾ പ്രതീക്ഷിച്ചിരുന്നു. കാരണം, വിശുദ്ധരായ മനുഷ്യർ മരിച്ചു കഴിഞ്ഞാൽ അവരുടെ മൃതശരീരങ്ങളിൽനിന്ന് ദിവ്യപരിമളം പുറപ്പെടുമെന്നും അത് അവരുടെ വിശുദ്ധിയുടെ ഉരകല്ലാണെന്നും റഷ്യയിൽ പരമ്പരാഗതമായ വിശ്വാസമുണ്ടത്രേ. ഫാദർ സോസിമയുടെ ആത്മീക തേജസ്സിൽ അസൂയ പൂണ്ടിരുന്ന ദുർമുഖനായ മറ്റൊരു സന്യാസി അദ്ദേഹത്തെ തേജോവധം ചെയ്യാൻ തക്കം പാർത്തിരിക്കുകയായിരുന്നു. സോസിമയുടെ മൃതദേഹം വച്ചിരുന്ന മുറിയിൽനിന്ന് മൂക്കുപൊത്തിക്കൊണ്ട്, 'ദുർഗന്ധ'മെന്ന് വിളിച്ചുപറഞ്ഞ് എടുത്തു ചാടി, ആളിളക്കി ബഹളമുണ്ടാക്കുന്ന ഈ സന്യാസിയെ ദസ്തയേവ്സ്കി ഭംഗിയായി ചിത്രീകരിച്ചിട്ടുണ്ട്. വിശുദ്ധിക്ക് വ്യക്തവും പ്രകടവുമായ അടയാളം തേടാനുള്ള ശ്രമം ക്രിസ്തീയ സഭയിൽ പലപ്പോഴും നടന്നിട്ടുണ്ട്. ബാഹ്യമായ ചില അത്ഭുത ലക്ഷണങ്ങൾ വച്ച് അളക്കുന്നതിലാണ് ജനങ്ങൾക്ക് താല്പര്യം.

ആരാണ് വിശുദ്ധർ? നിർവ്വചിക്കുക അത്ര എളുപ്പമല്ല. വ്യക്തികളെ വിശുദ്ധന്മാരും ശുദ്ധിമതികളുമായി പ്രഖ്യാപിക്കാൻ പൗരസ്ത്യ സഭകൾ പൊതുവെ വിമുഖത കാട്ടുന്നു. കാരണങ്ങൾ പലതുണ്ട്.

ഒന്നാമതായി, നമ്മുടെ ലോകത്തിൽ മറ്റെല്ലാം പോലെതന്നെ വിശുദ്ധിയും ആപേക്ഷികമാണ്. ഒരാളെ വിശുദ്ധനെന്ന് പ്രഖ്യാപിക്കണമെങ്കിൽ മറ്റൊരാളുമായോ മറ്റു പലരുമായോ താരതമ്യം ചെയ്യേണ്ടി വരുന്നു. ഈ താരതമ്യ ചിന്തയുടെ അടിസ്ഥാനം സുദൃഢമല്ല. കാലദേശങ്ങൾക്കനുസരിച്ചും വ്യക്തികളെ അപേക്ഷിച്ചും താരതമ്യത്തിന്റെ അടിസ്ഥാനം മാറിക്കൊണ്ടിരിക്കും. കേവല വിശുദ്ധി ദൈവത്തിനു മാത്രമുള്ളതാണ്. പക്ഷേ, അത് അപരിമിതമാണ്. ആപേക്ഷികതയ്ക്കും താരതമ്യത്തിനും അതീതവുമാണ്. അതുകൊണ്ട് ദൈവത്തിന്റെ വിശുദ്ധിയുടെ അടിസ്ഥാനത്തിൽ ഒരു വ്യക്തിയെ വിശുദ്ധനെന്ന് നിർണ്ണയിക്കുക എളുപ്പമല്ല. മാത്രവുമല്ല ദൈവത്തിന്റെ വിശുദ്ധി പൂർണ്ണമായി അറിഞ്ഞവർ ആരാണ്? ഒന്നിനെ മറ്റൊന്നുമായി താരതമ്യം ചെയ്യണമെങ്കിൽ രണ്ടും പൂർണ്ണമായി അറിഞ്ഞിരിക്കേണ്ടതല്ലേ?

രണ്ടാമതായി, ഒരു മനുഷ്യന്റെ വിശുദ്ധി നിർണ്ണയിക്കുക മറ്റു മനുഷ്യർക്ക് എളുപ്പമല്ല. എത്ര ഉൾക്കാഴ്ചയുള്ള വ്യക്തിക്കും മറ്റൊരു മനുഷ്യവ്യക്തിയുടെ ആന്തരിക വ്യാപാരങ്ങളെ പൂർണ്ണമായി വിവേചിക്കാനും നിർണ്ണയിക്കാനും സാധിക്കുകയില്ല. എത്ര വലിയ മനഃശാസ്ത്രജ്ഞനും മനുഷ്യമനസ്സിന്റെ കുറെ ഭാവങ്ങളെയും ചില വശങ്ങളെയും മാത്രമേ ഗ്രഹിക്കാനാവൂ. അത്ര ആഴമേറിയതും സങ്കീർണ്ണവുമാണ് മനസ്സ് എന്ന പ്രതിഭാസം. ഇതിലും അഗമ്യമാണ് ആത്മാവിന്റെ ചലനങ്ങൾ. ഒരു വ്യക്തിയെക്കുറിച്ചുള്ള മറ്റുള്ളവരുടെ നിർണ്ണയം ശരിയായിരിക്കാനുള്ള സാദ്ധ്യത പോലെതന്നെ തെറ്റായിരിക്കാനും സാദ്ധ്യതയുണ്ട്.

മൂന്നാമതായി, വിശുദ്ധിയെന്നത് നിരന്തരമായ വളർച്ചയും ആത്മീയ പുരോഗതിയുമാണ്. അത് ദൈവത്തിന്റെ അതുല്യമായ ഒരു ദാനവുമാണ്. ഒരു വ്യക്തി ഈ ലോകത്തിൽ ജീവിച്ചിരിക്കുന്ന കുറെ വർഷങ്ങളിലെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആ വ്യക്തിയുടെ വിശുദ്ധി നിർണ്ണയിക്കുന്നതിൽ ചിലപ്പോൾ പാകപ്പിഴകളുണ്ടാകാം.

ക്രിസ്തുവാകുന്ന തലയോളം വളർന്ന് ദൈവസദൃശന്മാരാകാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് അപരിമിതമായ വളർച്ചയുടെ സാദ്ധ്യതയാണുള്ളത്. വിശുദ്ധന്മാരെന്ന് നാം കരുതുന്ന വ്യക്തികൾ ഈ നിരന്തരമായ ആത്മീയ വളർച്ചയെക്കുറിച്ച് പൂർണ്ണ ബോധമുള്ളവരാണ്. അതുകൊണ്ട് തങ്ങളെ സ്വയം കുറവുള്ളവരായി അവർ കാണുന്നു. മറ്റുള്ളവർ നല്കുന്ന 'വിശുദ്ധർ' എന്ന വിശേഷണം അവർ ഒരിക്കലും സ്വീകരിക്കയുമില്ല.

താത്വികമായി ഇങ്ങനെയൊക്കെപ്പറഞ്ഞാലും ചില പ്രത്യേക വ്യക്തികളുടെ ജീവിത വിശുദ്ധി നമ്മുടെ ശ്രദ്ധയാകർഷിക്കുന്നു. അവരുമായി ഇടപഴകിയവരുടെയും ആത്മീക സംസർഗ്ഗം ചെയ്യുന്നവരുടെയും അനുഭവത്തിന്റെ വെളിച്ചത്തിൽ അവരെ വിശുദ്ധരായി നാം അംഗീകരിച്ച് ആദരിക്കുന്നു. ക്രിസ്തീയസഭയിൽ വിശുദ്ധന്മാരും ശുദ്ധിമതികളുമെന്നറിയപ്പെടുന്നവർ ഇങ്ങനെ ദീർഘനാളുകൾകൊണ്ട് പൊതുവെ ജനങ്ങളുടെ ഇടയിൽ സ്വീകാരവും സമ്മതവും നേടിയവരാണ്. ഔപചാരികമായ പ്രഖ്യാപനം കൊണ്ടല്ല അവർ വിശുദ്ധരാകുന്നത്. നേരേ മറിച്ച് വിശുദ്ധരായി ജനങ്ങൾ അംഗീകരിക്കയും സ്വീകരിക്കുകയും ചെയ്യുന്ന ചിലരെ പിന്നീടു ചിലപ്പോൾ വിശുദ്ധരായി പ്രഖ്യാപിച്ചേക്കാം.

എല്ലാ വിശ്വാസികളെയും പൗലോസ് ശ്ലീഹാ വിശുദ്ധരെന്ന് വിശേഷിപ്പിക്കുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുചേരുവാൻ വിളിക്കപ്പെട്ടവർ, ക്രിസ്തുവിന്റെ രക്തത്താൽ വിശുദ്ധീകരണം പ്രാപിച്ചവർ എന്നൊക്കെയുള്ള അർത്ഥത്തിലാണ് അദ്ദേഹം ഈ പദം ഉപയോഗിക്കുന്നത്. തേജസ്സിന്മേൽ തേജസ് പ്രാപിച്ച് ക്രിസ്ത്വനുരൂപികളും അങ്ങനെ ദൈവസദൃശരുമാവുകയെന്നതാണ് വിശുദ്ധിയുടെ പാരമ്യതയായി സഭ പഠിപ്പിക്കുന്നത്. പക്ഷേ, ദൈവീകരണമെന്ന ഈ പരമാനുഭവം ഒരു നിശ്ചലമായ ബിന്ദുവിൽ അവസാനിക്കുന്നില്ല. മറിച്ച് അനുനിമിഷം ചലനാത്മകമായ, വികസ്വരമായ ഒരനുഭവമണ്ഡലത്തിലേക്കുള്ള പ്രവേശനമാണത്. നിസ്സായിലെ വി. ഗ്രീഗോറിയോസും മറ്റും പറയുന്നതുപോലെ 'അവസാനമില്ലാത്ത ആരോഹണ'മാണത്. അപ്പോൾ ഈയർത്ഥത്തിൽ, ഒരുവൻ 'വിശുദ്ധീകരിക്കപ്പെട്ടു' എന്നു ഭൂതകാലത്തിൽ പറയുവാൻ നമുക്ക് പ്രയാസമാണ്. 'വിശുദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു' എന്ന് തുടർച്ചയായ വർത്തമാന കാലത്തിലേ പറയാനാവൂ (ഈ ജീവിതത്തിനപ്പുറത്ത് ഭൂതകാലത്തിനും വർത്തമാന കാലത്തിനും പ്രസക്തിയൊന്നുമില്ലെങ്കിലും ഇവിടെ നമുക്ക് അങ്ങിനെ മാത്രമേ പറയാനാവൂ).

വിശുദ്ധിയെന്നത് ഒരേസമയം ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ദാനവും നമ്മുടെ ആത്മീക സാധനയുടെ ഫലവും ആത്യന്തികമായ ആത്മിക സാക്ഷാത്കാരവുമാണ്. വിശുദ്ധരായി പരിഗണിക്കപ്പെടുന്നവരുടെ വിശുദ്ധി മനുഷ്യരാശിയുടെ പൊതുസമ്പത്താണ്. വിശുദ്ധന്മാർ തങ്ങൾക്കുവേണ്ടി കരുതാതെ, കർത്താവിനെപ്പോലെ ലോകത്തിനു വേണ്ടി സ്വയം നല്കിയവരാണ്. അവരുടെ വിശുദ്ധി മറ്റുള്ളവർക്ക് ആത്മീക ഭക്ഷണവും പ്രചോദന സ്രോതസ്സുമാണ്. ഒറ്റപ്പെട്ട വ്യക്തിയായിട്ടല്ല വിശുദ്ധനെയോ ശുദ്ധിമതിയെയോ നാം കരുതുന്നത്. അവർ കർത്താവിന്റെ സമൂഹ ശരീരത്തിലെ അവിഭാജ്യമായ അവയവങ്ങളാണ്. അതുകൊണ്ട് സ്വാർത്ഥപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി അവരെ ഉപയോഗിക്കാൻ ശ്രമിക്കുന്നത് ശരിയല്ല. സ്നേഹമാണ് അവരുടെ വിശുദ്ധിയുടെ അടിസ്ഥാനവും ഉരകല്ലും. മനുഷ്യസ്നേഹമില്ലാതെ, നന്മ ചെയ്യാൻ ആഗ്രഹമില്ലാതെ വിശുദ്ധന്മാരെ വിളിച്ച് പ്രാർത്ഥിക്കുന്നത് അങ്ങേയറ്റം അപലപനീയമാണ്. കള്ളപ്പണത്തിന്റെയും വഞ്ചനയുടെ വെള്ളിക്കാശിന്റെയും പങ്ക് വിശുദ്ധന്മാർക്ക് നല്കി സ്വന്തം മനഃസാക്ഷിയെ തൃപ്തിപ്പെടുത്തുന്നത് മ്ലേച്ഛതയാണ്.

പ്രകാശത്തെയാണ് വിശുദ്ധിയുടെ പ്രതീകമായി സാധാരണ വ്യവഹരിക്കുന്നത്. ദൈവം അഗമ്യ തേജോമയമായ പ്രകാശമാണ്. സൃഷ്ടി മുഴുവനും പ്രകാശംകൊണ്ട് നിറയുവാൻ സൃഷ്ടിയുടെ തുടക്കം തന്നെ പ്രകാശത്തിലാണ്. ഇങ്ങനെ പ്രഭാപൂരിതമായ ഒരു ചിത്രമാണ് മനുഷ്യന്റെ ആത്യന്തിക വിശുദ്ധീകരണത്തെക്കുറിച്ച് സഭാപിതാക്കന്മാർ നല്കുന്നത്. മനുഷ്യന്റെ ആദിശോഭ ശരിയായി പ്രതിഫലിപ്പിക്കുവാൻ നമുക്കിന്ന് കഴിയുന്നില്ല. കാരണം, മനുഷ്യന് സംഭവിച്ച വീഴ്ചതന്നെ. വീഴ്ചയ്ക്കുമുമ്പ് ആദാമിനും ദൈവത്തിനും പ്രകൃതിക്കുമിടയിൽ ആവരണമില്ലായിരുന്നു. ദിവ്യശോഭ പൂർണ്ണമായി സ്വീകരിക്കുവാനും പ്രതിഫലിപ്പിക്കുവാനും ആദിമനുഷ്യനും പ്രപഞ്ചത്തിനും കഴിയുമായിരുന്നു.

അപ്പോൾ വിശുദ്ധീകരണമെന്നത് ഈ ഇരുട്ടിന്റെ തിരശ്ശീലകൾ മാറ്റി മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ദൈവവും തമ്മിലും മനുഷ്യനും പ്രകൃതിയും തമ്മിലും മുഖാമുഖം കണ്ട് ദൈവിക പ്രകാശത്തിൽ ഉല്ലസിക്കുകയെന്നതാണ്. സൃഷ്ടിക്കു മുമ്പേയുള്ള ദിവ്യശോഭയിൽ മനുഷ്യരും പ്രകൃതിയും പൂർണ്ണമായും പങ്കാളികളാവുന്നു. താബോർ മലയിലെ അപൂർവ്വ പ്രകാശത്തിൽ യേശുവും മോശയും ഏലിയാവും ഒരേസമയം സന്നിഹിതരായതുപോലെ, സകല സൃഷ്ടിയും ദൈവസന്നിധിയിൽ പരസ്പരം മറയില്ലാതെ സത്യപ്രകാശത്തിൽ ശോഭിതമായി ആനന്ദനൃത്തം ചെയ്യുന്നതായി വിശുദ്ധന്മാർ ദർശിക്കുന്നു. ലജ്ജാരഹിതമായ മുഖങ്ങളും വഞ്ചനയില്ലാത്ത ഹൃദയങ്ങളുമാണിവിടെ നാം കാണുന്നത്. ഈ ലോകത്തിൽ വിശുദ്ധന്മാരെ സ്നേഹിക്കയും ആദരിക്കയും ചെയ്യുന്നവർ ഇതുതന്നെയാണ് ആഗ്രഹിക്കേണ്ടത്—മറച്ചുവയ്ക്കാനൊന്നുമില്ലാത്ത ഹൃദയങ്ങളും ലജ്ജാരഹിതമായ പ്രസന്നമുഖങ്ങളും. കാപട്യവും വഞ്ചനയുമുള്ള ഈ ലോകത്തിൽ അവർ നീതിയുടെ നിത്യസൂര്യന്മാരായിരിക്കും. ■

സെയ്ന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് സിറിയൻ ചർച്ച്, മെയിൻ റോഡ്, കുന്നംകുളം

മലങ്കരസഭയിലെ ആരാധനാ പാരമ്പര്യം: പരുമല തിരുമേനിയുടെ സംഭാവനകൾ

ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

ആരാധന പാരമ്പര്യത്തിന്റെ കാര്യത്തിൽ മലങ്കരസഭ ഒരുപ്രതിസന്ധി നേരിട്ടുകൊണ്ടിരുന്ന കാലഘട്ടമാണ് 19-ാം നൂറ്റാണ്ട്. 17-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് ആധിപത്യവും പടിഞ്ഞാറൻ പാരമ്പര്യങ്ങളും, അവർ നവീകരിച്ച കിഴക്കൻ സുറിയാനി ആരാധനാ ക്രമങ്ങളും എല്ലാം നമ്മൾ ഉപേക്ഷിച്ചു. 1665 ൽ മലങ്കരയിൽ വന്ന യരുശലേമിലെ മാർ ഗ്രിഗോറിയോസ്, ഇന്ന് നമ്മൾ ഉപയോഗിക്കുന്ന പടിഞ്ഞാറൻ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ കൊണ്ടുവന്നു എങ്കിലും വളരെ സാവധാനത്തിലാണ് ആ ക്രമങ്ങളെല്ലാം നമ്മൾ ഉൾക്കൊണ്ടത്. 1751 ലെ സക്രള്ള മാർ ബസേലിയോസിന്റെ ആഗമനവും, 1875ലെ പത്രോസ് പാത്രിയർക്കീസിന്റെ വരവും എല്ലാം ഈ പ്രക്രിയയിലെ നാഴികക്കല്ലുകളാണ്.

അതിനേക്കാൾ എല്ലാം ഉപരി നവീകരണക്കാരുമായി ഉണ്ടായ സംഘർഷമാണ് പടിഞ്ഞാറൻ സുറിയാനി ആരാധനാക്രമങ്ങൾ മലങ്കരയിൽ രൂഢമൂലമാകുവാൻ കാരണമായത്. നവീകരണ ആശയങ്ങളെ ഉൾക്കൊണ്ടവർ, അവയെ മുൻനിർത്തി സുറിയാനി ആരധനാ പാരമ്പര്യത്തെ കുറ്റപ്പെടുത്തുവാൻ ആരംഭിച്ചപ്പോൾ, സഭയുടെ നേതാക്കന്മാർ ഒന്നുകൂടി സുറിയാനി പാരമ്പര്യത്തിലേക്ക് അടുക്കുവാൻ തുടങ്ങി. ക്രമങ്ങൾ സുറിയാനിയിൽ മാത്രമേ ആ കാലങ്ങളിൽ ലഭ്യമായിരുന്നുള്ളു. അവയുടെ നടത്തിപ്പു സംബന്ധിച്ചും കൃത്യമായ ബോധ്യമൊന്നും എല്ലാ വൈദികർക്കും ഉണ്ടായിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിവരെ സഭയ്ക്ക് ഒരു അച്ചടിശാല ഇല്ലായിരുന്നു എന്നതും പ്രശ്നങ്ങൾ രൂക്ഷമാക്കി. ഓരോ കാലത്തും സിറിയായിൽ നിന്നും വന്നുകൊണ്ടിരുന്ന സുറിയാനി പിതാക്കന്മാർ അവരവർ പഠിച്ച രീതികൾ അവരവർ പ്രവർത്തിച്ചിരുന്ന പ്രദേശങ്ങളിൽ പ്രാബല്യത്തിൽ വരുത്തുവാൻ മാത്രമാണ് ശ്രദ്ധിച്ചിരുന്നത്. ആരാധനയുടെ നടപടിക്രമങ്ങളിൽ ഏകീകരണം വേണമെന്ന് അവർ അത്രയ്ക്ക് ചിന്തിച്ചിരുന്നില്ല. കൈയെഴുത്തു പ്രതികളിലെ നിർദ്ദേശങ്ങൾ പലപ്പോഴും വ്യത്യസ്ഥങ്ങളായിരുന്നു. ഈ കാലഘട്ടത്തിൽ സഭയുടെ ആരാധനാക്രമങ്ങളുടെ തർജ്ജിമ, അവയുടെ നടപടിക്രമങ്ങൾ മുതലായവ ക്രമീകൃതമാക്കുന്നതിന് ശ്രമിച്ചവരിൽ അഗ്രഗണ്യനായിരുന്നു പരി. പരുമല തിരുമേനി.

സുറിയാനി ഭാഷയിലുള്ള വ്യുൽപത്തിയും, യുയാക്കീം മാർ കൂറിലോസ്, പത്രോസ് ത്രിതീയൻ പാത്രിയർക്കീസ് എന്നിവരോട് അടുത്തിടപഴകുവാൻ കിട്ടിയ അവസരങ്ങളും പരുമലതിരുമേ

നിയെ അതിനു സജ്ജനാക്കി. സുറിയാനി ആരാധനാക്രമങ്ങൾ പകർത്തിയെഴുതുക, അവ തർജ്ജിമ ചെയ്യുക, ആരാധനാ നടപടിക്രമങ്ങൾ രേഖപ്പെടുത്തി വയ്ക്കുക, അവ ശിഷ്യന്മാർക്കു പകർന്നു കൊടുക്കുക എന്നീ മേഖലകളിലാണ് തിരുമേനിയുടെ സംഭാവനകൾ. സിറിയായിൽ നിന്നും കൊണ്ടുവന്ന ഒരു പുരാതന പുസ്തകം നോക്കി വായനപ്പടി ഏവൻഗേലിയോൻ അദ്ദേഹം പകർത്തിയെഴുതി. ദുഖവെള്ളിയാഴ്ചത്തെ ഏവൻഗേലിയോനുകൾ, നാലു സുവിശേഷങ്ങളും കൂട്ടികലർത്തി ഒരു തുടർക്കഥപോലെ വായിക്കുവാനുള്ള സാധ്യതയാണ് അതിലൂടെ സംജാതമായത്. പരിശുദ്ധന്റെ കൈപ്പടയിൽ എഴുതപ്പെട്ട ഒരു ഏവൻഗേലിയോൻ പുസ്തകം ഈ ലേഖകന്റെ ഗ്രന്ഥശേഖരത്തിൽ ഇന്നും സൂക്ഷിച്ചിരിക്കുന്നു. ഇത് ഒരു ഉദാഹരണം മാത്രമാണ്.

ആരാധനക്രമങ്ങളുടെ തർജിമയുടെ കാര്യത്തിലും ആ പിതാവ് അതീവ താത്പര്യം കാണിച്ചു. ഇന്ന് നമ്മൾ ഉപയോഗിക്കുന്ന ക്യംതാ പ്രാർത്ഥന ആദ്യമായി പ്രസിദ്ധീകരിച്ചത് 1902 ൽ അന്നത്തെ മൽപ്പാന്മാരായിരുന്ന വട്ടശേരിൽ ഗീവർഗീസ് മൽപ്പാനും, കോനാട്ട് മാത്തൻ മൽപ്പാനും ചേർന്നാണ്. എന്നാൽ അതിന്റെ ആമുഖത്തിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യം വളരെ ശ്രദ്ധേയമാണ്. ക്യംതാ നമസ്ക്കാരം ആദ്യമായി സുറിയാനി രാഗത്തിൽ മലയാളം ഗാനങ്ങൾ ഉൾപ്പെടുത്തി വിവർത്തനം ചെയ്യുവാനാരംഭിച്ചത് പരി. പുമല തിരുമേനിയായിരുന്നു. എന്നാൽ അദ്ദേഹത്തിന് അത് പൂർത്തീകരിച്ച് പരിശോധിച്ച് പ്രസിദ്ധീകരിക്കുവാനുള്ള സാവകാശം ലഭിച്ചില്ല. ആ പിതാവ് അവസാനിപ്പിച്ചിടത്തുനിന്നാണ് മൽപ്പാന്മാർ ആരംഭിച്ച് ഭാഷാ പണ്ഡിതന്മാരുടെ സഹായത്തോടെ ജോലി പൂർത്തീകരിച്ചത്.

പത്രോസ് പാത്രിയർക്കീസിനൊപ്പം ദ്വിഭാഷിയായി കുറേ നാൾ അനുഗമിക്കുവാൻ ഇടയായതിനാൽ ആരാധനാ നടപടിക്രമങ്ങൾ കണ്ട് പഠിച്ച് ശിഷ്യന്മാരെ പരിശീലിപ്പിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു. ശെമവൂൻ മാർ ദിവന്നാസ്യോസിന്റെ നാളാഗമത്തിലും, കോനാട്ട് ഗീവർഗീസ് മാർ യൂലിയോസിന്റെ ഡയറിക്കുറിപ്പുകളിലും, ഇതേ വിഷയം കുറിച്ചിട്ടിട്ടുണ്ട്. പത്രോസ് പാത്രിയർക്കീസിന്റെ ഒരു കൽപ്പനയുടെ തർജ്ജിമയാണ് ഈ മേഖലയിൽ പരുമലതിരുമേനിയുടെ മറ്റൊരു സംഭാവന. "നടപടിക്രമം" എന്നപേരിൽ 1877 ൽ അത് പ്രസിദ്ധീകരിക്കപ്പെട്ടു. ഇന്ന് നമ്മൾ നടത്തുന്ന പലകർമ്മങ്ങളുടെയും ഉത്ഭവം ആ പുസ്തകത്തിൽ നിന്നും കണ്ടെടുക്കാൻ സാധിക്കും. മലങ്കരയിലെ ആചാരങ്ങൾ പടിഞ്ഞാറൻ സുറിയാനി പാരമ്പര്യങ്ങളോടു ഏറ്റവും യോജിച്ചിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളാണ് അതിൽ കാണുന്നത്. ഇടക്കാലത്ത് നമ്മുടെ ആരാധനയിൽ കയറിക്കൂടിയിരുന്ന പ്രൊട്ടസ്റ്റന്റ്, കത്തോലിക്ക രീതികളിൽ നിന്നും വിട്ടൊഴിയുവാനുള്ള നിർദ്ദേശങ്ങളും അതിൽ നൽകിയിട്ടുണ്ട്.

ഉപസംഹാരം

മലങ്കരസഭ ഇന്ന് അംഗീകരിച്ചിരിക്കുന്ന പാശ്ചാത്യ സുറിയാനി ആരാധനാ ക്രമങ്ങൾ ഇവിടെ വേരുറയ്ക്കുന്നതിന് കാരണക്കാരായവരിൽ പ്രധാനിയാണ് പരി. പരുമലതിരുമേനി എന്നു പറയുന്നതിൽ തെറ്റില്ല. ആരാധനാക്രമങ്ങളുടെ പകർത്തിയെഴുതൽ, തർജിമ, സുറിയാനിരാഗങ്ങളിൽ മലയാളഗാനങ്ങളുടെ രചന, നടപടിക്രമങ്ങളുടെ ഏകീകരണം എന്നീ മേഖലകളിലെല്ലാം തിരുമേയുടെ സംഭാവനകൾ അതുല്യമാണ്. നവീകരണആശയങ്ങളെ ചെറുക്കുന്നതിന് പൗരസ്ത്യ ആരാധന ഇവിടെ പുലരേണ്ടത് ആവശ്യമാണെന്ന ബോധ്യവും, അതേസമയം സുറിയാനിഭാഷയോട് മലങ്കരയിലെ ജനങ്ങൾക്ക് പുരാതനകാലം മുതൽ ഉണ്ടായിരുന്ന വൈകാരിക ബന്ധവും ഒരേസമയം സംരക്ഷിക്കപ്പെടുന്നതിന് തിരുമേനിയുടെ നിലപാടുകൾ സഹായകമായിത്തീർന്നു.

■

മലങ്കര സഭയും സന്ന്യാസ പ്രസ്ഥാനവും

ഡോ.യാക്കൂബ് മാർ
ഐറേനിയോസ് മെത്രാപ്പോലീത്ത



പ്രസ്ഥാനം എന്ന പദം ചല നാത്മകവും പുരോഗനോന്മുഖ മായ ഒരു അസ്തിത്വത്തെ സൂചി പ്പിക്കുന്നു. അതിൽ പുറപ്പാടും പുരോഗതിയും ഉൾക്കൊള്ളുന്നു. സന്യാസത്വ ത്തിന് മനുഷ്യന്റെ ചരിത്രത്തോളം തന്നെ പഴക്കമു ണ്ടെന്നു പറയേണ്ടിയിരിക്കുന്നു; കാരണം പരിത്യാ ഗികളും, ദർശനപ്രിയരും ദൈവാനുഭവമുള്ളവരു മായ മനുഷ്യർ ആദിമുതൽ തന്നെ ഉണ്ടായിരുന്നു. ഇന്ന് മാദ്ധ്യമങ്ങൾ അതിരുവിട്ട് അവതരിപ്പിച്ച് ആഘോഷിക്കുന്ന പല സാമൂഹ്യ തന്മകളും അന്നു ണ്ടായിരുന്നു. തിന്മയുടെ ശക്തികൾക്കുബദലായി നന്മയുടെ സ്വത്വങ്ങൾ അവതരിക്കുന്നത് സ്വാഭാവി കമാണ്; കഠിനമായ വേനലിൽ താപം വർദ്ധിക്കു മ്പോൾ വേനൽമഴയുണ്ടാകുന്നതുപോലെ

പല പുരാതന മതങ്ങളിലും സംസ്ക്കാരങ്ങ ളിലും വ്രതാനുഷ്ഠാന ശീലമാക്കിയിരുന്നവരെക്കാ ണാം. പ്രാകൃത മതങ്ങളിൽപോലും ഇതിന്റെ നിഴ ലാട്ടം ലഭ്യമാണ്. ആയുഷ്ക്കാലം മുഴുവനുമോ, ഒരു ക്ലിപ്തകാലത്തേക്കോ വ്രതജീവിതം നയിച്ചവ രെപ്പറ്റിയുള്ള പരാമർശനങ്ങൾ ധാരാളമാണ്. പഴയ നിയമത്തിലെ നാസീർ വ്രതസ്ഥരെപ്പറ്റി ഈ പശ്ചാ ത്തലത്തിൽ മനസ്സിലാക്കേണ്ടതാണ്.

സന്യാസവും സന്യാസപ്രസ്ഥാനവും ക്രിസ്തുമതത്തെക്കാൾ പുരാതനമാണ്. യേശുക്രി സ്തുവിന്റെ പഠിപ്പിക്കലുകളിൽ "സർവ്വസംഗപരി ത്യാഗ" ത്തെപ്പറ്റി ശക്തമായ പരാമർശനങ്ങളുണ്ട്. വ്രതന്മാരെപ്പറ്റി ശ്ലാഘിച്ച് അദ്ദേഹം സംസാരിക്കു ന്നുണ്ട്. നന്മകളുടെയും പുണ്യങ്ങളുടെയും പൂർണ്ണത എന്ന ഒരു വ്യാഖ്യാനം ക്രിസ്തുവിന്റെ വാക്കുകളിൽനിന്നു ലഭിക്കുന്നതാണ്. "നീ പൂർണ്ണനാകാനാഗ്രഹിക്കുന്നുവെങ്കിൽ" എന്ന് നിർബന്ധപ്രസ്താവം ഈ വഴിക്കാണ് വിരൽ ചൂണ്ടുന്നത്. അതേ സമയം ഉത്തമ സന്യാസിയാ യും, സകല സന്യസ്തർക്കും മാതൃകയായും യേശുക്രിസ്തുവിനെകാണുന്നു. സന്യാസജീവിത ത്തിലെ അടിസ്ഥാന വ്രത (ശപഥം) ങ്ങളായ ദാരി ദ്ര്യം, കന്യാവ്രതം, അനുസരണം എന്നിവയുടെ ഏറ്റം ഉദാത്തമാതൃക യേശുവിൽ കാണുന്നു. എക്കാലത്തുമുള്ള സന്യസ്ഥരെ ആകർഷിച്ചിട്ടു ള്ളതും ഈ മാതൃകതന്നെ. ക്രിസ്തീയ സഭയിൽ ആദ്യമേ പ്രത്യക്ഷപ്പെട്ട പ്രസ്ഥാനം രക്തസാക്ഷിത്വ മായിരുന്നു. രക്തസാക്ഷികൾ തങ്ങളുടെ ജീവ നുൾപ്പടെ സകലത്തെയും പരിത്യജിച്ചവരായിരു ന്നു. ആ കാലഘട്ടത്തിനുശേഷം ക്രൈസ്തവ മഹർഷിമാരുടെ വരവായി സമൂഹത്തിലെയും സഭ യിലെയും ലൗകികത, റോമൻ മേലധികാരുടെ ക്രൂരതയും ചൂഷണവും, സുവിശേഷ പുണ്യങ്ങ ളോടുള്ള താല്പര്യം ഇവയെയും ക്രൈസ്തവ സന്യാസത്വത്തിന് വളക്കൂറുള്ള മണ്ണായി. ആദ്യ കാല സന്യാസിമാർ ഏകാന്തവാസികളായിരുന്നു. മാർ അന്തോണിയോസ് എന്ന വിശുദ്ധനാണ് ആദ്യത്തെ ക്രൈസ്തവസന്ന്യാസി എന്നു ഗണിക്ക പ്പെടുന്നതിനാൽ അദ്ദേഹത്തെ "സന്യസ്തരുടെ പിതാവ് " എന്ന് വിളിക്കുന്നുണ്ട്.

സിറിയ, പാലസ്തീൻ, ഈജിപ്ത്, എന്നി വിടങ്ങളിലാണ് ആദ്യത്തെ ക്രൈസ്തവ സന്യാസി മാരെ കണ്ടുമുട്ടുന്നത്. അത് ക്രിസ്താബ്ദം നാലാം ശതകത്തിലായിരുന്നു. ചിലയിടങ്ങളിൽ സന്യാസ ചര്യ അതികഠിനമായ ആത്മീകാഭ്യാസങ്ങളുടെ പരീക്ഷണശാല എന്ന വണ്ണമായിരുന്നു. വർജ്ജനം അത്ര കഠിനവും തീവ്രവുമായിരുന്നു എന്നുസാരം.

ഏകാന്ത സന്യാസികളെ (ഈഹീദായർ) തുടർന്ന്, ഒരു ദേവാലയത്തെ ചുറ്റിപറ്റി ചെറും സംഘങ്ങളും, പിന്നീട് ഒരു അദ്ധ്യക്ഷന്റെ കീഴിൽ ധാരാളം സന്യാസിമാരുള്ള സന്യാസഭവനങ്ങളും രൂപം കൊണ്ടു. ഈജിപ്തിലെ സന്യാസിമാരെ

ക്കാൾ കഠിനമായ നിഷ്ക്കർഷകളാണ് ആദ്യകാല സിറിയൻ വ്രതസ്ഥർ സ്വീകരിച്ചത്. നാളുകളോളം കൽത്തൂണുകളിൽ നിന്നുകൊണ്ട് തപസ്സുചെയ്യുന്ന "തൂൺ താപസ്സികൾ" (Stylites) ഇതിനുദാഹരണമാണ്. നാലാം ശതകത്തിന്റെ രണ്ടാം പകുതിയായപ്പോഴേക്കും ഈജിപ്തിലെ മണലാരണ്യങ്ങളിൽ ആയിരക്കണക്കിന് ക്രിസ്തീയ സന്യാസിമാരുണ്ടായി. വി.പക്കോമിയോസ്, വി.ബസേലിയോസ് മുതലായ പിതാക്കന്മാർ സന്യാസികളുടെ സമൂഹജീവിതത്തിനുതകുന്ന നിയമാവലികൾ ക്രോഡീകരിച്ച് നടപ്പാക്കി.

മരുഭൂമി വാസത്തോട് താല്പര്യം തോന്നാൻ ഒരു കാരണവുമുണ്ടായിരുന്നു. അവിടെ സൗകര്യങ്ങൾ (Amenities) മിക്കവാറും പൂജ്യം. മാത്രമല്ല വരണ്ടഭൂമി പിശാചിന്റെ അധിവാസസ്ഥലമായി ഗണിക്കപ്പെട്ടിരുന്നതിനാൽ, അവന്റെ വീട്ടിൽ ചെന്ന് അവനെ പരാജയപ്പെടുത്തണമെന്ന് അവർചിന്തിച്ചതിൽ അത്ഭുതപ്പെടാനില്ല. ആദ്യകാല സന്യാസ മാതൃകകൾ ഒളിനിറഞ്ഞു നിൽക്കുന്ന ഈജിപ്ഷ്യൻ മരുപ്രദേശത്തുനിന്നും ധാരാളം പഠിക്കാനുണ്ട്. അവരുടെ ജീവിതത്തിലെ "ടൈം ടേബിൾ" അറിഞ്ഞാൽ നമുക്ക് കൗതുകവും ഞെട്ടലുമുണ്ടാകും: ഒരു നേരം ലളിത ഭക്ഷണം, ഒരു മണിക്കൂർ ഉറക്കം, മൗനം, ദിവസം മുഴുവൻ നീളുന്ന ജോലികൾ. "ഇടവിടാതെ പ്രാർത്ഥിപ്പിൻ" (1 തെസ്സ 5:16) എന്ന കല്പന അനുനിമിഷം പ്രാവർത്തികമാക്കാനായിരുന്നു അവുടെ ശ്രമം. നിമിഷപ്രാർത്ഥനകൾ അവരുടെ ശ്വസനപ്രക്രിയക്ക് അകമ്പടിയായി. അതിൽ പ്രധാനപ്പെട്ടതും, സാർവ്വജനീനവുമായതാണ് യേശുവിന്റെ പ്രാർത്ഥന (Jesus Prayer) അത് ഇങ്ങനെയാണ്.

'Lord Jesus Christ, Son of God,
Have mercy on me a sinner'

സഹസ്രനാമം ജപിക്കും പോലെ ഈ പ്രാർത്ഥന അവർ ദീർഘനേരം ഉരുവിട്ടിരുന്നു. അനുതാപത്തിന്റെ കണ്ണുനീർ അവരുടെ പ്രാർത്ഥനയുടെ ശക്തിയായിരുന്നു.

പ്രാർത്ഥനയും ഉപവാസവും "സാധാരണ" ചര്യകളായിരുന്നെങ്കിൽ എല്ലാം പുണ്യങ്ങളുടെ സ്രോതസ്സായി അവർ കണ്ടത് വിനയം (എളിമ) എന്ന ഗുണത്തെയാണ്. സാത്താനെതിരെ അപ്രതിരോദ്ധ്യ (Inpregnable) കോട്ടയായിരുന്നു ഈ പുണ്യം. തങ്ങളിലുള്ള ദുർഗുണങ്ങൾക്കെതിരെ അവർ കഠിനമായി പടവെട്ടി. ഈ യുദ്ധത്തിനു പ്രയോഗിച്ച ആയുധങ്ങളായിരുന്നു മൗനം, ഉപവാസം, തുടർപ്രാർത്ഥന, ജോലികൾ, ജാഗരണം, അനുസരണം, വിനയം, മുതലായവ.

മലങ്കരയിൽ

മലങ്കരസഭ ദീർഘകാലം ബന്ധപ്പെട്ടിരുന്നത് പേർഷ്യൻ സഭയുമായിട്ടായിരുന്നു എന്നു കരുതപ്പെടുന്നു. എങ്കിലും സംഘടിത സന്യാസം, മിഷൻ പ്രവർത്തനങ്ങൾ എന്നിവയുടെ അഭാവം ഈ നൂറ്റാണ്ടുകളിലെല്ലാം കാണുന്നുണ്ട് ! മലങ്കര സഭ സന്യാസരഹിത സഭയായിരുന്നു എന്ന് ഇതിനർത്ഥമില്ല. ചുരുങ്ങിയ പക്ഷം അന്നത്തെപ്രബല മതങ്ങളിൽ രൂഢമൂലമായിരുന്ന സന്യാസപാരമ്പര്യത്തെപ്പറ്റി അറിയാത്തവരായിരുന്നില്ല മലങ്കര നസ്രാണികൾ. ഏകാന്ത സന്യാസികൾ ഉണ്ടായിരുന്നു എന്നു മാത്രമല്ല, ആ പാരമ്പര്യം ആധുനിക കാലത്തിലേക്കും വ്യാപിച്ചിരുന്നു. ഭാരത്തിൽ സുവിശേഷം പ്രചരിപ്പിക്കാനും, അക്കൂട്ടത്തിൽ മലങ്കരനസ്രാണികളെ അപ്പാടെ വിഴുങ്ങിക്കളയാനുമെത്തിയ പാപ്പാമതക്കാരായ റോമാക്കാരുടെ ഇടയിൽ സന്യാസസംഘങ്ങളുണ്ടായിരുന്നു. എങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ പ്രാരംഭത്തോടെ മാത്രമാണ് മലങ്കരസഭയിൽ സന്യാസപ്രസ്ഥാനത്തിന്റെ തുടക്കം കാണാൻ കഴിയുക. നിലവിൽവന്ന അത്തരം "സംഘ" (ദയറാ) ങ്ങൾ സ്വീകരിച്ച മാതൃകകളിൽ പലതും പാശ്ചാത്യ ഹൈചർച്ച് പാരമ്പര്യത്തിൽപെട്ട പ്രോട്ടസ്റ്റന്റ് സഭകളിലെ സന്യാസ സംഘങ്ങളായിരുന്നു. അക്കൂട്ടത്തിൽ നല്ല വിശുദ്ധിയിലും അച്ചടക്കത്തിലും ലാളിത്യത്തിലും ഉയർന്ന നിലവാരം പുലർത്തിയിരുന്നവ ഉണ്ടായിരുന്നു എന്നത് വിസ്മരിക്കാനാവില്ല.

മലങ്കരസഭയിൽ ഒന്നാമതായി സംഘടിപ്പിക്കപ്പെട്ട സന്യാസ ഭവനം പെരിനാട് ബഥനി ആശ്രമമാണ്. തൊട്ടുപിന്നാലെ പത്തനാപുരം താബോർ ദയറായുടെ ഉദയവുമുണ്ടായി. ഇവയിൽ ക്രൈസ്തവമാതൃകകളും ഭാരതീയ സന്യാസപാരമ്പര്യങ്ങളും ഒരളവുവരെ സമന്വയം കാണാനാവും.

അതിനുശേഷം രണ്ടുഡസനോളം സന്യാസസംഘങ്ങളുണ്ടായി. എങ്കിലും സന്യാസപ്രസ്ഥാന പാരമ്പര്യത്തിൽ മലങ്കരസഭയുടെ പാപ്പരത്തം അംഗീകരിച്ചേതീരൂ. സകലവും ത്യജിച്ച് ലളിതവും, വിനയസമ്പന്നവും, തൃഷ്ണകളോടു വിടപറയുന്നതുമായ ജീവിതശൈലി ഇതിനു ആവശ്യമാണ്. അത്തരം മതസ്ഥിതിയുള്ളവരുടെ എണ്ണം വിരളമാണന്ന് പറയേണ്ടതില്ലല്ലോ.

പരിശുദ്ധ പരുമലത്തിരുമേനിയും ശിഷ്യന്മാരും ലക്ഷണമൊത്ത ഒരു സന്യാസസംഘമായിരുന്നു. മരുഭൂമിയിലെ പിതാക്കന്മാരായ സന്യാസികളുടെ മാതൃകയാണ് അദ്ദേഹം സ്വീകരിച്ചത്. അതൊടൊപ്പം ഭാരതീയ മഹർഷിമാരുടെ തപശ്ചര്യാമാതൃകയും അദ്ദേഹം പിൻപറ്റി. അദ്ദേഹത്തോട് ഏറ്റം അടുത്തുനിന്നിരുന്ന ശിഷ്യന്മാർക്കും ഈ പുണ്യത്തിന്റെ പ്രതിഫലനം കിട്ടി. ഇന്നും മലങ്കരസഭയിൽ മാതൃകായോഗ്യമായ സന്യാസഭവനങ്ങളുടെ സാദ്ധ്യതകളും ആവശ്യവുമുണ്ട്. ■

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
ഓർത്തഡോക്സ് സെമിനാരി, കോട്ടയം & എഡിറ്റർ മലങ്കരസഭ

ക്രിസ്തുമസ് 'രക്ഷകനെ' കണ്ടെത്തുന്നതിനുള്ള തീർത്ഥാടനമാണ് (മത്താ. 2:2). ഇത് സർവ്വജനത്തിനുമുള്ള മഹാസന്തോഷത്തിന്റെ (ലൂക്കോ. 2:10) സുദിനം. 'രക്ഷകൻ' എന്നർത്ഥമുള്ള യേശുവെന്ന നാമം പാലസ്തീനിൽ സുപ്രസിദ്ധം. നിരവധിപ്പേർക്ക് യേശു എന്ന വിളിപ്പേരുണ്ടായിരുന്നു. അതിനാൽ 'നസ്രായനായ യേശു' (ലൂക്കോ. 24:19), 'ദാവീദു പുത്രനായ യേശു' (മർക്കോ. 10:47) 'പ്രവാചകനായ യേശു' (മത്താ. 21:11) എന്ന് സുവിശേഷകർ യേശുവിന് നാമവിശേഷണം നൽകി.

യേശുവിന്റെ ജനന വൃത്താന്തം വി. മത്തായും വി. ലൂക്കോസും സവിസ്തരം പ്രതിപാദിക്കുന്നു. വി. മത്തായി, ജോസഫിന് പ്രാധാന്യം നൽകി, സംഭവങ്ങൾ വിശദീകരിക്കുമ്പോൾ, വി. ലൂക്കോസിൽ മറിയത്തിന്റെ അനുഭവങ്ങൾക്കാണ് പ്രാമുഖ്യം. രണ്ടിലും യേശുവിന്റെ കന്യകാ ജനനം അസന്നിഗ്ധമായി പ്രഖ്യാപിക്കുന്നു. യേശുവിന്റെ ജനനം, പരിശുദ്ധാത്മാവിൽ എന്ന് (മത്താ. 1:25, ലൂക്കോ. 1:30,35) വ്യക്തമാക്കുന്നു. യേശുവിന്റെ വംശാവലി വി. മത്തായി അബ്രഹാമിൽ നിന്നും (1:1-17) വി. ലൂക്കോസ് ആദാമിൽ നിന്നും (3:23-28) ആരംഭിക്കുന്നു. വിദ്വാന്മാരുടെ സന്ദർശനം വി. മത്തായിയിൽ മാത്രം (2:1-12). യേശുവിന്റെ സുവിശേഷ വൃത്താന്തം ദൈവപുത്രനായ യേശുവിൽ വിശ്വസിച്ച് 'ജീവൻ പ്രാപിക്കുക', 'രക്ഷ നേടുക' എന്നതിൽ കേന്ദ്രീകരിച്ചിരിക്കുന്നു (യോഹ. 20:31).

മനുഷ്യവർഗ്ഗത്തിന്റെ വിമോചനത്തിനായി ദൈവം മനുഷ്യനായി. കാലിത്തൊഴുത്തിൽ (ലൂക്കോ. 2:7,13), ശീലകൾ ചുറ്റി, പശുത്തൊട്ടിയിൽ കിടക്കുന്ന ശിശുവാണ് മാതൃക (ലൂക്കോ. 2:16). മുറിവേറ്റവരും തള്ളപ്പെട്ടവരുമായ സമൂഹത്തോട് താതാത്മ്യപ്പെടുന്ന ശുശ്രൂഷയുടെ മുഖം കാലിത്തൊഴുത്തിൽ വെളിപ്പെട്ടു. ഇത് എളിമയും ലാളിത്യവും പ്രകടമാക്കിയ ആത്മപരിത്യാഗമായിരുന്നു. വചനം ജഡമായി. ദൈവത്തെ യേശുവിലൂടെ തിരിച്ചറിഞ്ഞു. സ്വർഗ്ഗവും ഭൂമിയും പരസ്പരം സമ്മേളിച്ച് കാലിത്തൊഴുത്തിൽ ദൃശ്യമായി. ദൈവത്തിന് സ്തുതിയും ഭൂമിയിൽ സമാധാനവും വാഗ്ദാനം ചെയ്യുന്ന 'ശാന്തരാത്രി' വചനത്തിന്റെ വിശുദ്ധ രാത്രിയായി. ദൈവസാന്നിധ്യവും സാമീപ്യവും യാഥാർത്ഥ്യമായപ്പോൾ അത്യുന്നതങ്ങളിൽ ദൈവമഹത്വത്തിന്റെ ശാന്തിഗീതങ്ങൾ ഉയർന്നു.

രക്ഷകന്റെ ജനനത്തിന്റെ ആഹ്ലാദം അനുഭവിച്ചറിഞ്ഞ ആട്ടിടയർ ബഹിഷ്കൃത സമൂഹത്തിന്റെ

പ്രതിനിധികളാണ്. യേശുവിന്റെ ജനന വൃത്താന്തത്തിൽ കർത്താവിന്റെ തേജസ് ആട്ടിടയരിലാണ് പ്രഭവിരിച്ചത് (ലൂക്കോ. 2:9). സർവ്വജനത്തിനുമുള്ള മഹാ സന്തോഷത്തിന്റെ സദ്വാർത്ത പൊതുസമൂഹത്തിൽ വിളംബരം ചെയ്തതും ആട്ടിടയരാണ്. അവർ സ്വർഗീയ ദൂതനോട് ചേർന്ന് 'ദൈവമഹത്വവും' 'ദൈവപ്രസാദവും' വാഴ്ത്തിപ്പാടി (ലൂക്കോ. 2:14). പശുത്തൊട്ടിയിൽ യേശുവിനെ കണ്ടെത്തിയ ആട്ടിടയർ മാലാഖമാരുടെ സംവേദന ദൗത്യം ഏറ്റെടുത്തു. അവർ പ്രത്യാശയുടെയും സന്തോഷത്തിന്റെയും സത്യത്തിന്റെയും സുവിശേഷം സംവേദിച്ചു. ആട്ടിടയർ വിളംബരം ചെയ്ത സുവിശേഷം ബേത്‌ലഹേം നിവാസികളെ അത്ഭുതപ്പെടുത്തി (ലൂക്കോ. 2:18). വചനം ജഡമായി തീർന്ന (യോഹ. 1:14) യേശുവിന്റെ സാന്നിധ്യം, അത്യാഹ്ലാദത്തോടെ വിളിച്ചറിയിച്ച ആട്ടിടയർ 'വചനത്തിന്റെ ഉത്സവം' അർത്ഥപൂർണ്ണമാക്കി. സമാധാനവും സ്നേഹവും ശാന്തിയും ഉൾക്കൊള്ളുന്ന നീതിയുടെ ജീവിത ശൈലി ഹൃദയത്തിൽ നിന്നും പ്രവഹിക്കുമ്പോൾ വചനത്തിന്റെ മഹോത്സവത്തിന് കാഹളം ഉയരും.

ലളിതമായ ജീവിതത്തിന്റെ അടയാളമായ കാലിത്തൊഴുത്ത് ഉപേക്ഷിച്ച് സുഖവും സൗഖ്യവും അധികാരവും മാത്രം അന്വേഷിക്കുന്ന 'വചനോത്സവങ്ങളാ'ണ് പുതിയ ട്രെന്റ്.

ക്രിസ്തുമസ് വചനത്തിന്റെ ഉത്സവമാണ്. സമൂഹത്തിന് വെളിച്ചവും ജീവനും പകർന്ന് വഴിയും സത്യവുമായി തീരുമ്പോഴാണ് 'വചനത്തിന്റെ ഉത്സവം' യാഥാർത്ഥ്യമാകുന്നത് (മത്താ. 7:24, മർക്കോ. 3:35). ദൈവിക വെളിച്ചത്തിൽ നീതിയിലും സ്നേഹത്തിലും നിറയുമ്പോൾ ക്രിസ്തുമസിന്റെ ശാന്തിയും സന്തോഷവും സൃഷ്ടിക്കപ്പെടും. ഇത് സർവ്വജനത്തേയും പ്രകാശിപ്പിക്കുന്നതാകും. സത്യവെളിച്ചം ഹൃദയത്തിൽ നിറയുമ്പോൾ 'ദൈവത്തെ കാണുവാനും' 'സമാധാനം ഉണ്ടാക്കുവാനും' 'ദൈവത്തിന്റെ മക്കളാകുവാനും' (മത്താ. 5:8–9) കഴിയും. ത്യാഗവും സ്നേഹവും യഥാർത്ഥമാക്കി, സമാധാനവും വിശ്വസ്തതയും പരസ്പര സ്നേഹവും വർദ്ധിപ്പിക്കുമ്പോൾ ദൈവത്തിൽ വസിക്കുവാൻ കഴിയും.

നിസ്വാർത്ഥ സ്നേഹം ജീവിതത്തിൽ പ്രോജ്വലിക്കുമ്പോഴാണ് ദൈവത്തിന് മഹത്വവും ഭൂമിയിൽ സമാധാനവും ശക്തിപ്പെടുന്നത്. യുദ്ധവും ഭീകരതയും വർഗ്ഗീയതയും സ്ത്രീ വിരുദ്ധതയും സൃഷ്ടിക്കുന്ന സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ ശാന്തിയിലും സ്നേഹത്തിലും ജീവന്റെ ഉത്സവത്തെ ആവിഷ്ക്കരിക്കുവാൻ കഴിയണം. ബാഹ്യവും ആന്തരീകവുമായ ശാന്തതയിൽ കാൽവറിയും കുരിശും ലക്ഷ്യമാക്കിയുള്ള തീർത്ഥയാത്ര 'ജീവന്റെ സുവിശേഷ'മാണ്. കുരിശില്ലാത്ത ക്രിസ്തുവും മുൾക്കിരീടമില്ലാത്ത ക്രിസ്താനുഭവവും ഹൃദയ ശുദ്ധീകരണത്തിലേക്കോ, ദൈവീകരണ പ്രക്രിയയിലേക്കോ സമ്പൂർണ്ണമായി നയിക്കില്ല. തിരുജനനത്തിന്റെ ആഹ്ലാദം എത്തിച്ചേരുന്നത് ത്യാഗത്തിന്റെയും ഉയിർപ്പിന്റെയും ദിവ്യാനുഭവത്തിലാണ്. അധികാരവും കമ്പോളവും മാധ്യമവും സൃഷ്ടിക്കുന്ന 'മായിക കാഴ്ച'കൾക്കപ്പുറത്തുള്ള ബദൽ വഴികളാണ് ക്രിസ്തുമസിന്റെ അന്വേഷണം. ദൈവപ്രസാദത്തിന്റെ നീർച്ചാലുകൾ പങ്കിടുന്ന മഹാസന്തോഷത്തിൽ ശാന്തിയുടെ മേച്ചിൽപ്പുറങ്ങളിൽ സ്നേഹത്തിന്റെ നക്ഷത്രം മനുഷ്യ ഹൃദയങ്ങളിൽ തെളിയണം. രാഷ്ട്രീയ അധികാരികൾ സൃഷ്ടിക്കുന്ന ഡിജിറ്റൽ സംസ്ക്കാരത്തിന്റെ സൂപ്പർ ഹൈവേകൾക്കു പകരം ദൈവമഹത്വത്തിന്റെ സ്തുതി ഗീതവും നീതിയുടെ പ്രഖ്യാപനവും ശാന്തിയുടെ ഉത്സവത്തിൽ സുവർണ്ണ ശോഭ പകരണം.

ക്രിസ്തുമസും പുതുവത്സരവും ജീവിതത്തിന്റെയും ജീവനത്തിന്റെയും വളർച്ചയ്ക്കും പരിപോഷണത്തിനും വെളിച്ചം പകരുന്നതാവണം. നീതി നിക്ഷേധിക്കപ്പെട്ട് ഇരുളിൽ കഴിയുന്നവർക്കും ഇരുൾ സൃഷ്ടിക്കുന്നവർക്കും ജീവന്റെ വെളിച്ചം പകരണം (യെശ. 60:1,3). ക്രിസ്തുവിന്റെ പ്രകാശം ഉൾക്കൊണ്ട് ക്രിസ്തുവായി വളരുമ്പോൾ 'ജീവന്റെ വെളിച്ചത്തിലും' 'വചനത്തിന്റെ ഉത്സവത്തിലും' എത്തിച്ചേരും. ശാന്തിക്കായി കാത്തിരിക്കുകയല്ല, ശാന്തിയുടെ അനുഭവങ്ങൾ സൃഷ്ടിച്ച്, സമാധാനമുണ്ടാക്കി, ദൈവത്തിന്റെ മക്കളായിത്തീരുന്ന ഭാഗ്യാവസ്ഥയാണ് ക്രിസ്തുമസ്. ദൈവപുത്രൻ ഹൃദയത്തിൽ ജാതനാകുമ്പോൾ ദൈവീകരായിത്തീരും. ഇത് അനുദിനമുള്ള അനുഭവമാകണം. ക്രിസ്തുമസ്സിലെ വചനത്തിന്റെ ഉത്സവം അധികാരവും കമ്പോളവും മാധ്യമവും സൃഷ്ടിക്കുന്ന മായിക സംസ്ക്കാരത്തിന്റെ ബദൽ വഴികളും ദർശനങ്ങളുമാണ്. അത് സമാധാനവും സ്നേഹവും സന്തോഷവും നീതിയും നിറഞ്ഞ ജീവിത ശൈലിയാണ്. ക്രിസ്തുമസ്സിന് ദൈവപ്രസാദം മനുഷ്യഹൃദയങ്ങളിൽ പ്രകാശിക്കണം.

പ്രാർത്ഥന: "ദൈവമേ, അവിടുത്തെ നീതി ശോഭയിൽ ഞങ്ങളെ നീതിയും ശാന്തിയും നിറയുന്ന സ്നേഹത്തിന്റെ പുതിയ തീർത്ഥാടനത്തിലേക്ക് നയിക്കേണമേ". ■



ചലനാത്മകമായ യൗവ്വനം: സാധ്യതകളും വെല്ലുവിളികളും

ഫാ. ഡോ. റെജി ഗീവർഗ്ഗീസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

ആമുഖം

ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും ക്രിയാത്മകവും പരിപുഷ്ടവുമായ കാലഘട്ടമാണ് യൗവ്വനം. ശാരീരികവും വൈകാരികവുമായ നൂതന രൂപങ്ങൾ പ്രകടമാകുന്ന ഈ കാലഘട്ടം വ്യക്തിത്വത്തിന്റെ നിർണ്ണായകമായ കാലമാണ്. ബുദ്ധിപരവും ക്രിയാത്മകവുമായ നവചൈതന്യം വികാസം പ്രാപിക്കുന്ന ഈ ഘട്ടത്തിൽ സ്വതന്ത്രവും സജീവവുമായ വ്യക്തിത്വ വികാസത്തിനുള്ള അദമ്യമായ ആവേശവും അന്വേഷണവും ഉണ്ടാകും. നിത്യജീവൻ നേടുന്നതിന് എന്തുചെയ്യണമെന്ന മർമ്മപ്രധാനമായ ചോദ്യവുമായാണ് ഒരു യുവാവ് യേശുവിനെ സമീപിച്ചത്. ന്യായപ്രമാണ വഴികളിൽ പദംപരിചയിച്ച ആ യുവാവിനോട് അവന്റെ സമ്പത്ത് ഉപേക്ഷിച്ച് തന്റെ പിന്നാലെ വരുവാൻ യേശു നിർദ്ദേശിച്ചു. യേശുവിന്റെ നിർദ്ദേശം അവന് സ്വീകരിക്കാനായില്ല, കാരണം അവൻ വളരെ സമ്പന്നനായിരുന്നു. അവൻ ദു:ഖിതനായി തിരികെപ്പോയി. യേശുവിനുപോലും അവന്റെ നിലപാടിൽ അതിശയം തോന്നി. ഈ സംഗമം നമുക്കു നൽകുന്ന സന്ദേശമാണ് ഈ ലേഖനത്തിന്റെ ഉള്ളടക്കം.

1) അന്വേഷകനാകുന്ന യുവാവ്

നിത്യജീവൻ പ്രാപിക്കുവാൻ എന്തു ചെയ്യണമെന്ന ചോദ്യവുമായി യേശുവിനെ സമീപിക്കുന്ന യുവാവ് യുവത്വത്തിന്റെ അന്വേഷണത്വരയുടെ പ്രതീകമാണ് (മത്തായി 19:15-22; മർക്കോസ് 10:17-31). ഈ ചോദ്യവുമായി ഒരു പ്രമാണി (ഭരണാധികാരി) യേശുവിനെ സമീപിച്ചു എന്നാണ് ലൂക്കോസ് (18:18-30) പറയുന്നത്. ശൈശവും കൗമാരവും പിന്നിടുന്ന വ്യക്തി യൗവ്വനത്തിലെത്തുമ്പോൾ അന്വേഷണാത്മകത പാരമ്യത്തിലെത്തും. പൗരാണികമായി അംഗീകരിച്ചുവരുന്ന പലതിനെയും ചോദ്യം ചെയ്യുന്ന പ്രകൃതം അപ്പോൾ വ്യക്തിത്വത്തിൽ കടന്നുവരും. ജീവിത മൂല്യങ്ങൾക്കുവേണ്ടിയും ആദർശങ്ങൾക്കുവേണ്ടിയും അന്വേഷണം നീളുന്ന ഒരു കാലഘട്ടമാണിത്. തങ്ങളുടെ സ്ഥാനം സമൂഹത്തിൽ എവിടെയാണെന്ന് അന്വേഷിക്കുവാൻ യൗവ്വനം ഒരുവനെ നിർബന്ധിക്കുന്നു. കൗമാരക്കാരിൽനിന്ന് അന്യമാക്കപ്പെട്ടും മുതിർന്ന തലമുറയോട് ചേരുവാൻ വൈമനസ്യപ്പെട്ടുമിരിക്കുന്ന യൗവ്വനക്കാർ ആത്മപൂർത്തീകരണത്തിന് പറ്റിയ ചങ്ങാതിമാരെ കണ്ടെത്തുവാൻ ശ്രമിക്കുന്നത് ഈ നിർണ്ണായക

ഘട്ടത്തിലാണ്.

യേശുവിന്റെ വ്യക്തിത്വവും പഠിപ്പിക്കലുകളും തന്നെ സമീപിച്ച യുവാവിനെ ആകർഷിച്ചിരുന്നു. യേശുവിനെ 'ഗുരോ' എന്ന് അഭിസംബോധന ചെയ്യുന്നത് ആ വ്യക്തിത്വവും ഉപദേശവും അയാളിൽ ദൃഢപ്രതിഷ്ഠ നേടി എന്നതിന്റെ വ്യക്തമായ സൂചനയാണ് (മത്തായി 19:16). അയാൾ യേശുവിന്റെ അടുക്കലേക്ക് ഓടിവന്ന് മുട്ടുകുത്തി 'നല്ല ഗുരോ' എന്ന് അഭിസംബോധന ചെയ്തു എന്നാണ് മർക്കോസിന്റെ വിവരണം (10:17). യേശുവിനെ ഗുരു എന്ന് അയാൾ തിരിച്ചറിയുന്നു (10:20). അയാൾ യേശുവിലുണ്ടാക്കിയ പ്രതികരണവും മർക്കോസിന്റെ ശ്രദ്ധ ആകർഷിക്കുന്നു. യേശു അവനെ 'നോക്കി' (10:21), യേശു അവനെ സ്നേഹിക്കുകയും ചെയ്തു (10:21). NEBÂ സ്നേഹിച്ചു എന്നതിന് നൽകിയിരിക്കുന്ന വിവർത്തനം 'his heart warmed to him' എന്നാണ്. യേശു ഹൃദ്യമായി അവനെ സ്വീകരിക്കുന്ന ചിത്രമാണ് വ്യക്തമാകുന്നത്. തന്റെ അടുക്കൽ ഓടിവന്ന് മുട്ടുകുത്തി ഗുരുവേ എന്ന് അഭിസംബോധന ചെയ്യുന്ന യുവാവിനെ യേശു അനുഭാവപൂർവ്വം സ്വീകരിച്ചു എന്ന് സാരം. ആ യുവാവിൽ ത്രസിക്കുന്ന യുവത്വത്തിന്റെ അന്വേഷണാത്മകത വ്യക്തമായി വായിച്ചെടുത്ത യേശു അവന്റെ ഹൃദയം പകരുവാനുള്ള ഉചിതമായ സാഹചര്യമൊരുക്കുകയായിരുന്നു. യേശുവിന് പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ ഏകദേശം മുപ്പതു വയസ്സായിരുന്നു (ലൂക്കോസ് 3:23). ഒരു യുവാവിന്റെ ശാരീരികമായ അവസ്ഥയും സ്വാതന്ത്ര്യത്തിന്റെ ചക്രവാള സീമയിലൂടെ അനന്തമായി ചുറ്റിസഞ്ചരിക്കുന്ന അവന്റെ മനസ്സിനെക്കുറിച്ചും യേശുവിന് അറിവുണ്ടായിരുന്നു (യോഹന്നാൻ 21:18).

യേശുവിനെ സമീപിച്ച യുവാവിന്റെ അന്വേഷണം ആത്മീയമാണ്. സമൂഹം അനുഷ്ഠിച്ചുവരുന്ന മൂല്യങ്ങളും മതാത്മകതയും യൗവ്വനക്കാരിൽ ചോദ്യങ്ങൾ ഉയർത്തും. അതുകൊണ്ട് 'യൗവനക്കാർ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരാണ്, വിധേയത്വവും അനുസരണവും ഇല്ലാത്തവരാണ്' എന്നൊക്കെ മുതിർന്നതലമുറ പരിഭവം പറയും. എന്നാൽ അവരുടെ അന്വേഷണത്വര വളർച്ചയുടെ അവിഭാജ്യഘടകമായ യൗവ്വനത്തിന്റെ കൂടെപ്പിറപ്പാണ്. അതു തിരിച്ചറിയുവാൻ യുവതലമുറയ്ക്കും മുതിർന്നവർക്കും ഒരുപോലെ കഴിയണം. ശാരീരിക, മാനസിക, വൈകാരിക വളർച്ചയുടെ ഉത്തുംഗത്തിലേക്ക് കടക്കുന്ന യൗവ്വനം പലതിനുവേണ്ടിയുമുള്ള പരക്കംപാച്ചിലിലാണ്. നിത്യജീവനെക്കുറിച്ചുള്ള ചിന്ത ഈ യുവാവിനെ യേശുവിന്റെ അടുക്കലേക്ക് പായിച്ചുവെങ്കിൽ ഒരു പിതാവിന്റെ യൗവ്വനക്കാരനായ പുത്രൻ പിതാവിൽ നിന്ന് അകന്ന് യൗവ്വന മോഹത്തിന്റെ സാക്ഷാത്കാരത്തിനായി പരക്കംപായുകയാണ് (ലൂക്കോസ് 15:12). പിതാവിന്റെ ഇളയ പുത്രനാണ് ദൂരദേശത്തേക്ക് പോകുന്നതെങ്കിലും അയാളുടെ പ്രായം വ്യക്തമല്ല. പിതാവിന് മറ്റൊരു പുത്രൻകൂടി ഉള്ളതുകൊണ്ട് അവരിൽ ഇളയവനാണ് സമ്പത്ത് സ്വരൂപിച്ചു വീടുവിട്ട് ഇറങ്ങുന്നത് (15:2). എന്നാൽ മൂലഭാഷയിൽ അവനെ 'നെയോറ്റെറോസ്' എന്നാണ് വിളിക്കുന്നത്. അതിനർത്ഥം ആ പിതാവിന്റെ 'യൗവ്വനക്കാരനായ മകൻ' എന്നാണ്. യൗവ്വന തൃഷ്ണയാണ് അവനെ പിതാവിൽനിന്ന് അകറ്റിയത്. യേശുവിന്റെ അടുക്കലേക്കു വന്ന യുവാവും പിതാവിൽനിന്ന് അകന്നുപോയ യുവാവും യൗവ്വനത്തിന്റെ രണ്ട് സാധ്യതകളെയാണ് വെളിപ്പെടുത്തുന്നത്.

യേശുവിനെ സമീപിച്ച യുവാവ് ജീവിതത്തിന്റെ അർത്ഥം തേടി ഇറങ്ങിയിരിക്കുകയാണ്. യേശുവിൽ അവന് വിശ്വാസവുമുണ്ട്. യഹൂദ മത ചുറ്റുപാടിൽ വളർന്ന യുവാവ് (മത്തായി 19:20; മർക്കോസ് 10:20) പുതുമതേടിയുള്ള അന്വേഷകനാണ്. അവന്റെ വളർച്ചയുടെ ഈ ഘട്ടം അവനിൽ ആത്മസംഘർഷമുണ്ടാക്കിയിരിക്കുന്നു. ന്യായപ്രമാണത്തിന്റെ വേലിക്കെട്ടിനുള്ളിൽ കാർക്കശ്യമായ പരിശീലനം ലഭിച്ചു വളർന്ന വ്യക്തിയാണവൻ. യൗവ്വനത്തിലെത്തിയപ്പോൾ അവൻ അനുഷ്ഠിച്ചുവരുന്നതും വിശ്വസിച്ചുവരുന്നതുമായ സംഗതികളെക്കുറിച്ചുള്ള ചോദ്യശരങ്ങൾ അവന്റെ മനസ്സിൽ ഉയരുകയാണ്. യഹൂദമത പശ്ചാത്തലത്തിൽ ചിന്തിക്കുകയാണെങ്കിൽ അയാൾ ഒരു ശീതസമരത്തിന് തിരി കൊളുത്തിയ വ്യക്തിയാണ്, അവനൊരു നിഷേധിയാണെന്ന് ചിന്തിക്കുന്നതിൽ തെറ്റില്ല. യേശുവിന്റെ പ്രാരംഭ മറുപടി (മർക്കോസ് 10:19; മത്തായി 19:18–19) അവൻ അനുവർത്തിച്ചുവന്നിരുന്ന ആത്മീയ നിഷ്ഠകൾക്ക് വിലകല്പിക്കുന്നതാണ്. ന്യായപ്രമാണത്തിന്റെ രണ്ടാംഭാഗത്തുള്ള കാര്യങ്ങളാണ് യേശു അവനോട് അനുഷ്ഠിക്കണമെന്ന് നിർദ്ദേശിക്കുന്നത് (ലൂക്കോസ് 18:19–20). അതിനാണ് സാമൂഹികവും ധാർമ്മികവുമായ മാനങ്ങൾ ഉള്ളത്. ആദ്യഭാഗം അനുവർത്തിക്കുന്നയാളാണ് ആ യുവാവ് എന്ന് വ്യക്തമാണ്. നിത്യജീവന് അവൻ അനുഷ്ഠിക്കുന്ന കാര്യങ്ങൾ അപര്യാപ്തമാണെന്ന തിരിച്ചറിവാണ് അവനിലെ അന്വേഷകനെ ഉണർത്തിയതും യേശുവിന്റെ അടുക്കൽ എത്തിച്ചതും.

2) ചോദ്യമുന്നയിക്കുന്നവൻ

താരതമ്യേന ചെറിയ കുടുംബത്തിലെ അംഗമായിരുന്ന കൗമാരക്കാരനാണ് യൗവ്വനത്തിൽ വലിയ സമൂഹത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നത്. തങ്ങളുടെ ലക്ഷ്യമെന്തെന്ന് അന്വേഷിക്കുന്നത് യൗവ്വന

ത്തിന്റെ പ്രത്യേകതയാണ്. അങ്ങനെ ഒരു അന്വേഷണമാണ് ഈ യുവാവിനെ യേശുവിലേക്ക് നയിച്ചത്. നിത്യജീവൻ അവകാശമാക്കേണ്ടതിന് എന്തു ചെയ്യണം എന്ന അതിപ്രധാനമായ ചോദ്യമാണ് ഈ യുവാവ് ഉന്നയിക്കുന്നത് (മർക്കോസ് 10:17). നിത്യജീവൻ എന്ന ആശയം അവൻ ജനിച്ചുവളർന്ന മതാത്മകതയിൽ അത്ര ശക്തമായ ഒരാശയമല്ല. എന്നാൽ അവന്റെ യൗവ്വനം അങ്ങനെയൊരു ചോദ്യമുന്നയിക്കുവാൻ അവനെ സഹായിച്ചു. 'ഞാൻ എന്തു ചെയ്യണം' എന്ന വളരെ വ്യക്തവും വ്യക്തിപരവുമായ ചോദ്യം അവന്റെ സ്വത്വബോധത്തിൽനിന്ന് ഉയരുന്നതാണ്. യഹൂദചിന്തയിൽ വ്യക്തിയെക്കാൾ പ്രാധാന്യം സമൂഹത്തിനാണ്. ആ സമൂഹത്തിന്റെ ഭാഗമായി ബാല്യവും കൗമാരവും പിന്നിട്ട വ്യക്തിയാണ് ഈ യുവാവ്. അവന്റെ അനന്യതാബോധം (identity conciousness) അവനെ ഒരു ചോദ്യകർത്താവാക്കി മാറ്റി. യേശുവുമായുള്ള സംഭാഷണത്തിൽ അവൻ മൂന്ന് ചോദ്യങ്ങളാണ് ഉന്നയിക്കുന്നത്; "നിത്യജീവൻ പ്രാപിപ്പാൻ എന്തു നന്മ ചെയ്യണം, ഏതെല്ലാം കല്പനകളാണ് പ്രമാണിക്കേണ്ടത്, ഇനി കുറവുള്ളത് എന്ത്?" (മത്തായി 19:16–20). അവന്റെ അവസാന ചോദ്യമുയരുന്നത് role diffusion ൽ നിന്നാണ് (Erik Erikson) . യുവാക്കൾ നേരിടുന്ന വലിയൊരു പ്രശ്നമാണ് ഇത്. സ്വത്വബോധത്തെക്കുറിച്ചുള്ള അന്വേഷണത്തിൽ വിവിധ ധർമ്മങ്ങളെ മാറിമാറി പരീക്ഷിക്കുന്നത് ഈ പ്രായക്കാരുടെ ഒരു സവിശേഷതയാണ്. ആ യുവാവിനെ യേശുവിനോട് ചോദ്യമുന്നയിക്കുവാൻ പ്രേരിപ്പിച്ച ഒരു ഘടകം അതാണ്.

കൗമാരത്തിൽ മാതാപിതാക്കളോടും മതസംഹിതയോടും പൂർണ്ണവിധേയത്വം പുലർത്തിയ വ്യക്തിയായിരുന്നു ഈ യുവാവ്. ഇപ്പോൾ അവൻ ഒരു ധിക്കാരിയുടെ മൂടുപടമാണ് അണിഞ്ഞിരിക്കുന്നത്. യേശുവിന്റെ അടുക്കൽ വരുവാനും ഈ ചോദ്യങ്ങൾ ഉന്നയിക്കാനുമുള്ള ധൈര്യം കാണിച്ചവനാണ് ആ യുവാവ്. ആകുലത (anxiety), നൈരാശ്യം (frustration), ആത്മസംഘർഷം (conflict) എന്നീ യൗവ്വന പ്രശ്നങ്ങളിലൂടെ അയാൾ കടന്നുപോകുകയായിരുന്നു. സ്വന്ത കുറവുകളെക്കുറിച്ചുള്ള ആഴമായ ബോധ്യമാണ് അയാളുടെ ചോദ്യങ്ങളിലെല്ലാം നിഴലിക്കുന്നത്. അവന്റെ മിഴികളിലും മുഖത്തുമെല്ലാം അവന്റെ ജിജ്ഞാസയുടെ പ്രതിഫലനമുണ്ടായിരുന്നു. യേശു അത് വ്യക്തമായി വായിച്ചെടുക്കുകയും ചെയ്തു. അവന്റെ യഹൂദമത പശ്ചാത്തലം മനസ്സിലാക്കി കർത്താവ് നൽകുന്ന നിർദ്ദേശം (മത്തായി 19:18–19) സ്വീകരിക്കുന്ന യുവാവ് വളരെ ആകാംക്ഷഭരിതനായി വീണ്ടും ചോദ്യമുന്നയിക്കുന്നത് കൗതുകകരമാണ്. "ഇനി കുറവുള്ളത് എന്ത്" എന്നാണ് അയാൾക്ക് അറിയേണ്ടത്. ചോദ്യങ്ങൾ തിടുക്കത്തിൽ ഉന്നയിക്കുക മാത്രമല്ല അതിനുള്ള മറുപടിയും അവൻ പ്രതീക്ഷിക്കുന്നു എന്നവിധമാണ് അവന്റെ സംഭാഷണം. യൗവ്വനമനസ്സിൽ പൊന്തിവരുന്ന സംശയങ്ങൾ അവൻ യേശുവുമായി പങ്കുവയ്ക്കുകയാണ്. വളരെ തിടുക്കവും ആകാംക്ഷയും പ്രതീക്ഷയും പുലർത്തുന്ന യുവാവ് കർത്താവിന്റെ മറുപടിയിൽ ദു:ഖിതനായിത്തീർന്നത് ആ സംഗമത്തിന്റെ സദുദ്ദേശ്യം കെടുത്തിക്കളഞ്ഞു. ചോദ്യങ്ങൾ ഉന്നയിക്കുന്ന യുവത്വമല്ല നമുക്ക് അനുകരണീയം, മറിച്ച് ഉത്തരങ്ങൾ സ്വീകരിക്കുവാൻ തയ്യാറുള്ള യൗവ്വനമാണ്. ഉത്തരം നമുക്ക് മുകളിലാണ്, അത് നമുക്ക് ആശ്വാസമേകും. ഒരുവിധത്തിൽ ഭവനത്തിന്റെ 'ഉത്തരം' സംരക്ഷണമേകുന്നതുപോലെ തന്നെ.

3. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെടാത്തവൻ

ഓടിക്കിതച്ച് യേശുവിന്റെ അടുക്കലെത്തുന്ന യുവാവിന്റെ ചോദ്യം അവന്റെ ഉള്ളിലുള്ള തീവ്രമായ വികാരസംഘർഷങ്ങളുടെ ബഹിർസ്ഫുരണങ്ങളാണ്. യേശു അവനെ അനുഭാവപൂർണ്ണമായി സ്വീകരിച്ചു എങ്കിലും അവന്റെ കുറവ് അവനെ ബോധ്യപ്പെടുത്തി, "സൽഗുണ പൂർണ്ണനാകുവാൻ ഇച്ഛിക്കുന്നു എങ്കിൽ നീ ചെന്നു നിനക്കുള്ളതു വിറ്റ് ദരിദ്രർക്കു കൊടുക്കുക; എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു നിക്ഷേപം ഉണ്ടാകും. പിന്നെ വന്ന് എന്നെ അനുഗമിക്കുക" (മത്തായി 19:21). ആ യുവാവ് യേശുവിനെ സമീപിച്ചതിന്റെ ഉദ്ദേശ്യം അവന്റെ ആദ്യചോദ്യത്തിൽ തന്നെ വ്യക്തമാണ് (19:16). അവന്റെ അതിയായ താൽപര്യമാണ് യേശുവിന്റെ ചോദ്യങ്ങൾക്കുള്ള അവന്റെ മറുപടിയിലും വ്യക്തമാകുന്നത് (19:20). എങ്കിലും യേശു അവനോട് അവന്റെ ആഗ്രഹം വ്യക്തമാക്കുവാൻ ആവശ്യപ്പെടുകയാണ്. യേശു യൗവനക്കാരിൽ നിന്ന് ആവശ്യപ്പെടുന്നത് സമ്പൂർണ്ണതയാണ്. 'റ്റിലെയോസ്' എന്നപദം സമ്പൂർണ്ണത എന്ന് വിവർത്തനം ചെയ്യുന്നതാവും കൂടുതൽ ശരി. ആ വ്യക്തിയുടെ പൂർണ്ണതയാണ് യേശു ആഗ്രഹിക്കുന്നത്. എങ്കിലും അതിനുള്ള സ്വാതന്ത്ര്യം യേശു ആ യുവാവിനു തന്നെ നൽകി. "നീ ഇച്ഛിക്കുന്നുവെങ്കിൽ" എന്ന യേശുവിന്റെ നിലപാട് തീരുമാനമെടുക്കുവാനുള്ള സ്വാതന്ത്ര്യം അവനു നൽകുന്നതായിരുന്നു. അവൻ ഇച്ഛിക്കുന്നുവെങ്കിൽ മാത്രമേ അവന്റെ സമ്പത്തു വിൽക്കുവാൻ സാധിക്കൂ. യേശുവിനെ അനുഗമിക്കുന്നതിനുള്ള പ്രഥമ പടിയാണത്. അങ്ങനെ സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാക്കിയതിനുശേഷമാണ് യേശുവിനെ അനുഗമിക്കേണ്ടത്. യുവാവിന്റെ ചോദ്യത്തിനുള്ള ഉത്തരത്തിന്റെ സാധ്യത

കൾ യേശു തുറന്നുകാണിച്ചു. ന്യായപ്രമാണം ചെറുപ്പം മുതൽ കർശനമായി പാലിക്കുന്നവൻ എന്ന് അഭിമാനിച്ചിരുന്ന യുവാവ് യേശു വരച്ചുകാട്ടിയ യാഥാർത്ഥ്യം അംഗീകരിക്കേണ്ടതായിരുന്നു. എന്നാൽ ആ യാഥാർത്ഥ്യത്തോട് പൊരുത്തപ്പെടാൻ അയാളുടെ ഇച്ഛാശക്തിക്ക് പക്വത വന്നിട്ടില്ലായിരുന്നു (Volitional maturity). ആഗ്രഹങ്ങളും, വീക്ഷണഗതികളും ആദർശ മൂല്യങ്ങളോടുള്ള പ്രതികരണവും രൂപപ്പെടുത്തുന്നതിൽ ഇച്ഛാശക്തിക്ക് പ്രധാന പങ്കുണ്ട്. എന്നാൽ ഈ യുവാവിന് അതിനുള്ള പ്രാപ്തിയില്ലായിരുന്നു.

യേശുവിനെ സമീപിച്ചപ്പോൾ അവന്റെ മനോഭാവം യേശു നിർദ്ദേശിക്കുന്നത് 'പ്രവർത്തിക്കുക' എന്നായിരുന്നു (മത്തായി 19:16, മർക്കോസ് 10:17). ചെറുപ്പം മുതൽ അവൻ ന്യായപ്രമാണം അനുശാസിക്കുന്നവ ചെയ്യുന്നവനായിരുന്നു. അതിൽ അധികവും അരുതുകളായിരുന്നു (കൊലപാതകം, വ്യഭിചാരം, മോഷണം, കള്ളസാക്ഷ്യം, ചതി) എന്നാൽ 'ചെയ്യണമെന്ന്' യേശു നിർദ്ദേശിച്ച കാര്യം ചെയ്യുവാൻ അവന് മനസ്സില്ലായിരുന്നു. നിത്യജീവൻ പ്രാപിക്കുന്നതിന് യേശുവിനെ അനുഗമിക്കുകയാണ് ആവശ്യം. യേശുവിനെ അനുഗമിക്കുക എന്നാൽ അവന്റെ ശിഷ്യനാകുക എന്നർത്ഥം. യേശുവിന്റെ പിന്നാലെയാണ് ഗമനമെങ്കിലും അതിന്റെ ഗതിമുന്നോട്ടാണ്. എന്നാൽ ഈ യുവാവ് മുന്നിലുള്ളതിനെക്കാൾ പിന്നിലുള്ളതിനാണ് പ്രാധാന്യം നൽകിയത്. വ്യക്തിത്വത്തിന്റെ അനന്യതയെക്കുറിച്ച് (Identity) നല്ല അവബോധമുണ്ടായിരുന്ന യുവാവ് യേശുവിനോട് ചേർന്ന് തന്റെ വ്യക്തിത്വത്തെ കാണുവാൻ പരജായപ്പെട്ടു. യേശുവിൽ പൂർണ്ണമായി വിശ്വസിക്കുന്ന ഒരാൾക്കു മാത്രമേ സമ്പത്ത് വിറ്റ് ദരിദ്രർക്കു ഭാഗിച്ചു നൽകിയിട്ട് യേശുവിനെ അനുഗമിക്കുവാൻ കഴിയൂ. എന്നാൽ ആ യുവാവിന്റെ മനസ്സുനിറയെ സമ്പത്തിനെക്കുറിച്ചുള്ള ചിന്തയാണ്. അതിനെ നഷ്ടമാക്കി മറ്റൊന്നും നേടുന്നതിന് അവൻ തയ്യാറല്ല. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ട് ഇച്ഛാശക്തിയെ വ്യത്യാസപ്പെടുത്തുവാനുള്ള പ്രാപ്തി ആ യുവാവിന് ഇല്ലായിരുന്നു. യേശു നിർദ്ദേശിച്ച കാര്യങ്ങൾ പ്രവർത്തിപഥത്തിൽ എത്തിക്കുവാൻ കഴിയാതിരുന്ന യുവാവ് യൗവ്വനത്തിന്റെ തിരയിളക്കത്തിൽ മാത്രം പെട്ടുപോയ ആളാണ്.

ഒരുവൻ ക്രിസ്തുവിന്റെ വാക്കുകേട്ട് അനുസരിക്കുമ്പോഴാണ് ജീവിതത്തിന് മൂല്യമുണ്ടാകുന്നത്. ആ യുവാവിന്റെ ജീവിതത്തിന്റെ കേന്ദ്രം സമ്പത്താണ്. യേശുവിനെ ഒരു ഉപദേശകനായി മാത്രം അയാൾ കണ്ടു. എന്നാൽ ക്രിസ്തുവിനെ കേന്ദ്രമായി സ്വീകരിക്കുന്ന യുവാക്കൾക്കുമാത്രമേ ജീവിത വിജയം കൈവരിക്കാനാകൂ. നവയുഗത്തിന്റെ ആദ്ധ്യാത്മികതയിൽ (New age spirituality) ഗുരുക്കന്മാർക്കാണ് പ്രാധാന്യം. എന്നാൽ യേശു ആ യുവാവിന്റെ മുമ്പിൽ കേവലം ഗുരുവായി മാത്രമല്ല വർത്തിച്ചത്. സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കണമെന്ന നിർദ്ദേശം പിതാവാം ദൈത്തിലുള്ള മനുഷ്യന്റെ ആശ്രയത്തെയാണ് വെളിപ്പെടുത്തുന്നത്. യേശുവിനെ കൂടാതെ സ്വത്വബോധത്തിൽ ഊറ്റം കൊള്ളുന്ന വ്യക്തികൾക്ക് നിരാശയാകും പ്രതിഫലം. കർത്താവ് നിർദ്ദേശിച്ചു, "നിങ്ങളുടെ ഹൃദയം കലങ്ങിപോകരുത്, ദൈവത്തിൽ വിശ്വസിക്കുവിൻ, എന്നിലും വിശ്വസിക്കുവിൻ" (യോഹന്നാൻ 14:1). സമ്പത്തുള്ള യുവാവിന് യേശു നിർദ്ദേശിച്ചത് നടപ്പാക്കുവാൻ ആയില്ല. അവൻ നിരാശനായി, ഒപ്പം ദുഃഖിതനും (മർക്കോസ് 10:22). യൗവ്വന മോഹം മാത്രമാണ് അവനെ യേശുവിന്റെ അടുക്കലേക്ക് നയിച്ചത്. ക്രിസ്തു കേന്ദ്രീകൃതമായി ജീവിതത്തെ പുനഃക്രമീകരിക്കുവാൻ അയാൾ പരാജയപ്പെട്ടു.

സമ്പന്നനായ യുവാവും യേശുവും തമ്മിലുള്ള കൂടിക്കാഴ്ചയിൽ നിന്ന് നമുക്ക് വായിച്ചെടുക്കാവുന്ന കാര്യങ്ങൾ:

1. യേശുവിനെ ഗുരുവെന്ന് (നല്ല ഗുരു) തിരിച്ചറിഞ്ഞെങ്കിലും ആ ഗുരുവിന്റെ ഉപദേശം ഉൾക്കൊള്ളാൻ അവൻ പരാജയപ്പെട്ടു. യേശു ഗുരുപരമ്പരയിലെ ഒരു കണ്ണിമാത്രമല്ല, അവൻ രക്ഷകനാണ്. യുവാവ് യേശുവിനെ സമീപിക്കുന്നതു തന്നെ രക്ഷയെക്കുറിച്ചുള്ള സംശയവുമായാണ്. എന്നാൽ യേശു രക്ഷകനാണ് എന്ന് തിരിച്ചറിയുവാൻ അവന് സാധിച്ചില്ല.

2. നിത്യജീവൻ നേടുന്നതിന് ന്യായപ്രമാണ പാലനം മാത്രം പോരാ യേശുവിലും ദൈവത്തിലും വിശ്വാസമുണ്ടാകണം. ചെറുപ്പം മുതൽ ന്യായപ്രമാണം പാലിക്കുന്നതിൽ അയാൾ അതീവ ശ്രദ്ധാലുവായിരുന്നു. ന്യായപ്രമാണം പാലിക്കുന്നവർക്ക് ലഭ്യമാകാത്ത സൗഭാഗ്യമാണ് യേശുവിൽ വിശ്വസിക്കുന്നവർക്ക് അവൻ നൽകുന്നത്.

3. മാറുന്ന സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ അയാൾ പരാജയപ്പെട്ടു. യൗവ്വനം സാധ്യതകളുടെ അനന്തതയാണ്. കേവലം ആഗ്രഹം മാത്രം പോരാ ജീവിത വിജയത്തിന്. ഇച്ഛാശക്തിയോടുകൂടിയ ധീരമായ തീരുമാനമാണ് അതിന് ആവശ്യം. യുവത്വത്തിന്റെ തിരകളിൽപ്പെട്ട് ജീവിതം ആടിയുലയുവാൻ അനുവദിച്ചുകൂടാ. വ്യക്തമായ തീരുമാനങ്ങൾ വ്യക്തിത്വ വിക

സനത്തിനും (Personality development) വ്യതിരിക്ത വ്യക്തിത്വത്തിനും (Individual identity) അനിവാര്യമാണ്.

4. അമിതമായ സ്ഥാനം സമ്പത്തിനു നൽകുന്നത് ദു:ഖത്തിനും നിരാശയ്ക്കും കാരണമാകും. യേശുവിന്റെ അടുക്കൽ നിന്ന് നിരാശനായി യുവാവ് മടങ്ങിയതുകണ്ട് സ്വർഗ്ഗരാജ്യ പ്രാപ്തിയും സമ്പത്തും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പ്രബോധിപ്പിക്കുവാൻ യേശുവിനെ പ്രേരിപ്പിച്ചത് യുവാവിന്റെ നിരാശയോടുകൂടിയ മടങ്ങിപ്പോക്കാണ് (മർക്കോസ് 10:23-27). ഒരുവന് സമൃദ്ധിയുണ്ടായാലും അവന്റെ സമ്പത്തല്ല അവന്റെ ആത്മരക്ഷയ്ക്കു കാരണമാകുന്നത് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. ചിന്തകളുടെയും നിരൂപണങ്ങളുടെയും കേന്ദ്രമായ ഹൃദയത്തിൽ ക്രിസ്തുവിന് സ്ഥാനം നൽകുമ്പോൾ അവൻ നമ്മുടെ ജീവിതത്തെ നിയന്ത്രിക്കും. ഹൃദയത്തിൽ സമ്പത്തു നിറച്ചാൽ സമ്പത്തു നമ്മെ നയിക്കും. അതുനമ്മെ ദു:ഖിപ്പിക്കും.

5. യേശുവിനെ അനുഗമിക്കുന്നതിന് ആ യുവാവിന് നേരിടേണ്ടിവന്ന തടസ്സത്തെക്കാൾ ശക്തമായ തടസ്സങ്ങൾ സമകാലിക യുവാക്കൾ നേരിടുന്നുണ്ട്. **ഉപഭോഗ സംസ്കാരത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ശക്തമായ സ്വാധീനം നമ്മുടെ യുവാക്കളെ വല്ലാതെ കീഴ്പ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങളുടെ അതിപ്രസരം യുവാക്കളെ പ്രതികൂലമായിട്ടാണ് ബാധിക്കുന്നത്. വിജ്ഞാനത്തെക്കാൾ വിനോദത്തിനു പ്രാധാന്യം നൽകുമ്പോൾ ചുമതലകളിൽ നിന്നും യാഥാർത്ഥ്യങ്ങളിൽ നിന്നും യുവാക്കൾ ഒഴിഞ്ഞുമാറുകയാണ്. യൗവ്വനമോഹങ്ങളുടെ തരളിത ഭാവങ്ങളെ തൊട്ടുണർത്തുന്ന ആധുനീക ജീവിത കാഴ്ചപ്പാട് ക്രൈസ്തവ യുവജനങ്ങൾക്ക് ഒരു വെല്ലുവിളിതന്നെയാണ്.** 1990 നുശേഷം കേരളത്തിലെ യുവതലമുറ യന്ത്രവൽക്കരണത്തിന്റെ സ്വാധീനത്തിലായിത്തീർന്നു. അവലിംഗ വ്യത്യാസം കൂടാതെ നമ്മുടെ യുവതലമുറയെ ശാക്തീകരിച്ചു. ആൺ-പെൺ വ്യത്യാസമില്ലാതെ ഏതു ജോലിയും യുവാക്കൾക്കു ചെയ്യാമെന്ന സ്ഥിതി അങ്ങനെയാണ് സംജാതമായത്. ലിംഗസമത്വത്തിനുവേണ്ടിയുള്ള പോരാട്ടങ്ങൾ മുതൽ ചുംബന സമരങ്ങൾ വരെ നമ്മുടെ യുവജനങ്ങളുടെ സ്വാതന്ത്ര്യ അഭിനിവേശത്തിന്റെ നിദർശനങ്ങളാണ്. സാമൂഹിക പദവികളിൽ ഇടം തേടുവാൻ സമ്പത്തുണ്ടാക്കുകയും ഉപഭോഗ സംസ്കാരത്തിന്റെ തള്ളിക്കയറ്റത്തിൽ അവ പ്രദർശിപ്പിക്കുകയും ചെയ്യുന്ന ജീവിത ക്രമത്തിന് ഉടമകളായി യുവതലമുറ മാറി. മാർക്കറ്റുകൾ ഹൈപ്പറും സൂപ്പറുമായി മാറിയപ്പോൾ ഇവർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിനുള്ള ഉപാധികളായി മാറി.

യേശുവിനെ ഗുരു എന്ന് ആ യുവാവ് അഭിസംബോധന ചെയ്തുവെങ്കിലും ശിഷ്യത്വത്തിലേക്ക് ഉയരുവാൻ അയാൾക്ക് കഴിഞ്ഞില്ല. വില നൽകി സമ്പാദിക്കേണ്ടതാണ് ശിഷ്യത്വം. എന്നാൽ നൽകേണ്ട വില ഭൗതികമായ സമ്പത്തല്ല, അതിനെ അന്യമാക്കുന്ന വിശ്വാസമാണ്.

മതജന്യമായ വൈര്യം (വർഗ്ഗീയ വിദ്വേഷം) നമ്മുടെ നാട്ടിൽ ശക്തമാകുന്നതിനൊപ്പം മത വൈര്യവും (Secularism) ശക്തമാവുകയാണ്. ദൈവത്തിന്റെ പേരിൽ മനുഷ്യൻ പരസ്പരം മല്ലടിക്കുന്നതിൽ നിരാശരാകുന്ന യുവതലമുറ ആദ്ധ്യാത്മിക രംഗത്തുനിന്ന് വിട്ടുനിൽക്കുകയോ അകലം പാലിക്കുകയോ ചെയ്യുന്നു. ഇത് അപകടകരമായ ദുരവസ്ഥയാണ്. ഇച്ഛിക്കുന്നത് നേടുന്നതിനുള്ള വഴി കർത്താവ് കാണിച്ചുതരുമ്പോൾ വ്യക്തികളുടെ ജീവിതത്തിന്റെ പുനർവായനതന്നെയാണ്. അത് ധീരമായി തന്നെ നിർവ്വഹിക്കണം. പിന്നോട്ടു പോകലല്ല ജീവിത വിജയത്തിന്റെ രസതന്ത്രം. മറിച്ച് പ്രത്യാശയോടെ മുന്നോട്ടു പോകുന്നതാണ് വിജയത്തിലെത്തിക്കുന്ന യാത്ര. അതിനു തയ്യാറാകുന്ന യൗവ്വനമാണ് സമൂഹത്തിന് ഇന്ന് ആവശ്യം. സാമൂഹ്യ മാധ്യമങ്ങളിൽ നിറഞ്ഞുനിൽക്കുകയല്ല മറിച്ച് സമൂഹത്തിന്റെ പ്രശ്നങ്ങളെ നെഞ്ചോട് ചേർത്ത് പ്രതികരിക്കുവാൻ ആധുനിക തലമുറക്കു കഴിയണം. വ്യക്തികൾ ഉൾവലിഞ്ഞ് സ്വകാര്യതകളിലേക്കു ചെറുതാകുന്ന ഇന്ന് ചലനാത്മകമായ യൗവ്വനത്തെ വെല്ലുവിളികളെ നേരിടുന്ന സാഹസികതയിലേക്കു നയിക്കാം. 'ഉദ്ദിഷ്ഠിത ജാഗ്രത പ്രാപ്തിവരാൻ നിബോധത' എന്ന ആഹ്വാനം യേശു നിർദ്ദേശിച്ച സാഹസികതയ്ക്കു സമാനമാണ്. നമ്മുടെ യുവതലമുറ ജാഗ്രതയും യാഥാർത്ഥ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്നവരുമായിത്തീരണം. യോദ്ധാവിന്റെ കൈയ്യിലെ അസ്ത്രങ്ങൾ പോലെ ശക്തമായ യൗവ്വനത്തെ നിയന്ത്രണ വിധേയമാക്കുവാൻ യുവതലമുറക്കു കഴിയണം (സങ്കീർത്തനം 127:4). യൗവ്വനമോഹം വിട്ടൊഴിയുന്ന (2 തിമൊഥെയോസ് 4:12), ദർശനങ്ങൾ കാണുന്ന യൗവ്വനക്കാർ (അപ്പൊസ്തോല പ്രവർത്തികൾ 2:17) എന്നും സമൂഹത്തിന് നവപ്രതീക്ഷകൾ പകരുന്നവരായിരിക്കും. ദർശനങ്ങൾ സഫലീകരിക്കുന്നവർ സാമൂഹ്യപരിവർത്തനത്തിന് ചാലകശക്തി പകരുന്നവരായിരിക്കും. നമ്മുടെ യുവതലമുറ നിത്യജീവന് ഉടമകളായി മാറ്റത്തിന്റെ സന്ദേശം പേറുന്നവരായിത്തീരട്ടെ.

■

സ്മരണാഞ്ജലി

പി. ഐ. പാപ്പച്ചൻ
എക്സ് - മുൻസിപ്പൽ ചെയർമാൻ
കുന്നംകുളം

പി. ഐ. ചിന്നമ്മ
റിട്ടയേഡ് ടീച്ചർ
എസ്. എം. യു. പി. സ്കൂൾ
ഇരിങ്ങപ്പുറം

പുലിക്കോട്ടിൽ ഹൗസ്, എം. ജി. ആർ. എ. നമ്പർ 15, മഹാത്മാഗാന്ധി റോഡ്, കുന്നംകുളം
ഫോൺ: 04885 222622

ഗോൾഡൻ ജൂബിലി ആശംസകളോടെ ......

Ph:+91 7907 752 046, +91 9633 102 519
Email:ipdigitalsolution2018@gmail.com

IP DIGITAL SOLUTION

Punnathoor Road

Wedding Card | Air Ticket | Train Ticket | Photostat | Clicut University Registration | Psc Registration | Passport Registration | Lamination | Spiral Binding | Visting Card

Seal | Pancard | Printing | Email | Colour Print

**NEAR ARYABHATTA COLLEGE, PUTHENPALLY POST,
PUNNATHOOR ROAD, GURUVAYUR - 680103**

പരിശുദ്ധന്റെ തിരുനാമത്തിൽ പ്രഥമ ദേവാലയം

ഡോ. എം. കുര്യൻ തോമസ്

കുന്നംകുളത്തിന് മലങ്കരസഭയിൽ സവിശേഷമായ ഒരു സ്ഥാനമുണ്ട്. ഇതര ഭാഗങ്ങളിൽനിന്നും വ്യത്യസ്ഥമായ ഒരു സംസ്കാരം പിന്തുടരുന്ന സവിശേഷമായ ഒരു സമൂഹമാണ് കുന്നംകുളം നസ്രാണികൾ. അതേസമയംതന്നെ പാശ്ചാത്യവത്കരണത്തിനു കീഴ്പ്പെടാതെ നസ്രാണി സംസ്കാരം ഒരു പരിധിവരെയെങ്കിലും ഇന്നും കാത്തുസൂക്ഷിക്കുന്ന അവസാനത്തെ തുരുത്തുമാണ് കുന്നംകുളം.

കുന്നംകുളത്തിന് മലങ്കരയിൽ മറ്റൊരു സവിശേഷസ്ഥാനം കൂടിയുണ്ട്. ഇന്ത്യൻ വംശജരിൽനിന്നും ക്രൈസ്തവ പരിശുദ്ധന്മാരുടെ നിരയിലേയ്ക്ക് ആദ്യം ഉയർത്തപ്പെട്ട വ്യക്തിയായ പ. പരുമല തിരുമേനിയുടെ പേരിൽ ആദ്യമായി ഒരു ദേവാലയം സ്ഥാപിച്ചത് കുന്നംകുളത്താണ്. 1902 നവംബർ 2-നു കാലം ചെയ്ത അദ്ദേഹത്തിന്റെ പേരിൽ മാസങ്ങൾക്കുള്ളിൽ സ്മാരകകുരിശും തുടർന്ന് ചാപ്പലും കുന്നംകുളത്ത് ഉയർന്നു. അക്കാലത്തു തന്നെ അദ്ദേഹത്തിന്റെ തിരുശേഷിപ്പും അവിടെ സ്ഥാപിതമായി. 1947 നവംബർ 2-നു മാത്രമാണ് പ. സഭ അദ്ദേഹത്തെ പരിശുദ്ധന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയത് എന്നുകൂടി ഓർക്കണം.

എല്ലാക്കാലത്തും മലങ്കരയുടെ ജാതിക്കു തലവന്മാരോട് ഏതാണ്ട് അന്ധമെന്നുതന്നെ വിശേഷിപ്പിക്കാവുന്ന വിധേയത്വവും ആരാധനയും പുലർത്തിയിരുന്ന കുന്നംകുളം നസ്രാണികളോട് അതിനാൽത്തന്നെ സഭാദ്ധ്യക്ഷന്മാർക്ക് പ്രത്യേക വാൽസല്യവും കരുതലും ഉണ്ടായിരുന്നു. പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് രണ്ടാമനും, ആധുനിക മലങ്കരസഭയ്ക്ക് ആത്മീകവും ലൗകീകവുമായ അടിസ്ഥാനമിട്ട പുലിക്കോട്ടിൽ മാർ ജോസഫ് ദീവന്നാസ്യോസ് അഞ്ചാമനും മലങ്കര മെത്രാപ്പോലീത്താമാരായതോടുകൂടി ഈ ബന്ധം കൂടുതൽ സുദൃഢമായി.

1876-77 കാലഘട്ടത്തിലാണ് മലങ്കര മെത്രാനെക്കൂടാതെ കൂടുതൽ മെത്രാന്മാർ മലങ്കരയിൽ ഉണ്ടാകുന്നത്. അവരിൽ മലങ്കരയിലെങ്ങും നിറഞ്ഞുനിന്നത് പരുമല കൊച്ചുതിരുമേനി എന്നറിയപ്പെടുന്ന ചാത്തുരുത്തിൽ ഗീവർഗീസ് മാർ

ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. നിരണത്തിനു പുറമെ പിന്നീട് കൊല്ലം, തുമ്പമൺ ഭദ്രാസനങ്ങളുടെ ഭരണംകൂടി അദ്ദേഹത്തിനു ലഭിച്ചു. അതിനേക്കാൾ ഉപരി, ഈ പൊതുജനസ്വീകാര്യതയും കർമ്മശ്ശേഷിയുംകൂടി കണക്കിലെടുത്താണ് 1895–ൽ മാനേജിംഗ് കമ്മറ്റി, പ. പരുമല തിരുമേനിയെ അസിസ്റ്റന്റ് മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചത്.

പ. പരുമല തിരുമേനി എത്രപ്രാവശ്യം കുന്നംകുളം സന്ദർശിച്ചെന്നോ മൊത്തം എത്ര കാലം കുന്നംകുളത്തു താമസിച്ചെന്നോ കൃത്യമായ രേഖയൊന്നുമില്ല. അദ്ദേഹം ആദ്യമായി പട്ടംകൊടുക്കുന്നത് 1877 മെയ് 8–നു ചാലിശ്ശേരി പള്ളിയിൽവെച്ചാണ്. തന്റെ ജീവിതകാലത്ത് മൂന്നു തവണ കുന്നംകുളത്തും പരിസര പ്രദേശങ്ങളിലുമുള്ള പള്ളികളിൽവെച്ച് അദ്ദേഹം വിവിധസ്ഥാനങ്ങളിലേയ്ക്ക് പട്ടംകൊട നടത്തിയിട്ടുണ്ട്. ആ പള്ളികൾക്കായി മൊത്തം ഒൻപതു പേർക്ക് അദ്ദേഹം വിവിധ പട്ടങ്ങൾ കൊടുത്തതായി കാണുന്നു. ഇവ കൂടാതെ, 1899 ജൂലൈ 3–ന് മാർ അൽവാറീസ് യൂലിയോസിന്റെ ഇടവകയിൽപ്പെട്ട ഡിൻഡുഗൽ സ്വദേശി ഫാ. വാൾട്ടർ കാമ്പീസിനെ കോർ–എപ്പിസ്ക്കോപ്പാ സ്ഥാനത്തേയ്ക്ക് ഉയർത്തുന്നത് കുന്നംകുളം സെഹിയോൻ ബംഗ്ലാവിൽ വെച്ചാണ്.

With the introduction of non- traditional and modern system of education, the intellectual life of Kerala had begun to undergo revolutionary changes. Now the people of Kerala were familiar with the ideas of democracy, sovereignty of the people, rationalism and humanism. These new ideas helped the people of India to examine critically their own society, economy and the true nature of colonial imperialism. Modern ideas were spread by the press, pamphlets, lectures and political parties. Modern education was introduced in Kerala especially in Travancore after 1813 and it continued to spread through the efforts of the Government, missionaries, both native and foreign, and private individuals. The present century asks the Churches to come together and to work together for a revolutionary interaction with the society. Considering the primeval unity, the Christian Churches are potential enough to fight the social evils, distorted educational system, and the cultural misdirection of the social order. Centuries back, those areas of Christian initiation were of hardships and loss. But now a days there are a number of allegations towards the Christian Churches regarding forcible conversion, profit making institutions associated with education and medical mission and self financing colleges. To a certain extent many of the allegations are partially true. In spite of the great revolutionary changes that brought about by the Christian Churches in the early centuries, in the social, educational and cultural fields, now it is essential to find out new ventures of hardships and loss as the areas of Christian concern. The duty of a pioneer is to prepare a path for the anticipated. The Church as the pioneer to guide the destinies of the people, there are lot of missions other than running schools, colleges and hospitals, for the social transformation of the society. As far as the existing institutions are concerned, the Church has to consider the poor and needy.

The fact that the Christian Church first appeared in India, as elsewhere, as a fellowship of self-governing communities, belonging to the same body and born into the same new life, may yet light the path to a future of peace, within and beyond the Orthodox community. ■

IN LOVING MEMORY OF

C.T.KUNJHIPALU & ROSY PAUL

(05/05/2004) (05/12/2002)

Inserted by: C.K. Babu & Family

Statement of Ownership & particulars about the publication of
GOLDEN JUBILEE SMARANIKA

Editor: K.C.Laughson
Chairman: Fr.John Urumbil, Vicar
Layout : dotcreation, Kunnamkulam
Printing : Kerala Offset Press, Kunnamkulam
Place of Publication : Kunnamkulam
Periodicty of Publication: Golden Jubilee Celebration

Publisher : T.I.Ullas
Nationaly : Indian
Address: Trustee
St.Gregorios Orthodox Syrian Church
Main Road, Kunnamkulam-680503
Thrissur D.t, Kerala

I, K.C.Laughson, hereby declare that the particulars given above are true to the best of my knowledge and belief

Kunnamkulam
December,2018

Sd/-
K.C.Laughson

All the responsibilities and liabilities including legal related to the contents of each article blended in this Souvenir, exclusively to the authors only

ശുദ്ധ സ്ഥലികൾ

ഫാ.അബ്രഹാം തോമസ്
(പഴയ സെമിനാരി, കോട്ടയം)
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് എക്യുമെനിക്കൽ റിലേഷൻസ്,
കാതോലിക്കേറ്റ് അരമന, ദേവലോകം

ചില സ്ഥലങ്ങൾക്ക് സവിശേഷമായ വിശുദ്ധിയുണ്ട്. ചില സ്ഥലങ്ങളെ നമ്മൾ വിശുദ്ധമായി വേർതിരിക്കാറുമുണ്ട്. സ്വതവേ വിശുദ്ധമായ സ്ഥലങ്ങൾ ചിലപ്പോൾ അനേകകാലം മറഞ്ഞിരിക്കും. യോഗികളായവരോ ഭക്തരോ ചിലപ്പോൾ ആ സ്ഥലത്തിന്റെ സ്വാഭാവിക വിശുദ്ധി കണ്ടെത്തും. ഇത്തരത്തിൽ സ്വാഭാവികമായി വിശുദ്ധിയുള്ള സ്ഥലങ്ങളിലേക്ക് ജനങ്ങൾ ശാന്തി തേടിയെത്തും. യോഗിയായ പരിശുദ്ധ പരുമല തിരുമേനിയും പിന്നീട് ഭക്തരായ ജനങ്ങളും മെയിൻ റോഡ് കുരിശുപള്ളിയുടെ സ്വാഭാവിക വിശുദ്ധി കണ്ടെത്തി ഇന്ന് അത് അനേകർക്ക് ശാന്തി നൽകുന്ന സ്വാഭാവിക ശുദ്ധ സ്ഥലിയാണ്.

ബഥേലിന്റെ വിശുദ്ധി

സ്ഥലങ്ങളുടെ സ്വാഭാവിക ശുദ്ധത കണ്ടെത്തുന്നതോ വെളിപ്പെടുന്നതോ ഒരു പുതിയ കാര്യമല്ല. പണ്ട് യാക്കോബ് അരക്ഷിതനായി ഓടിപ്പോയി വിജനപ്രദേശത്ത് എത്തിയപ്പോൾ കല്ല് തലയിണയായി വച്ച് ക്ഷീണിതനായി ഉറങ്ങി. അവിടെ ഗാഢനിദ്രയിൽ ഒരു സ്വപ്നം കാണുന്നു "ഭൂമിയിൽ വച്ചിരിക്കുന്ന ഒരു ഗോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയും ആയിരുന്നു". (ഉൽപ്പത്തി 28:12). അവിടെ യാക്കോബിന് ഭാവിയെസംബന്ധിച്ച് ശുഭപ്രതീക്ഷയുടെ വാഗ്ദാനങ്ങൾ കേൾക്കുന്നു. "യഹോവ ഈ സ്ഥലത്തുണ്ട് ഞാനോ അത് അറിഞ്ഞില്ല" എന്ന് പറഞ്ഞുകൊണ്ടാണ് യാക്കോബ് ഉണരുന്നത്. വിശുദ്ധി വെളിപ്പെട്ട സ്ഥലം - ബഥേൽ - ദൈവത്തിന്റെ ഭവനം, എന്ന് പേര് ആ സ്ഥലത്തിനുണ്ടായി. ആ സ്ഥലത്തിന്റെ വിശുദ്ധിയിൽ രണ്ട് ശ്രദ്ധേയമായ ശൈലികൾ പ്രയോഗത്തിൽ ഉണ്ടായി.

1. സ്വർഗ്ഗത്തിലേക്കുള്ള കോവണി

(The Ladder of Divine Ascend)

മഹോന്നതങ്ങളിലേക്ക് കയറുകയും ഇറങ്ങുകയും ചെയ്യുന്ന സ്വർഗ്ഗീയ സൈന്യത്തെ യാക്കോബ് കാണുന്നു. അവിടെ യാക്കോബ് ദൈവീക ശബ്ദം കേൾക്കുകയും ചെയ്യുന്നു. ഈ കുരിശു പള്ളിയുടെയും വിശുദ്ധി അതാണ്. ഇവിടെ സ്വർഗ്ഗത്തിലേക്കുള്ള പടികളുണ്ട്. മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നുണ്ട്. ദൈവം നമ്മോട് പ്രത്യാശ സംസാരിക്കുന്നു ഇവിടെ. നമ്മൾക്കും ഉയരങ്ങളിലേക്ക് കയറുവാനുള്ള പടികൾ ഇവിടെ നിശ്ചയമായും ഉണ്ട്.

യാക്കോബിന്റെ കാലത്തിനും നൂറ്റാണ്ടുകൾക്ക് ശേഷം സീനായ് പർവ്വതത്തിലെ ഒരു ക്രിസ്തീയ സന്യാസ ആശ്രമത്തിൽ (St. Catherine's Monastery) ജോൺ ക്ലിമാക്കസ് എന്ന ഒരു സന്യാസിക്കും തുല്യമായ ഒരു വെളിപാടുണ്ടായി. സ്വർഗ്ഗത്തിലേക്കുള്ള കോവണിയും അദ്ദേഹം കണ്ടു. ഉയരത്തിലേക്കു കയറുന്നവരെയും! അദ്ദേഹം അവയെല്ലാം വിശദമായി രേഖപ്പെടുത്തി. ആദ്ധ്യാത്മിക ഉന്നതിയിലേക്ക് കയറുവാനുള്ള 30 പടികളായി അദ്ദേഹം കണ്ടത് കുറിച്ചുവെച്ചു.

ദൈവസ്നേഹത്തിന്റെ തിരിച്ചറിയൽ, പ്രാർത്ഥനയുടെ സന്തോഷം, മൗനത്തിന്റെ ശക്തി, വിനയത്തിന്റെ കരുത്ത്, ഇങ്ങനെ വൈവിധ്യമായ പടികൾ! നമ്മുടെ ഈ പ്രാർത്ഥനാ തലവും ഈ ശ്രേഷ്ഠ പടികളുടേതാണ്.

2. സ്വർഗ്ഗത്തിലേക്കുള്ള വാതിൽ (Doors to Heaven)

സ്വപ്നത്തിൽനിന്ന് ഉണർന്ന യാക്കോബ്, "ഇത് സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ" (ഉൽപ്പത്തി 28:17) എന്നുപറഞ്ഞു. ഈ തിരിച്ചറിവ് യാക്കോബിനെ നയിച്ചത് ആരാധനയിലേക്കാണ്. ഒരു കല്ലെടുത്ത് തൂണായി നിർത്തി അതിന്മേൽ എണ്ണ ഒഴിച്ചു; അങ്ങനെ പ്രാർത്ഥിക്കുന്നു. ആരാധനയ്ക്കുശേഷം "നീ എനിക്കു തരുന്ന സകലത്തിലും ഞാൻ നിനക്ക് ദശാംശം തരും" (28:22) എന്ന ഉറച്ചതീരുമാനവും എടുക്കുന്നു. ആരാധനയോടൊപ്പം ലഭ്യമാകുന്ന വിഭവങ്ങളുടെ പങ്കുവയ്ക്കലും തീരുമാനിക്കുന്നു. 'സ്വർഗ്ഗത്തിൽ വാതിൽ തുറക്കും താക്കോലാകണം' നമ്മുടെ പ്രാർത്ഥന എന്ന് നാം പ്രാർത്ഥിക്കാറുണ്ട്.

മുൾപ്പടർപ്പിന്റെ വിശുദ്ധി

മരുപ്പച്ചയിൽ ആടുമേയ്ച്ചുകൊണ്ടിരിക്കുകയായിരുന്നു മോശ. സ്വന്ത ജനം ദൂരെ സ്ഥലത്ത് അടിമത്വത്തിൽ - ബാല്യവും യൗവ്വനവും ഒക്കെ പിന്നിട്ട കൊട്ടാരത്തിന്റെ അനുഭവും അന്യമായി. അവിടെ മുൾപ്പടർപ്പിൽ ദൈവം അവനോടു സംസാരിച്ചു (പുറ.3). സ്ഥലത്തിന്റെ വിശുദ്ധി മോശയോടു വെളിപ്പെടുത്തുകയും ചെയ്തു. ഇവിടെയും നമ്മുടെ സാധാരണ ജീവിതത്തോട് ബന്ധപ്പെടുത്താവുന്ന ആത്മീക ശൈലികൾ നമ്മൾക്ക് കാണാവുന്നതാണ്.

1. കത്തിയമരാത്ത മുൾപ്പടർപ്പിന്റെ സ്ഥലം

മുൾപ്പടർപ്പിൽ അഗ്നി പടരുന്നുണ്ട്. പക്ഷേ അത് അഗ്നിക്കിരയാകുന്നില്ല. ഈ കുരിശ് പള്ളി നമ്മൾക്ക് അഗ്നിക്കിരയാകാത്ത മുൾപ്പടർപ്പാണ്. തീവ്രാഗ്നിയുടെ, ചൂടുള്ള നമ്മെ കരിയിച്ചുകളയുന്ന അനുഭവങ്ങൾ ജീവിതത്തിൽ ഉണ്ടാകും. പക്ഷേ കരിഞ്ഞ്അമരാത്ത മുൾപ്പടർപ്പായി ഈ വിശുദ്ധ സ്ഥലം നമ്മൾക്കുണ്ട്. ഈ സ്ഥലത്തിന്റെ വിശുദ്ധി നമ്മുടെ അഗ്നിപരീക്ഷണങ്ങളിൽ കത്തിയമരാതെ നമ്മെ സംരക്ഷിക്കും.

പിന്നീട് പൗരസ്ത്യ പിതാക്കന്മാർ കത്തിയമരാത്ത മുൾപ്പടർപ്പിനെ കന്യകമറിയാമിന്റെ പ്രതീകമായി കാണുന്നുണ്ട്. (അഗ്നി പരീക്ഷണങ്ങളിൽ എരിയുന്നില്ല എന്നുമാത്രമല്ല സകലത്തിനും ഉപരിയായ സൃഷ്ടാവിനെ വഹിച്ചിട്ടും മാതാവ് കത്തിയെരിയുന്നില്ല എന്ന അർത്ഥത്തിൽ മാതാവ് പ്രതീകമാകുന്നു.) നമുക്ക് ഈ വിശുദ്ധ സ്ഥലം പരിശുദ്ധ ദൈവമാതാവിന്റെ പ്രതീകമാണ്. കാരണം മാതാവിനെപ്പോലെ സ്വയംഭൂവായ തമ്പുരാനെ ഈ സ്ഥലം വഹിക്കുന്നു!

സ്വാതന്ത്രത്തിന്റെ വാഗ്ദത്ത സ്ഥലം

മുൾപ്പടർപ്പിലെ അഗ്നിയിൽ നിന്നാണ് മോശെയ്ക്ക് സ്വാതന്ത്ര്യത്തിനുള്ള സന്ദേശവും ആഹ്വാനവും എല്ലാം ലഭിക്കുന്നത്. അടിമത്വത്തിലായിരിക്കുന്നവർക്ക് ദൈവിക സ്വാതന്ത്ര്യം ലഭിക്കും എന്ന സന്ദേശവും ഉറപ്പും ഇവിടെ നിന്നും ലഭിക്കുന്നു. നമുക്കും ഈ വിശുദ്ധ സ്ഥലം ദൈവികമായ സ്വാതന്ത്യം തരും. ഭയത്തിന്റെയോ ആശങ്കകളുടെയോ നിരാശയുടെയോ ഒക്കെ അടിമത്വത്തിലായിരിക്കും നാം. പക്ഷേ ഈ കുരുശു പള്ളിയാകുന്ന എരിഞ്ഞമരാത്ത മുൾപ്പടർപ്പ് നമ്മളെ സർവ്വ ഭയത്തിൽ നിന്നും സ്വതന്ത്രരാക്കും. നമ്മുടെ ഈ പുണ്യസ്ഥലം സ്വർഗ്ഗത്തിലേക്കുള്ള വാതിൽ തന്നെയാണ്. ആരാധനയും സുകൃതജീവിതത്തിനുള്ള തീരുമാനവും നമ്മൾക്ക് ഇവിടെവച്ചു എടുക്കുന്നതിന് കഴിയും.

ഉപസംഹാരം

വിശുദ്ധമായി വേർതിരിക്കപ്പെട്ട സ്ഥലങ്ങളും വിശുദ്ധമായി വെളിപ്പെട്ട സ്ഥലങ്ങളും എല്ലാം നമ്മൾക്ക് പ്രധാനപ്പെട്ടതാണ്. നമ്മിൽ സമാധാനത്തിലേക്കും വിശുദ്ധിയിലേക്കും നയിക്കുന്ന ശുദ്ധ സ്ഥലികളാണ് അവ. ■

വികാരി



ഫാ.ജോൺ ഉറുമ്പിൽ

ഇടവകയിലെ വൈദീകർ

ഫാ.പത്രോസ്.ജി.പുലിക്കോട്ടിൽ

ഫാ.റ്റി.സി.ജയ്ക്കബ്ബ്

കൈസ്ഥാനി

റ്റി.ഐ.ഉല്ലാസ്
ജനറൽ കൺവീനർ

സെക്രട്ടറി & സഭാമാനേജിംഗ് കമ്മറ്റി മെമ്പർ



സി.കെ.ബാബു
ജോ. കൺവീനർ

ഗോൾഡൻ ജൂബിലി കമ്മറ്റി കൺവീനർമാർ

റ്റി.സി.പോൾ
പ്രോഗ്രാം കമ്മറ്റി

ലോഫ്സൺ കെ.സി
സോവനിയർ, റിസപ്ഷൻ കമ്മറ്റി



ഗീവർ ഐ.പി
പബ്ലിസിറ്റി കമ്മറ്റി

ജോജി ജോർജ്ജ് പി.
ഫുഡ് കമ്മറ്റി

വി.ഐ.സ്റ്റീഫൻ
ഡെക്കറേഷൻ കമ്മറ്റി

സജു ടി.സി
പ്രൊസഷൻ കമ്മറ്റി

പോൾസൺ ഇ.വി
ക്വയർ കമ്മറ്റി

സൂസ്സൻ ഗീവർഗ്ഗീസ്
വോളണ്ടിയർ കമ്മറ്റി

കെ.എസ്.സണ്ണി
മീഡിയ കമ്മറ്റി

AB&D
ADEN Builders & Developers

Kaniyampal, Kunnamkulam
Mob : 9744101003
Email : adenbuilders001@gmail.com

MANAGING COMMITTEE 2018 - 19

ഇരിക്കുന്നവർ : സൂസൻ ഗീവർഗ്ഗീസ്, റ്റി.ഐ.ഉല്ലാസ് (കൈസ്ഥാനി), ഫാ.ജോൺ ഉറുമ്പിൽ (വികാരി), സി.കെ.ബാബു (സെക്രട്ടറി), സി.സി.ലാസർ

നിൽക്കുന്നവർ : പി.പി.പീറ്റർ (ഓഡിറ്റർ), കെ.എസ്.സണ്ണി, ഐ.പി.ഗീവർ, ഐസക്ക് പാപ്പച്ചൻ, സിജു സി.ഉല്ലാസ്, മോൻബി കെ.പി , കെ.സി. ലോഫ്സൺ, വി.ഐ.സ്റ്റീഫൻ, റ്റി.സി.പോൾ

GOLDEN JUBILEE SOUVENIR COMMITTEE



ഫാ.ജോൺ ഉറുമ്പിൽ
പ്രസിഡന്റ്

റ്റി.ഐ.ഉല്ലാസ്
ജനറൽ കൺവീനർ

സി.കെ.ബാബു
കോ-ഓഡിനേറ്റർ



ലോഫ്സൺ കെ.സി
കൺവീനർ

അഡ്വ.ഡോ.പി.സി.മാത്യു

ജോഷി.പി.പോൾ

ഡോ.ഗ്രിഗർ ചെറി
വില്യംസ്

ജിംസ്.പി.ഉട്ടൂപ്പ്

മിനി വിൽസൺ

ജാനസ് സാമുവേൽ

മീന ജോൺസ്
പുലിക്കോട്ടിൽ

സൂസൻ ഗീവർഗ്ഗീസ്

ബീന ബാബു

ജോളമ്മ പത്രോസ്

ജാസ്മിൻ ഡോണി

മിസ ജുബീഷ്

മിനി സൈമൺ എം.

പാവന സ്മരണയ്ക്ക്

പാപ്പച്ചൻ കൊച്ചന്ന

വടക്കേതലക്കൽ, തെക്കേഅങ്ങാടി, കുന്നംകുളം

ചാക്കുണ്ണി സാറാമ്മ

പുലിക്കോട്ടിൽ, കടവല്ലൂർ

കാക്കപ്പൻ ശോശാമ്മ

പുലിക്കോട്ടിൽ, പയ്യൂർ

സണ്ടേസ്കൂൾ

മർത്ത്മറിയം സമാജം

Beekay
Foams Pvt.Ltd.
Plot No: 10, Kinfra SIP
Ernakulam Dist., Kerala 686669
Ph: (OFF) : 0484-2769100/200
7558054644, 8137903642
Manufacturers of Flexible Polyurethane Foam

സണ്ടേസ്കൂൾ അദ്ധ്യാപകർ

ക്വയർ

സണ്ടേസ്കൂൾ പൂർവ്വവിദ്യാർത്ഥികൾ

Biju John Pulikkottil
Mob: 9847016048
email: bijujohnkkm@gmail.com

വാഹനങ്ങളുടെ ഇൻഷൂറൻസ്,
ലൈഫ് ഇൻഷൂറൻസ്, ഹെൽത്ത് ഇൻഷൂറൻസ്
മെഡിക്ലെയിം പദ്ധതികൾക്ക്

ചികിത്സ ചിലവുകൾക്ക്
ആശ്വാസമായി
STAR Health Insurance
Personal & Caring
The Health Insurance Specialist
Star Health and Allied Insurance Co.Ltd

LIC
भारतीय जीवन बीमा निगम
LIFE INSURANCE CORPORATION OF INDIA
ജീവിതത്തിന് ഒപ്പവും ജീവിതത്തിന് ശേഷവും

THE NEW INDIA ASSURANCE COMPANY LTD.

new Fashion Footwear

പ്രൈം സ്ക്വയർ ബിൽഡിങ്, ആളൂർ റോഡ്, കേച്ചേരി 9745343680

സണ്ടേസ്കൂൾ ഇടവകയുടെ ജീവനാഡി

ഫാ.ഡോ.റെജി മാത്യു

ഡീൻ ഓഫ് സ്റ്റഡീസ്, പഴയ സെമിനാരി, കോട്ടയം
മുൻ ഡയറക്ടർ ജനറൽ ഒ.എസ്.എസ്.എ.ഇ
മുൻ പ്രിൻസിപ്പാൾ വൈദീക സെമിനാരി, നാഗ്പൂർ

കുന്നംകുളം മെയിൻ റോഡ് സെയ്ന്റ് ഗ്രീഗോറിയോസ് ദേവാലയം അതിന്റെ ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ നമ്മുടെ വിദ്യാഭ്യാസരംഗത്തെപ്പറ്റി പൊതുവായും സണ്ടേസ്കുളിനെപ്പറ്റി പ്രത്യേകിച്ചും പഠനങ്ങൾ നടത്തുവാൻ നമുക്ക് കമെയുണ്ട്.

ഗുരുകുല വിദ്യാഭ്യാസം

ഇന്ത്യയിലെ പുരാതന വിദ്യാഭ്യാസ രീതി "ഗുരുകുല" സമ്പ്രദായമായിരുന്നുവല്ലോ. ഒരു കുട്ടി ഗുരുവിന്റെ വീട്ടിൽ "ഉണ്ടുതാമസിച്ച് "ഏതാനും വർഷങ്ങൾക്കൊണ്ട് തനിക്കാവശ്യമായ അറിവ് സമ്പാദിക്കുകയും പഠനം പൂർത്തിയാക്കുന്ന സമയം തന്റെ അദ്ധ്യാപകന് ഗുരു ദക്ഷിണ നൽകി യാത്രയാവുകയും ചെയ്യുന്നതായിരുന്നു വല്ലോ ഗുരുകുല സമ്പ്രദായം. ഇവിടെ വിദ്യാഭ്യാസം എന്നത് തികച്ചും വ്യക്തികേന്ദ്രീകൃതമായിരുന്നു. ഗുരുകുലത്തിൽ താമസിച്ചിരുന്ന വിദ്യാർത്ഥികൾ ഏവരും തുല്യരായിരുന്നു. പഠനവും ജോലികളും ഒന്നു ചേർന്നു നടന്നു വന്നു. ഒരു ദിവസത്തിന്റെ കുറേ സമയം പഠനവും ബാക്കി മറ്റെന്തോ ഒന്നിനുവേണ്ടി എന്ന സമയക്രമം ഉണ്ടായിരുന്നില്ല. തനിക്കു ചുറ്റുപാടും സംഭവിക്കുന്ന കാര്യങ്ങൾ, അതു രാഷ്ട്രീയമായിരുന്നാലും സാമുഹികമായിരുന്നാലും ഗുരുവും ശിഷ്യനും ഒന്നുപോലെ ഉൾക്കൊള്ളുവാനും അപഗ്രഥിക്കുവാനും ശ്രമിച്ചിരുന്നു. മറ്റു മനുഷ്യരുടെ സന്തോഷങ്ങളും ദു:ഖങ്ങളും ഗുരുവിന്റെ ശ്രേഷ്ഠമായ ഉപദേശങ്ങളോടനുബന്ധിച്ച് ശിഷ്യൻ ഗ്രഹിക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഈ "പ്രാകൃത" വിദ്യാഭ്യാസരീതിയ്ക്ക് മാറ്റം വന്നത് പത്തൊൻപതാം നൂറ്റാണ്ടോടുകൂടിയാണ്.

മലങ്കരസഭയിലെ മതബോധനവും അതുവരെ ഏതാണ്ട് ഗുരുകുല സാഹചര്യത്തിൽ ആയിരുന്നിരിക്കണം നടന്നുവന്നത്. എല്ലാ കുട്ടികൾക്കും ആവശ്യത്തിന് വേദപുസ്തക പരിചയവും, സഭാവിജ്ഞാനീയ ക്ലാസുകളും ലഭിച്ചിരുന്നു എന്നു കരുതുവാൻ നിവൃത്തിയില്ല. വൈദിക വൃത്തിയിലേക്ക് വരുന്നവർ "മല്പാൻ പാഠശാല" കളിലൂടെ അറിവുനേടുകയും സാധാരണ ജനങ്ങൾ അവരിൽനിന്ന് സാന്ദർഭികമായി വീണുകിട്ടുന്ന ശകലങ്ങൾ ഉൾക്കൊള്ളുകയുമായിരുന്നിരിക്കണം ചെയ്തുവന്നത്. മാത്രവുമല്ല ഓരോ വിശ്വാസിയും സഭയെപ്പറ്റിയും, വേദപുസ്തകത്തെപറ്റിയും, ദൈവ ശാസ്ത്രത്തെപ്പറ്റിയും പഠിച്ചിരിക്കണം എന്ന ചിന്തയും അക്കാലത്ത് നിലവിലുണ്ടായിരുന്നില്ല. അത്തരം ഒരു ചിന്താഗതി ഇക്കഴിഞ്ഞ നൂറ്റാണ്ടിലായിരുന്നിരിക്കണം വളർച്ച പ്രാപിച്ചത്.

ഇന്ത്യൻ വിദ്യാഭ്യാസ മേഖല ഇന്ന്

എന്തായിരുന്നാലും സണ്ടേസ്കൂൾ എന്ന വാക്കിൽ തന്നെ സാധാരണ സ്കൂളിലെ പഠനരീതിയാണ് ഞായറാഴ്ച നടത്തുന്ന ഞായറാഴ്ച സ്കൂളിലും ഉള്ളത് എന്ന ധ്വനി പ്രകടമാണ്. അതിനാൽ ഇന്നത്തെ വിദ്യാഭ്യാസരീതിയെന്താണ്? അതിന്റെ സാദ്ധ്യതകൾ എന്തൊക്കെയാണ്? ഇന്നത്തെ പഠനരീതിക്കുള്ള പരിമിതികൾ ഏവ? എന്നീ കാര്യങ്ങൾ ചർച്ചചെയ്തിട്ടുമാത്രം സൺഡേസ്കൂളിനെപ്പറ്റി ചിന്തിക്കുന്നതായിരിക്കും ഉചിതം. ബ്രിട്ടീഷ് ഗവൺമെന്റിന്റെ സ്വാധീനത്തിൽ 1855-ലാണ് ഇന്ത്യയിൽ Department of Public Instruction ആരംഭിച്ചത്. അന്നു മുതൽ ഇങ്ങോട്ട് ഇന്ത്യയിലെ വിദ്യാഭ്യാസരീതി പാശ്ചാത്യപഠന സമ്പ്രദായത്തിന്റെ മാതൃകയിലാണ്. ഇന്നു കാണുന്ന പൊതു വിദ്യാഭ്യാസം 10+2+4/3 എന്നത് അമേരിക്കൻ പഠനസമ്പ്രദായത്തോടു ചേർന്നു

നിൽക്കുന്നു. ആറു മുതൽ 14 വരെ പ്രായമുള്ള കുട്ടികൾക്ക് Elementary School വിദ്യാഭ്യാസം നിർബന്ധിതമാക്കുകയും, സൗജന്യമാക്കുകയും ചെയ്തത് ഇന്ത്യയിലെ സാക്ഷരതയുടെ അളവുകൂട്ടാൻ സഹായിച്ചിട്ടുണ്ട്. ഇന്ന് പട്ടണങ്ങളിൽ 80.3 ശതമാനവും ഗ്രാമങ്ങളിൽ 59.4 ശതമാനവും ആളുകൾക്ക് എഴുതുവാനും വായിക്കാനുമറിയാം എന്നതാണ് ഗവൺമെന്റ് പറയുന്നത്. മൊത്തത്തിലുള്ളതിൽ 54.16 ശതമാനം വനിതകളും അക്ഷരാഭ്യാസമുള്ളവരാണെന്നതാണ് പൊതുകണക്ക്. ഇന്ത്യയിലെ എല്ലാ കുട്ടികളും വർഗ്ഗ, വർണ്ണ, സാമ്പത്തിക വ്യത്യാസമില്ലാതെ പ്രാഥമിക വിദ്യാഭ്യാസം നേടുവാനുള്ള സാഹചര്യം ഇപ്പോഴുണ്ട്. ഇന്ത്യാ ഗവൺവെന്റിന്റെ പതിനൊന്നാം പദ്ധതിയിൽ 70,000 കോടിരൂപയാണ് ഇതിനായി നീക്കിവച്ചിരിക്കുന്നത്. മൊത്തം ചിലവിൽ 65% കേന്ദ്രഗവൺമെന്റും 35% സംസ്ഥാന സർക്കാരുകളും ഏറ്റെടുക്കുന്ന ഈ മേഖലയിൽ 7000 എൻ.ജി.ഒ.കൾ Partnership ഏറ്റെടുത്തിട്ടുണ്ട്. ഇതിലൊക്കെ ഉപരിയാണ് സർക്കാർ ചുമത്തുന്ന Education Cess. വരുമാന നികുതിയുടെയും , എക്സൈസ്, കസ്റ്റംസ് ഡ്യൂട്ടിയുടെയും 6% ഈ രീതിയിൽ വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്നു.

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗം അതിന്റെ വലിപ്പംകൊണ്ട് ചൈനയും, അമേരിക്കയും കഴിഞ്ഞാൽ മൂന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ്. വിവിധ തരത്തിലുള്ള 330 യൂണിവേഴ്സിറ്റികളും 18000 കോളേജുകളുമായി ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസം ലോകത്തെ മറ്റേതു രാജ്യത്തെക്കാളുമുപരി വികസിച്ചിരിക്കയാണ്. ശാസ്ത്രജ്ഞന്മാർ, എൻജിനീയർമാർ, ഡോക്ടർമാർ, വിദ്യാഭ്യാസ വിചക്ഷണർ, സാമ്പത്തിക വിദഗ്ധർ എന്നിവയിലൊക്കെ ഇന്ന് ഇന്ത്യൻ സാന്നിദ്ധ്യം തിളങ്ങി നിൽക്കുന്നു. കാര്യങ്ങൾ ഇതൊക്കെയാണെങ്കിലും ഇന്നത്തെ വിദ്യാഭ്യാസം ആളുകളുടെ വ്യക്തിവികാസത്തിന് ഉതകുന്നില്ല എന്നതാണ് മനസ്സിലാവുന്നത്. സാക്ഷരതയിൽ ഇന്ത്യയിലെന്നല്ല. ലോകത്തിൽ തന്നെ മുൻപന്തിയിൽ നിൽക്കുന്ന കൊച്ചു കേരളം ഉദാഹരണമായെടുക്കുക. ബൗദ്ധികമായി ഉന്നത ശ്രേണിയിലെത്തിയിരിക്കുന്നവരാണ് സമൂഹത്തിലെ പ്രധാന പ്രശ്നക്കാർ എന്ന നിലവന്നിരിക്കുന്നു. ചുരുക്കത്തിൽ ഇന്ത്യയുടെ ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം മനുഷ്യനെ വ്യക്തികേന്ദ്രീകരും, ആർത്തിയുള്ളവരും സഹിഷ്ണതയില്ലാത്തവരും ഒക്കെ ആക്കിതീർക്കുന്നു. ഇതു നൽകുന്ന സൂചന വിദ്യാഭ്യാസരീതിക്ക് ഒരു മാറ്റ മുണ്ടാകേണ്ടത് അത്യാവശ്യമാണെന്നുള്ളതാണ്. ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസം ഇന്ന് വൻകിട കോർപ്പറേറ്റുകളുടെ കയ്യിൽ അമർന്നത് ഒരു വലിയ വിപത്തായിമാറിയിരിക്കുന്നു. വിദ്യാഭ്യാസം ഒരു കച്ചവട ഉൽപ്പന്നമായി തരംതാണിരിക്കുന്നു. പഠിച്ചിറങ്ങുന്നവർ ലാഭക്കൊതിയന്മാരും, അസാന്മാർഗ്ഗികളുമായി പരിണമിക്കുന്നതിന് ഈ കച്ചവട മനഃസ്ഥിതിയാണ് കാരണമായിത്തീർന്നിരിക്കുന്നത്. ആശയവിനിമയരംഗത്ത് ഉണ്ടായ കുതിച്ചുകയറ്റം മൂലം വിദ്യാർത്ഥികൾ ധാരാളം അറിവുകൾ Download ചെയ്യുന്നെങ്കിലും ഒന്നും ഹൃദയത്തിൽ വേരുറപ്പിക്കുവാനോ അവർ മൂല്യബോധമുള്ളവരാകുവാനോ സഹായിക്കുന്നില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസലറുടെ അഭിപ്രായത്തിൽ പല ഡോക്ടറൽ തിസീസുകളും വിവരശേഖരത്തിന്റെ "ആക്രി " കളായി രൂപാന്തരപെട്ടിരിക്കുന്നു. ലോകത്തിനും, മനുഷ്യനും പ്രയോജനപ്പെടുന്ന കാര്യങ്ങൾ കുറഞ്ഞുവന്നിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ വേണം നമ്മുടെ സൺഡേസ്കൂൾ വിദ്യാഭ്യാസത്തെപ്പറ്റി ചിന്തിക്കുവാൻ.

സൺഡേസ്കൂൾ വിദ്യാഭ്യാസം ഇന്ന്

പൗരസ്ത്യ ക്രൈസ്തവ സഭകളുടെയിടയിൽ സൺഡേസ്കൂൾ വിദ്യാഭ്യാസ മേഖലയിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഉന്നതസ്ഥാനമാണുള്ളത്. ഒരു പക്ഷെ ഇക്കാര്യത്തിൽ ഏറ്റവും മുൻപിൽ നിന്ന കോപ്റ്റിക് ഓർത്തഡോക്സ് സഭയെപ്പോലും നാം ഗുണമേന്മയുടെ കാര്യത്തിൽ പിന്തള്ളിയിരിക്കണം. പന്ത്രണ്ടു ക്ലാസുകളിലെ ചിട്ടയായ പഠന സമ്പ്രദായം കൊണ്ട് വേദപുസ്തകത്തെ സംബന്ധിച്ചും, സഭാചരിത്രവും പാരമ്പര്യവും സംബന്ധിച്ചും, വിശ്വാസാചാരങ്ങൾ സംബന്ധിച്ചും വ്യക്തമായും, ചിട്ടയായും പഠിക്കുവാനുള്ള ഒരു സാഹചര്യം സഭ സൃഷ്ടിച്ചെടുത്തിട്ടുണ്ട്. പൊതു വിദ്യാഭ്യാസ മേഖലയിൽ ആധുനിക കാലത്തു വന്നു ചേർന്ന പല നൂതന കാൽവെയ്പുകളും ഉൾക്കൊള്ളുന്നതാണ് ഇപ്പോഴത്തെ നമ്മുടെ സൺഡേസ്കൂൾ സിലബസ്. OSSAE കരിക്കുലം കമ്മറ്റി അധ്യക്ഷൻ അഭി.ഡോ.യാക്കോബ് മാർ ഐറേനിയോസ് തിരുമേനി ദീർഘകാലം അധ്യപകരെ പരിശീലിപ്പിക്കുന്ന കോളേജിലെ പ്രൊഫസറായിരുന്നതുകൊണ്ട് പാഠങ്ങളുടെ ക്രമീകരണത്തിൽ ആധുനിക വിദ്യാഭ്യാസ ചിന്തകൾ ആഴമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. മാത്രവുമല്ല കരിക്കുലം കമ്മറ്റിയിലെ മറ്റു മൂന്നുപേർ ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജധ്യാപകരും രണ്ടുപേർ കോളേജധ്യാപകരും ഒരാൾ വൈദിക സെമിനാരിയിലെ അധ്യാപകനുമാണ്. ഇങ്ങനെ വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കമ്മറ്റിയംഗങ്ങളുടെ അശ്രാന്ത ശ്രമഫലമായി തയ്യാറാക്കിയിരിക്കുന്ന പാഠങ്ങൾ വിദ്യാർത്ഥികൾക്ക് വിരസതയുളവാക്കുന്നില്ല. "പ്രവൃത്തിയും പഠനവും" ഒരുമിച്ചു പോകത്തക്കവണ്ണമാണ് പാഠങ്ങൾ തയ്യാറാക്കിയിരിക്കുന്നത്. വലിയ ക്ലാസുകളിലേക്കു വരുമ്പോൾ കുട്ടികൾക്ക് പ്രോജക്റ്റുകൾ എഴുതാനുള്ള അവസരവും ലഭിക്കുന്നു. സഭാചരിത്രത്തിന്റെ അതിപ്രസരമൊഴിവാക്കി വേദപുസ്തകത്തിനും സഭാവിശ്വാസത്തിനും കൂടുതൽ ഊന്നൽ നൽകിയിരിക്കുന്നു. 12-ാം ക്ലാസ് വിദ്യാർത്ഥി ഒരു സൺഡേസ്കൂൾ

അധ്യാപകൻ ആകുവാനുള്ള പരിശീലനവും കൂടി സിദ്ധിച്ചാണ് പുറത്തിറങ്ങുന്നത്. കാര്യങ്ങൾ ഇതൊക്കെയാണെങ്കിലും അതിനനുസരിച്ചുള്ള ഒരു റിസൽട്ട് വിദ്യാർത്ഥികളുടെയിടയിൽ ലഭിക്കുന്നില്ലായെന്ന പരിമിതി ഇന്നും നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിനുണ്ട്. എന്താണ് നാം ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ?

സൺഡേസ്കൂളിന്റെ വിജയത്തിന് സഹായകമാകേണ്ട കാര്യങ്ങൾ

1. വീടുകളിലെ ആദ്ധ്യാത്മികതയാണ് ഒരു കുട്ടിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനം. ഇന്നത്തെ ചുറ്റുപാടിൽ ഇത് വളരെ കുറവാണ്. പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ ഇല്ലാത്തതിനാൽ കുട്ടികൾ സൺണ്ടേസ്കൂളിൽ പഠിക്കുന്ന കാര്യങ്ങൾ അപ്രധാനമായി കരുതുന്നു. നോമ്പിനെപ്പറ്റി പാഠങ്ങൾ ഉണ്ടെങ്കിലും അതിന്റെ ചിട്ടകൾ പാലിക്കാത്ത മാതാപിതാക്കളുടെ എണ്ണമാണ് കൂടുതൽ. ഞായറാഴ്ചയാരാധനയിൽ പങ്കെടുക്കുമെങ്കിലും പള്ളിയിലെ പ്രസ്താവനകളും വി.കുർബ്ബാന മദ്ധ്യേയുള്ള പ്രബോധനങ്ങളുമൊക്കെ ബധിരകർണ്ണങ്ങളിലാണ് ചെന്നുവീഴുന്നത്.

2. സെക്കുലർ വിദ്യാഭ്യാസത്തിനും, എൻട്രൻസ് കോച്ചിംഗുകൾക്കും അമിത പ്രധാന്യം നൽകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതിനാൽ സെക്കുലർ സ്കൂളുകളിൽ എട്ടാം ക്ലാസ് മുതൽ പഠിക്കുന്നവരെ സൺഡേസ്കൂളിൽ ക്രമമായി ലഭിക്കുന്നില്ല. മാതാപിതാക്കൾ സൺഡേസ്കൂളിനോട് ഒരു ചിറ്റമ്മനയമാണ് കാട്ടുന്നത്. പത്തിലും പന്ത്രണ്ടിലും പഠിപ്പിക്കുന്ന അധ്യാപകർ " വളരെ പാടുപെട്ട് " പരീക്ഷയ്ക്ക് സ്ഥാനാർത്ഥികളെ കണ്ടെത്തി എങ്ങനെയെങ്കിലും ജയിച്ചു വരുന്നതിനുള്ള ശ്രമം നടത്തുന്നു. ഇവിടെ അധ്യാപകർ നിസ്സഹായരാണ് എന്നുള്ളതുമറക്കുന്നില്ല. മാതാപിതാക്കൾ തികച്ചും നിസ്സഹകരിക്കുമ്പോൾ അവർക്ക് മറ്റു മാർഗ്ഗമില്ലാതെയാവുന്നു.

3. സൺണ്ടേസ്കൂൾ പ്രസ്ഥാനം ആധുനിക വിദ്യാഭ്യാസരംഗത്തിന്റെ പുരോഗമനകാര്യങ്ങളെല്ലാം മാതൃകയാക്കിയിട്ടുണ്ടെങ്കിലും ഇടവകയുടെ പിന്തുണ വലിയ പ്രശ്നമായി അവശേഷിക്കുന്നു. മിക്ക പള്ളികളിലും കുട്ടികൾ ശാന്തരായിരുന്നു പഠിക്കുവാനുള്ള മുറികൾ ഇല്ല. മുറികൾ ഉള്ളയിടത്ത് എഴുതുവാൻ ഒരു ബോർഡോ, ചോക്കോ ഒന്നുമുണ്ടാവില്ല. പള്ളിയിൽ ഞായറാഴ്ചകളിൽ മാമോദീസാ മുതലായ കൂദാശകളും, ആഘോഷപരിപാടികളും ക്രമീകരിക്കുന്നത് സൺഡേസ്കൂളിന്റെ സമയം അപഹരിച്ചെടുത്തിട്ടാണ്. പേരിനു മാത്രം സൺഡേസ്കൂളിനെ പിന്താങ്ങുന്ന ഇടവകകളാണ് മിക്കതും. വാർഷിക ബജറ്റിൽ സൺഡേസ്കൂളിനു നീക്കിവയ്ക്കുന്നത് വളരെ ചെറിയൊരു തുകയായിരിക്കും.

4. സൺഡേസ്കൂൾ അധ്യാപകർക്ക് ലഭിക്കേണ്ട അംഗീകാരവും പിന്തുണയും പലയിടത്തും ലഭിക്കുന്നില്ല. സൗജന്യമായി സേവനമനുഷ്ഠിക്കുകയും, ആഴ്ചയിൽ എല്ലാദിവസവും ജോലി ചെയ്ത ശേഷം വിശ്രമത്തിനായി ലഭിക്കുന്ന ഞായറാഴ്ച സൺഡേസ്കൂളിനായി നീക്കിവയ്ക്കുകയും ചെയ്യുന്ന അധ്യാപകരെ പ്രോൽസാഹിപ്പിക്കുവാൻ വികാരിമാരും, കമ്മറ്റിയംഗങ്ങളും, പൊതുയോഗവും പരാജയപ്പെടുന്നു. പലപ്പോഴും വന്നുപോകുന്ന പിഴവുകൾ പെരുപ്പിച്ചുകാണിച്ച് അധ്യാപകരെ ശാസിക്കുകയും, കുറ്റപ്പെടുത്തുകയും ചെയ്യുന്നതല്ലാതെ, സൺഡേസ്കൂളാണ് ഒരിടവകയുടെ ജീവനാഡി എന്നത് പലരും തിരിച്ചറിയുന്നില്ല.

5. വൈദിക സെമിനാരിയിലെ വിദ്യാഭ്യാസം പ്രശസ്തമായി പൂർത്തിയാക്കിയ വൈദികരാണ് ഇന്ന് സഭയിലുള്ളത് B.D കോഴ്സിന്റെ ഭാഗമായി Christian Education എന്ന പേപ്പർ പഠിച്ചിറങ്ങുന്നവരുമാണവർ. എന്നാൽ ഇവരിൽ മിക്കവരും ഒരിക്കൽപോലും സൺഡേസ്കൂൾ ക്ലാസുകളിൽ കയറാത്തവരാണ്. പ്രത്യേകിച്ചും വലിയ ക്ലാസുകളിലെ ചില പാഠങ്ങൾ പഠിപ്പിക്കുവാൻ അധ്യാപകർ ബുദ്ധിമുട്ടുമ്പോൾ വൈദികർ ആ പാഠം പഠിപ്പിച്ചാൽ വളരെ നന്നായിരിക്കും. മാസത്തിൽ ഒരു ഞായറാഴ്ചയെങ്കിലും ഇടവകവികാരി ഒരു സൺഡേസ്കൂൾ അധ്യാപകനായി പ്രവർത്തിച്ചാൽ ആ ഇടവകയിലെ സൺഡേസ്കൂളിന് വലിയ പ്രോത്സാഹനമായിരിക്കും. മാതാപിതാക്കളും കുട്ടികളും സൺഡേസ്കൂളിന്റെ പ്രധാന്യം കൂടുതൽ മനസ്സിലാക്കുകയും ചെയ്യും. സൺഡേസ്കൂൾ ഭരണഘടനയനുസരിച്ച് ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളുടെയും ചുക്കാൻ പിടിക്കുന്നത് ഇടവക

വികാരിയാണ്. പൊതുയോഗമോ മറ്റേതെങ്കിലും വേദിയോ അല്ല സണ്ടേസ്കൂൾ കാര്യങ്ങൾ തിരുമാനിക്കേണ്ടത്. അദ്ധ്യാപകയോഗം കാലാകാലങ്ങളിൽ വികാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയാണ് പ്രവർത്തന പദ്ധതി ആവിഷ്കരിക്കേണ്ടത്.

6. അദ്ധ്യാപകരുടെ സമീപനത്തിലും മാറ്റങ്ങൾ വരുത്തേണ്ടതായിട്ടുണ്ട്. പലരും കാര്യമായ "Home Work" ചെയ്യാതെയാണ് ക്ലാസുകളിലെത്തുന്നത്. പാഠം ക്ലാസിൽ അവതരിപ്പിക്കുമ്പോൾതന്നെ കുട്ടികൾ തിരിച്ചറിയുന്നത് അധ്യാപകന് ഇതേപറ്റി വലിയ ധാരണയൊന്നുമില്ലായെന്നതാണ്. അവിടെ അഭ്യസനം പരാജയപ്പെടുന്നതിൽ അതിശയമില്ല. ആയതിനാൽ അധ്യാപകർ പാഠപുസ്തകങ്ങളോടൊപ്പം മറ്റു ഗ്രന്ഥങ്ങൾ (ഉദാ: ദിവ്യബോധന പുസ്തകങ്ങൾ) കൂടി വായിച്ച് എന്താണ് പഠിപ്പിക്കാൻ പോകുന്നത് എന്നത് തയ്യാറെടുക്കണം.

7. ഇന്നത്തെ കുട്ടികൾ പഠനം നിർവ്വഹിക്കുന്നത് ക്ലാസുമുറികളിലിരുന്നു മാത്രമല്ലല്ലോ. ആധുനിക ദൃശ്യ-മാദ്ധ്യമങ്ങളുടെ ഉപയോഗം സൺഡേസ്കൂൾ തലത്തിലും പ്രയോഗികമാകണം. പാഠങ്ങളുടെ കൂടെ വീഡിയോരംഗങ്ങളും, വെബ്സൈറ്റ് സന്ദർശനവും കൂടി ഉണ്ടെങ്കിൽ അഭ്യസനം ലളിതമായും, ആനന്ദകരവുമായിത്തീരും.

ചുരുക്കത്തിൽ വികാരി-അധ്യാപകൻ-മാതാപിതാക്കൾ എന്നീകൂട്ടർ ഒരുമിച്ചു പ്രവർത്തിച്ചെങ്കിലേ നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്ന ഫലമുണ്ടാവുകയുള്ളൂ. പള്ളിയിലും, ഭവനത്തിലും സൺഡേസ്കൂൾ പ്രധാന ചർച്ചാവിഷയമായിത്തീരണം നമ്മുടെ ഞായറാഴ്ചയാചരണം തിരികെ കൊണ്ടു വരേണ്ടതുണ്ട്. ശനിയാഴ്ച വൈകീട്ട് മുതൽ തന്നെ ഞായറാഴ്ചയുടെ പ്രാർത്ഥനകൾ ഉരുവിട്ടും മറ്റു കാര്യങ്ങൾ ഒഴിവാക്കിയും ഞായറാഴ്ചത്തേക്ക് തയ്യാറെടുക്കേണ്ടതായിട്ടുണ്ട്. ഈ സമയം വായിക്കുന്ന കാര്യങ്ങളും, കാണുന്ന ദൃശ്യങ്ങളും എല്ലാം വേദപുസ്തകത്തെയും, സഭയെയും, വിശ്വാസത്തെയും കുറിച്ചാകട്ടെ. സൺണ്ടേസ്കൂളിന്റെ വിജയം ഉത്തമ വ്യക്തികളുടെ വിജയമാണ്. ജീവിതമൂല്യങ്ങൾ ഗ്രഹിച്ചും, ഉത്തമ വ്യക്തികളുടെ ജീവിതം മാതൃകയാക്കിയും, സഭാസ്നേഹം ഉൾക്കൊണ്ടും, ദൈവവിചാരത്തിൽ നമ്മുടെ കുട്ടികൾ വളരട്ടെ. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ആപ്തവാക്യങ്ങൾ നമുക്കും ഉദ്ധരിക്കാം.

"We give them roots, we give them wings
And great joys from little things
A hope that they will soar
A hope that they will try
we are sure that one day
Our children will learn to fly"

■

പാവന സ്മരണയ്ക്ക്

സി.കെ.തങ്കമണി

W/o കൊച്ചുണ്ണി കെ.ഐ

കാട്ടിൽ ഹൗസ്, കാട്ടകാമ്പാൽ

7.11.2017

പ്രാർത്ഥനയും രോഗസൗഖ്യവും

ക്യാപ്റ്റൻ മിനി സൈമൺ എം.

മാനസികാസ്വസ്ഥയും ശാരീരികാസ്വസ്ഥകളും ജീവിതത്തെ അലട്ടുമ്പോൾ, അവയിൽ നിന്നെല്ലാം ആശ്വാസം നേടാൻ പലരും പല വഴികൾ തേടി അലയുന്നു. എന്നാൽ പ്രാർത്ഥനയിൽ ശരണം പ്രാപിക്കുന്നവർക്കു ആ ബുദ്ധിമുട്ടുകൾ എളുപ്പം കൈകാര്യം ചെയ്യാൻ സാധിയ്ക്കുന്നു എന്ന് വളരെ പ്രചുര പ്രധാനമായ സത്യങ്ങളിലൊ

ന്നാണ്. രോഗസൗഖ്യ പ്രാപ്തിയ്ക്കു പ്രാർത്ഥനയും ദൈവാശ്രയവും എങ്ങനെ കാരണമാകുന്നു എന്നു നമുക്കു ചിന്തിക്കാം.

രോഗമെന്ന അവസ്ഥവളരെ സങ്കീർണ്ണമാണ് അതിനെ നിർവ്വചിക്കുക അതിലേറെ പ്രയാസമാണ്. ലോകാരോഗ്യസംഘടന ആരോഗ്യത്തെ നിർവ്വചിയ്ക്കുന്നത്-ശാരിരികവും മാനസികവും സാമൂഹികവുമായ സൗഖ്യത്തെയാണ് "Health is a state of complete physical mental and social well-being". അതിനാൽ ഒരാൾ രോഗിയാവുക എന്നു പറഞ്ഞാൽ ഈ മൂന്നു തലത്തിലുള്ള വ്യതിയാനത്തെ നമുക്ക് രോഗകാരണമായി കാണാം. രോഗകാരണങ്ങളറിഞ്ഞ് അതിനുള്ള ചികിത്സാ രീതി നമുക്കവലംബിക്കേണ്ടതുണ്ട്, രോഗസൗഖ്യത്തിനായി. വൈദ്യശാസ്ത്രം രോഗകാരണങ്ങളെ പലതായി തരം തിരിച്ചിരിക്കുന്നു. അവയിൽ പ്രധാനപ്പെട്ടവ ഇവിടെ പ്രതിപാദിയ്ക്കട്ടെ.

1. **പകർച്ചവ്യാധികൾ** : രോഗകാരണമായ ബാക്ടീരിയ, വൈറസ്, വിരകൾ, മറ്റു സൂക്ഷ്മാണുകൾ എന്നിവ നമ്മുടെ ശരീരത്തിൽ പ്രവേശിക്കുകയും (തുമ്മൽ, രക്തം സ്വീകരിക്കൽ, മലിനമായ കുടിവെള്ളം, രോഗബാധിത മാംസം കഴിക്കൽ e.t.c) അവ നമ്മുടെ ശരീരത്തിൽ പ്രതിരോധശേഷി കുറയുമ്പോൾ പ്രവർത്തിയ്ക്കുവാൻ തുടങ്ങുകയും ചെയ്യുമ്പോഴാണ് പകർച്ചവ്യാധികൾ വരുന്നത്.

Plague (പ്ലേഗ്) മൂലം അനേകർ കുന്നംകുളത്ത് മരണമടയുന്ന സ്ഥിതിവിശേഷമുണ്ടായപ്പോൾ, പ.പാമ്പാടി തിരുമേനിയുടെ പ്രാർത്ഥനയാൽ രോഗസൗഖ്യം ലഭിച്ചത് ഓരോ കുന്നംകുളത്തുകാരനും ഇന്നും നന്ദിയോടെ സ്മരിയ്ക്കുന്ന വസ്തുതയാണ്. പ്രാർത്ഥനയാൽ പകർച്ചവ്യാധികൾ ഇല്ലാതാകും എന്നതിനു നമുക്കു വേറെ ദൃഷ്ടാന്തങ്ങൾ വേണ്ട.

2. **ജീവിത രീതിയിലുണ്ടാകുന്ന മാറ്റങ്ങൾ**

യാന്ത്രികമായ ജീവിതചര്യയും, മദ്യം, പുകവലി, വ്യായാമക്കുറവ്, അമിതഭക്ഷണം എന്നിവ മൂലം ഇന്ന് നമ്മളിൽ പലരും ഹൃദ്രോഗത്തിനും, ഹൃദയാഘാതം, പക്ഷാഘാതം, അർബുദം എന്നിവയ്ക്കു വഴങ്ങേണ്ടിവരുന്നു.

വി.സഭ കല്പിച്ചുതന്ന നോമ്പും ഉപവാസവും ശരീരത്തിനും മനസ്സിനും ആരോഗ്യപ്രദമാണെന്നു പഠനങ്ങൾ വിശദീകരിക്കുമ്പോൾ പിതാക്കൻമാർ കുറിച്ചുതന്ന ഈ ആത്മീയചര്യ നാം ഒരു ബുദ്ധിമുട്ടായി കരുതുന്നു. തദ്വാരാ ജീവിതശൈലി രോഗങ്ങൾക്കടിമപ്പെട്ട് മരുന്നുകൾ ഭക്ഷണം പോലെ കഴിക്കുന്നു.

3. **ജീവൽ പ്രവർത്തന പരമായ രോഗങ്ങൾ**

നമ്മുടെ ശരീരത്തിലെ ദഹനപ്രക്രിയകൾ ശ്വസനം, മലമൂത്രവിസർജ്ജനം തുടങ്ങിയ ജീവൽ പ്രവർത്തനങ്ങളിലുള്ള തകരാറ് രോഗങ്ങളായി പരിണമിക്കാം.

പുകവലി, മദ്യം, അമിതവണ്ണം, മത്സ്യമാംസാദികളുടെ അമിത ഉപയോഗം, ഉറക്കമില്ലായ്മ, ആകുലത, ചിട്ടയായ ജീവിതചര്യമില്ലായ്മ എന്നിവയും ഇവയ്ക്കു ആക്കം കൂട്ടുന്നവയാണ്. വിവിധ ഹോർമോണുകളുടെ ഏറ്റകുറച്ചിലുകൾകൊണ്ട് തൈറോയിഡ്, വന്ധ്യത, പി.സി.ഒ.ഡി എന്നീ രോഗങ്ങളും കണ്ടുവരുന്നു.

4. **മാനസികരോഗങ്ങൾ** : പല മാനസികരോഗങ്ങളും മാനസിക പിരിമുറുക്കത്തിന്റെയും, തെറ്റായ അല്ലെങ്കിൽ വികലമായ മാനസിക ചിന്തകളുടെയും അന്തരഫലങ്ങളാണ്. ശരീരവും മനസ്സും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ശരീരത്തിനു

ബാധിക്കുന്ന രോഗങ്ങൾ മനസ്സിനെ ബാധിച്ചു അതിനെ സങ്കീർണമാക്കുവാനും, മനസ്സിനെ അലട്ടുന്ന ചിലകാര്യങ്ങൾ ശാരീരിക പ്രശ്നങ്ങളായി പ്രകടമാകാനും സാദ്ധ്യതയുണ്ട്. ഉദാ: തലവേദന, ശ്വാസംമുട്ടൽ e.t.c. വിഷാദരോഗവും Acidity എല്ലാം ആകുലതകളുടെ പ്രത്യാഘാതങ്ങളാണ്.

5. **പോഷകാഹാരക്കുറവ്/ അഭാവം**

പോഷകങ്ങളുടെ അഭാവം രോഗങ്ങൾക്കു കാരണമാകാം വിളർച്ച, വളഞ്ഞകാലുകൾ, കാഴ്ചക്കുറവ് എന്നിവ പലവിറ്റാമിനുകളുടെയും ധാതു ലവണങ്ങളുടെയും കുറവുകൊണ്ടാണ്.

6. **തൊഴിൽപരമായസാഹചര്യങ്ങൾ**

പൊടിപടലങ്ങൾ, രാസവസ്തുക്കളുമായുള്ള സമ്പർക്കം, വിവിധതരം റേഡിയേഷനുകൾ, (ഉദ: വെൽഡിങ്ങ്) എന്നിവ ത്വക്ക്, ശ്വാസകോശങ്ങൾ, കണ്ണ് ആദിയായ അവയവങ്ങളെ ബാധിക്കാറുണ്ട്.

7. **ജനിതകരോഗങ്ങൾ**

ഒരു കുഞ്ഞു തന്റെ അമ്മയുടെ ഉദരത്തിൽ ഉരുവാകുമ്പോൾ തന്നെ ഉണ്ടാകുന്ന ക്രോമസ്സോമുകളുടെ വ്യതിയാനവും, പാരമ്പര്യമായി കുടുംബത്തിൽ നിലനിൽക്കുന്ന രോഗങ്ങളും ഒരു തലമുറയിൽ നിന്നും മറ്റു തലമുറയിലേക്ക് കൈമാറ്റപ്പെട്ടേക്കാം ഉദാ: ഡൗൺ സിൻഡ്രോം, സ്താനാർബുദം, ഹിമോഫീലിയ e.t.c.

8. **ആട്ടോഇമ്മ്യൂൺ ഡിസീസ്**

സ്വന്തം ശരീരം തന്നെ അതിനെതിരായി പ്രവർത്തിക്കുന്ന അവസ്ഥയാണ് ഇത്. ഉദാ:റുമാറ്റിസം, കുഞ്ഞുങ്ങളിലുണ്ടാകുന്ന പ്രമേഹം

ജീവിത ശൈലി ചിട്ടപ്പെടുത്തി ആരോഗ്യ സംരക്ഷണത്തിനും പരിപാലനത്തിനും ഊന്നൽ നൽകേണ്ടത് ഒരോ വ്യക്തിയുടെ ഉത്തരവാദിത്തമാണ്. പ്രതിരോധ നടപടികളിലൂടെ പകർച്ചവ്യാധികൾക്കു തടയിടാൻ കഴിയുന്നു. കുഞ്ഞുങ്ങളുടെ പ്രതിരോധകുത്തിവെയ്പ്പും പോഷകാഹാരവിതരണം എന്നിവ ഇത്തരം രോഗങ്ങൾക്കു തടയിടാൻ ഉപകരിയ്ക്കും.

എന്നാൽ മറ്റു രോഗങ്ങൾ വരാതിരിയ്ക്കാനുള്ള ശ്രമം സമൂഹത്തിന്റെയും വ്യക്തികളുടെയും ഭാഗത്തു നിന്ന് വരേണ്ടതാണ്.

ചികിത്സാരീതികൾ

രോഗ നിർണ്ണയം ചെയ്തതിനുശേഷം അതിനു അനുസരിച്ചുള്ള ചികിത്സ നാം ചെയ്യേണ്ടതുണ്ട്.

1. മരുന്നുമൂലം നിയന്ത്രിക്കാവുന്നത്.

2. പ്രതിരോധ നടപടികൾ (കുത്തിവെയ്പ്പ്, വ്യയാമം)
3. കൗൺസിലിംഗ് , ഫിസിയോതെറാപ്പി
4. ശസ്ത്രക്രിയകൾ, റേഡിയേഷൻ, കീമോതെറാപ്പി

വേദപുസ്തക പരമായി ചിന്തിച്ചാൽ രോഗം എന്ന അവസ്ഥയ്ക്കു കാരണമായി പറയുന്നതിൽ ചിലത് ഇവിടെ കാണിയ്ക്കുന്നു.

1. **പാപസ്വഭാവം** സങ്കീ 103:2:2

നമ്മുടെ പാപങ്ങൾ തന്നെ നമ്മുടെ പലവിധ രോഗങ്ങൾക്കു കാരണമായേക്കാം. അവൻ നിന്റെ അകൃത്യം ഒക്കെയും മോചിയ്ക്കുന്നു നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു. വി.യാക്കോബ് 5:16 ൽ പറയുന്നത് രോഗശാന്തിയ്ക്കു വേണ്ടി തമ്മിൽ പാപങ്ങളെ ഏറ്റുപറഞ്ഞു ഒരുവനു വേണ്ടി ഒരുവൻ പ്രാർത്ഥിപ്പിൻ.

2. **പിശാച് ബാധ**

വിവിധ പിശാച് ബാധിതരായവർ യേശുവിന്റെ അടുക്കലെത്തുകയും, പിശാച് യേശുവിനെ കണ്ടു ഓടിപ്പോകാൻ ശ്രമിച്ചതെല്ലാം വി.വേദപുസ്തകത്തിൽ കാണാം. ദൈവസന്നിധിയിൽ വിടുതൽ ലഭിക്കുന്നു. വി.മത്തായി 4:24, വി.ലൂക്കോസ് 9:1.

3. **തകർന്ന മനസ്സ്**

പ്രത്യാശയില്ലായ്മയും, നിരാശയും മനസ്സിനെ തകർത്തുകളയുകയും അത് മനുഷ്യനെ തന്റെ പദ്ധതികളുമായി മുന്നോട്ടുപോകാൻ കഴിയാതെയാക്കുന്ന സ്ഥിതി വിശേഷത്തിലെത്തിയ്ക്കുന്നു. മനസ്സിന്റെ ഈ അവസ്ഥ അസ്ഥികളെ ഉണക്കുന്നു. സദൃ 17: 21. ഇതിന്റെ പ്രതിവിധി പ്രതിപാദിച്ചിരിക്കുന്നത് സന്തുഷ്ടഹൃദയം എന്നാണ്. ലാഫിങ്ങ് തെറാപ്പിയ്ക്കും മാനസികരോഗ്യ

ത്തിനും വേദപുസ്തം ഊന്നൽ നൽകുന്നുണ്ടെ ന്നുള്ള കാര്യം പ്രത്യേകം ശ്രദ്ധിയ്ക്കുക.

സൗഖ്യമാക്കുന്ന യഹോവ -യഹോവ റാഫാ

വേദപുസ്തകം പരിശോധിയ്ക്കുകയാണെങ്കിൽ ഒരു കാര്യം നമുക്കു മനസ്സിലാക്കാം. ദൈവമാണ് നമുക്ക് രോഗസൗഖ്യം തരുന്നത്. എന്തു നല്ല വൈദ്യനാണെങ്കിലും ആശുപത്രിയാണെങ്കിലും മരുന്നു ഫലിക്കണമെങ്കിൽ ദൈവേഷ്ടം വേണം.

സങ്കീ: 147:3 അവൻ മനം തകർന്നവരെ സൗഖ്യമാക്കുന്നു അവരുടെ മുറിവുകളെ കെട്ടുന്നു.

സങ്കീർത്തനം 103:2, 3 അവൻ നിന്റെ അകൃത്യം ഒക്കെയും മോചിയ്ക്കുന്നു, നിന്റെ സകല രോഗങ്ങളെയും സൗഖ്യമാക്കുന്നു.

2 ദിനവൃത്താന്തം 16:12 ൽ ആസെ തന്റെ ദീനത്തിൽ ദൈവത്തെ അന്വേഷിയ്ക്കാതെ വൈദ്യന്മാരെ സമീപിച്ചതു കൊണ്ട് ആപത്തു സംഭവിച്ചതു കാണാൻ സാധിയ്ക്കും.

ഹോശയ 6:1 യഹോവയുടെ അടുക്കലേക്കു ചെല്ലുക. അവൻ നമ്മെ കടിച്ചുകീറിയിരിക്കുന്നു. അവൻ സൗഖ്യമാക്കും. അവൻ നമ്മെ അടിച്ചിരിക്കുന്നു. അവൻ മുറിവുകെട്ടും.

യഹോവയ്ക്കു പ്രസാദമുള്ളതു ചെയ്യുകയും അവന്റെ കല്പനകളെ അനുസരിച്ചു. അവന്റെ സകല വിധികളും പ്രമാണിയ്ക്കുകയും ചെയ്താൽ ഞാൻ മിസ്രേമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല. ഞാൻ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിചെയ്തു. (പുറപ്പാടു 15:26)

കരുണകാണിയ്ക്കുന്ന യഹോവ നമ്മുടെ അകൃത്യത്തിന്റെ ആധിക്യം നിമിത്തം മാറാത്ത വേദന തന്നാലും നമുക്ക് ആരോഗ്യം വരുത്തുമെന്ന യിരമ്യാവ് പ്രവാചകന്റെ വാക്കുകൾ നമുക്ക് ആശ്വാസദായകമാണ്.

പല ചികിത്സാരീതികൾ മാറിമാറി പരീക്ഷിച്ചിട്ടും കുഞ്ഞങ്ങളില്ലാതെ വിഷമിയ്ക്കുന്നവരോട്, വി.വേദപുസ്തകം സ്പഷ്ടമായി പറയുന്നു. നിങ്ങളുടെ ദൈവമായ യഹോവയെ തന്നെ സേവിപ്പിൻ, എന്നാൽ അവൻ നിന്റെ അപ്പത്തേയും വെള്ളത്തേയും അനുഗ്രഹിക്കും. ഞാൻ രോഗങ്ങളെ നിന്റെ നടുവിൽ നിന്നും അകറ്റിക്കളയും, ഗർഭം അലസുന്നവരും മച്ചിയും നിന്റെ ദേശത്തു ഉണ്ടാകില്ല (പുറപ്പാട് 23:25)

രോഗശയ്യയിൽ നമ്മുക്കു മറ്റാരേക്കാളും താങ്ങും തണലുമാണ് ദൈവം. ദൈവത്തെ വിളിച്ചപേക്ഷിച്ചാൽ അവൻ നമ്മെ ഉപേക്ഷിയ്ക്കുകയില്ല. പാശ്ചാത്താപത്തോടെയുള്ള മനസ്സും പൂർണ്ണ സമർപ്പണവും മാത്രമാണ് ദൈവം നമ്മിൽ നിന്നും ഇച്ഛിക്കുന്നത്. പാപങ്ങളുടെ ഏറ്റുപറച്ചിലിലൂടെ രോഗശാന്തി വരുത്തുന്നു എന്ന് വി.യാക്കോബ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിയ്ക്കുന്നു. (വി.യാക്കോബ് 5:16)

പ്രാർത്ഥന എങ്ങനെ രോഗസൗഖ്യം വരുത്തുന്നു.

ഗവേഷണഫലങ്ങൾ പലതും നിരത്തുന്ന സത്യങ്ങൾ അത്ഭുതകരമാണ്. പ്രാർത്ഥനയും ധ്യാനവും അപഞ്ചലമായ ആഹ്വാനവും രോഗശാന്തിയെ ത്വരിതപ്പെടുത്തുന്നു. ജീവൽ പ്രവർത്തനങ്ങളെ ക്രമീകരിയ്ക്കുന്ന ഹോർമോണുകളായ സെറാടോൺ മെലാടോണിൽ എന്നിവയെ പുറപ്പെടുവിയ്ക്കുകയും ശരീരപ്രതിരോധ പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിയ്ക്കുകയും ചെയ്യുന്നു. അങ്ങനെ ഈ അവസ്ഥയിൽ മനസ്സിന്റെ ആകുലതകൾ കുറയുന്നു, വേദനകൾ സഹിച്ചു ജീവിത സാഹചര്യങ്ങളെ നേരിടാനുള്ള മനസ്സുറപ്പ് പ്രദാനം ചെയ്യുന്നു. പ്രാർത്ഥനയും, ധ്യാനവും ഒരുവന്റെ മുന്നോട്ടുള്ള ജീവിതത്തിനു പ്രത്യാശ നൽകുകയും പുത്തൻ ഉണർവ്വു നൽകുകയും ചെയ്യുന്നു.

ഗൗഡ ഹാരിസ് എസ്. നടത്തിയ പരീക്ഷണങ്ങളിൽ മദ്ധ്യസ്ഥ പ്രാർത്ഥനമൂലം രോഗികളുടെ ഹൃദ്രോഗം നേരത്തെ സുഖപ്പെട്ടു എന്നും മറ്റു രോഗികളെക്കാൾ മുൻപ് ആശുപത്രിവിട്ടെന്നും അവർക്ക് പ്രശ്നങ്ങൾ ഇല്ലായിരുന്നുവെന്നും തെളിഞ്ഞിട്ടുണ്ട്. ■

In Ever Loving Memory of

P.U. CHINNAN

(1-11-1998)

Gone but never forgotten will meet in heavenly abode

LILLY CHINNAN & FAMILY

"Uthuppu Nivas" Nehru Nagar, Kunnamkulam

മാനസിക ആരോഗ്യവും ആത്മീയതയും

ഫാ. ഡോ. ഒ. തോമസ്
പ്രിൻസിപ്പൽ പഴയ സെമിനാരി, കോട്ടയം

ഈ വിഷയത്തെക്കുറിച്ച് എഴുതുവാൻ കാരണം കേരളീയ സമൂഹത്തെക്കുറിച്ച് ഈയിടെ വെളിപ്പെട്ട ചില വസ്തുതകളാണ്. ഇവിടുത്തെ ജനസംഖ്യയുടെ 15% മാനസിക രോഗത്തിന് മരുന്നുകഴിക്കുന്നു. ഏകദേശം അത്രത്തോളം പേർക്കു കൂടി മരുന്ന് ആവശ്യമായിട്ടുണ്ടത്രെ. ആത്മഹത്യാനിരക്ക് ദേശീയ ശരാശരിയുടെ ഇരട്ടിയാണ്. സാക്ഷരത, സാമ്പത്തിക സുരക്ഷിതത്വം ഇവയിലൊക്കെ മുൻപിലുള്ള ഒരു സമൂഹത്തിന്റെ അരക്ഷിതാവസ്ഥയെ ഇതു സൂചിപ്പിക്കുന്നു. പോരെങ്കിൽ ആത്മീയതയുടെ പേരിലുള്ള പരിപാടികൾ എല്ലാ മതങ്ങളിലും വളരെ കൂടുതൽ വർദ്ധിച്ചിട്ടുമുണ്ട്. ആത്മീയതയിലേക്കു തിരിയുമ്പോൾ മാനസിക സ്വസ്ഥത വർദ്ധിക്കുന്നു എന്ന സമവാക്യവും ഇവിടെ തെറ്റുകയാണ്.

വ്യക്തികളുടെ സുരക്ഷിതത്വബോധവും മാനസിക ആരോഗ്യവും

ഒരുവ്യക്തിക്ക് ഏറ്റവും കൂടുതൽ സുരക്ഷിതത്വം ലഭിക്കേണ്ടത് എവിടെനിന്നാണ്? പൊതുഇടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷിതത്വമില്ല എന്ന മുറവിളി സാധാരണ കേൾക്കാറുണ്ട്. എന്നാൽ ഇതിന്റെ ഉറവിടം കണ്ടുപിടിക്കേണ്ടതുണ്ട്. ഏറ്റവും സുരക്ഷിതത്വം ലഭിക്കേണ്ട ഭവനങ്ങൾ വ്യക്തിക്കു സുരക്ഷിതത്വം നൽകുന്നില്ലാ എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഭാര്യ ഭർത്താവിനെയും, ഭർത്താവ് ഭാര്യയേയും, മാതാപിതാക്കൾ കുഞ്ഞുങ്ങളെയും, മക്കൾ മാതാപിതാക്കളെയും ജീവഹാനി തന്നെ വരുത്തുവാൻ ശ്രമിക്കുന്ന പശ്ചാത്തലത്തിൽ പൊതുഇടങ്ങൾ സുരക്ഷിതമല്ല എന്നുപറയുന്നതിന് എന്ത് അർത്ഥമാണുള്ളത്? ആദ്യം കുടുംബങ്ങൾ വ്യക്തികൾക്ക് സുരക്ഷിതത്വം നൽകട്ടെ. അതിന്റെ പ്രതിഫലനം സമൂഹത്തിലേക്കും വ്യാപിച്ചുകൊള്ളും. സ്ത്രീകൾ പൊതുഇടങ്ങളിൽ പീഡിപ്പിക്കുന്നതിന്റെ പ്രധാന കാരണം എന്തെന്നു പരിശോധിക്കാം. കുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയമാകുന്നു എന്നത് ഒരു വസ്തുതയാണ്. ഏകദേശം 37% പെൺകുഞ്ഞുങ്ങളും 39% ആൺകുഞ്ഞുങ്ങളും ചെറുപ്പത്തിൽ തന്നെ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നുണ്ട്. ഈ കാര്യത്തിൽ ആൺ കുഞ്ഞുങ്ങളാണ് കൂടുതൽ പീഡിപ്പിക്കപ്പെടുന്നത്. പിൽക്കാലങ്ങളിൽ സ്ത്രീകളെ രഹസ്യത്തിലോ, പരസ്യത്തിലോ പീഡിപ്പിക്കുന്ന പുരുഷന്മാരുടെ ചരിത്രം പരിശോധിച്ചാൽ ഈ കാര്യത്തിൽ ചൂഷണം ചെയ്യപ്പെട്ട ഒരു ബാല്യകാലം മിക്കവരിലും കാണാൻ കഴിയും. അങ്ങനെയങ്കിൽ പെൺകുട്ടികൾ എന്തുകൊണ്ട് ആക്രമണവാസന കാട്ടുന്നില്ല എന്ന ചോദ്യം ഉയർന്നേക്കാം. അത് സ്ത്രീയുടെ ലൈംഗിക ചോദ

നയിൽ പുരുഷനോളം അതിക്രമണ ആസക്തി ഇല്ലാ എന്നത് ഫെമിനിസ്റ്റ് ചിന്താഗതിക്കാർ ഒരു പക്ഷേ അംഗീകരിക്കില്ലായിരിക്കും. എങ്കിലും അതിൽ വസ്തുത ഇല്ലാതില്ല. തന്നെയുമല്ല ചൂഷണം ചെയ്യപ്പെട്ട ബാല്യകാലം ഉള്ള ഒരു പെൺകുട്ടി വ്യത്യസ്ത നിലകളിൽ പ്രയാമാകുമ്പോൾ പ്രതികരിക്കാനും സാദ്ധ്യതയുണ്ട്. ചിലർ ലൈംഗികതയിൽ വിമുഖതയുള്ളവരാകും. മറ്റു ചിലർ ഒരേസമയം പല പുരുഷന്മാരുമായി വേഴ്യ്ക്കു തയ്യാറാകാനുള്ള മനസ്സുള്ളവരായിത്തീരാനും സാദ്ധ്യതയുണ്ട്. ഏതായാലും കുട്ടികളുടെ ബാല്യകാല കുടുംബാന്തരീക്ഷം അവരുടെ പിൽക്കാല ജീവിതത്തെ വളരെ സ്വാധീനിക്കുന്ന ഒന്നാണ്. മാനസിക ആരോഗ്യമില്ലായ്മയുടെ വിത്തുവിതയ്ക്കപ്പെടുന്നത് കുടുംബാന്തരീക്ഷത്തിലാണ്.

മാനസിക ആരോഗ്യം

ഇത് അളക്കുവാൻ ചില മാനദണ്ഡങ്ങൾ മന:ശാസ്ത്രജ്ഞന്മാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അത്രയും സാങ്കേതികതയിലേക്കു കടക്കാതെ പ്രായോഗികതയിലൂന്നിയ പ്രധാനപ്പെട്ട ചില അടിസ്ഥാനങ്ങൾ ചൂണ്ടിക്കാണിക്കട്ടെ.

1. സ്വയമതിപ്പും, സ്വയത്തെ അംഗീകരിക്കലും.

ആദ്യമെ സൂചിപ്പിക്കട്ടെ. ചികിത്സക്കുവിധേയമാകേണ്ട മാനസിക രോഗങ്ങളെ ഇവിടെ പരാമർശിക്കുന്നില്ല. എത്രപദവിയും സമ്പത്തുമുണ്ടായാലും സ്വയം സംതൃപ്തിയടയാത്ത അനേകർ നമ്മുടെ സമൂഹത്തിലുണ്ട്. തങ്ങൾക്കില്ലാത്തതും മറ്റുള്ളവർക്കുള്ളതുമായ കാര്യങ്ങളുമായി താരതമ്യം ചെയ്ത് ഇക്കൂട്ടരുടെ മനസ്സ് എപ്പോഴും അസ്വസ്ഥമായിരിക്കും. പണമുള്ളയാൾ, വിദ്യാഭ്യാസം കുറഞ്ഞതിന്റെ പേരിൽ പരിഭവിക്കും. വിദ്യാഭ്യാസം ഉള്ള ആൾ പണം കുറഞ്ഞതിന്റെ പേരിൽ അസ്വസ്ഥനായിരിക്കും. 'സ്വ'ത്വത്തെ അതിന്റെ ബലത്തോടും ബലഹീനതയോടും കൂടി അംഗീകരിക്കുന്ന മനസ്സിനാണ് ആരോഗ്യമുള്ളത്. കർത്താവിന്റെ പഠിപ്പിക്കലിൽ വലിയ അർത്ഥമുണ്ട്. "നീ നിന്നെ സ്നേഹിക്കുന്നതുപോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക." അവനവനെ സ്നേഹിക്കുക എന്നുപറഞ്ഞാൽ ഫ്രോയിഡിന്റെ ചിന്തയിലെ സ്വയസ്നേഹമെന്ന ആത്മരതിയല്ല, മറിച്ച് 'സ്വയത്തെ' അംഗീകരിക്കുന്ന മനോഭാവമാണ്. സ്വയമതിപ്പില്ലാത്തവരാണ് മറ്റുള്ളവരുടെ പേരിനെ അപകീർത്തിപ്പെടുത്താൻ ശ്രമിക്കുന്നത്. മറ്റുള്ളവരെ മോശമായി കണ്ടെങ്കിലേ അവരുടെ സ്വത്വത്തിന് നിലനിൽപ്പുള്ളൂ. പരദൂഷണ സ്വഭാവം അധികമായിട്ടുള്ളവർ മാനസിക ആരോഗ്യമുള്ളവരല്ല.

2. വ്യത്യസ്തതകളുള്ള അപരനെ അംഗീകരിക്കുക

ജാതി, മതം, ഭാഷ, സംസ്കാരം, വർഗ്ഗം, വർണ്ണം തുടങ്ങി എത്രയോ കാര്യങ്ങളിൽ മനുഷ്യർ വ്യത്യസ്തരാണ്. ഒരാളിനെപ്പോലെ മറ്റൊരാളില്ല എന്നതാണ് യാഥാർത്ഥ്യം. ഇതുൾക്കൊണ്ട് അപരനെ അംഗീകരിക്കാനുള്ള മനസ്സ് പലർക്കുമില്ല. മാനസിക അപക്വതയുടെ വ്യക്തമായ ഒരു അടയാളമാണ് ഇത്. അപരനെ അംഗീകരിക്കാനുള്ള വിമുഖത കുടുംബത്തിലുള്ളിലുമായിരിക്കുന്നു എന്നതാണ് പരിതാപകരമായ വസ്തുത. വെളുത്ത ദമ്പതികൾക്ക് കുട്ടിയുടെ നിറം ഇരുണ്ടതായതിനാൽ അംഗീകരിക്കാൻ സാധിക്കുന്നില്ല. പ്രതീക്ഷയ്ക്കൊത്ത് കുട്ടികൾക്ക് റാങ്ക് ലഭിച്ചില്ലെങ്കിൽ അവരെ സ്നേഹിക്കാൻ സാധിക്കുന്നില്ല. ഭാര്യക്ക് ഭർത്താവിനെയും ഭർത്താവിന് ഭാര്യയേയും അംഗീകരിക്കുവാൻ പല കാരണങ്ങളാൽ സാധിക്കുന്നില്ല. ഈ അപക്വമനസ്സിന്റെ വർദ്ധിച്ച രൂപവും ഭാവവുമാണ് കടുത്ത അസഹിഷ്ണുത. കടുത്ത അസഹിഷ്ണുത ക്രൂരതയിലേക്കു നയിക്കുന്നു. കുടുംബങ്ങളിലും സമൂഹത്തിലും സംഘർഷങ്ങൾ വർദ്ധിക്കുന്നതിന്റെ അടിസ്ഥാനകാരണം അസഹിഷ്ണുതയാണ്. അതിന്റെ ഉറവിടമോ വ്യക്തിയുടെ മനസ്സിന്റെ അപക്വഭാവം തന്നെയാണ്. വ്യത്യസ്ത ചിന്തയും രൂപവും ഭാവവുമുള്ളവരെ അംഗീകരിക്കാൻ സാധിക്കുന്നത് മാനസിക ആരോഗ്യത്തിന്റെ അടയാളമാണ്.

3. പ്രതിസന്ധികളിൽ ഇടറാത്ത മനസ്സ്

ടി.വി. കണ്ടതുമതി എന്ന് മാതാപിതാക്കൾ വിലക്കിയാൽ, പരീക്ഷയിൽ തോറ്റാൽ, മെഡിസിന് പ്രവേശനം കിട്ടിയില്ലെങ്കിൽ എന്നു തുടങ്ങിയ കാരണങ്ങളാൽ വിദ്യാർത്ഥികളും, കുടുംബ കലഹത്തെ പ്രതി ഭാര്യാഭർത്താക്കന്മാരും, കടക്കെണിയുടെപേരിൽ ലോൺ വാങ്ങിയിട്ടുള്ളവരുമൊക്കെ ആത്മഹത്യ ചെയ്യുന്ന പ്രവണത ഇവിടെ വർദ്ധിച്ചുവരുന്നു. ബാഹ്യമായ കാരണങ്ങൾ വ്യക്തിയെ തളർത്തുന്നു എന്നുപറയുന്നത് പ്രശ്നങ്ങളുടെ ഒരുവശമേ ആകുന്നുള്ളൂ. പ്രതിസന്ധികളെ നേരിടാൻ എന്തുകൊണ്ട് ധൈര്യം ലഭിക്കുന്നില്ലാ എന്ന മറുചോദ്യം അർത്ഥവത്തായതുതന്നെ. പ്രതിസന്ധികൾ ഇല്ലാത്ത ജീവിതം ഇല്ല. അതിനെ നേരിടുവാനുള്ള ശക്തി ആർജ്ജിക്കുക മാത്രമേ മനുഷ്യർക്കു സാദ്ധ്യമാകുകയുള്ളൂ. ഒരുപക്ഷേ സുഖസൗകര്യങ്ങൾ വർദ്ധിച്ചതുകൊണ്ടാവാം അല്പം പോലും ക്ലേശങ്ങൾ നേരിടാനുള്ള കരുത്ത് ഇല്ലാതെപോകുന്നത്. ഉത്കണ്ഠ, ആധി, വിഷാദം ഇവയൊക്കെ സമൂഹത്തിൽ പൊതുവെ വർദ്ധിച്ചുവരുന്നു. ഇതൊക്കെ മുൻപും ഉണ്ടായിരുന്നു. എന്നാൽ ഇഴയടുത്ത കുടുംബ ബന്ധങ്ങൾ, നല്ല സുഹൃത്തുക്കൾ, ആഴമേറിയ ദൈവാശ്രയം ഇവയൊക്കെ പ്രതിസന്ധികളെ മറികടക്കാൻ സഹായിച്ചിരുന്നു.

ഈ ഊന്നുവടികളെല്ലാം ആധുനിക മനുഷ്യന് നഷ്ടപ്പെട്ടിരിക്കുന്നു. എല്ലാം സ്വന്തം തോളിൽ തന്നെ വഹിക്കേണ്ടിവന്നപ്പോൾ ചുമടുകൾക്ക് ഭാരം ഏറെയായി. ഇറക്കിവെക്കുവാൻ അത്താണി ഇല്ലാതെ വന്നപ്പോൾ ആത്മഹത്യയിൽ ഒരുതരത്തിൽ അഭയം പ്രാപിക്കുകയാണ്. ഇതും മാനസിക ആരോഗ്യത്തിന്റെ അഭാവത്തെ സൂചിപ്പിക്കുന്നു.

4. നന്മയിലേക്കല്ല, തിന്മയിലേക്കുള്ള വളർച്ച

ഇതും മാനസിക ആരോഗ്യമില്ലായ്മയുടെ അടയാളം തന്നെയാണ്. കാരണം അടിസ്ഥാനപരമായി മനുഷ്യൻ നന്മയിൽ വളരാൻ സൃഷ്ടിക്കപ്പെട്ടവരാണ്. ഈ ഉൾക്കാഴ്ച മന:ശാസ്ത്രത്തിലില്ലെങ്കിലും ദൈവശാസ്ത്രത്തിലുണ്ട്. അതായത് ആദ്യ മനുഷ്യൻ ദൈവസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ടു. സ്വയം പാപം ചെയ്യുവാൻ തീരുമാനിക്കുന്നതുവരെ അവനിൽ തിന്മയായതൊന്നും ഇല്ലായിരുന്നു. അതിന്റെ അർത്ഥം ആദ്യഭാവം അടിസ്ഥാനപരമായി നന്മയായിട്ടുള്ളതു തന്നെ എന്നാണ്. ഫ്രോയിഡിനെപ്പോലുള്ള മന:ശാസ്ത്രജ്ഞന്മാർ മനുഷ്യന്റെ അടിസ്ഥാന സ്വഭാവം സുഖാനുഭൂതി അന്വേഷിക്കുന്നതാണ് എന്ന് പഠിപ്പിച്ചിട്ടുണ്ട്. അതിൽ തന്നെ ലൈംഗികത ആസ്വദിക്കാനുള്ള ചോദനയാണ് ഏറ്റവും ശക്തിയേറിയത് എന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതേപ്പറ്റി ഒരു ഗ്രീക്കുബിഷപ്പ് ആന്റണി ക്രിസോസ്റ്റമോസ് അഭിപ്രായപ്പെട്ടിരിക്കുന്നത് ഇങ്ങനെയാണ് "ഫ്രോയിഡിന്റെ അഭിപ്രായം ഒരുവിധത്തിൽ ശരിയാണ്. ഫ്രോയിഡ് പഠിച്ചത് വീഴ്ചയിലായ മനുഷ്യന്റെ സ്വഭാവത്തെപ്പറ്റിയാണ്. എന്നാൽ ക്രിസ്തുവിലുള്ള വീണ്ടെടുപ്പിൽ ഈ സ്വഭാവത്തിന് നിശ്ചയമായും മാറ്റം സംഭവിക്കുന്നു (Orthodox Psychology) ഈ മാറ്റത്തിന്റെ സാദ്ധ്യതയെക്കുറിച്ച് നിരീശ്വരവാദിയായ ഫ്രോയിഡിന് നിശ്ചയമില്ലായിരുന്നു. ഇവിടെ ഒരുകാര്യം മനസ്സിലാക്കാനുള്ളത്, നന്മയിലേക്കുള്ള വളർച്ച സ്വാഭാവികമായിട്ടുള്ളതും തിന്മയിലേക്കുള്ള വളർച്ച അസ്വാഭാവികവുമാണ്. ഇന്നും പലതും തിരിച്ചാണ് മനസ്സിലാക്കുന്നത്. തിന്മയിലേക്കുള്ള വളർച്ചയെ സ്വാഭാവികമായി കാണുന്നു. മാനസിക ആരോഗ്യം നഷ്ടപ്പെടുന്നത് ഇവിടെയാണ്. നന്മയിലേക്കു വളരുമ്പോൾ വ്യക്തിയുടെ ആളത്വത്തിൽ ഉണ്ടാകുന്ന ഊർജ്ജപ്രവാഹം ആത്മ, ശരീര, മനസ്സുകളെ ഉത്തേജിപ്പിക്കുന്നതും ശക്തി പകരുന്നതുമാണ്. നന്മതെരഞ്ഞെടുക്കുകയും അതിൽ വളരുകയും ചെയ്യുമ്പോൾ ശരീരത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഹോർമോണുകളും മറ്റു രാസമാറ്റങ്ങളും മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതാണ് എന്ന് ശാസ്ത്രീയമായി തന്നെ തെളിയിക്കപ്പെട്ടിട്ടുണ്ട്. സ്വയമതിപ്പ്, വ്യത്യസ്തതകളുള്ള അപരനെ അംഗീകരിക്കാനുള്ള തുറവി, പ്രതിസന്ധികളിൽ പതറിപ്പോകാതെ ഉറച്ചുനിൽക്കാനുള്ള കഴിവ്, നന്മയിലേക്കുള്ള വളർച്ച ഇവയൊക്കെ മാനസിക ആരോഗ്യത്തിന്റെ മുഖ്യ അടയാളങ്ങളാണ്.

5.മാനസിക ആരോഗ്യത്തിന് ആത്മീയതയുമായിട്ടുള്ള ബന്ധം.

ആത്മീയത ഇന്ന് വളരെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന പദമാണ്. ഈ തെറ്റൽ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. മതവുമായി ബന്ധപ്പെട്ടുനടക്കുന്നതെല്ലാം ആത്മീയമാണെന്ന് ചിലർ തെറ്റിദ്ധരിച്ചിട്ടുണ്ട്. ഈ ചിന്താഗതി വളരെ കുഴപ്പമുണ്ടാക്കുന്നതാണ്. യേശുക്രിസ്തുവിന്റെ കാലത്ത് കർത്താവ് വിമർശിച്ചതും കുറ്റപ്പെടുത്തിയതും നാസ്തികരെയല്ലാ മറിച്ച് ആസ്തികരെ തന്നെയാണ്. "ദൈവമില്ലാ എന്ന് മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു" എന്ന് സങ്കീർത്തനക്കാരൻ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത്തരത്തിലുള്ള ഒരു കുറ്റപ്പെടു

ത്തൽ പോലും ദൈവമില്ലാത്തവരേക്കുറിച്ച് കർത്താവ് പറഞ്ഞിട്ടില്ല. കർത്താവ് വിമർശിച്ച തെല്ലാം കടുത്ത ദൈവവിശ്വാസികളെത്തന്നെയാണ്. ആചാരാനുഷ്ഠാനങ്ങൾ നിഷ്ഠയോടെ കൈകാര്യം ചെയ്ത പരീശ സാദൂക്യവിഭാഗത്തിനെതിരായാണ് ക്രിസ്തു കൂടുതൽ വിമർശനങ്ങൾ ഉയർത്തിക്കാട്ടിയത്. അതിനാൽ മതത്തിന്റെയും, സഭയുടെയും പേരിൽ നടത്തപ്പെടുന്ന എല്ലാം ആത്മീയമാണെന്ന ചിന്ത തിരുത്തിക്കുറിക്കേണ്ടതാണ്. ശരിയായ ആത്മീയത മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കുമ്പോൾ വികലമായ ആത്മീയത മാനസിക ആരോഗ്യത്തെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. എല്ലാവിധത്തിലുള്ള മൗലിക വാദങ്ങളും (Fundamentalism) വികലമായ ആത്മീയതയുടെ ഭാഗമാണ്. ദൈവത്തെ ആരും പൂർണ്ണമായും അറിഞ്ഞിട്ടില്ല. ഏതുമതത്തിൽപ്പെട്ടവരാണെങ്കിലും ദൈവാനുഭവത്തിൽ വളരുന്നു എന്നേപറയാൻ ഒക്കുകയുള്ളൂ. അതുകൊണ്ട് തന്നെ എന്റെ അറിവ് പൂർണ്ണമായും ശരിയെന്നും മറ്റുള്ളതെല്ലാം തെറ്റെന്നും ന്യായം വിധിക്കുന്നത് ശരിയല്ല. മതതീവ്രവാദവും, മറ്റു വിശ്വാസങ്ങളോടുള്ള അസഹിഷ്ണുതയും അത് സൃഷ്ടിക്കുന്ന നിഷേധാത്മകമായ കോപം, പിണക്കം, ധാർഷ്ഠ്യം, അസൂയ തുടങ്ങിയ എല്ലാവികാരങ്ങളും മാനസികാരോഗ്യത്തെ കെടുത്തിക്കളയുന്നതാണ്. മറ്റുള്ളവരെയും അവരുടെ വിശ്വാസങ്ങളെ ആദരിക്കുകയും ചെയ്യുന്നിടത്താണ് ശരിയായ ആത്മീയത വികസിക്കുന്നത്. ദൈവാശ്രയബോധം എങ്ങനെ മാനസിക ആരോഗ്യത്തെ വർദ്ധിപ്പിക്കുന്നു എന്ന് മന:ശാസ്ത്രപരമായി ചൂണ്ടിക്കാട്ടിയത് കാൾ യുംഗ് എന്ന മന:ശാസ്ത്രജ്ഞനാണ്. ഫ്രോയിഡിന്റെ സഹയാത്രികനായ യുംഗ് ഫ്രോയിഡിന്റെ 'ലിബിഡോ', സിദ്ധാന്തത്തോട് വിഘടിച്ചു. അതായത് 'ലൈംഗിക ചോദനയാണ്' മനുഷ്യന്റെ അബോധമനസ്സിലെ ശക്തമായ വികാരമെന്നുള്ളത് യുംഗ് അംഗീകരിച്ചില്ല. വ്യക്തിപരമായ അബോധത്തിനു പകരം അദ്ദേഹം വെച്ചത് സാമൂഹ്യ അബോധമാണ് (Collective Unconscious) അതായത് മനുഷ്യവർഗ്ഗത്തിനു മുഴുവനായി ഒരു പൊതു അബോധമുണ്ട്. അതിൽ ശക്തമായി നിൽക്കുന്നത് അദൃശ്യമായ ഒരു മഹാശക്തിയോട് ബന്ധപ്പെടുത്തുവാനുള്ള ത്വരയാണ്. ഈ ഭാഗം തൃപ്തിപ്പെടുത്താത്തവർ അവരുടെ തന്നെ സ്വത്വബോധത്തെ നിരാകരിക്കയാണ് ചെയ്യുന്നത് എന്ന് കാൾ യുംഗ് ചൂണ്ടിക്കാട്ടി. അർത്ഥവത്തായ ഒരു ബന്ധം ആത്യന്തികമായ ശക്തിയോട് അഥവാ ദൈവത്തോട് ഉണ്ടാക്കാത്തതിനാലാണ് അനേകം പേർ മാനസിക രോഗികളായത് എന്ന് മനോരോഗികളെ ചികിത്സച്ചതിന്റെ വെളിച്ചത്തിൽ അദ്ദേഹം കണ്ടെത്തി. ദൈവനിഷേധികൾ സ്വന്ത അസ്തിത്വത്തോടുതന്നെ കലഹിക്കുകയാണ് ചെയ്യുന്നത്. ഇവിടെ മറ്റൊരുകാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്. സർവ്വാതിശയായ ദൈവവുമായി ബന്ധപ്പെടുന്നതിനുപകരം മനുഷ്യന്റെ സ്വാർത്ഥതയേയും, അഹന്തയേയും, ഉല്ലാസതൃഷ്ണയേയും, ഭോഗാസക്തിയേയുമൊക്കെ തൃപ്തിപ്പെടുത്താൻ മതത്തേയും ഭക്തിയേയും ഉപയോഗിക്കുന്നവർ ധാരാളമുണ്ട്. മതാനുഷ്ഠാനങ്ങളിൽ കൂടി അവർ അന്വേഷിക്കുന്നത് കടുത്ത സ്വാർത്ഥതയുടെ സാക്ഷാത്കാരം തന്നെയാണ്. ശരിയായ ആത്മീയത സ്വയത്തിൽ നിന്നുവിടുതൽ പ്രാപിച്ച് അപരനിലേക്കു നീങ്ങുന്നതാണ്. ഉല്ലാസതൃഷ്ണകൾക്കുപകരം സ്വയപരിത്യാഗം ശരിയായ ആത്മീയതയുടെ മുഖമുദ്രയായിരിക്കും. മതത്തിന്റെ പേരിൽ ഇന്നുനടക്കുന്ന ആഘോഷങ്ങൾ എല്ലാം തന്നെ പഴയമനുഷ്യന്റെ ഭോഗാസക്തിയേയും, അഹന്തയേയും പരിപോഷിപ്പിക്കാനുള്ളതാണ്. ഇവിടെ ആന്തരിക സത്തയ്ക്കു യാതൊരു മാറ്റവും സംഭവിക്കുകയില്ല. ക്രിസ്തീയ ആത്മീയതയിൽ വ്യക്തിയുടെ 'സ്വയ'ത്തിന്റെ സ്ഥാനത്ത് ക്രിസ്തുവിനെ പ്രതിഷ്ഠിക്കണം. "ഇനി ജീവിക്കുന്നത് ഞാനല്ല എന്നിൽ വസിക്കുന്ന ക്രിസ്തുവത്രെ' എന്ന് പൗലോസ് അപ്പോസ്തോലൻ എത്തിചേർന്ന ഉയർന്നതലത്തിലേക്കുള്ള പ്രയാണത്തിലാണ് വിശ്വാസിയുടെ ആത്മീയ വളർച്ച സ്ഥിതി ചെയ്യുന്നത്. ദൈവത്തെ അന്വേഷിക്കുന്നത് ദൈവസ്വഭാവത്തിൽ പങ്കുചേരാൻ മാത്രമായിരിക്കണം. പൗരസ്ത്യ വേദശാസ്ത്രം അതിനെ ദൈവീകരണം (THEOSIS) എന്നുവിളിക്കുന്നു. നന്മയിലേക്കു വളരാനുള്ള ആഗ്രഹമില്ലാതെ സ്വാർത്ഥതാല്പര്യങ്ങളോടെ നടത്തപ്പെടുന്ന അനുഷ്ഠാനങ്ങളും പ്രാർത്ഥനകളുമൊക്കെ വിശ്വാസിക്കു ശരിയായ മാനസിക ആരോഗ്യം നൽകുകയില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ മനുഷ്യന്റെ സൃഷ്ടിയിലെ ആദ്യഭാവം നന്മയുടേതായിരുന്നു. അതിലേക്കുള്ള മടങ്ങിപ്പോക്കാണ് ദൈവാന്വേഷണത്തിൽ പ്രധാനമായത്. വ്യക്തിത്വത്തിന്റെ ഭാഗമായി പിന്നീട് വന്ന തിന്മയെ വിപാടനം ചെയ്ത് നന്മയിലേക്കു വളരുമ്പോൾ പുറപ്പെടുവിക്കുന്ന ഊർജ്ജം വ്യക്തികൾക്കു നവോന്മേഷം ഉണ്ടാക്കും. പ്രതിസന്ധികളിൽ അവർ തളർന്നു പോവുകയില്ല. കുഞ്ഞ് മാറിടത്തിലേക്കു മടങ്ങുമ്പോഴുള്ള സുഖവും സന്തോഷവും പോലെ സൃഷ്ടിസൃഷ്ടാവുമായി ബന്ധപ്പെടുന്നതിലെ അപാരമായ ആനന്ദം കണ്ടെത്തുന്നു. ഇത് ഇന്ദ്രിയ സുഖത്തിനപ്പുറമുള്ള ഒരുതലമാണ്. ദൈവത്തെ അറിയുന്നതു പോലും ഇന്ദ്രിയ സുഖാനുഭൂതിയ്ക്കും ഭൗതിക ഭോഗങ്ങൾക്കും വേണ്ടിയാണെങ്കിൽ ഈ ഉയർന്ന തലത്തിൽ എത്താൻ സാധിക്കുകയില്ല. ചുരുക്കത്തിൽ സ്വയത്തെയും, അപരനെയും ആയിരിക്കുന്ന അവസ്ഥയിൽ അംഗീകരിക്കാനും, ദൈവസൃഷ്ടിയിൽ സ്വാഭാവികമായി ലഭിച്ച നന്മയെ പരിപോഷിപ്പിക്കാനും, പ്രതിസന്ധിയിൽ ഒറ്റയ്ക്കല്ലാ എന്ന ബോധ്യത്തോടെ ജീവിക്കാനും സാധിക്കുമ്പോൾ, അവിടെ മാനസിക ആരോഗ്യവും ശരിയായ ആത്മീയതയും സമ്മേളിക്കുന്നതായി തിരിച്ചറിയാം. ■

വിശുദ്ധ ജീവിതം
- ഒരു മാർഗ്ഗ രേഖ

ഫാ.സ്റ്റീഫൻ ജോർജ്ജ്, മുൻവികാരി

1968-ൽ സ്ഥാപിതമായ സെന്റ് ഗ്രീഗോറിയോസ് പള്ളി 50 വർഷം പിന്നിട്ട് സുവർണ്ണജൂബിലി ആഘോഷിയ്ക്കുമ്പോൾ ഒരു സ്മരണിക പ്രസിദ്ധപ്പെടുത്തുന്നു എന്നറിയുന്നതിൽ അതിയായി സന്തോഷിയ്ക്കുന്നു. നമ്മുടെ സഭയിലെ പ്രഖ്യാപിത പരിശുദ്ധനായ പരുമല കൊച്ചുതിരുമേനിയുടെ 116-ാം ഓർമ്മപെരുന്നാൾ ഈ വർഷം നവംബർ 1, 2 തിയ്യതികളിലായി കൊണ്ടാടി. ഈ സുവർണ്ണ അവസരത്തിൽ ആ പരിശുദ്ധനെകുറിച്ചുള്ള ചിന്തകൾ ഏറെ പ്രസക്തമായിരിക്കും.

1848 ജൂൺ 15-ാം തിയ്യതി മുളന്തുരുത്തിയിലെ ചാത്തുരുത്തി കുടുംബത്തിൽ കൊച്ചുമത്തായി, മറിയ എന്നിവരുടെ മകനായി ജനിച്ച ആ പുണ്യപിതാവ് 1902 നവംബർ 2-ാം തിയ്യതി തന്റെ 54-ാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു. തന്റെ 29-ാം വയസ്സിൽ മാർ ഗ്രീഗോറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്ത ആയ അദ്ദേഹം 25 വർഷത്തോളം സഭാ ഭരണം നടത്തുകയും സത്യവിശ്വാസത്തിൽ ജനങ്ങളെ ഉറപ്പിക്കുകയും ചെയ്തു. ആ പരിശുദ്ധ പിതാവിന്റെ കബർ സ്ഥിതിചെയ്യുന്ന പുണ്യഭൂമിയാണ് പരുമല. അനേകർക്ക് ആശ്വാസം പകരുന്ന ഈ ആത്മീയ ശക്തികേന്ദ്രം മലങ്കരയിലെ യരുശലേം ആയി കണക്കാക്കാവുന്നതാണ്. പരിശുദ്ധ പരുമലതിരുമേനിയുടെ നാമത്തിൽ ഭാരതത്തിൽ മാത്രമല്ല പുറത്തു പേർഷ്യൻ ഗൾഫിലും, യൂറോപ്പിലും, അമേരിക്കയിലും, കാനഡായിലും പള്ളികൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞു. അൽഭുതങ്ങളുടെ ഉറവിടമായ പരുമലയിലെ കബറും ആ പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥതയും പ്രശസ്തി ആർജ്ജിച്ചിരിക്കുന്നു.

ആത്മശുദ്ധികൊണ്ടും അൽഭുതസിദ്ധികൊണ്ടും ഏവർക്കും ആരാധ്യനായി തീർന്ന ഒരു പുണ്യപുരുഷനായിരുന്നു പരുമല കൊച്ചുതിരുമേനി. കേരളത്തിൽ സാമൂഹ്യ വിദ്യാഭ്യാസ, ആദ്ധ്യാത്മീക രംഗങ്ങളിലേക്ക് താഴ്ന്നിറങ്ങി തികച്ചും വിപ്ലവാത്മകമായ പല പരിവർത്തനങ്ങൾക്കും ബീജാവാപം ചെയ്ത മഹാനുഭാവനാണു പരുമല തിരുമേനി. കേവലം ദേവാലയഭിത്തിക്കുള്ളിൽ ധ്യാനത്തിലും, പ്രാർത്ഥനയിലും മാത്രം ഒതുങ്ങിനിന്ന ഒരു ജീവിതമായിരുന്നില്ല പരിശുദ്ധ പിതാവിന്റേത്. പ്രത്യുത അവശതകളും ആവശ്യങ്ങളും മനസ്സിലാക്കി അതനുസരിച്ചു പ്രവർത്തിച്ച ഒരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു തിരുമേനി. സമൂഹത്തിലെ പുരോഗതി അതിലെ ജനങ്ങളുടെ വിജ്ഞാനത്തെ അനുസരിച്ചാണു നിലകൊള്ളുന്നതെന്ന സത്യം മനസ്സിലാക്കി വിദ്യാഭ്യാസരംഗത്തും ദീർഘദൃഷ്ടിയോടെ തിരുമേനി തന്റെ ശ്രദ്ധ ചെലുത്തി. തിരുവല്ല, തുമ്പമൺ, കുന്നംകുളം (ഇന്നു കാണുന്ന മെത്രാന്റെ സ്കൂൾ എന്നറിയപ്പെടുന്ന ഗവ.ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ) എന്നീ സ്ഥലങ്ങളിലെ സ്കൂളുകൾക്ക് ആരംഭമിട്ടതു കൊച്ചുതിരുമേനിയാണ്. മലങ്കര സഭയുടെ പവിത്രമായ പാരമ്പര്യം അണുവിടപോലും വ്യതിചലിക്കാതെ അവയെ പരിരക്ഷിച്ചത് ഈ പരിശുദ്ധനായിരുന്നു. അദ്ദേഹം ഉപയോഗിച്ച പുസ്തകങ്ങളും, അദ്ദേഹം പരിശീലിച്ചിരുന്ന പാരമ്പര്യങ്ങളുമാണ് നമുക്ക് ഇപ്പോഴും ആധാരമായിട്ടുള്ളത്, പ്രാർത്ഥന, നോമ്പ്, ഉപവാസം ഇത്യാദി ആത്മീയ അനുഷ്ഠാനങ്ങൾ നിർവ്വഹിച്ചിരുന്ന തിരുമേനി നമുക്ക് ഇന്നും മാതൃകയുള്ള ആത്മീകപിതാവായി നിലകൊള്ളുന്നു. മൺമറഞ്ഞിട്ടു വർഷങ്ങൾ പലതുകഴിഞ്ഞിട്ടും ഇന്നും ആ പരിശുദ്ധൻ മലങ്കരയിലെ മഹാജനങ്ങളുടെയിടയിൽ ജീവിക്കുന്നു; തന്റെ മക്കൾക്ക് ആശ്വാസവും, വാഴ്‌വും ചൊരിഞ്ഞുകൊണ്ടു ദൈവസന്നിധിയിൽ, മരണത്തിനപ്പുറമുള്ള ജീവിതം ഒരു യാഥാർത്ഥ്യമാണെന്നു തെളിയിച്ചു

കൊണ്ട് നിലകൊള്ളുന്നു.

നമ്മെപ്പോലെ ജനിച്ചു നമ്മെപോലെയുള്ള സാഹചര്യത്തിൽ വളർന്ന ഒരു വ്യക്തിയാണ് തിരുമേനി. തന്റെ ജീവിത വിശുദ്ധികൊണ്ടും പ്രാർത്ഥനാ ജീവിതംകൊണ്ടും പരിശുദ്ധ പദവിയിലേക്ക് അദ്ദേഹം ഉയർത്തപ്പെട്ടു. ആ പദവി ഏതു മനുഷ്യനും പ്രാപിക്കാമെന്നു പരുമല തിരുമേനിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം നാം അനുകരിക്കണം. ആ ഉന്നത ജീവിതത്തിലേക്ക് ഉയരുവാൻ നാം പരിശ്രമിക്കണം. ആരാധനാ ജീവിതം ശക്തമാകുമ്പോഴേ സഭാ ജീവിതം ചൈതന്യമാകുകയുള്ളൂ. സഭാജീവിതത്തിൽ നാം പ്രാവർത്തികമാക്കേണ്ട നിഷ്ഠകൾ പരിശുദ്ധ പരുമലതിരുമേനി നമുക്ക് കാണിച്ചു തന്നിട്ടുണ്ട്.

ഇന്നത്തെ നമ്മുടെ സഭാജീവിതം അഥവാ ആരാധനാ ജീവിതം ശക്തമാക്കുവാൻ സഭാമക്കൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. അസ്സമാധാനത്തിന്റെയും അസ്വസ്ഥകളുടെയും കാലഘട്ടമായിട്ട് ഇന്നിന്റെ കാലങ്ങൾ ആയി തീർന്നിരിക്കുന്നു. കേരള സംസ്ഥാനം അതിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തത്തിനും അതിൽനിന്നുള്ള പുനരധിവാസത്തിനും സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന സന്ദർഭങ്ങളാണല്ലോ ഇത്. കലാവസ്ഥയിൽ ഉളവാകുന്ന വ്യതിയാനങ്ങൾ മാനവരെ അസ്വസ്ഥമാക്കുന്നുണ്ട്. വളർന്നുവരുന്ന തലമുറയെപറ്റി ആശങ്കകൾ കൂടിവരുന്നതും അവഗണിക്കാവുന്നതല്ല. ആധുനിക വൈദ്യശാസ്ത്രം അപൂർവ്വ രോഗങ്ങളുടെ മുൻപിൽ തലകുനിക്കുന്നു. മനുഷ്യർതമ്മിലുള്ള ബന്ധങ്ങളിൽ ഉലച്ചിൽ സംഭവിക്കുന്നു. കുടുംബങ്ങളിൽ അന്തഛിദ്രങ്ങൾ ഉടലെടുക്കുന്നു. മത രാഷ്ട്രീയ സാമൂഹ്യ മണ്ഡലങ്ങളിൽ ഇന്നും കാണുന്ന പ്രതിസന്ധികൾ അസഹനീയമായി തീർന്നിരിക്കുന്നു. പുകയില-ലഹരി വസ്തുക്കളുടെ ആസ്ക്തിയിൽ തലമുറ അകപ്പെട്ടു കഴിഞ്ഞു എന്ന യാഥാർത്ഥ്യം അംഗീകരിച്ചേതീരു. പരസ്പര ബഹുമാനാദരവുകൾ കാണിക്കുന്നതിൽ കുറവുസംഭവിക്കുന്നു. ആർക്കും ആരോടും യാതൊരു പ്രതിബദ്ധതയുമില്ലാത്ത ഒരു സംസ്ക്കാരം ഉടലെടുത്തിരിക്കുകയാണ്.

പരിശുദ്ധ പരുമല തിരുമേനിയുടെ ജീവിതം നമുക്ക് ഏവർക്കും അനുകരിക്കാവുന്ന ഉൾക്കാഴ്ച നൽകുന്നു. പരിശുദ്ധന്റെ നാമത്തിൽ സ്ഥാപിതമായ പള്ളിയുടെ സുവർണ്ണ ജൂബിലി ആഘോഷവേളകളിൽ വ്യക്തമായ ജീവിത പന്ഥാവ് പിതാവ് ഒരുക്കിതരുന്നു. ആത്മീയ നിഷ്ഠകളിൽ നാം ഉത്സാഹമുള്ളവരായി ജീവിക്കുവാനും പ്രതികൂലതകളെ ദൈവാശ്രയ ബോദ്ധ്യത്തിൽ മറികടുക്കുവാനും നമുക്ക് സാധിക്കണം. പൈശാചിക പ്രേരണകൾ അലട്ടുമ്പോൾ അതീവ ശ്രദ്ധയോടെ അതിനെ അതിജീവിക്കാൻ പരിശുദ്ധന്റെ ജീവിത വഴികൾ നമുക്ക് വഴിക്കാട്ടിയാകണം. ■

പാവന സ്മരണയ്ക്ക്

റ്റി.ഐ.താവു

ശോശാമ്മ താവു

Inserted by:- ജോസ് ഡേവിഡ് & ഡിക്സൺ ഡേവിഡ്

K.I.BIJU

PH:04885 222417
222625 (Resi)
MOB: 9447133625

KERALA OFFSET PRINTERS

GURUVAYOOR ROAD, **KUNNAMKULAM**
Email:keralakkm@gmail.com

ആശംസകളോടെ....

KOPAB®

Trade Mark No.764451/01.08.97

SINCE 1970

ROYSONS KOPAB NOTE BOOKS
Plot No : 12 B, Mini Industrial Estate,
Kaniampal Road, Kunnamkulm - 680503
Mob : 09633512778

ROYSONS KOPAB INDUSTRIES
Plot No : 1, Industrial Area, Titanium P.O.
Kochuveli, Trivandrum - 695021
Mob : 09946160731

LILLY NOTE BOOKS
AKG Road, Thekkepuram, Kunnamkulam - 680503
Ph : 09747100864

മലങ്കര മെഡിക്കൽ മിഷൻ ആശുപത്രി

അടുപ്പൂട്ടി, കുന്നംകുളം, ഫോൺ : 04885 222944, 222764

Web. : www.malankaramedicalmissionhospital.org,

E-mail : kkmmosemmhos@gmail.com,

.....professional care at affordable cost.....



Dr. AMAL PAUL, MD,DM, CARDIOLOGIST

ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി, പേസ്മേക്കർ, ഹോൾട്ടർ റെക്കോർഡർ തുടങ്ങിയ നൂതന സംവിധാനങ്ങളോടു കൂടി 24 മണിക്കൂറും പ്രവർത്തിച്ചു വരുന്ന കാർഡിയാക് കത്തീറ്ററൈസേഷൻ ലാബ്. (Cath Lab)

സേവന സൗകര്യങ്ങൾ

- ഗർഭാശയം നീക്കം ചെയ്യൽ, ഗർഭാശയ മുഴകൾ, പ്രസവം നിറുത്തൽ, ഡയഗ്നോസ്റ്റിക് ലാപ്റോസ്കോപി, തുടങ്ങിയ താക്കോൽദ്വാര ശസ്ത്രക്രിയകൾ
- C-Pap, പീഡിയാട്രിക് വെന്റിലേറ്റർ, തുടങ്ങിയ നൂതന ഉപകരണങ്ങളോടുകൂടി വിദഗ്ദ ഡോക്ടർമാരുടെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചുവരുന്ന നവജാത ശിശുരോഗവിഭാഗം
- സർപ്പ വിഷബാധ, വിവിധ തരം വിഷങ്ങൾ ഉള്ളിൽ ചെന്നവർ എന്നിവരെ ചികിത്സിക്കുന്ന എല്ലാ സജീകരണങ്ങളോടും കൂടിയ ടോക്സിക്കോളജി വിഭാഗം
- 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, ലബോറട്ടറി, ഫാർമസി, എക്സ്റേ, ആംബുലൻസ്, ഡയാലിസിസ്, ബ്ലഡ്ബാങ്ക്, എമർജൻസി ലൈഫ് സപ്പോർട്ട് വിഭാഗം.
- 24 മണിക്കൂറും പ്രവർത്തിക്കുന്നഎക്സിഡന്റ് ആന്റ് ട്രോമാ കെയർ, ഓർത്തോപിഡിക് സേവനങ്ങൾ
- ശ്വാസം മുട്ടൽ, ശ്വാസകോശ രോഗങ്ങൾ, പുകവലി മൂലമുള്ള ശ്വാസകോശ സംബന്ധമായ രോഗങ്ങൾ എന്നിവയുടെ നിർണ്ണയത്തിനും രോഗ വ്യാപ്തി അളക്കുന്നതിനും പൾമണറി ഫംങ്ഷൻ ടെസ്റ്റ് (PFT),ബ്രോങ്കോസ്കോപ്പി തൊറാകോസ്കോപ്പി എന്നിവയോട് കൂടിയ നൂതന ചികിത്സാ സൗകര്യം.
- ഗ്യാസ്ട്രോ സ്കോപ്പി, കോളനോ സ്കോപ്പി, ലേസർ സർജറി, തുടങ്ങിയ സംവിധാനങ്ങളോടു കൂടി പ്രവർത്തിച്ചുവരുന്ന ജനറൽ & പീഡിയാട്രിക് സർജറി വിഭാഗം.
- മൈക്രോസ്കോപിക് സർജറി, എന്റോസ്കോപിക് സർജറി, വീഡിയോ എന്റോസ്കോപി , വെർട്ടിഗോ ക്ലിനിക് തുടങ്ങിയ സൗകര്യങ്ങളോടു കൂടി പ്രവർത്തിച്ചുവരുന്ന ENT വിഭാഗം

AVAILABLE DEPARTMENTS

- CARDIOLOGY
- PULMONOLOGY
- UROLOGY
- NEPHROLOGY
- NEUROLOGY
- GENERAL & PAEDIATRIC SURGERY
- GASTRO ENTEROLOGY
- OBSTETRICS & GYNAECOLOGY
- MEDICINE
- TOXICOLOGY
- PAEDIATRICS
- E.N.T.
- ORTHOPAEDICS
- RADIOLOGY
- OPHTHALMOLOGY
- ANAESTHESIA
- DERMATOLOGY
- PSYCHIATRY
- DENTAL
- CARDIAC CATH LAB
- MICROBIOLOGY
- PHYSIOTHERAPY
- BLOOD BANK
- X-RAY & E.C.G.
- E.E.G.
- LABORATORY
- DIALYSIS
- PHARMACY
- Video BRONCHOSCOPY
- Video THORACOSCOPY
- Video COLONO SCOPY
- Video GASTRO SCOPY
- 24hr ACCIDENT & TRAUMA UNIT

MEKKATTUKULAM
SALES CORPORATION
Wadakkanchery Road, Kunnamkulam
Mob: 04885 - 22 57 82, 83
Crompton
Diamond Duroflex
GREEVS
FinOlex INDUSTRIES
HYCOUNT PIPES & TANKS

പരുമലയുടെ പരിമളം പടർന്ന കുരിശ്

ഫാ.ജോസഫ് ചെറുവത്തൂർ
മുൻവികാരി

പരിശുദ്ധനായ പരുമലതിരുമേനി, വിശ്വാസികളുടെ ഹൃദയത്തിൽ ജ്വലിച്ചു നിൽക്കുന്ന മദ്ധ്യസ്ഥനാണ്. എല്ലാം മറന്ന് പരിശുദ്ധന്റെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർ ദൈവിക സമാധാനം അനുഭവിക്കുന്നു. പരുമല എന്ന സ്ഥലനാമംപോലും ആ പുണ്യ പിതാവിന്റെ പേരുമായി അലിഞ്ഞ് വിശുദ്ധമായി മാറി. ഒരു നാടിന്റെ പേരിന്നപ്പുറത്തേയ്ക്ക് വളർന്ന് വിശുദ്ധന്റെ ഓർമ്മയുമായി ചേർന്നു. അങ്ങിനെ എല്ലാ ഭക്തർക്കും എന്നപോലെ കുന്നംകുളത്തുകാർക്കും പരുമലയും പരുമല തിരുമേനിയും ഭക്തിസാന്ദ്രമായ ഒരനുഭവമായി തീർന്നു.

കുന്നംകുളം സെന്റ് ഗ്രീഗോറിയോസ് ഇടവക അതിന്റെ കനകജൂബിലി ആഘോഷിക്കുമ്പോൾ ദേവാലയത്തോട് ചേർന്ന് സ്ഥിതിചെയ്യുന്ന മാർഗ്രീഗോറിയോസ് സ്മാരകകുരിശ്, ഇടവകയുടെ ചൈതന്യത്തിന്റെ അടയാളമാണ് എന്ന് ഓർക്കാതിരിക്കാനാവില്ല. പരിശുദ്ധ പരുമല തിരുമേനിയുടെ കബറിടത്തിൽ വണങ്ങുന്നതുപോലെതന്നെ നിരവധി ഭക്തർ ഈ കുരിശിലും സാഷ്ടാംഗം പ്രണമിക്കുന്നു. പരിശുദ്ധ പിതാവിന്റെ തൃക്കരം ശിരസ്സിൽ ആശീർവാദമായി മാറുന്ന സായൂജ്യം അനുഭവിക്കുന്നു. പരിശുദ്ധ പിതാവിന്റെ പാവന കൈകളാൽ സ്ഥാപിക്കപ്പെട്ട കുരിശ് കുന്നംകുളത്തിന് ലഭിച്ച അനുഗ്രഹ പ്രവാഹമാണ്. വിശുദ്ധകുര്യാക്കോസ് സഹദായെ ഇഷ്ട മദ്ധ്യസ്ഥനായി ഭജിച്ച പരിശുദ്ധ പരുമലതിരുമേനി ആ സഹദായുടെ നാമത്തിലാണ് കുരിശ് സ്ഥാപിച്ചതെങ്കിലും, മലങ്കരയുടെ പുണ്യമായ പരിശുദ്ധ പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി കുരിശുപള്ളിയ്ക്ക് പിന്നീട് മാർ ഗ്രീഗോറിയോസ് സ്മാരകകുരിശ് എന്ന നാമം നൽകി.

ഇവിടെ വന്ന് പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുന്നവർ അനുഭവിയ്ക്കുന്ന സമാധാനവും, പ്രാപിക്കുന്ന അനുഗ്രഹങ്ങളും വാക്കുകൾക്കും വിശദീകരണങ്ങൾക്കുമൊക്കെ അപ്പുറത്താണ്. ജാതിയുടേയോ മതത്തിന്റേയോ അതിർവരമ്പുകൾ ഇവിടെയില്ല. സർവ്വ വ്യാപകമായി നിലകൊള്ളുന്ന ദൈവീക സാന്നിദ്ധ്യം, എങ്ങിനെയാണ് ചില പ്രത്യേകസ്ഥലങ്ങളിൽ കൂടുതലായി അനുഭവിക്കുവാൻ സാധിക്കുന്നത് എന്ന് ചിലരെങ്കിലും ഉന്നയിക്കുന്ന ചോദ്യമാണ്. ദൈവം സർവ്വവ്യാപിയാണ് എന്നതിന് ഒരു തർക്കവുമില്ല. എല്ലാ ദേവാലയങ്ങളും വിശുദ്ധവുമാണ്. എന്നാൽ ബലഹീനരായ നമ്മെ സംബന്ധിച്ചിടത്തോളം, ചില പ്രത്യേകയിടങ്ങളിൽ നമ്മുടെ വിശ്വാസം ഏറെ ശക്തമാക്കുന്നു. പൂർണ്ണമായി മനസ്സർപ്പിക്കുവാൻ കഴിയുന്നു. സർവ്വശക്തന്റെ സന്നിധിയിൽ ഹൃദയം പകർന്ന് പ്രാർത്ഥിക്കുവാൻ മനസ്സ് ഏകാഗ്രമാകുന്നു. ഈ കുരിശുപള്ളി, അപ്രകാരമുള്ള ഒരിടമായിട്ടാണ് അനുഭവപ്പെടുക.

പരിശുദ്ധ പിതാവിന്റെ വിശുദ്ധിയോട് ചേർന്ന് നിൽക്കുവാൻ നമുക്ക് സാധിക്കും. വിശുദ്ധി നമുക്ക് എത്തിചേരുവാൻ കഴിയാത്ത വിധം ഏറെ ദൂരത്ത് നിൽക്കുന്ന ഒന്നല്ല. നമുക്ക് പ്രാപ്തമായ ഒന്നാണ്. പരിശുദ്ധനായ പൗലോസ്ശ്ലീഹാ കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ അവരെ അഭിസംബോധന ചെയ്യുന്നത് "കോരിന്തിലെ വിശുദ്ധരേ" എന്നാണ്. അവർ വളരെ സാധാരണ മനുഷ്യരാണ്. ഇന്ന് നമുക്കിടയിലുള്ളപോലെ തന്നെ മൂല്യച്യുതികൾ ഉള്ളവരാണ് എങ്കിലും പൗലോസ്ശ്ലീഹ അവരെ വിശുദ്ധരെന്ന് വിശേഷിപ്പിക്കുമ്പോൾ നാം മനസ്സിലാക്കണം നമുക്ക് എത്തിചേരാവുന്ന സാധ്യതയാണ് വിശുദ്ധി. പരിശുദ്ധപരുമല തിരുമേനിയുടെ ജീവിതവിശുദ്ധിയോട് നമുക്ക് ചേർന്ന് നിൽക്കാം... വിശുദ്ധരാകാം...

■

പാവന സ്മരണയ്ക്ക്

ലിസി ലാസർ

09.04.2010

Inserted by: **C.C.Lazar**

പാവന സ്മരണയ്ക്ക്

പി. സി. വർഗ്ഗീസ് **കെ. ഐ. ചിന്നമ്മ**

പുലിക്കോട്ടിൽ ഹൗസ്, എം. ജി. റോഡ്, കുന്നംകുളം

കുന്നംകുളവും പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും

ഫാ.ഡോ.ജോസഫ് ചീരൻ

കുന്നംകുളം കേവലം ഒരു സ്ഥലനാമം മാത്രമല്ല. ഒരു സംസ്ക്കാരത്തിന്റെ പ്രതീകാത്മക നാമം കൂടെയാണ്. ഈ ലേഖനത്തിൽ കുന്നംകുളം എന്നപേർ ഉപയോഗിക്കുന്നത് കുന്നംകുളം സംസ്ക്കാരം വ്യാപിച്ചു കിടക്കുന്ന പ്രദേശങ്ങളെ ഒന്നായി കണ്ടുകൊണ്ടാണ്. മലങ്കര ക്രൈസ്തവ ചരിത്രത്തിൽ കുന്നംകുളത്തിന് അതുല്യ സ്ഥാന മാണുള്ളത്. ഒരു പക്ഷേ ഇന്ത്യയിൽ തന്നെ ക്രൈസ്തവ സംസ്കാരത്തിന്റെ പിള്ളത്തൊട്ടിലാ കുവാൻ അവസരം ലഭിച്ചതു കൊണ്ടാണ് കുന്നംകു ളത്തിന് ഈ അതുല്യ പദവി കൈവന്നത്. ബി.സി. നൂറ്റാണ്ടുകൾ മുതൽ വിദേശ വ്യാപാരത്തിന്റെ അമരം പിടിച്ച പൊന്നാനിതുറമുഖത്തിന്റെ ഭൂമിശാ സ്ത്രപരമായ സാമീപ്യമാണ് ഈ അവസരത്തിന് നിദാനം. കുന്നംകുളം പ്രദേശങ്ങളുടെ പ്രാചീന നാമമായ പാലൂർ, പൊന്നാനിയുടെ തുറമുഖപട്ടണ മായിരുന്നു. വിദേശ വ്യാപാരവുമായി ബന്ധപ്പെട്ട് അറബികളും യഹൂദന്മാരും ബുദ്ധജൈന മത ക്കാരും മറ്റ് ദ്രാവിഡ വിഭാഗങ്ങളും പാലൂർ പ്രദേശ ങ്ങളിൽ നിരന്തരസമ്പർക്കം പുലർത്തിയിരുന്നു. ഇതിൽ യഹൂദന്മാർ പാലൂരിലെ ഉയർന്ന പ്രദേശ മായ ചാട്ടുകുളങ്ങര ജൂതക്കുന്നിലാണ് താവളം ഉറ പ്പിച്ചിരുന്നത്. അവരുടെ ആരാധനാലയമായ സിന്ന ഗോഗും ഈ കോളനിയിൽ ഉണ്ടായിരുന്നു. എ.ഡി അമ്പത്തിരണ്ടിൽ അറബിക്കടൽ വഴി കേരളത്തി ലെത്തിയ മാർത്തോമ്മാശ്ലീഹാ ഭാഷയിലും സംസ്ക്കാര പൈതൃകത്തിലും തനിക്ക് എളുപ്പ ത്തിൽ സംസർഗ്ഗം ചെയ്യാവുന്ന ഈ ജൂതക്കോളനി യിലാണ് തന്റെ ക്രിസ്തുമതപ്രഘോഷണം ആരം ഭിച്ചത്. ഭാഗ്യവശാൽ ഈ സുവിഷേഷഘോഷണം ഫലവത്തായി. ജൂതക്കോളനിയിൽ എല്ലാവരും ക്രിസ്തുമതം സ്വീകരിച്ചു. അവരുടെ സിന്നഗോഗ് ആദ്യത്തെ ക്രിസ്തുമത ദേവാലയമായി രൂപാന്തര പ്പെടുത്തുകയും ചെയ്തു. അങ്ങനെ ഏറെക്കാലം യഹൂദന്മാരുടെ ആരാധനാലമായി പ്രവർത്തിച്ചു വന്ന സിനഗോഗ് ഇന്ത്യൻ ക്രിസ്ത്യാനികളുടെ തല പ്പള്ളിയായി രൂപാന്തരപ്പെട്ടു. യഹൂദന്മാരുടെ വേദ ങ്ങളിൽ പാടവം നേടിയ നേതാക്കന്മാരെ മാർത്തോ മ്മാശ്ലീഹാ പുതിയദേവാലയത്തിലെ ആരാധനകൾ നടത്തുവാനായി പട്ടക്കാരായി നിയമിച്ചു. യഹൂദ ആരാധനയിൽ നിന്ന് ഏറെ വ്യത്യാസമില്ലാതിരുന്ന ആദ്യകാലക്രൈസ്തവാരാധന സുറിയാനി ഭാഷ യിൽ നിർവ്വഹിക്കുവാൻ യഹൂദന്മാർക്ക് അധികം പ്രയാസമില്ലായിരുന്നു. കാരണം യഹൂദന്മാരുടെ ആരാധനാഭാഷയും സുറിയാനി ആയിരുന്നു.

ക്രിസ്ത്യാനികളുടെ തലപ്പള്ളി സ്ഥിതിചെ യ്തിരുന്ന പാലൂർ പ്രദേശത്തെ തലപ്പള്ളി എന്നാണ് ഏറെക്കാലം വ്യവഹരിച്ചിരുന്നത്. വീണ്ടും നൂറ്റാണ്ടുകൾകഴിഞ്ഞ് കേരളം താലൂക്കുക ളായി വിഭജിക്കപ്പെട്ടപ്പോൾ തലപ്പള്ളി സ്ഥിതി ചെയ്യുന്ന പ്രദേശത്തെ തലപ്പള്ളി താലൂക്ക് എന്നാണ് പേരിട്ടത്.

ആർച്ച് ബിഷപ്പ് മെനേസ്സിസ്സിനെ ആർത്ത് ആട്ടി ഓടിച്ചതുമൂലം ആർത്താട്ടുകാർ എന്നും ഈ സ്ഥലത്തിന് പേരായി. ഈ ആർത്താട്ട് ആണ് ഇന്നത്തെ ആർത്താറ്റ് ആയി രൂപം പ്രാപിച്ചത്.

ചാട്ടുകുളങ്ങരയിലെ ജൂതക്കുന്നിൽ ആവിർഭവിച്ച ക്രിസ്തീയ സമൂഹത്തിന്റെ സമ്പർക്കഫലമായി കുന്നംകുളം ഭാഗത്തുള്ള ദ്രാവിഡജന വിഭാഗങ്ങളിൽ അചിരേണ ക്രിസ്തു മതം പ്രചരിച്ചു. കുന്നംകുളത്തിന്റെ ചരിത്രപ്രാധാ ന്യത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ പ്രസ്താവി ക്കാനുണ്ട് എന്നാൽ ലേഖനവിഷയം അതല്ലാത്ത തുകൊണ്ട് കൂടുതൽ ഇവിടെ വിസ്തരിക്കുന്നില്ല.

നവീകരണ വിഭാഗത്തിന് പ്രാബല്യം സിദ്ധിച്ചതുകൊണ്ട് പത്തൊമ്പതാം നൂറ്റാണ്ടിലെ മലങ്കരസഭയുടെ ചരിത്രം കലുഷിതമായിരുന്നു. കോട്ടയം വൈദീക സെമിനാരിസ്ഥാപകൻ പുലി ക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസിന്റ ജന്മ

ദേശം എന്ന നിലയിൽ കുന്നംകുളത്തോട് ചാത്തുരുത്തി ഗീവർഗ്ഗീസ് കശീശ്ശാക്ക് അത്യാദരം ഉണ്ടായിരുന്നു. നവീകരണമെത്രാനെതിരെ ഏകനായി പോരാടിയ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ സഭാസ്നേഹത്തെ സ്മര്യപുരുഷൻ കണ്ടറിഞ്ഞത് ഇക്കാലത്താണ്. നവീകരിച്ച നമസ്ക്കാരപുസ്തകം നവീകരണ മെത്രാൻ അച്ചടിച്ച് പ്രസിദ്ധീകരിച്ചപ്പോൾ യഥാർത്ഥ നമസ്ക്കാരക്രമം പുലിക്കോട്ടിൽ ഉട്ടുപ്പ് കത്തനാർ(പിന്നീട് മാർ ദീവന്നാസ്യോസ്) കുന്നംകുളത്ത് താൻ സ്ഥാപിച്ച പുലിക്കോട്ടിൽ ജോസഫ് കത്തനാർസ് പ്രസ്സിൽ നിന്ന് അച്ചടിച്ചിറക്കിയത് വൈദീക വിദ്യാർത്ഥികളെ അത്യധികം സന്തോഷിപ്പിച്ചു. ഈ സത്യനമസ്ക്കാരപുസ്തകം മുളന്തുരുത്തി പ്രദേശത്തും കണ്ടനാട് പ്രദേശത്തും പ്രചരിപ്പിച്ചത് ചാത്തുരുത്തിലെ വൈദികനായിരുന്നു (മാർ ഗ്രീഗോറിയോസ്). പിന്നീട് പുലിക്കോട്ടിൽ കത്തനാർ മെത്രാൻ സ്ഥാനമേൽക്കുവാനായി ആമീദിലേക്ക് പോയപ്പോൾ അതിനുവേണ്ട ഒത്താശ്ശകൾ ചെയ്യുവാൻ ചാത്തുരുത്തിയിലെ വൈദികൻ മുൻപന്തിയിൽ ഉണ്ടായിരുന്നു. ചാത്തുരുത്തി വൈദികന്റെ പ്രാർത്ഥനാ ജീവിതവും ഉപവാസ ആഭിമുഖ്യവും സുറിയാനിയിലും അറബിയിലുമുള്ള പാണ്ഡിത്യവും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് രണ്ടാമനെ ആകർഷിച്ചു. മെത്രാൻ സ്ഥാനം ഏറ്റ് വന്ന് ഏറെ താമസ്സിയാതെ മലങ്കരയിൽ ഒരു ദയറാപ്രസ്ഥാനം ആരംഭിക്കുവാൻ തീരുമാനിച്ചപ്പോൾ മാർ ദീവന്നാസ്യോസ് അതിനു യോജ്യനായ വ്യക്തിയായി തിരഞ്ഞെടുത്തത് ചാത്തുരുത്തിയിലെ ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പായേയാണ്. മുളന്തുരുത്തി പള്ളിയിൽ വെച്ച് മാർ ദീവന്നാസ്യോസ് സ്മര്യപുരുഷന് റമ്പാൻ സ്ഥാനം നൽകി. പിന്നീട് 1870 കളിൽ മാർ ദീവന്നാസ്യോസ് പരുമലയിൽ ഒരു സെമിനാരി ആരംഭിച്ചപ്പോൾ അവിടത്തെ പ്രധാന അദ്ധ്യാപകനായി സ്മര്യപുരുഷൻ നിയമിക്കപ്പെട്ടു. അങ്ങനെ തന്റെ അഭ്യുദയങ്ങളിൽ അതീവ താല്പര്യം പുലർത്തിയ തന്റെ സന്യാസഗുരുവിന്റെ ജന്മദേശമായ കുന്നംകുളം അദ്ദേഹത്തിന്റെ മനസ്സിൽ ജന്മദേശം പോലെ പ്രിയപ്പെട്ട നാടായിത്തീർന്നു. 1873 ൽ കൂടിയ പരുമല സുന്നഹദോസ്സു മുതൽ ജീവിതാന്ത്യം വരെ ഗുരുവിന്റെ കാലടികളെ പിൻതുടരുവാൻ ശിഷ്യൻ സന്തോഷപൂർവ്വം തയ്യാറായി.

1875 ൽ പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് മലങ്കരയിൽ ആഗതനായപ്പോൾ അദ്ദേഹത്തിന്റെ ദ്വിഭാഷിയും സെക്രട്ടറിയുമായി സ്മര്യപുരുഷൻ നിയോഗിക്കപ്പെട്ടത് അവരുടെ പരസ്പര ഹൃദയബന്ധം വെളിപ്പെടുത്തുന്നു. കുന്നംകുളത്ത് സ്മര്യപുരുഷന്റെ ശിഷ്യരായി ഒട്ടേറെ വൈദികരുണ്ടായിരുന്നു. കുന്നംകുളത്തെ പനക്കൽ യാക്കോബ് കത്തനാർ സ്മര്യപുരുഷനിൽ നിന്ന് കശീശ്ശാസ്ഥാനം ഏറ്റതായി അറിയാം. പഴഞ്ഞിയിലെ പർപ്പൂക്കാരൻ ശീമോൻ കത്തനാർ, ചീരൻ ഗീവർഗ്ഗീസ് കത്തനാർ, പുലിക്കോട്ടിൽ മത്തായി കത്തനാർ എന്നിവർ മാർ ഗ്രീഗോറിയോസ്സിന്റെ ശിഷത്വം സ്വീകരിച്ച് പരുമലയിൽ വൈദിക വിദ്യാഭ്യാസം നിർവ്വഹിച്ചവരാണ്. 1876 ൽ വടക്കൻ പറവൂർ പള്ളിയിൽ വെച്ച് മെത്രാപ്പോലീത്തയായി സ്ഥാനം ഏറ്റ് നിരണം ഭദ്രാസനത്തിന്റെ ചുമതല ഏറ്റെടുത്തെങ്കിലും ഒരു മലങ്കരമെത്രാപ്പോലീത്തായുടെ സഹായി എന്ന നിലയിൽ മലങ്കരസഭയിൽ മുഴുവൻ സേവനം അനുഷ്ഠിക്കുവാനാണ് അദ്ദേഹത്തിന് നിയോഗം ലഭിച്ചത്.നവീകരണക്കാരുമായി വ്യവഹാരം നടത്തുവാനായി മലങ്കരമെത്രാപ്പോലീത്താ ആലപ്പുഴയിലും തിരുവനന്തപുരത്തും താമസിക്കേണ്ടിവന്നതുകൊണ്ടാണ് മലങ്കരസഭയിൽ മുഴുവൻ മാർ ഗ്രീഗോറിയോസ്സിന് പ്രവർത്തിക്കേണ്ടിവന്നത്. തന്റെ ഗുരുനാഥന്റെ സ്വപ്ന പദ്ധതികൾ വിജയിപ്പിക്കുന്നതിൽ മാർ ഗ്രീഗോറിയോസ്സ് എന്നും മുൻപന്തിയിൽ ഉണ്ടായിരുന്നു. കുന്നംകുളത്ത് മെത്രാച്ചന്റെ സ്കൂൾ എന്ന് ഇന്നും അറിയപ്പെടുന്ന ഗേൾസ് ഹൈസ്കൂളും കുന്നംകുളം കാട്ടകാമ്പാൽ, പഴഞ്ഞി പ്രദേശങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന അര ഡസനിലധികം പ്രൈമറി വിദ്യാലയങ്ങളും പരുമല തിരുമേനിയുടെ പങ്കാളിത്തത്തോടെ ആരംഭിച്ചവയാണ്.

നവീകരണ മെത്രാനെതിരെ കൈക്കൊണ്ട എല്ലാനടപടികളും ഫലശൂന്യമായിത്തീർന്ന ഘട്ടത്തിലാണ് പുലിക്കോട്ടിൽ തിരുമേനി 1873 ലെ പരുമലയോഗം വിളിച്ചുകൂട്ടിയത്. ഈ യോഗത്തെപ്പറ്റി നമ്മുടെ സഭാചരിത്രങ്ങളിലൊന്നും പരാമർശമില്ല. കണ്ടനാട് ഗ്രന്ഥവരി ഈ ലേഖൻ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചപ്പോഴാണ് 1873 ലെ പരുമല സുന്നഹദോസിന്റെ നോട്ടീസ്സും ചർച്ചകളും തീരുമാനങ്ങളും ലോകം അറിയുന്നത്. മലങ്കരമെത്രാപ്പോലീത്തായുടെ നേതൃപാടവത്തെയും പരുമല തിരുമേനിയുടെ ആസൂത്രണവൈഭവത്തേയും കുറിച്ചുള്ള തെളിഞ്ഞചിത്രം പരുമലയിൽ കൂടിയ പള്ളിപ്രതിപുരുഷയോഗം നമുക്ക് നൽകുന്നുണ്ട്. കേരളത്തിലെ ഒന്നാമത്തെ സാമുദായിക സംഘടനയായ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിന്റെ കർമ്മ സമിതിയായ മാനേജിംഗ് കമ്മറ്റിയും ആദ്യം പിറവിയെടുത്തത് പരുമല യോഗത്തിൽ വെച്ചാണ്. ചിലർ കരുതും പോലെ

1876 ലെ മുളന്തുരുത്തി സുന്നഹദോസിൽ അല്ല. പരുമല തീരുമാനത്തിന്റെ ദൃഢീകരണവും വിപുലീകരണവും മാത്രമാണ് മുളന്തുരുത്തിയിൽ നടന്നത്. പരുമലയിൽ വെച്ച് തിരഞ്ഞെടുക്കപ്പെട്ട പതിനാറംഗ മേനേജിംഗ് കമ്മറ്റിയിൽ (നാലുവൈദികരും പന്ത്രണ്ടു അവൈദികരും) പനക്കൽ യാക്കോബ് മല്പാൻ, പനക്കൽ അയ്പ്പുരു എന്നീ രണ്ടുപേർ അംഗങ്ങളായിരുന്നു. പരുമല തിരുമേനിയിലെ സഭാസ്നേഹി കുന്നംകുളത്തിനു നൽകിയ പ്രത്യേക പരിഗണന ആയിട്ടുവേണം ഇതിനെ കാണുവാൻ 1876 ലെ മൂറോൻ കൂദാശയിലും മെത്രാൻ പട്ടംകൊടകളിലും പരുമല തിരുമേനിയുടെ സ്ഥാനം നിർണ്ണായകമാക്കുവാൻ പുലിക്കോട്ടിൽ തിരുമേനി ശ്രദ്ധിച്ചിരുന്നു. നാലു സമരമുഖങ്ങളെയാണ് പുലിക്കോട്ടിൽ തിരുമേനിക്ക് അക്കാലത്ത് നേരിടേണ്ടിയിരുന്നത്.

1. **നവീകരണക്കാരുമായുള്ള പോരാട്ടം.**

2. **യൂയാക്കീം കൂറിലോസ്സുമായുള്ള ശീതസമരം**

3.**പത്രോസ് പാത്രിയർക്കീസുമായുള്ള തുറന്ന യുദ്ധം**

4. **തന്റെ ജനാധിപത്യ ശൈലിയിൽ അധിഷ്ഠിതമായ നടപടികളെ നിരന്തരം എതിർത്ത്പോന്ന എപ്പിസ്ക്കോപ്പൽ ഭ്രമക്കാരായ സീനിയർ വൈദികരോടുള്ള ശീതസമരം.**

ഈ നാല് സമരമുഖങ്ങളിലും പുലിക്കോട്ടിൽ തിരുമേനി വിജയശ്രീവില്ലാളിയായി തീർന്നത് പരുമല തിരുമേനിയുടെ അചഞ്ചലമായ പിന്തുണ മൂലമായിരുന്നു. പത്രോസ് ബാവ സഭയെ ഏഴുഭദ്രാസനങ്ങളായി വെട്ടിമുറിച്ചപ്പോഴും അതിലേറ്റവും ചെറിയ കൊല്ലം ഭദ്രാസനത്തിന്റെ ചുമതല പുലിക്കോട്ടിൽ തിരുമേനിയെ ഏല്പിച്ചപ്പോഴും ചിലർ കരുതുംപോലെ സഭയുടെ ക്ഷേമമോ വളർച്ചയോ ആയിരുന്നില്ല പാത്രിയർക്കീസിന്റെ ലക്ഷ്യം. താൻ ആവശ്യപ്പെട്ടിട്ടും മലങ്കരസഭയുടെ മേലുള്ള ലൗകിക അധികാരം തിരസ്ക്കരിച്ച പുലിക്കോട്ടിൽ തിരുമേനിയുടെ മലങ്കരമെത്രാൻസ്ഥാനം ഇല്ലാതാക്കുകയും അദ്ദേഹത്തെ ശേഷം മെത്രാന്മാരെപ്പോലെ ഒരു ഭദ്രാസനത്തിന്റെ മാത്രം ചുമതലയിലേക്ക് വെട്ടിചുരുക്കുകയുമാണ് പത്രോസ് തൃതീയൻ സാധിച്ചത്.

പാത്രിയർക്കീസിന്റെ അനിഷ്ടത്തിന് പാത്രമായ മലങ്കരമെത്രാപ്പോലീത്തായുടെ നേരെ പത്രിയർക്കീസ് മുടക്ക് എന്ന ആയുധം പ്രയോഗിച്ചു. മലങ്കരസുറിയാനിക്രിസ്ത്യാനി അസോസ്സിയേഷനും മാനേജിംഗ് കമ്മറ്റിയും കുപിതനായ പാത്രിയർക്കീസ് പിരിച്ചുവിട്ടു. ശേഷം ആറു മെത്രാന്മാർ തങ്ങളിൽ ഒരാളെ പോലെ മാത്രമേ പുലിക്കോട്ടിൽ തിരുമേനിയെ കാണാവൂ എന്നും പഴയരീതിയിൽ മലങ്കര മെത്രാപ്പോലീത്തായുടെ യാതൊരു അധികാരങ്ങളും പ്രയോഗിക്കുവാൻ അദ്ദേഹത്തെ അനുവദിക്കരുതെന്നും മെത്രാന്മാർക്ക് താക്കീതുനൽകി. അങ്ങനെ പുലിക്കോട്ടിൽ തിരുമേനിയെ സാദ്ധ്യമായ എല്ലാ നിലകളിലും നിർവ്വീര്യനാക്കിയിട്ടാണ് പാത്രിയർക്കീസ് മലങ്കര സഭയിൽനിന്ന് പോയത്. മൂന്നു തവണയായി പാത്രിയർക്കീസ് ആറു മെത്രാന്മാരെ വാഴിച്ചപ്പോൾ അതിലൊന്നിലും മലങ്കരമെത്രാപ്പോലീത്തായെ പങ്കെടുപ്പിച്ചില്ല. തന്റെ കല്പനകൾ ലംഘിക്കപ്പെട്ടാൽ അക്കാര്യം റിപ്പോർട്ടുചെയ്യാൻ ഒരു മെത്രാനെ ഏർപ്പെടുത്തിയിരുന്നു. ഇങ്ങനെ സഭാതലത്തിൽ തീർത്തും നിരായുധനായ കുന്നംകുളം മെത്രാപ്പോലീത്താ പഴയതേജസ്സിലും അധികം വീര്യവാനായി. സഭാചരിത്രത്തിൽ ഉയർത്തെഴുന്നേല്ക്കുന്ന ചിത്രമാണ് 1877നുശേഷം മലങ്കരസഭകണ്ടത്. പുലിക്കോട്ടിൽ തിരുമേനിയെ ഒറ്റപ്പെടുത്താൻ ശ്രമിച്ചപ്പോഴൊക്കെയും അനുരഞ്ജനസന്ദേശവുമായി പരുമല തിരുമേനി കുന്നംകുളം മെത്രാപ്പോലീത്തായുടെ ബലം വർദ്ധിപ്പിക്കുവാൻ എത്തിയിരുന്നു. പുലിക്കോട്ടിൽ തിരുമേനിയുടെ കണ്ഠകോടാലികളാകാൻ നിയോഗിക്കപ്പെട്ട ആറു മെത്രാന്മാരും കുന്നംകുളം മെത്രാപ്പോലീത്തായുടെ കണ്ഠാഭരണങ്ങളായി മാറുന്ന കാഴ്ചയാണ് രോമാഞ്ചത്തോടെ സഭദർശിച്ചത്. മെത്രാപ്പോലീത്തട്രസ്റ്റിയും വൈദീകട്രസ്റ്റിയും ആത്മായട്രസ്റ്റിയും തമ്മിലുള്ള പരസ്പര വിശ്വാസവും ഐക്യവും ആർക്കും തകർത്താനാകാത്തവിധം അത്ഭുതകരമായിരുന്നു. പള്ളികളിൽ തർക്കമുണ്ടാകുമ്പോഴൊക്കെ അവ പരിഹരിക്കുവാൻ കമ്മറ്റി പ്രസിഡന്റ് എന്ന നിലയിൽ പുലിക്കോട്ടിൽ തിരുമേനി പരുമലതിരുമേനിയെ ആണ് നിയോഗിച്ചിരുന്നത്. അദ്ദേഹമാകട്ടെ സർവ്വസമ്മതനായി പ്രശ്നങ്ങൾ പരിഹരിച്ച പരുമലതിരുമേനി പുലിക്കോട്ടിൽ തിരുമേനിയ്ക്ക് എഴുതിയ

ഏതാനും കത്തുകൾ ഈ ലേഖകൻ കണ്ടിട്ടുണ്ട്. കത്തുകൾ ആരംഭിക്കുന്നത് ''ഓ എന്റെ ദൈവമേ'' എന്ന തലവാചകത്തോടുകൂടിയാണ്. കത്തുകൾ അവസാനിച്ചിരുന്നത് "അവിടുത്തെ ശിഷ്യനായ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത" എന്നാണ്. മെത്രാന്മാരുടെ ഇടയിലും ട്രസ്റ്റിമാരുടെ ഇടയിലും സഭാഗംങ്ങൾക്കിടയിലും പരുമലതിരുമേനിയുടെ പ്രാർത്ഥനയും പ്രവർത്തനവും മൂലം നിലനിന്നിരുന്ന ഐക്യം മൂലമാണ് ആറ്റം ബോംബായി മാറാമായിരുന്ന പത്രോസ് തൃതിയന്റെ നടപടികൾക്ക് മലങ്കരസഭയിൽ നേരിയ ഒരു വിള്ളൽപോലും ഉണ്ടാക്കാൻ കഴിയാതിരുന്നത്. പാത്രിയർക്കീസിന്റെ തിരിച്ചുപോക്കിൽ കുന്നംകുളം ചിറളയം പള്ളിയിൽ വെച്ച് കണ്ടനാടിന്റെ മുറിമറ്റം പൗലോസ് മാർ ഈവാനിയോസ്സിനേയും കൊച്ചിയുടെ കരോട്ടുവീട്ടിൽ ശെമവൂൻ ദിവന്നാസിയോസിനേയും മെത്രാന്മാരായി പാത്രിയർക്കീസ് വാഴിച്ചപ്പോൾ അതിൽ പങ്കെടുക്കാൻ കഴിയാതെ 100 മീറ്റർ മാത്രം അകലെയുള്ള കുന്നംകുളം പഴയ പള്ളിയിൽ പുലിക്കോട്ടിൽ മെത്രാപ്പോലീത്ത വേദനയോടും നെടുവീർപ്പോടുംകൂടി കഴിഞ്ഞിരുന്നത് മെത്രാൻ വാഴ്ചയിൽ പ്രധാന കാർമ്മികന്റെ പ്രധാനസഹായി ആയി വർത്തിച്ചിരുന്ന പരുമലതിരുമേനിയെ ഒട്ടേറെ തളർത്തിയിരുന്നു. ലൗകിക ഉടമ്പടി നിഷേധിച്ചതുകൊണ്ട് പുലിക്കോട്ടിൽ തിരുമേനിക്ക് വാഗ്ദാനം ചെയ്തിരുന്ന കൊല്ലം മെത്രാസനത്തിന്റെ നിയമനപത്രം പോലും (സ്ഥാത്തിക്കോൻ) നല്കാതെയാണ് പാത്രിയർക്കീസ് പട്ടാമ്പിയിൽനിന്ന് തീവണ്ടികയറിയത്. തുടർന്ന് നടന്ന വെട്ടിക്കൽ ദയറായിലെ മെത്രാന്മാരുടെ നാല്പതു ദിവസത്തെ ഉപവാസവും പ്രാർത്ഥനയും പരുമല തിരുമേനിയുടെ സന്ദർഭോചിതവും സമർത്ഥവുമായ ഇടപെടലുകളും നിമിത്തം നഷ്ടപ്പെട്ട ഓരോപദവിയും പുലിക്കോട്ടിൽ തിരുമേനിക്ക് വീണ്ടും ലഭിക്കുന്നതായിട്ടാണ് സഭാചരിത്രം രേഖപ്പെടുത്തുന്നത്.

അൽവാറിസ് മാർ യൂലിയോസിനെ കോട്ടയത്തുവെച്ചും റിനിവിലാത്തി തീമോത്തിയോസ്സിനെ സിലോണിൽവെച്ചും മെത്രാന്മാരായി വാഴിക്കുവാൻ പുലിക്കോട്ടിൽ തിരുമേനി എടുത്ത തീരുമാനം പല സീനിയർ മല്പാന്മാർക്കും രുചിപ്രദമായിരുന്നില്ല. പരുമല തിരുമേനിയുടെ പിൻതുണയോടെ കുന്നംകുളംകാരൻ "വലിയ തിരുമേനി ചെയ്യുന്ന ഏതു നടപടിയേയും മലങ്കരസഭ തർക്കം കൂടാതെ ശരി വെയ്ക്കുമായിരുന്നു. വലിയ തിരുമേനിയെക്കൊണ്ട് കൊച്ചുതിരുമേനിയും കൊച്ചുതിരുമേനിയെക്കൊണ്ട് വലിയ തിരുമേനിയും ഇവർ രണ്ടുപേരേയും കൊണ്ട് മലങ്കരസഭയും അന്ന് ശോഭിച്ചിരുന്നു" എന്ന് സഭാചരിത്രകാരനായ പാറേട്ട് രേഖപ്പെടുത്തിയത് ഓർമ്മയിൽ വരുന്നു. നിരണം, തുമ്പമൺ, കൊല്ലം, കൊച്ചി എന്നീ മെത്രാസനങ്ങളുടെ മിക്കവാറും മുഴുവൻ ചുമതല വഹിച്ചിരുന്ന പരുമലതിരുമേനിയുടെ ഭരണപാടവം അദ്ദേഹത്തിന്റെ പ്രാർത്ഥനയും ഉപവാസവും അത്ഭുത പ്രവർത്തനശക്തിയും വർണ്ണിക്കുന്നതിനിടയിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയിട്ടുണ്ട്. നവീകരണത്തോട് അനുഭാവം പ്രകടിപ്പിച്ച പഴഞ്ഞിയിലെ യുവവൈദീകനെ ഉപദേശിക്കുവാനും ശാസിക്കുവാനും കുന്നംകുളത്തുള്ള ചെമ്മണ്ണൂർ ഉക്രുകത്തനാരെ ചുമതലപ്പെത്തുന്ന ഒരു കല്പന നമുക്കിന്ന് ലഭ്യമാണ്.

വ്യയഹേതുകമായ സെമിനാരിവ്യവഹാരം നടത്തുവാൻ പരുമലതിരുമേനി പലപ്പോഴും കുന്നംകുളത്ത് വന്നിട്ടുണ്ട്. പള്ളികൾ മിക്കവാറും നവീകരണ വൈദികരുടെ കൈവശത്തിലാകയാൽ കുന്നംകുളം മെയിൻ റോഡിലുള്ള ഗേൾസ് ഹൈസ്കൂൾ കെട്ടിടത്തിന്റെ ഒരു മുറിയിലാണ്

പരുമല തിരുമേനി അക്കാലങ്ങളിൽ താമസ്സിച്ചിരുന്നത്. അവിടെത്തന്നെ വി.കുർബ്ബാനയും അർപ്പിച്ചു വന്നു. പണപിരിവുമായി ബന്ധപ്പെട്ട് കുന്നംകുളം പ്രദേശങ്ങളിലുള്ള എല്ലാ ധനികരുമായും അദ്ദേഹം അടുത്ത് ഇടപഴകിയിരുന്നു. അദ്ദേഹം ചെയ്ത അത്ഭുത പ്രവർത്തികളുടെ കൃതജ്ഞതാസൂചകമായി അവർ അദ്ദേഹത്തിന് നൽകിയ വൻതുകകൾ കേസ് നടത്തിപ്പിന് സഹായകമായി. അക്കാലത്തെ ഊഷ്മളബന്ധങ്ങളെക്കുറിച്ച് പിന്മുറക്കാർ വികാരവായ്പ്പോടെ പ്രകീർത്തിക്കുന്നത് കേട്ടിട്ടുണ്ട്. അദ്ദേഹം ചെയ്ത ചില അത്ഭുതപ്രവർത്തനങ്ങളുടെ വിവരണങ്ങൾ 1952ൽ പരുമലയിൽനിന്ന് പ്രസിദ്ധപ്പെടുത്തിയ ഗോൾഡൻ ജൂബിലി സോവനീയറിൽ സി.ഐ.ചാക്കോരുമാസ്റ്റർ എഴുതിയിട്ടുണ്ട്. നവീകരണക്കാരെ നേരിടുവാനായി കുന്നംകുളത്തെ ചെമ്മണ്ണൂർ ഉക്രു കത്തനാരുടേയും പഴഞ്ഞിയിൽ ചീരൻ ഗീവർഗ്ഗീസ് കത്തനാരുടേയും നേതൃത്വത്തിൽ സ്ഥാപിക്കപ്പെട്ട വായനായോഗങ്ങളിൽ അദ്ദേഹം പങ്കെടുക്കുകയും അവരെ ധൈര്യപ്പെടുത്തുകയും ചെയ്തുപോന്നു. മരത്തംകോട്, ചൊവ്വന്നൂർ, അടുപ്പൂട്ടി, വൈശ്ശേരി, വെസ്റ്റ് മങ്ങാട് കാട്ടകാമ്പാൽ, മൂലേപ്പാട്, പെരുന്തുരുത്തി, കരിക്കാട് എന്നിങ്ങനെ അന്നത്തെ വായനായോഗങ്ങളെല്ലാം തന്നെ പിൻക്കാലത്ത് ദേവാലയങ്ങളായി വളർന്നു. നിരണം ഭാഗത്തെ അഭിജാത കുടുംബങ്ങളിലെ ചില പെൺകുട്ടികളെ കുന്നംകുളം പ്രദേശത്തേക്കും കുന്നംകുളം പ്രദേശത്തു നിന്ന് തെക്കൻ പ്രദേശത്തേക്കും വിവാഹം ചെയ്ത് കൊടുക്കുന്നതിൽ പോലും പലപ്പോഴും പരുമല തിരുമേനിയുടെ പങ്കാളിത്തമുണ്ടായിരുന്നു. ചേലക്കര പള്ളി ആർത്താറ്റ് ശ്മശാനം, പഴഞ്ഞി ശ്മശാനം, പഴഞ്ഞിയിലെ സെന്റ് ജോർജ്ജ് കുരിശുപള്ളി പെങ്ങാമുക്കിലെ സെന്റ് ജോർജ്ജ് കുരിശുപള്ളി, മാർ യാക്കോബ് മതസ്കോ കുരിശുപള്ളി എന്നിവ പരുമല തിരുമേനി സ്ഥാപിച്ചതാണെന്ന് പ്രസിദ്ധിയുണ്ട്. കോട്ടയം പഴയ സെമിനാരിസ്ഥാപകൻ പുലിക്കോട്ടിൽ പരിശുദ്ധജോസഫ് മാർ ദീവാന്നാസ്യോസ് ഒന്നാമന്റെ പെരുന്നാൾ ദേശിയോത്സവമായികൊണ്ടാടിയിരുന്ന കുന്നംകുളം കിഴക്കേ പുത്തൻപള്ളിയിൽ പരിമലതിരുമേനി പലതവണ പ്രധാനകാർമ്മികനായി പങ്കെടുത്തിട്ടുണ്ട്. കുന്നംകുളം ഇടവകകളെ കൂട്ടിച്ചേർത്ത് ആർത്താറ്റ് കുന്നംകുളം മഹാഇടവക എന്ന പേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ചതിൻ കുന്നംകുളം മെത്രാപ്പോലീത്തായുടെ പ്രധാന ഉപദേഷ്ടാവ് പരുമല തിരുമേനിയായിരുന്നു. 1889ൽ സെമിനാരി കേസ്സിൽ പരിപൂർണ്ണ വിജയം നേടിയ വലിയ തിരുമേനി പള്ളികൾ സന്ദർശിച്ച് ഭാവിയിൽ ഒരു വ്യവഹാരം അസാദ്ധ്യമാകുമാറ് മലങ്കരമെത്രാപ്പോലീത്തായോട് വിധേയത്വം പുലർത്തുന്ന രജിസ്റ്റേർഡ് ഉടമ്പടികൾ വാങ്ങിച്ചതിന്റെ പിന്നിൽ പരുമലതിരുമേനിയുടെ ആലോചനകൾ ഉണ്ടായിരുന്നു.

ഇങ്ങനെ ഏതുകോണിൽനിന്ന് വീക്ഷിച്ചാലും കുന്നംകുളം ചരിത്രത്തിൽ പരുമലതിരുമേനിയും കുന്നംകുളവും തമ്മിലുള്ള ആത്മബന്ധത്തിന്റ ഏടുകൾ കാണാം. അദ്ദേഹം കാലം ചെയ്തതിന്റെ പ്രഥമവാർഷികമായ 1903ൽ കാട്ടകാമ്പാൽ ഇഗ്നേഷ്യസ് സ്കൂൾ ഹാളിൽ പഴഞ്ഞിപള്ളി വികാരി ചീരൻ ഗീവർഗ്ഗീസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചതും നേർച്ച സദ്യനടത്തിയതും അതീവശ്രദ്ധേയമാണ്. കുന്നംകുളം മെയിൻറോഡ്, വൈശ്ശേരി, ചൊവ്വന്നൂർ, മരത്തംകോട്, ചെറമനേങ്ങാട്, മങ്ങാട്, കാട്ടകാമ്പാൽ, കോട്ടോൽ, കക്കാട് തുടങ്ങിയ കുന്നംകുളം പ്രദേശങ്ങളിലെ വിശുദ്ധ പരുമലതിരുമേനിയുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട നിരവധിദേവാലയങ്ങൾ അദ്ദേഹവും കുന്നം

കുളം പ്രദേശവും തമ്മിലുള്ള ആത്മബന്ധത്തെ വിളിച്ചോതുന്നു. എല്ലാ വർഷവും പരിശുദ്ധന്റെ പെരുന്നാളിൽ പങ്കെടുക്കുവാനായി ഈ പ്രദേശത്തുനിന്നും പോകുന്ന കാൽനടതീർത്ഥാടകരുടെ സംഖ്യ വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹത്തോട് ഈ നാടിനുള്ള ഹൃദയബന്ധത്തെ സൂചിപ്പിക്കുന്നു. 1901ൽ പുലിക്കോട്ടിൽ തിരുമേനിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി സഭാതലത്തിൽ ആഘോഷിക്കുവാൻ സഭ നിശ്ചയിച്ചപ്പോൾ അനാരോഗ്യാവസ്ഥയിലും അതിന്റെ പ്രധാന ചുമതലക്കാരനായിരുന്ന് കുന്നംകുളം മെത്രാപ്പോലീത്തായുടെ യശ്ശസ്സ് വാനോളം ഉയർത്തിയ പരുമലതിരുമേനിയോടുള്ള കുന്നംകുളം പ്രദേശത്തിന്റെ കടപ്പാട് നിസ്സീമമാണ്. ■

ഇടവകയെ നയിച്ച അജപാലകർ

വെരി.റവ.ജോസഫ്
കാക്കശ്ശേരി
കോർ എപ്പിസ്കോപ്പ


വെരി.റവ.ജോസഫ്
പുലിക്കോട്ടിൽ
കോർ എപ്പിസ്കോപ്പ

വെരി.റവ.പീറ്റർ
ചെറുവത്തൂർ
കോർ എപ്പിസ്കോപ്പ

റവ.ഫാ.കുരിയാക്കോസ്
പാറമേൽ


റവ.ഫാ.ജോസഫ്
ചുങ്കത്ത്


റവ.ഫാ.ഡേവീഡ്
തെക്കേക്കര


റവ.ഫാ.ഡേവീഡ്
മേക്കാട്ടുകുളം

റവ.ഫാ.ജോസഫ്
പുലിക്കോട്ടിൽ


റവ.ഫാ.ജേക്കബ്ബ്
പൊറത്തൂർ

റവ.ഫാ.എബ്രഹാം
ഓലിക്കൽ

റവ.ഫാ.സൈമൺ
കൂത്തൂർ

റവ.ഫാ.സൈമൺ
വാഴപ്പിള്ളി


റവ.ഫാ.എഡ്‌വി സി.എം.

റവ.ഫാ.ജോസഫ് ചെറുവത്തൂർ

റവ.ഫാ.വി.എം.ശമുവേൽ

റവ.ഫാ.സ്റ്റീഫൻ ജോർജ്ജ് കെ.

മദ്ബഹാ ശുശ്രൂഷകസംഘം

മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് പള്ളിയിലെ വി. മദ്ബഹാശുശ്രൂഷക സംഘം ദേവാലയത്തിലെ ആരാധനാകാര്യങ്ങളിലും മറ്റ് ആത്മീയ പ്രവർത്തനങ്ങളിലും സജീവ പങ്കാളിത്തം വഹിക്കുന്നു. ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും സംഘം ഭാഗദേയത്തം വഹിക്കാറുണ്ട്. ഭദ്രാസനതലത്തിലും കേന്ദ്രതലത്തിലും നടത്തിവരാറുള്ള സമ്മേളനങ്ങളിൽ പരമാവധി പ്രതിനിധികളെ പങ്കെടുപ്പിക്കുവാൻ വി.മദ്ബഹാ ശുശ്രൂഷക സംഘം ശ്രമിച്ചിട്ടുണ്ട്.

ഭദ്രാസന മദ്ബഹാ ശുശ്രൂഷക സംഘത്തിന്റെ ഒരു അർദ്ധദിന ക്യാമ്പ് നമ്മുടെ ഇടവകയിൽ വച്ച് ഏറ്റവും ഭംഗിയായി നടത്തുവാൻ നമുക്ക് സാധിച്ചു. അഭിവന്ദ്യ യൂലിയോസ് തിരുമേനിയും വന്ദ്യരായ വൈദീകരും ഈസമ്മേളനത്തിൽ പങ്കെടുത്ത് നമ്മെ അനുഗ്രഹിച്ചു. നമ്മുടെ മദ്ബഹാശുശ്രൂഷകനായ ശ്രീ.കെ.സി. ലോഫ്സൺ മാസ്റ്റർ പ്രഥമ ഭദ്രാസന സെക്രട്ടറിയായി കഴിഞ്ഞ കുറച്ചു വർഷങ്ങൾ പ്രവർത്തിച്ചുവരികയായിരുന്നു. ഇപ്പോൾ അഖില മലങ്കര അടിസ്ഥാനത്തിൽ മലബാർ മേഖലയുടെ സെക്രട്ടറിയായി ചുമതല വഹിക്കുന്നു എന്നുള്ളത് നമുക്ക് അഭിമാനമാണ്.

ഇടവകയിൽ നടത്തിവരുന്ന ക്രിസ്തുമസ് കരോളിൽ ശുശ്രൂഷകസംഘം കാര്യമായ പങ്കാളിത്തം വഹിക്കാറുണ്ട്. ഇടവകദിനത്തോടനുബന്ധിച്ച് നടത്തുന്ന കലാകായികമത്സരങ്ങളിലും ശുശ്രൂഷകസംഘം ചുമതല വഹിക്കാറുണ്ട്. കൂടാതെ ക്രിസ്തുമസ് ന്യൂയർ പ്രോഗ്രാമുകളിൽ ശുശ്രൂഷകസംഘം പങ്കെടുക്കാറുണ്ട്. എല്ലാ ഞായറാഴ്ചകളിലും മുടങ്ങാതെ വിശുദ്ധ ആരാധനയിൽ സംബന്ധിക്കുന്ന ശുശ്രൂഷകർക്ക് ഇടവക ദിനത്തിൽ പ്രത്യേക സമ്മാനങ്ങൾ നൽകിവരുന്നു. ക്രിസ്തുമസ് കാലത്ത് കേക്ക് വിറ്റുകിട്ടുന്ന ലാഭം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു. ബാലഭവൻ, കരുണാലയം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി, അവർക്ക് ആശ്വാസം പകർന്നുകൊടുക്കാറുണ്ട്.

മദ്ബഹാ ശുശ്രൂഷക സംഘത്തിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ നേതൃത്വം നൽകിവരുന്ന ഇടവക വികാരിമാരോടുള്ള സ്നേഹാദരവുകൾ ഇത്തരുണത്തിൽ ഞങ്ങൾ രേഖപ്പെടുത്തുന്നു. മദ്ബഹാശുശ്രൂഷക സംഘത്തിന് പ്രോത്സാഹനങ്ങളും പിൻതുണയും നൽകുന്ന ഇടവക മാനേജിംങ് കമ്മറ്റിയോടും മറ്റ് ആദ്ധ്യാത്മിക സംഘടനങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

ഇന്നയോളം വഴിനടത്തിയ ദൈവത്തെ മഹത്വപ്പെടുത്തിക്കൊണ്ടും ദൈവമാതാവായ പരിശുദ്ധകന്യക മറിയാമ്മിന്റെയും ഇടവകയുടെ കാവൽ പിതാവായ പരിശുദ്ധ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടേയും മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

പോൾസൺ ജോർജ്ജ്
സെക്രട്ടറി

ഗോൾഡൻ ജൂബിലി
ആശംസകളോടെ....

ജോസഫ് അബ്രഹാം
പുലായ്ക്കൽ

ആശംസകളോടെ...

എം. ഒ. ജോൺസൺ

മേക്കാട്ടുക്കുളം ഹൗസ്
മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനു സമീപം
കുന്നംകുളം

മെയിൻ റോഡ് സെന്റ് ഗ്രിഗോറിയോസ് പള്ളിയും മലങ്കര സഭാപിതാക്കൻമാരും

അഡ്വ.ഡോ.പി.സി.മാത്യു പുലിക്കോട്ടിൽ

കുന്നംകുളം മെയിൻ റോഡിൽ തല ഉയർത്തിനിൽക്കുന്ന സെയ്ന്റ് ഗ്രീഗോറിയോസ് പള്ളിയുടെ ചരിത്രം സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ടതാണ്. മലങ്കര ഓർത്തഡോക്സ് സഭയിൽ പരിശുദ്ധനായ പരുമലതിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ ആദ്യദേവാലയമാണ് കുന്നംകുളം മെയിൻ റോഡിലെ സെന്റ് ഗ്രീഗോറിയോസ് കുരിശുപള്ളി അഥവാ, മെത്രാച്ചന്റെ കുരിശുപള്ളി,

സ്വല്പം പഴയചരിത്രം

1972-ൽ പ്രസിദ്ധീകരിച്ച കൊച്ചി ഭദ്രാസന ഡയറക്ടറിയിൽ കുന്നംകുളം ഗ്രിഗോറിയോയ് പള്ളിയെകുറിച്ച് പറഞ്ഞിരിക്കുന്നത് നോക്കാം.

"നവീകരണ പ്രവണതയുടെ കാറ്റ് മലങ്കര സഭയിൽ ആഞ്ഞടിച്ചപ്പോൾ പാലക്കുന്നത് മാത്യൂസ് മാർ അത്താനാസ്യോസിന്റെ കക്ഷിക്കാർ കുന്നംകുളത്തുള്ള നാല് പള്ളികളിലും വ്യവഹാരപ്പെട്ടു. ഈ അവസരത്തിൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായ്ക്കും തിരുമേനിയെ എപ്പോഴും അനുയാത്ര ചെയ്യാറുള്ള പ.പരുമല ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും കുന്നംകുളത്ത് വിശ്രമിക്കുന്നുള്ള സൗകര്യം നഷ്ടപ്പെട്ടതിനാൽ ഇന്നത്തെ സർക്കാർ ഗേൾസ് ഹൈസ്കൂളിന് സമീപം സെഹിയോൻ ബങ്കളാവ് പണിയിച്ച് ആ കുറവ് പരിഹരിച്ചു. അനേകനാളുകൾ പ.പരുമല തിരുമേനി ഈ

ബങ്കളാവിൽ താമസിക്കുകയും സഭാകാര്യങ്ങൾ അന്വേഷിക്കുകും ജനങ്ങൾക്ക് ആവശ്യമായ ഉത്തേജനം കൊടുക്കുകയും ചെയ്തുകൊണ്ടിരുന്നു. മെയിൻ റോഡിൽ ഗേൾസ് ഹൈസ്കൂളിൽ സ്ഥാനത്ത് മാർ ഇഗ്നാത്തിയോസ് ഹൈസ്കൂളും (മെത്രാച്ചന്റെ സ്കൂൾ) കോട്ടപ്പടി, മരത്തംകോട്, കാട്ടകാമ്പാൽ എന്നീ സ്ഥലങ്ങളിൽ പ്രൈമറി സ്കൂളുകളും ഇക്കാലത്ത് സ്ഥാപിതമായി. ജീവിച്ചിരിക്കുമ്പോൾ തന്നെ തിരുമേനിയുടെ ജീവിത വിശുദ്ധിയും അത്ഭുത പ്രവർത്തനങ്ങളും അനേകം ഭക്തജനങ്ങളെ തന്നിലേക്ക് ആകർഷിച്ചുകൊണ്ടിരുന്നു.

പുണ്യവാനായ പരിശുദ്ധ പരുമല തിരുമേനിയുടെ പാദസ്പർശനത്താൽ പരിപാവനമാക്കപ്പെട്ട സ്ഥലത്ത് 1903ൽ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ഒരു കുരിശുപള്ളി സ്ഥാപിച്ച് പെരുന്നാൾ ആഘോഷിച്ച് വന്നിരുന്നു."

പ്രസ്തുത ചാപ്പലിന് മാർ ഗ്രീഗോറിയോസ് സ്മാരക കുരിശ് എന്നാണ് പേര് നൽകിയത്. കുന്നംകുളത്തെ വൈദീകർ ആ കുരിശുപള്ളിയിൽ വിശുദ്ധകുർബ്ബാന അർപ്പിച്ചുപോന്നു. പ്രസ്തുത കുരിശുപള്ളിയെ ജനങ്ങൾ "മെത്രാച്ചന്റെ കുരിശുപള്ളി" എന്നാണ് വാത്സല്യപൂർവ്വം വിളിച്ചുവന്നത്. 1902 നവംബർ 2-ാംതിയ്യതി അർദ്ധരാത്രിയാണ് പരുമല ഗ്രിഗോറിയോസ് തിരുമേനി പരുമല സെമിനാരിയിൽവെച്ച് കാലം ചെയ്തത്. 1903-ൽ, അതായത് പിറ്റേവർഷം തന്നെ, കുന്നംകുളത്ത് തിരുമേനിയുടെ നാമത്തിൽ പള്ളിസ്ഥാപിക്കപ്പെട്ടു എന്നത് എത്രയോ ശ്ലാഘനീയമായ വസ്തുതയാണ്. തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നത് 1947ലാണ് (1123 ധനു 3-ാം തിയ്യതി) അതിനു ശേഷമാണ് തിരുമേനിയുടെ നാമത്തിൽ ദേവാലയങ്ങൾ സ്ഥാപിക്കാൻ തുടങ്ങിയത്. തിരുമേനിയെ പരിശുദ്ധനായി സഭാസുന്നഹദോസ് പ്രഖ്യാപിക്കുന്നതിന് 45 വർഷം മുൻപ് തന്നെ കുന്നംകുളത്തെ സഭാമക്കൾ തിരുമേനിയെ പരിശുദ്ധനായി അവരുടെ ഹൃദയത്തിൽ പ്രതിഷ്ഠിച്ച് ആ പരിശുദ്ധപിതാവിന്റെ പേരിൽ ദേവാലയം സ്ഥാപിച്ചു എന്നതിന്റെമേന്മ വാനോളം ഉയർന്നുനിൽക്കുന്നു. അങ്ങിനെ മലങ്കര സഭയിൽ പരുമല തിരുമേനിയുടെ പേരിൽ ആദ്യം സ്ഥാപിച്ച പള്ളി എന്ന ഖ്യാതി മെയിൻ റോഡ് ഗ്രിഗോറിയോസ് കുരിശുപള്ളി സ്വന്തമാക്കി. പരുമലതിരുമേനിയുടെ പേരിൽ

ആദ്യ ദേവാലയം സ്ഥാപിച്ചത് കുന്നംകുളത്താണ് എന്ന കാര്യത്തിൽ കുന്നംകുളത്തെ സഭാമക്കൾക്ക് എന്നെന്നും അഭിമാനിക്കാൻ വകയുണ്ട്.

പുലിക്കോട്ടിൽ തിരുമേനി (സഭാതേജസ്സ്)യും സ്മാരക കുരിശും,

പരുമലതിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ മേൽ പ്രസ്താവിച്ച പള്ളി ആദ്യകാലത്ത് പനമ്പ്കൊണ്ട് മറച്ച് ഓലമേഞ്ഞതായിരുന്നു. അത് നന്നാക്കി പണിയിച്ച് മദ്ബഹായും ത്രോണോസും മറ്റും കല്ലുകൊണ്ട് കെട്ടി ഉയർത്തി ഭംഗിയാക്കിയത് പരുമല സെമിനാരി, എം.ഡി.സെമിനാരി എന്നിവയുടെ സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമൻ മെത്രാപ്പോലീത്തായാണ്.

പ്രസ്തുതകുരിശുപള്ളിയിൽ പരുമല തിരുമേനി വിശുദ്ധകുർബ്ബാന ചൊല്ലിയിരുന്നത് ഒരു മേശ ത്രോണോസായി ഉപയോഗിച്ചായിരുന്നു. (പുത്തൻകാവ് മാർ പീലക്സിനോസ് കൊച്ചുതിരുമേനി ആ മേശ മരത്താംകോട് ചാപ്പലിലേക്ക് കൊണ്ടുപോയി ത്രോണോസായി ഉപയോഗിച്ചുവെന്ന് സന്ദർഭവശാൽ പറഞ്ഞുകൊള്ളട്ടെ).

പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ കുന്നംകുളത്ത് വരുന്ന അവസരങ്ങളിലെല്ലാം ഗ്രിഗോറിയോസ് കുരിശുപള്ളിയിൽ ഒരു ദിവസമെങ്കിലും വിശുദ്ധകുർബ്ബാന ചൊല്ലാറുണ്ടായിരുന്നു. കുരിശുപള്ളിവേണ്ടവിധം സംരക്ഷിക്കാൻ കുന്നംകുളത്തെ വൈദികരോട് തിരുമേനി പ്രത്യേകം നിർദ്ദേശിക്കാറുണ്ട്.

ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായും മെത്രാച്ചന്റെ കുരിശുപള്ളിയും.

1958ലെ സഭാസമാധാനത്തിന് മുൻപ് കൊച്ചി ഇടവകക്ക് പ്രത്യേക ഭദ്രാസന മെത്രാപ്പോലീത്താ ഉണ്ടായിരുന്നില്ല. വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മലങ്കര

1959 നവംബർ 25 ന് പള്ളിയുടെ ശിലാസ്ഥാപനം നി.വ.ദി.മ.ശ്രീ.മോറാൻ മാർ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവനിർവ്വഹിക്കുന്നു.

മെത്രാപ്പോലീത്താ എന്ന നിലയിൽ കൊച്ചിഭദ്രാസന പള്ളികൾ ഭരിച്ചുവന്നു. അദ്ദേഹത്തിന്റെ കാലശേഷം പ.ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവ കൊച്ചി ഭദ്രാസനം ഭരിച്ചു. സഭാസമാധാനത്തിനുശേഷം പൗലൂസ് മാർ സേവേറിയോസ് തിരുമേനിക്ക് കൊച്ചി ഭദ്രാസനത്തിലുള്ള പള്ളികൾ ഭരിക്കാൻ വിട്ടുകൊടുത്തു. പ.ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ കൊച്ചി ഭദ്രാസനം ഭരിച്ചിരുന്നകാലത്ത് കുന്നംകുളത്ത് വരുന്ന അവസരങ്ങളിലെല്ലാം മെയിൻ റോഡിലുള്ള മെത്രാച്ചന്റെ കുരിശുപള്ളിയുടെ കാര്യങ്ങൾ പ്രത്യേകം അന്വേഷിച്ചുവന്നു. കുരിശുപള്ളിക്ക് സമീപം പുതിയ വലിയ പള്ളി പരുമല തിരുമേനിയുടെ നാമത്തിൽ പണിയണമെന്ന ആശയം കുന്നംകുളത്തെ സാഭാമക്കളിൽ വളർത്തി എടുത്തത് ബാവാതിരുമേനിയാണ്. പ.ബാവാതിരുമേനിയുടെ വാർദ്ധക്യകാലത്ത് ആ ആഗ്രഹം നിറവേറാൻ സംഗതിയായി എന്ന് സന്തോഷപൂർവ്വം രേഖപ്പെടുത്തേണ്ടതുണ്ട്. പ.ബാവാതിരുമേനി കൊച്ചി ഇടവകയുടെ മെത്രാപ്പോലീത്താ പൗലൂസ് മാർ സേവേറിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിലാണ് 1959നവംബർ 25-ാം തിയ്യതി മെയിൻ റോഡ് സെയിന്റ് ഗ്രീഗോറിയോസ് പള്ളിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചത്.

പ.ഔഗേൻ കാതോലിക്ക ബാവായും സെയന്റ് ഗ്രിഗോറിയോസ് ദേവാലയവും

പ്രായാധിക്യം കാരണം ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാതിരുമനസ്സിന് കുന്നംകുളത്തേക്ക് വരാൻ പ്രയാസം തോന്നുമ്പോൾ കുന്നംകുളത്തെ പള്ളികാര്യങ്ങൾ അന്വേഷിക്കാൻ ബാവാതിരുമേനി ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായെയാണ് അയയ്ക്കാറ്. അങ്ങിനെ ഔഗേൻ തിരുമേനി കുന്നംകുളത്തെ വിവിധ പള്ളി

വായിച്ചിരിക്കേണ്ട പുസ്തകം



കുന്നംകുളവും മലങ്കരസഭയും

(648 പേജ്, വില : ₹ 550)

ഗ്രന്ഥകർത്താവ് : അഡ്വ. ജോ. പി.ജി. മാത്യു പുലിക്കോട്ടിൽ
അനുഗ്രഹസന്ദേശം : പ. പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ
പ്രസാധകൻ : ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത
വിതരണം : എച്ച് & സി.

എച്ച് & സി. ബുക്സിന്റെ കേരളത്തിലെ ഇരുപതിൽപരം വിൽപനശാലകളിൽ നിന്ന് പുസ്തകം ലഭിക്കുന്നതാണ്.

കളിൽ വന്നുകൊണ്ടിരുന്നു. അങ്ങിനെ ഔഗേൻ മെത്രാച്ചന്റെ ശ്രദ്ധ മെത്രാച്ചന്റെ കുരിശുപള്ളി മേലും പതിയാൻ ഇടയായി. പ.ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി പ. ഔഗേൻ കാതോലിക്കാബാവാ സ്ഥാനാരോഹണം ചെയ്തു. 1968 ഡിസംബർ 31–ാം തിയതി മെയിൻ റോഡ് സെയിന്റ് ഗ്രിഗോറിയോസ് പള്ളി മുഖ്യ കാർമ്മികനായി കൂദാശചെയ്യാനുള്ള ഭാഗ്യം പ.ഔഗേൻ ബാവാ തിരുമേനിക്ക് ഉണ്ടായി.



പുതിയ ദേവാലയത്തിന്റെ കൂദാശ

പുതിയ പള്ളിപണി തീർന്ന് അതിന്റെ കൂദാശ 1968 ഡിസംബർ 31–ാം തിയ്യതി പ.ഔഗേൻ കാതോലിക്കാബാവാ, നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത (പ.മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ), യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, ഫിലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ സഹകരണത്തിൽ നിർവ്വഹിക്കപ്പെട്ടു. അതിൽ അന്ത്യോഖ്യാപ്രതിനിധിയായി അന്ന് കേരളത്തിൽ ഉണ്ടായിരുന്ന ശീമക്കാരൻ അപ്രേം ആബൂദി റമ്പാനും (പിന്നീട് മാർ തിമത്തിയോസ് മെത്രാപ്പോലീത്താ) സംബന്ധിച്ചിരുന്നു. കൂദാശയോട് ചേർന്ന് നടന്ന വിശുദ്ധ കുർബ്ബാനയിൽ അപ്രേം ആബൂദി റമ്പാൻ അഞ്ചാം തുബ്ദേൻ സുറിയാനിയിൽ പുസ്തകം നോക്കാതെ മനഃപാഠമായി ഇമ്പകരമായി ചൊല്ലിയത് ഇപ്പോഴും ഓർക്കുന്നു. ■

In Loving Memory of

പി.ജെ. ഇട്ടൂപ്പ് പനയ്ക്കൽ

21.05.1928 - 24.05.2002

Inserted by: Mrs. Daisy Ittoop & Family

അമ്മ

ഫാ.വി.എം. ശമുവേൽ

അമ്മ എന്ന വാക്ക് പിരിച്ചെഴുതിയാലുള്ള അർത്ഥം അ+മ്മ= "അല്ല, എന്റെ എനിക്ക് വേണ്ടിയല്ല" എന്നാണ്. സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും മറ്റൊരു പദമാണ് അമ്മ. അമ്മയുടെ സ്വന്ത ജീവൻ എനിക്ക് പങ്കുവച്ചപ്പോഴാണ് എനിക്ക് ജീവനുണ്ടായത്. ആർഷഭാരതത്തിൽ അമ്മയെ ദേവതയായാണ് കാണുന്നത്. ഒരു ഹിന്ദു സന്യാസിക്ക് ആരെയും നമസ്ക്കരിക്കേണ്ടതില്ല. എന്നാൽ തന്റെ അമ്മയുടെകാൽതൊട്ട് വന്ദിക്കണം. ഹൈന്ദവ ചിന്താധാരയിൽ ഭൂമിയും പ്രകൃതിയും അമ്മയാണ്. മലങ്കര ഓർത്തഡോക്സ് സഭയിലെ ഒരു വിശ്വാസിയെ സംബന്ധിച്ച് അമ്മമാരെ എപ്പോഴും ഓർക്കുകയും ആദരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

നമ്മുടെ പെറ്റമ്മ

അമ്മ ഒരു പാഠമല്ല അനേകായിരം പാഠങ്ങൾ ഉൾക്കൊള്ളുന്ന വിശുദ്ധഗ്രന്ഥമാണ്. മനസ്സിൽ നൻമമാത്രമുള്ള മക്കൾക്ക് വായിക്കാൻ കഴിയുന്ന വിശുദ്ധഗ്രന്ഥം. ആർഷഭാരത സംസ്ക്കാരത്തിൽ മാതാവിന് പ്രഥമ സ്ഥാനം നൽകുന്നു. മാതാപിതാ ഗുരു ദൈവമെന്നാണ് പഠിപ്പിക്കുന്നത്. ബൈബിൾ പറയുന്നു "നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയേയും ബഹുമാനിക്ക." ഒരിക്കൽ മുഹമ്മദ് നബിയോട് അദ്ദേഹത്തിന്റെ ഒരു ശിഷ്യൻ ചോദിച്ചു "ഈ ഭൂമിയിൽ ഞാൻ ഏറ്റവും കൂടുതൽ നന്ദി കാണിക്കേണ്ടത് ആരോടാണ് ?" നബി പറഞ്ഞു "നിന്റെ മാതാവിനോട്." ശിഷ്യൻ രണ്ടാമത് ചോദിച്ചു "പിന്നെ ആരോട് " നബി പറഞ്ഞു "നിന്റെ മാതാവിനോട് " മൂന്നാമതും ശിഷ്യൻ ചോദിച്ചു പിന്നെ ആരോട് നബി പറഞ്ഞു "നിന്റെ മാതാവിനോട്." വീണ്ടും ആരോടാണ് നന്ദി കാണിക്കേണ്ടത് എന്ന് ചോദിച്ചപ്പോൾ നബി പറഞ്ഞു "നിന്റെ പിതാവിനോട്". 3 വട്ടം മാതാവും പിന്നെ പിതാവും എന്ന് വച്ചാൽ ഏറ്റവും കൂടുതൽ പെറ്റമ്മയോട് നന്ദി കാണിക്കണമെന്നർത്ഥം. കവിപാടുന്നു. "അമ്മയല്ലാതൊരു ദൈവമുണ്ടോ? അതിലും വലിയൊരു കോവിലുണ്ടോ?" അമ്മ സ്നേഹത്തിന്റേയും ത്യാഗത്തിന്റേയും ആൾ രൂപമാണ്, അമ്മയുടെ സ്വന്തജീവൻ എനിക്ക് പങ്ക് വച്ചപ്പോഴാണ് എനിക്ക് ജീവനുണ്ടായത്. അമ്മയെ എല്ലാഴ്പ്പോഴും ഓർക്കുന്നതിന് ദൈവം പ്രകൃത്യാ നമ്മുടെല്ലാവർക്കും ഒരു മുദ്ര നമ്മുടെ ശരീരത്തിൽ വച്ചിട്ടുണ്ട് അതാണ് പൊക്കിൾക്കൊടി. അമ്മയുടെ ഗർഭത്തിലിരിക്കുന്ന കുഞ്ഞിന് ഭക്ഷണവും പോഷകാഹാരങ്ങളും മറ്റും ലഭ്യമാക്കി ജീവനം നിലനിർത്തുന്നത് പൊക്കിൾ കൊടിയിലൂടെ, കേബിൾ വയർ പോലെയുള്ള ആ സംവിധാനത്തിലൂടെയാണ്.

ഒരു ശിശുവിന്റെ ആദ്യ വിദ്യാലയം ഭവനവും ആദ്യ ഗുരു അമ്മയുമാണ്. അമ്മയെന്ന് വിളിക്കാൻ പഠിപ്പിച്ചത് അമ്മയാണ്. പിച്ചവെച്ച് നടക്കാൻ പഠിപ്പിച്ചത് അമ്മയാണ്. ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചത് അമ്മയാണ്. എത്രമാത്രം ത്യാഗം സഹിച്ചാണ് മാതാപിതാക്കൾ മക്കളെ വളർത്തുന്നത്. എന്നാൽ അത് പിന്നീട് തിരിച്ചറിയാതെ മാതാപിതാക്കൾക്ക് പ്രായമാകുമ്പോൾ തെരുവിലും അമ്പല നടകളിലും, വൃദ്ധമന്ദിരങ്ങളിലും ഉപേക്ഷിക്കുന്ന മക്കളുടെ എണ്ണം വർദ്ധിച്ച് കൊണ്ടിരിക്കുകയാണ്. "ഒരു കോൾഗേറ്റ് വാങ്ങുമ്പോൾ മറ്റൊന്ന് ഫ്രീ, ഒരു സോപ്പുവാങ്ങുമ്പോൾ വേറൊന്ന് ഫ്രീ" എന്ന് പറയുന്നപോലെ "അപ്പനെ നോക്കുന്നവർക്ക് അമ്മ ഫ്രീ അമ്മയെ നോക്കുന്നവർക്ക് അപ്പൻ ഫ്രീ. അപ്പനേയും അമ്മയേയും നോക്കുന്നവർക്ക് അവരുടെ സ്വത്ത് ഫ്രീ" എന്നിങ്ങനെ നൊന്തു പ്രസവിച്ച അമ്മയെയും പോറ്റി വളർത്തിയ അപ്പനെയും ലേലം വിളിക്കുന്ന മക്കളുടെ കാലമാണിത് എന്നുള്ളത് വേദനാജനകമാണ്. 5 വർഷം ഉപയോഗിച്ച് ബൈക്ക്, 10 വർഷം ഉപയോഗിച്ച കാർ, അല്ലെങ്കിൽ എതാനും നാളുകൾ മാത്രം നാം വീട്ടിൽ വളർത്തിയ പശു, കോഴി, നായ, പൂച്ച തുടങ്ങിയ വളർത്ത് മൃഗങ്ങൾ നമുക്ക് നഷ്ടപ്പെടുമ്പോൾ മറ്റുള്ളവർക്ക് കൈമാറുമ്പോൾ, നമുക്ക് അത് മനസിന് പ്രയാസമാണ്. എന്നാൽ 25, 30 വർഷം നമ്മെപോറ്റി

വളർത്തുകയും 50,60 വർഷം നമ്മുടെ കൂടെ ഉണ്ടാവുകയും ചെയ്ത നമ്മുടെ മാതാപിതാക്കളെ ഉപേക്ഷിക്കുമ്പോൾ പല മക്കൾക്കും മനസിൽ നൊമ്പരമല്ല, ഭാരമൊഴിഞ്ഞ ആശ്വാസമാണെന്നത് എത്ര ദയനീയമാണ്. മാതാപിതാക്കളെ കാണപ്പെട്ട ദൈവങ്ങളാണെന്ന ചിന്തയിൽ അവരെ കാണാനും സംരക്ഷിക്കാനും മക്കൾക്ക് കഴിയേണ്ടതുണ്ട്. അത് നമുക്കും നമ്മുടെ തലമുറകൾക്കും അനുഗ്രഹത്തിനിടയാകുമെന്നുള്ള തിരിച്ചറിവ് നമുക്കുണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവമാതാവാകുന്ന അമ്മ

കർത്താവേശുമിശിഹായുടെ അമ്മയായ മറിയത്തിന് സഭ വലിയ പ്രാധാന്യം നൽകുന്നുണ്ട്. വി.കുർബ്ബാനയിൽ ദൈവമാതാവിനെ ഓർക്കുന്ന നിരവധി ഭാഗങ്ങളുണ്ട്. ആഴ്ചയിൽ 1 ദിവസം ബുധനാഴ്ച ദൈവമാതാവിനെ പ്രത്യേകമായി ഓർക്കത്തക്ക നിലയിൽ ക്രമീകരിച്ചിരിക്കുന്നു. ദൈവമാതാവിനെ ഓർക്കുന്ന പല പെരുന്നാളുകൾ അതായത് ദൈവമാതാവിന്റെ വചനിപ്പ് പെരുന്നാൾ, വാങ്ങിപ്പ് പെരുന്നാൾ, പുകഴ്ച പെരുന്നാൾ എന്നിങ്ങനെ ക്രമീകരിച്ചിരിക്കുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ദൈവാലയങ്ങൾ പ. മാതാവിന്റെ നാമത്തിലാണ്. ക്രിസ്തീയ സഭയിൽ സ്ത്രീകൾക്ക് ഏറ്റവും കൂടുതൽ പേരുകൾ ഉള്ളത് മറിയം, മേരി എന്ന നാമത്തിലാണ്. മലങ്കരസഭയുടെ പാരമ്പര്യമനുസരിച്ച്, പള്ളിയിൽ 3 ത്രോണോസുകളുണ്ടെങ്കിൽ അതിൽ ഒന്ന്ദൈവമാതാവിന്റെ നാമത്തിലാണ് സ്ഥാപിക്കുന്നത്.

ബൈബിളിൽ 4 സുവിശേഷങ്ങളും വി.മറിയത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. വി.ലൂക്കോസിൽ 12 പ്രാവശ്യവും വി.മത്തായിയിൽ 5 പ്രാവശവും വി. മർക്കോസിലും വി.യോഹന്നാനിലും 2 പ്രാവശ്യവും പ്രതിപാദിക്കുന്നു. സഭാ പാരമ്പര്യത്തിൽ മറിയത്തെ ദൈവമാതാവായും നിത്യകന്യകയുമായി വിശേഷിപ്പുക്കുന്നു. നിഖ്യാസുന്നഹദോസിൽ (എ.ഡി325) യേശുവിന്റെ കന്യകാജനനവും എഫേസൂസ് സുന്നഹദോസിൽ (എ.ഡി 431) മറിയാമിനെ ദൈവമാതാവായും അഗീകരിച്ചു. മറിയം എന്ന പേരിന്റെ ഉൽഭവം ഈജിപ്ത് ഭാഷയിൽ "മിർ"ൽ നിന്നാണ്. ഇതിന്റെ അർത്ഥം സ്നേഹം, വളരെ പ്രിയപ്പെട്ട എന്നാണ്. ബൈബിളിൽ നാം വായിക്കുന്നു ദൈവം സ്നേഹമാകുന്നു. ആ സ്നേഹ സമ്പൂർണ്ണനായ ദൈവം ജഢം ആരിൽ നിന്നെടുത്തുവോ ആ കന്യകമറിയവും സ്നേഹത്തിന്റെ നിറകുടം തന്നെയാണ്.

എല്ലാ അമ്മമാർക്കും സ്ത്രീകൾക്കും അനുകരിക്കാവുന്ന മാതൃകാജീവിതമാണ് മറിയത്തിന്റേത്. വിനയാന്വിത ജീവിതം, സമർപ്പണജീവിതം, വിശുദ്ധ ജീവിതം, നൻമനിറഞ്ഞ ജീവിതം, സഹന ജീവിതം എല്ലാം നമ്മുടെ അമ്മമാർക്ക് മാതൃകയാക്കാവുന്നതാണ്. പ്രത്യേകിച്ച് കൈപ്പേറിയ ഒട്ടനവധി സംഭവങ്ങളിലൂടെ കടന്ന് പോകുന്ന അമ്മ ആത്മസംയമനത്തോടെ അതിനെയെല്ലാം നേരിടുന്നു. യേശുവിന്റെ ജനനം മുതൽ ക്രൂശിൻ ചുവട്ടിൽ വരെയുള്ള ജീവിതത്തിൽ എന്തെന്തുനെഞ്ചുപിളർക്കുന്ന വേദനകൾ, യാതനകളുമാണ് മറിയസഹിക്കുന്നത്!! പക്ഷെ അതെല്ലാം തന്നെതന്നെ സമർപ്പിച്ച ദൈവമാതാവിന് സ്വർഗ്ഗത്തിലേക്കുള്ള വഴിയിലെ ക്രൈസ്തവ അനുഭവങ്ങളായേ കാണാൻ കഴിയൂ; സ്ത്രീകളിൽ ഏറ്റവും ആദരിക്കപ്പെടാനും ബഹുമാനിക്കപ്പെടാനും അതെല്ലാം ഇടയാക്കി.

സഭയാകുന്ന അമ്മ

ആത്മീയമായി നമ്മെ വളർത്തുന്നതിൽ സുപ്രധാന പങ്ക് വഹിക്കുന്ന അമ്മയാണ് സഭാമാതാവ്. ശാരീരികമായി നാം ജനിച്ചത് അമ്മയുടെ ഗർഭത്തിൽ നിന്നാണെങ്കിലും ഒരു ക്രിസ്ത്യാനി വീണ്ടും ജനനം പ്രാപിക്കുന്നത് സഭയിൽ വച്ച് അഥവാ പള്ളിയിൽ വച്ച് "പ.സഭയുടെ ഗർഭപാത്ര "മെന്ന് വിശേഷിപ്പിക്കപ്പെടുന്ന മാമ്മോദീസാതൊട്ടിയിൽ വച്ച് വെള്ളത്താലും ആത്മാവിനാലും വി.മാമ്മോദീസാ സ്വീകരിക്കുമ്പോഴാണ്. പിന്നീട് ആ വ്യക്തി സഭയുമായി ബന്ധപ്പെട്ടാണ് ജീവിക്കുന്നത്. സൺഡേസ്കൂൾ, ബാലികബാലസമാജം, എം.ജി. ഒ.സി.എസ്.എം , യുവജനപ്രസ്ഥാനം മർത്ത് മറിയം വനിതാസമാജം തുടങ്ങിയ ആത്മീയ പ്രസ്ഥാനങ്ങളിലൂടെ വളർച്ച പ്രാപിക്കുന്നു. നാം ജനിക്കുമ്പോൾ ആദ്യമായി നമ്മെ മാമ്മോദീസ നൽകുവാൻ വേണ്ടി പള്ളിയിലേക്ക് കൊണ്ടുവരുന്നു. മരിക്കുമ്പോൾ നമ്മെ അവസാനമായി കൊണ്ടുവരുന്നതും പള്ളിയിലേക്ക് തന്നെയാണ്. സഭയിലൂടെ നാം വളരുന്നു, സഭ നമ്മെ വളർത്തുന്നു. മരിച്ചാലും സഭയുടെ ഭാഗമായ സെമിത്തേരിയിൽ കബറടക്കപ്പെടുകയും ചെയ്തുകൊണ്ട് തുടരുന്ന ജീവിതമാണ് നമ്മുടെ ജീവിതം. ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യേണ്ട ഒന്നാണ് സഭയാകുന്ന മാതാവ്. സഭയുടെ കല്പനകൾ പാലിക്കുക, നോമ്പുകൾ കൃത്യമായി ആചരി

ക്കുക, ഞായറാഴ്ചകളിലും മറ്റ് മാറാനായ പെരുന്നാൾ ദിവസങ്ങളിലും വി.കുർബ്ബാനയിൽ സംബന്ധിക്കുക, ഇടവകക്കും സഭയ്ക്കും കൊടുക്കേണ്ടുന്ന വിഹിതങ്ങൾ കൃത്യമായി കൊടുക്കുക. അങ്ങനെ സഭയെ സ്നേഹിച്ചുകൊണ്ട് ജീവിക്കുക.

ഇന്ന് അത്യാധുനിക യുഗത്തിൽ ഭൗതീകവും ലൗകീകവുമായ ജീവിത ആസക്തിയിൽപ്പെട്ട് പുതുതലമുറ ആത്മീയ ജിവിത നിഷ്ഠയും ആചാരാനുഷ്ഠാനങ്ങളും പാലിക്കുന്നതിൽ പരാജയപ്പെടുന്നതായി കാണപ്പെടുന്നു. ആചാരാനുഷ്ഠാനങ്ങളും സഭയുടെ നിമയങ്ങളും അനുഷ്ഠിക്കുന്നതിനെപറ്റി ഒരു വിദ്യാർത്ഥി പറഞ്ഞത് "എന്റെ വല്യപ്പന് അത് ഒരു അനുഭവമായിരുന്നു. എന്റെ അപ്പന് അത് ഒരു പാരമ്പര്യമായിരുന്നു. എനിക്ക് ഇന്ന് അത് തലവേദനയാണ്" എന്നാണ്. അതുകൊണ്ട് സഭയുടെ കാര്യങ്ങളിൽ എരിവുള്ളവരും തീക്ഷണതയുള്ളവരുമായി പ്രവർത്തിച്ചുകൊണ്ട് സഭയെ പണിയുന്നവരും വളർത്തുന്നവരുമായി തീരാൻ നമുക്ക് സാധിക്കണം. അല്ലാതെ സഭയെ വിമർശിക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നവരുടെ കൂട്ടത്തിൽ നാം ആകരുത്. നോമ്പ്, നമസ്ക്കാരം, കൗദാശിക ജീവിതം ഉപവാസം, പരിശുദ്ധൻമാരോടുള്ള മദ്ധ്യസ്ഥത, മരിച്ചവർക്ക് വേണ്ടിയുള്ള പ്രാർത്ഥന തുടങ്ങിയ സഭയുടെ ആചാരങ്ങളും നടപടിക്രമങ്ങളും പാലിക്കുന്ന സത്യ വിശ്വാസത്തിന്റെ പാലകരായിത്തീരാൻ നമുക്ക് കടമയുണ്ടെന്ന് വിസ്മരിക്കരുത്.

നൊന്തു പ്രസവിച്ച സ്വന്തം അമ്മയേയും ഹൃദയത്തിലൂടെ ഒരു വാൾകടന്ന ദൈവമാതാവായ അമ്മയേയും നമ്മെ ക്രിസ്തുവിനോടു ചേർത്ത സഭയാകുന്ന അമ്മയേയും സ്നേഹിക്കുവാൻ നമുക്ക് പരിശ്രമിക്കാം. ആയതിന് ദൈവമാതാവിന്റെ മദ്ധ്യസ്ഥത നമ്മെ സഹായിക്കട്ടെ. ■

മുൻ സോവനീറുകളെ കുറിച്ച്.....

അഡ്വ.ഡോ.പി.സി.മാത്യു പുലിക്കോട്ടിൽ

കൂദാശ സ്മരണിക 1968

മെത്രാച്ചന്റെ കുരിശുപള്ളിക്കു സമീപം പരുമല തിരുമേനിയുടെ നാമത്തിൽ വലിയപള്ളി പണിപൂർത്തിയാക്കി കൂദാശ കർമ്മം ഗംഭീരമായി നടത്തിയപ്പോൾ അതിന്റെ സ്മരണക്കായി 1968-ൽ തന്നെ ഒരു സോവനീർ പ്രസിദ്ധീകരിച്ചു. കൂദാശ സ്മരണിക എന്ന ആ വിശിഷ്ടഗ്രന്ഥം പ്രാധാന്യമർഹിക്കുന്ന ഒരു ചരിത്ര രേഖയായി കഴിഞ്ഞ തലമുറയിലെ സുമനസ്സുകൾ നമുക്ക് സമ്മാനമായി തന്നേൽപ്പിച്ചിരിക്കുന്നു. ആ സ്മരണികയിലെ ലിപികൾ സഭാ സ്നേഹികൾക്ക് ഒട്ടേറെ വിവരങ്ങൾ പകർന്നു നൽകുന്നുണ്ട്. നമുക്ക് ആ സ്മരണികയിലെ താളുകൾ വാത്സല്യപൂർവ്വം ഓരോന്നായി മറിച്ചുനോക്കാം

സെയിന്റ് ഗ്രിഗോറിയോസ് പള്ളിയുടെ മുൻവശം പൂർണ്ണമായി ഉൾകൊള്ളുന്ന മനോഹരമായ വർണ്ണചിത്രമാണ് സോവനീറിന്റെ പുറംചട്ടയെ അലങ്കരിക്കുന്നത്. കുന്നംകുളം സ്വദേശിയും കേരള ഗവൺമെന്റ് റിട്ട.ചീഫ് എൻജിനിയറുമായ ടി.എം.സൈമനാണ് പള്ളിയുടെ പ്ലാൻ

തയ്യാറാക്കിയത്. കലാഭംഗി നിറഞ്ഞ പള്ളിയുടെ മുൻവശത്തെ നിർമ്മാണവിശേഷം ആരേയും ആകർഷിക്കുന്നതാണ്.

പുറം ചട്ടമറിച്ചാൽ ആദ്യപേജിൽ കാണുന്നത് പരുമലതിരുമേനിയുടെ പൂർണ്ണമായ വർണ്ണചിത്രമാണ്. അടുത്തപേജിൽ യാക്കൂബ് തൃതീയൻ പാത്രിയർക്കീസിന്റെ പടമാണ്. 1958ലെ സഭാസമാധാനത്തിനുശേഷം 1968 ആയപ്പോഴേക്കും അപസ്വരങ്ങൾ ഉയരാൻ തുടങ്ങിയിരുന്നെങ്കിലും അതെല്ലാം കണ്ടില്ലെന്ന് നടിച്ച് കഴിയുന്നതും സഭയിൽ സമാധാനം നിലനിൽക്കട്ടെ എന്ന ആശയിലായിരിക്കും പാത്രിയർക്കീസ് ബാവായുടെ പടംകൊടുത്തത്. അന്നത്തെ കാതോലിക്ക ഔഗേൻ പ്രഥമൻ ബാവായുടെ പടം യാക്കൂബ് തൃതിയന്റെ പടം കഴിഞ്ഞ് രണ്ടാമതായിട്ടാണ് കൊടുത്തിരിക്കുന്നത്.

അടുത്തതായി സന്ദേശങ്ങളാണ്. ഔഗേൻബാവ, മാർതോമ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത, മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത, പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (പിന്നീട് ശ്രേഷ്ഠകാതോലിക്ക), ഫിലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലീത്ത, അബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്ത (ക്നാനായ ഭദ്രാസനം), യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്ത, തൊഴിയൂർ ഇടവകയുടെ പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത (പിന്നീട് റീത്തിൽ ചേർന്നു) ജസ്റ്റിസ് എം. യു.ഐസക്ക്, മനോരമചീഫ് എഡിറ്റർ കെ.എം.ചെറിയാൻ എന്നിവരുടെ സന്ദേശങ്ങൾ സ്മരണികയിൽ ചേർത്തിട്ടുണ്ട്.

ലേഖനങ്ങൾ

പള്ളിക്കമ്മറ്റി പ്രസിഡണ്ടും, സോവനീർ പ്രസിദ്ധീകരണകമ്മറ്റി കൺവീനറും, സ്മരണികയുടെ എഡിറ്ററുമായ തെക്കേക്കര ഡേവിഡ് കത്തനാരുടെ സമർപ്പണം എന്ന ലേഖനമാണ് ആദ്യം കൊടുത്തിട്ടുള്ളത്. പുതിയ പള്ളിയുടെ പൂർണ്ണ വിവരങ്ങൾ അച്ചന്റെ ലേഖനത്തിൽ നിന്ന് ലഭിക്കുന്നതാണ്. കുന്നംകുളം സ്വദേശിയും പ്രമുഖ സാഹിത്യകാരനും, കവിയും, ഗ്രന്ഥകർത്താവുമായ ശ്രീ ജോസഫ് ചെറുവത്തൂരിന്റെ "ആർത്താറ്റ് പള്ളിയുടെ ശവക്കോട്ട" എന്ന ലേഖനത്തിൽ. പരുമലതിരുമേനി ശവക്കോട്ടയുടെ ഗംഭീരമതിൽ പണിതുയർത്തുവാൻ പ്രയത്നിച്ചതും ശവക്കോട്ടമതിലിന്റെ നിർമാണവിശേഷവും മറ്റും വളരെ തന്മയത്വത്തോടെ വിവരിച്ചിരിക്കുന്നു. തുടർന്ന് ഡേവിഡ് പുലിക്കോടൻ, സി.എൽ.ഇട്ടിമാണി, യൂഹാനോൻ മാർ സേവേറിയോസ് തിരുമേനി, പുലിക്കോട്ടിൽ ജോസ് കത്തനാർ, കടവിൽ പോൾ റമ്പാൻ (പിന്നീട് ബാവാകക്ഷിഭാഗം പൗലൂസ് മാർ അത്താനാസിയോസ്) ബാബുവർഗ്ഗീസ്.പി., ഡീക്കൻ വർഗ്ഗീസ് കൊള്ളന്നൂർ, ബേബി ചെമ്മണ്ണൂർ, പി.കെ. സൈമൺ, സി.റ്റി.ഗീവർ, കെ.വി.ചാക്കോ, മേരി ലാസറസ് (ഇംഗ്ലീഷ് ലേഖനം) ഫാ.സി.എം.പീറ്റർ, പനക്കൽ ജെയിംസ് എന്നിവരുടെ ലേഖനങ്ങളാണ്. ജോസഫ് ചെറുവത്തൂരിന്റെ നിത്യശാന്തി എന്ന കവിതയും സോവനീറിൽ കൊടുത്തിട്ടുണ്ട്.

ആർത്താറ്റ് പടിയോല

സോവനീറിന്റെ അവസാനഭാഗത്ത് പി.വി. ഇട്ട്യേശൻ എഴുതിയ ആർത്താറ്റ് പടിയോല എന്ന ലേഖനം കാണാം. ആ ലേഖനത്തിന്റെ മഹിമ എത്രമാത്രമാണെന്നു വിവരിക്കാൻ പ്രയാസമാണ്. ആർത്താറ്റ് പള്ളി നടയിൽവെച്ച് 1806-ൽ പുലിക്കോട്ടിൽ യൗസേഫ് കത്തനാരുടെ നേതൃത്വത്തിൽ (പിന്നീട് പുലിക്കോട്ടിൽ യൗസേഫ് മാർ ദിവന്നാസ്യോസ് ഒന്നാമൻ മെത്രാപ്പോലീത്ത) എഴുതപ്പെട്ട ആ വിശിഷ്ടരേഖ ആദ്യമായി അച്ചടിയിലൂടെ സൂര്യപ്രകാശം കണ്ടത് നമ്മുടെ കുദാശാസ്മരണികയിലൂടെയാണ്. ചെമ്പുതകിടിൽ എഴുതപ്പെട്ട ആ രേഖ 1946-ൽ ചേന്ദമംഗലം പാലിയത്ത് അച്ചൻമാരുടെ കോട്ടാരത്തിലെ നിലവറയിൽ നിന്ന് യാതൃശ്ചികമായി കണ്ടുകിട്ടുകയാണ് ഉണ്ടായത്. വട്ടെഴുത്തിൽ എഴുതിയ ആ ചെമ്പു തകിട് തിരുവനന്തപുരത്തെ മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ അയച്ച് മലയാള ലിപികളിൽ പരിഭാഷ ചെയ്തുവാങ്ങി. അതിന്റെ ഒരു കോപ്പി കുന്നംകുളത്തെ മുൻ എം.എൽ.എ ശ്രീ. സി.വി.ഇയ്യു ശ്രീ. പി.വി.ഇട്ട്യേശന് കൊടുത്ത് അതിനെക്കുറിച്ച് ഒരു ലേഖനം എഴുതാൻ ആവശ്യപ്പെട്ടു. അവിടെനിന്ന് ഇരുപത്തിരണ്ട് കൊല്ലം കഴിഞ്ഞാണ് ഇട്ട്യേശൻ ലേഖനം കൂദാശ സ്മരണികയിൽ പ്രസിദ്ധീകരിക്കുന്നത്. ഇങ്ങനെ ഒരു വിശിഷ്ടരേഖ കുന്നംകുളത്തെ സഭാഭക്തർമാരായ പൂർവ്വികർ എഴുതിയിരുന്നു എന്നവിവരം കൂദാശ സ്മരണികയിലെ ലേഖനം കണ്ടപ്പോഴാണ് ബഹുജനങ്ങൾ അറിയുന്നത്. ആ ലേഖനം പ്രസിദ്ധീകരിക്കാൻ കൂദാശസ്മരണിക ഒരു നിമിത്തമായി. അതിശയം എന്നല്ലാതെ എന്തുപറയാൻ! (ആർത്താറ്റ് പടിയോല എന്ന പേരിൽ ഈ ലേഖകൻ എഴുതിയ പുസ്തകത്തിൽ കൂടുതൽ വിവരങ്ങൾ കാണാം.)

നമുക്ക് കൂദാശ സ്മരണികയിലെ ഉള്ളടക്കത്തിലേക്ക് തന്നെ മടങ്ങിവരാം. വളരെ പ്രധാനപ്പെട്ട ചിലഗ്രൂപ്പ് ഫോട്ടോകൾ സോവനീറിൽ കൊടുത്തിട്ടുണ്ട്. 1968-1969 കാലത്തെ ആർത്താറ്റ് - കുന്നം

കുളം പള്ളി മാനേജിങ്ങ് കമ്മറ്റി, സെയിന്റ് ഗ്രിഗോറിയോസ് പള്ളിപ്പണികമ്മറ്റി സാങ്കേതിക ഉപദേഷ്ടാക്കൾ എന്നീ ഫോട്ടോകൾ സോവനീറിന്റെ താളുകളെ അലങ്കരിക്കുന്നു. പള്ളിയുടെ ശിലാസ്ഥാപനഫോട്ടോ, പള്ളിയുടെ മദ്ബഹായുടെ പടങ്ങൾ എന്നിവയും സോവനീറിൽകാണാം.

പാമ്പാടി തിരുമേനി, പൗലൂസ് മാർ സേവേറിയോസ് തിരുമേനി, പാറേമ്മൽ കുരിയാക്കോസ് കത്തനാർ, പുത്തൻകാവ് പിലക്സിനോസ് തിരുമേനി, എന്നിവരുടെ പടങ്ങളും സോവനീറിൽ കൊടുത്തിട്ടുണ്ട്. ധാരാളം പരസ്യങ്ങൾ സമ്പാദിച്ച് സോവനീറിൽ ചേർന്നിട്ടുണ്ട്. 100 പേജ് ഉള്ള സോവനീർ നല്ലകടലാസിൽ ഭംഗിയായി തയ്യാറാക്കി അക്കാലത്തു പ്രസിദ്ധീകരിച്ച അതിന്റെ സംഘാടകരേയും പ്രവർത്തകരേയും ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. അവരുടെ പ്രയത്നത്തിനുമുമ്പിൽ തലകുനിക്കുന്നു. ■

സിൽവർ ജൂബിലി
സോവനീർ-1993

വളരെ കാര്യക്ഷമമായ ഒരു ഭരണ സംവിധാനമാണ് മെയിൻ റോഡ് സെയ്ന്റ് ഗ്രീഗോറിയോസ് പള്ളിക്ക് ഉള്ളതെന്ന് പറയാതിരിക്കാൻ വയ്യ. അതിന്റെ ഫലമാണ് പുരോഗമനപരമായ പല പ്രവർത്തനങ്ങളും മെയിൻ റോഡ് സെയ്ന്റ് ഗ്രിഗോറിസോയ് പള്ളിയിൽ നടന്നുവരുന്നത്. പള്ളിനിർമ്മാണം കഴിഞ്ഞ് 25 വർഷങ്ങൾ പിന്നിട്ടപ്പോൾ പള്ളിക്ക് അകത്തും പുറത്തും പല നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടുള്ളതായികാണാം. പള്ളിക്ക് അകമാകെ മോടി പിടിപ്പിച്ച് ചേതോഹരമാക്കി. പള്ളിക്ക് പുറത്തും പല നിർമ്മാണപ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. അവഓരോന്നും എടുത്ത് പറയണമെങ്കിൽ ഒരുപാട് സമയം അതിനായി വരുമെന്നതിനാൽ അതിന് തുനിയുന്നില്ല.

പള്ളിപണിക്ക് ഇരുപത്തഞ്ചു വർഷം തികഞ്ഞപ്പോൾ പള്ളിപൊതുയോഗം സിൽവർ ജൂബിലി വർഷം സമുചിതമായി ആഘോഷിക്കണമെന്നതീരുമാനം കൈക്കൊണ്ടു. അതിനോടനുബന്ധിച്ച് ഒരു സിൽവർ ജൂബിലിസോവനീർ പ്രസിദ്ധീകരിക്കാനും തീരുമാനമായി. അതിന്റെ ഫലമാണ് ഇന്ന് നമ്മുടെ മുൻപിൽ ഇരിക്കുന്ന ഈ വിലപ്പെട്ട ഗ്രന്ഥം. അതെ സെന്റ് ഗ്രീഗോറിയോസ് ചർച്ച് സിൽവർ ജൂബിലി സോവനീർ 1993



പള്ളിയുടെ മനോഹരമായ പൂർണ്ണവർണ്ണ ചിത്രമാണ് സോവനീറിന്റെ മുഖചിത്രമായി പുറംചട്ടയിൽ കൊടുത്തിട്ടുള്ളത്. പേജുകൾ മറിച്ചുനോക്കുമ്പോൾ പരിശുദ്ധിയും, പഴമയും ഒത്തുചേർന്ന നിരവധി പടങ്ങളാണ് സോവനീറിൽ നമ്മുടെ നയനങ്ങളെ എതിരേൽക്കുന്നത്. പരി.പരുമല തിരുമേനിയുടെ ബഹു വർണ്ണ ചിത്രം ദേവാലയത്തിന്റെ വിശുദ്ധ മദ്ബഹായുടെമദ്ബഹായിലെ കുദ്കുദിശിൻ പ്രകടമാക്കുന്ന ഫോട്ടോ, കന്യകമറിയം യേശുകുഞ്ഞിനെ മാറോട് ചേർന്ന് പിടിച്ച് നിൽക്കുന്ന ചിത്രം, തോമാശ്ലീഹാ ക്രിസ്തുവിന്റെ വിലാപുറത്ത് തൊട്ടുനോക്കി എന്റെ കർത്താവും, എന്റെ ദൈവവുമേ എന്ന് ഏറ്റുപറയുന്ന രംഗം, പുലിക്കോട്ടൽ ദിവന്നാസ്യോസ് ഒന്നാമന്റെയും, രണ്ടാമന്റെയും, വട്ടശ്ശേരിൽ തിരുമേനിയുടേയും, ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെയും, പൗലൂസ് മാർ സേവേറിയോസ് തിരുമേനിയുടെയും, യൂഹാനോൻ മാർ സേവേറിയോസ് തിരുമേനിയുടെയും, ദാനിയേൽ മാർ പീലക്സിനോസ് തിരുമേനിയുടെയും, യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെയും, സ്ലീബാ മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെയും, പത്രോസ് മാർ ഒസ്താത്തിയോസ്

മെത്രാപ്പോലീത്തായുടെയും, പുത്തൻകാവ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെയും, പാമ്പാടി തിരുമേനിയുടെയും, മാത്യൂസ് പ്രഥമൻ ബാവയുടെയും, മാത്യൂസ് ദ്വിതീയൻ ബാവയുടെയും, പൗലൂസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്തയുടെയും (ഇപ്പോൾ കാതോലിക്കാബാവ) തേജസ്സുറ്റ പടങ്ങൾ സോവനീറിൽ കൊടുത്തിട്ടുണ്ട്.

സന്ദേശങ്ങൾ

കുന്നംകുളം ഭദ്രാസനാധിപൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത, തൊഴിയൂർ സഭയുടെ ജോസഫ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, മുഖ്യമന്ത്രി ശ്രീ.കെ.കരുണാകരൻ എന്നിവരുടെ സന്ദേശങ്ങൾ സോവനീറിന്റെ മഹിമ വർദ്ധിപ്പിക്കുന്നു. എൽ.സി. കുത്തൂർ രചിച്ച പ്രാർത്ഥനാഗീതമാണ് പിന്നെ സോവനീറിൽകാണുന്നത്. ധന്യേമാതാവേ എന്ന ലയത്തിൽ രചിച്ച പ്രാർത്ഥനാഗീതം മനോഹരമായിരിക്കുന്നു. തുടർന്ന് പുലിക്കോട്ടിൽ ജോസഫ് കോർഎപ്പിസ്ക്കോപ്പായുടെ പടമാണ് സോവനീറിനെ അലങ്കരിക്കുന്നത്. 1947 (1122തുലാം16-ാം തിയ്യതി) ഓർത്തഡോക്സ് സഭാ സുന്നഹദോസ് പരുമലതിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്ന സുന്ഹദോസ് നിശ്ചയം സോവനീറിന്റെ അടുത്തപേജിൽ കാണാം.

ലേഖനങ്ങൾ

പുലിക്കോട്ടിൽ ജോസഫ് കോർ എപ്പിസ്ക്കോപ്പാ എഴുതിയ മെയിൻ റോഡ് സെന്റ് ഗ്രിഗോറിയോസ് ദേവാലയം ഒരു തിരിഞ്ഞുനോട്ടം ആണ് ആദ്യലേഖനം. തുടർന്ന് കെ.സി.ലോഫസൺ രചിച്ച Be holy like the saints എന്ന ഇംഗ്ലീഷ് കവിതയെ തുടർന്ന് മെയിൻ റോഡ് കുരിശുപള്ളിയുടെ പടം പിന്നീട് ആർത്താറ്റ്-കുന്നംകുളം മഹാ ഇടവകയിൽ സേവനമനുഷ്ടിച്ച 9 വൈദികരുടെ ചായാചിത്രങ്ങളാണ്. അടുത്തതായി കുന്നംകുളം ഭദ്രാസനാധിപൻ മാർ മിലിത്തിയോസ് തിരുമേനിയുടെ നാം എഴുന്നേറ്റുപണിയുക എന്ന ലേഖനമാണ്. പരുമല തിരുമേനിയുടെ ചരമ ജൂബിലി ഉദ്ഘാടനസമ്മേളനത്തിലെ പരിശുദ്ധകാതോലിക്കാബാവായുടെ അദ്ധ്യക്ഷപ്രസംഗത്തിലെ പ്രസ്ക്തഭാഗം ഉൾക്കൊള്ളിച്ച കർമ്മനിരതനായ യോഗി എന്ന ലേഖനമാണ് അടുത്തത്. തുടർന്ന് ഫാ.സ്റ്റീഫൻ ഒ.എ.സി, എം.എസ്.മാത്യു, ഫാ.എം.സി.ചെറിയാൻ, ഫാ.സി.വി.അബ്രഹാം, ജോബ്സ്രായിൽ, യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്താ, അഡ്വ.പി.സി.മാത്യു പുലിക്കോട്ടിൽ ഔഗേൻ പ്രഥമൻ കാതോലിക്കാബാവ, ഫാ.കുരിയാക്കോസ് ഒ.എ.സി, മാത്യുസ് ദ്വതീയൻ കാതോലിക്കാബാവാ, ഡോ.സാമുവേൽ ചന്ദനപ്പള്ളി, ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത, ഫാ.റ്റി.എ. ജേക്കബ്, മാത്യൂസ് മാർ ബർണബാസ് മെത്രാപ്പോലീത്താ, ഡോ പൗലൂസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, കെ.സി.ജോൺ, ഫാ.പത്രോസ് ചെമ്മണ്ണൂർ, ഫാ.ജോർജ്ജ് ചീരൻ, പ്രൊഫ.ജോസഫ് വർഗ്ഗീസ്, ഫാ.ജോസഫ് പുലിക്കോട്ടിൽ,

അനുഗ്രഹം തേടി

-കവിത-

പിറവിയിലെന്തു ഞാൻ കൊണ്ടുവന്നു?
അന്ത്യയാത്രയിലെന്തു ഞാൻ കൊണ്ടുപോകും?
എന്നിട്ടുമെന്തേ മനമേ കൊതിക്കുന്നു
മത്സരിച്ചെല്ലാം അടക്കി വാഴാൻ?
നിമിഷം മതി എന്റെ സ്വപ്നം തകരുവാൻ
ശ്വാസം നിലയ്ക്കാൻ നിമിഷം മതി
എന്നിട്ടുമെന്തേ മനമേ കൊതിക്കുന്നു
അപരന്റെ ദു:ഖങ്ങളാസ്വാദിക്കാൻ?
ഇല്ലായ്മയിൽ നിന്ന് സർവ്വവുമേകിയ
കർത്താവിൻ കരുണയിതൊന്നുമതി
എല്ലാർക്കുമേകിടു സന്തോഷസൗഖ്യങ്ങൾ
പുണ്യ പിതാവേ അനുഗ്രഹിക്കൂ

സി.വി.വീരസ്

ഗീവർഗ്ഗീസ് പനക്കൽ, സി.വി.ഉല്ലാസ്, ഫാ.സ്റ്റീഫൻ ജോർജ്ജ്, പി.സി.കെ, ജോഷിപോൾ.പി, എ.എസ്.എം, ഫാ.ജോസഫ് ചീരൻ, സി.കെ.ബാബു, ഡെയ്സി ഉട്ടുപ്പ്, ടി.ഐ.ഫ്ളേവി തുടങ്ങിയവരുടെ ഈടുറ്റ ലേഖനങ്ങൾ സോവനീറിന്റെ ഉള്ളടക്കത്തെ സംപുഷ്ടമാക്കുന്നു. ഷിജ മേരി രചിച്ച കളിയരങ്ങ് എന്ന കവിതയും സോവനിറിൽ ഉണ്ട്. കെ.സി.ലോഫ്സൺ രചിച്ച Interpertation of God എന്ന ഇംഗ്ലീഷ് കവിത വായനക്കാർ ഏറ ഇഷ്ടപ്പെടും. സിൽവർ ജൂബിലി ആഘോഷത്തിന്റെ പര്യപാടികളും വിവിധ കമ്മറ്റികളുടെ വിവരവും സോവനീറിൽ കൊടുത്തിട്ടുണ്ട്.

പടങ്ങൾ

സിൽവർ ജൂബിലി സോവനീറിൽ എതോനോഗ്രൂപ്പ് ഫോട്ടോകൾ കൊടുത്തിരിക്കുന്നത് വായനക്കാർക്ക് ഇഷ്ടപ്പെടും പള്ളി നിർമ്മാണകമ്മറ്റിയുടെ 1968 ലെ ഫോട്ടോ സിൽവർ ജൂബിലി ആഘോഷകമ്മറ്റി ജൂബിലി സ്റ്റീയറിംങ്ങ് കമ്മറ്റി, സോവനീർ പ്രസിദ്ധീകരണകമ്മറ്റി എന്നീ ഫോട്ടോകളും അടുപ്പുട്ടി സെയ്ന്റ് മേരി മംഗ്ദലൻ കോൺവെന്റിലെ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോയും, കോൺവെന്റിലെ നാലു സന്യാസിനികൾക്ക് മെത്രാപ്പോലീത്താ സഭാവസ്ത്രം നൽകുന്ന ഫോട്ടോ സോവനീറിൽ കാണാം. ഈ ജൂബിലി ആഘോഷങ്ങളുടെ ഫോട്ടോകളും സോവനീറിന്റെ അവസാന ഭാഗത്ത് കൊടുത്തിട്ടുണ്ട്. അങ്ങിനെ മൊത്തത്തിൽ എന്ത് കൊണ്ടും മേന്മയേറിയ ഒരുമികച്ച പ്രസിദ്ധീകരണമായി ജൂബിലി സോവനീർ തയ്യാറാക്കാൻ കെ.സി.ലോഫ്സൺ മാസ്റ്റർ എഡിറ്ററായുള്ള ബോർഡിന് സാധിച്ചു എന്നതിൽ അനുമോദിയ്ക്കുന്നു . ഏറ്റവും ഒടുവിലാണ് വിനയത്തോടെ എന്ന് എഡിറ്റോറിയൽ ചേർത്തിട്ടുള്ളത്. പേജുകളുടെ കാര്യത്തിൽ കുദാശ സമരണികയെ കടത്തിവെട്ടിയിരിക്കുന്നു സിൽവർ ജൂബിലി സോവനീർ എന്നു പറയാതിരിക്കാൻ വല്ല. കൂദാശ, സ്മരണിക 100പേജിൽ ഒരുങ്ങിയപ്പോൾ സിൽവർ ജൂബിലി സോവനീർ 164 പേജിൽ ചെന്നു നിൽക്കുന്നു. ■

പാവന സ്മരണക്ക്

ഇലവത്തിങ്കൽ
പൗലൂസ് മകൻ പൗലൂസ്
30.11.1970

ഇലവത്തിങ്കൽ
പൗലൂസ് ഭാര്യ ചിന്നമ്മ
25.09.1989

പാവന സ്മരണയ്ക്ക്

പി. പി. ജോസഫ്
റിട്ടയേർഡ് P.W.D വർക്ക് സൂപ്രണ്ട്

ലൂസി ജോസഫ്
റിട്ടയേർഡ് അധ്യാപിക

കരിമാംകുഴി പുലിക്കോട്ടിൽ ഹൗസ്, കാണിയാമ്പാൽ റോഡ് (നെഹ്റു നഗർ), കുന്നംകുളം

എം.ജി.ഒ.സി.എസ്.എം.

മലങ്കര സഭയിൽ ആകമാനം ഉള്ള വിദ്യാർത്ഥികളെ ആത്മീയതയിൽ ഊട്ടിയുറപ്പിക്കുന്നതിനും, സഭയ്ക്കും സമൂഹത്തിനും ഉപകാരപ്പെടുന്ന ഉത്തമ പൗരൻമാർ ആക്കി തീർക്കുന്നതിലും, നിസ്വാർത്ഥമായ മാനവ സേവനത്തിന്റെ കർമ്മപഥത്തിലേക്ക് കൊണ്ട് വരുന്നതിലും സുപ്രധാനമായ പങ്ക് വഹിക്കുന്ന ആത്മീയ സംഘടനയാണ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം. ഈ പ്രസ്ഥാനത്തിന് സഭയിൽ തുടക്കം കുറിച്ചത് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമൻ മെത്രാപ്പോലീത്തയാണ് എന്നതിൽ നമുക്ക് അഭിമാനിക്കാം.

പരുമലയുടെ മഹാ പരിശുദ്ധനായ മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ ഈ ദേവാലയത്തിൽ എം.ജി.ഒ.സി.എസ്.എം പ്രസ്ഥാനം സ്ഥാപിതമായിട്ട് 8 വർഷങ്ങൾ പിന്നിടുന്നു. ഇടവകയിലും സൺഡെ സ്കൂളിലും പഠിക്കുന്ന 8-ാം ക്ലാസ് മുതൽ ഉള്ള മുഴുവൻ വിദ്യാർത്ഥികളും സീനിയർ അംഗങ്ങളും പ്രസ്ഥാനത്തോട് ചേർന്ന് നിന്ന് പ്രവർത്തിച്ച്കൊണ്ടിരിക്കുന്നു. യൂണിറ്റ് തലത്തിലും ഭദ്രാസന തലത്തിലും നടത്തുന്ന പരിപാടികളിൽ ഈ യൂണിറ്റിലെ വിദ്യാർത്ഥികളുടെ പ്രവർത്തനങ്ങൾ പ്രശംസിനീയമാണ്.

ആരാധന, പഠനം എന്നീ കാര്യങ്ങളിൽ വിദ്യാർഥികൾക്കാവശ്യമായ മാർഗനിർദേശങ്ങളും പരിശീലനവും നൽകുന്നതോടൊപ്പം വിവിധ പ്രവർത്തനങ്ങളിലൂടെയും പള്ളി അനുവദിക്കുന്ന ഗ്രാന്റിലൂടെയും പ്രസ്ഥാനത്തിന് ലഭ്യമാവുന്ന പണം സഹായവും സേവനവും ആവശ്യം വേണ്ട സ്ഥലങ്ങളിൽ ഫലപ്രദമായി വിനിയോഗിക്കുകയും ചെയ്യുന്നു.

പരീക്ഷ പരിശീലന ക്ലാസുകൾ, തിമിര ശസ്ത്രക്രിയ ക്യാമ്പ്, വാർഷിക ക്യാമ്പുകളിലും മത്സരങ്ങളിലുമുള്ള പങ്കാളിത്തം തുടങ്ങിയവ പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഈ വർഷം നടത്തിയ പ്രളയദുരിതാശ്വാസ പ്രവർത്തനങ്ങളും ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് വിദ്യാർത്ഥികൾക്കായി നടത്തിയ സെന്റിയെറോ 2018 എന്ന ഏകദിന വ്യക്തിത്വ വികസന ക്യാമ്പും ഒട്ടേറെ പ്രശംസ പിടിച്ചു പറ്റിയ പ്രവർത്തനങ്ങൾ ആയിരുന്നു. ആരാധന, പഠനം, സേവനം എന്ന പ്രസ്ഥാനത്തിന്റെ ആപ്തവാക്യത്തിൽ അടിയുറച്ച് പ്രവർത്തിക്കുവാൻ പ്രസ്ഥാനം പ്രതിജ്ഞാബദ്ധമാണെന്ന് ഉറപ്പിക്കുകയും അതിനായി സർവ്വശക്തന്റെ കൃപക്കും അനുഗ്രഹങ്ങൾക്കുമായി പ്രാർത്ഥിക്കുകയും ചെയ്യുന്നു. പോയ വർഷങ്ങളിൽ ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും താങ്ങും തണലുമായി ഞങ്ങളെ സഹായിച്ച വികാരി അച്ചൻമാരോടും ഇടവകകമ്മറ്റി അംഗങ്ങളോടും പ്രസ്ഥാനത്തിലെ അംഗങ്ങളോടും ഉള്ള നന്ദിയും സ്നേഹവും ഈയവസരത്തിൽ അറിയിക്കുന്നു.

ഗ്രിഗറി സാം വിൽസൺ
സെക്രട്ടറി

പാവന സ്മരണയ്ക്ക്

സുമ ജോസ്

W/o ജോസ് ഡേവിഡ് റ്റി.

കുടുംബാംഗങ്ങൾ:- ജിജു ജോസ്, ലിൻസ് ജിജു, ആസ്റ്റിൻ ജിജു

With the Best Compliments from:-

Well Wisher

മർത്ത്മറിയം വനിതാ സമാജം

കുന്നംകുളം മെയിൻ റോഡ് ദേവാലയത്തിലെ കൂദാശ കഴിഞ്ഞ അവസരത്തിൽ ആരംഭിച്ച മർത്ത്മറിയം സമാജം 1984 വരെ കൊച്ചി ഭദ്രാസനത്തിൽ പെട്ട യൂണിറ്റായിരുന്നു. ഇപ്പോൾ കുന്നംകുളം ഭദ്രാസനത്തിൽ സജീവയൂണിറ്റായി നിലകൊള്ളുന്നു. ഞായറാഴ്ചതോറും 3.30 മുതൽ അംഗങ്ങൾ ഒരുമിച്ച്കൂടി പാട്ട്, പ്രാർത്ഥന, വേദവായന, ബൈബിൾ സ്റ്റഡി എന്നിവ നടത്തിവന്നിരുന്നത്, അംഗങ്ങളുടെ സൗകരാർത്ഥം രാവിലെ വി.കുർബ്ബാനയ്ക്കുശേഷമായി 2016 മുതൽ നടത്തിവരുന്നു. ബഹുമാനപ്പെട്ട വികാരിയച്ചനും, ശ്രീ.കെ.സി.ലോഫ്സൺ മാസ്റ്ററും, ശ്രീ.മോഹൻ ഉക്രുവും, ഞങ്ങളുടെ ചില അംഗങ്ങളും ക്ലാസ്സെടുക്കാറുണ്ട്. മാസത്തിൽ ഒരു ഞായറാഴ്ച ഭവന പ്രാർത്ഥന നടത്തിവരുന്നു. രണ്ടാം ശനിയാഴ്ചകളിൽ ഓരോരോപള്ളികളിൽ നടത്തുന്ന ഗ്രൂപ്പ് മീറ്റിംഗിൽ അംഗങ്ങൾ പോയി പങ്കെടുക്കാറുണ്ട്. വാർഷികം കൃത്യമായി നടത്തിവരുന്നു.

ഇടവകയിൽ നിന്നു നല്കുന്ന ഗ്രേന്റ്, ഉദാരമതികളിൽ നിന്നും ലഭിക്കുന്ന സംഭാവനകൾ ആദിഫല ശേഖരം ലേലം വിളിച്ചുകിട്ടുന്ന തുക എന്നിവയാണ പ്രധാന ധനാഗമ മാർഗ്ഗങ്ങൾ. കൂടാതെ വിവിധ പലഹാരങ്ങൾ, അച്ചാറുകൾ, കട്ട്ലെറ്റ് മുതലായ സാധനങ്ങൾ ഭവനത്തിൽനിന്നും ഉണ്ടാക്കികൊണ്ടുവന്ന് വിൽക്കുകയും ഓർഡർ അനുസരിച്ച് ഉണ്ടാക്കികൊടുക്കുകയും ചെയ്തുവരുന്നു. ഇതിൽ നിന്നും ലഭിക്കുന്ന ആദായം മുഴുവൻ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് മാറ്റി വെയ്ക്കുന്നു.

ജൂലൈ 15 മുതൽ ആഗസ്റ്റ് 15 വരെ ബൈബിൾ പാരായണമാസമായി കേന്ദ്രനിർദ്ദേശപ്രകാരം നടത്തിവരുന്നു. സമാജ ദിനമായ ആഗസ്റ്റ് 15ന് സമാജ അംഗങ്ങൾ വി.കുർബ്ബാന അനുഭവിക്കുകയും പള്ളിയും പരിസരങ്ങളും വൃത്തിയാക്കുകയും പള്ളിയിൽ മധുരപലഹാരം വിതരണം നടത്തുകയും ചെയ്യാറുണ്ട് കൂടാതെ അന്നേദിവസം വികാരിയച്ചനോടുകൂടി അംഗങ്ങൾ ആശുപത്രിസന്ദർശനം നടത്തുകയും രോഗികൾക്ക് ധനസഹായം നല്കുകയും ചെയ്തുവരുന്നു. മാസംതോറും നിർദ്ധനരായ രോഗികൾക്ക് 200 രൂപയുടെ മരുന്നുവാങ്ങി കൊടുക്കുന്ന പതിവ് കഴിഞ്ഞ 8 വർഷമായി തുടർന്നുവരുന്നു. 5 പേർക്ക് പെൻഷനും നല്കിവരുന്നു. ഓണം ക്രിസ്തുമസ് സന്ദർഭങ്ങളിൽ അടുപ്പുട്ടി കരുണാലയം ചൊവ്വന്നൂർ മെറീനഹോം എന്നിവ സന്ദർശിക്കുകയും അവർക്ക് ഭക്ഷണവും കായക്കുലകളും കേക്കും നല്കുകയും ചെയ്തു. അവരോടൊപ്പം സമാജ അംഗങ്ങൾ ചെലവിട്ട നിമിഷങ്ങൾ ഒരിക്കലും മറക്കാനാകാത്ത അനുഭവങ്ങളാണ്. പ്രളയബാധിതർക്ക് ഭദ്രാസനതലസഹായം നൽകിയപ്പോൾ അതിൽ പങ്കാളികളാകുവാൻ കഴിഞ്ഞത് അഭിമാനത്തിന് വക നൽകുന്നു.

ഭദ്രാസന തലത്തിൽ നടക്കുന്ന മത്സരങ്ങൾക്ക് നമ്മുടെ സമാജ അംഗങ്ങൾ പലപ്പോഴും സമ്മാനർഹരാകാറുണ്ട്. കേന്ദ്രത്തിൽ നിന്നും നടത്തുന്ന പരീക്ഷയിൽ മിനി വിൽസൺ ഉന്നത വിജയം കരസ്ഥമാക്കുകയുണ്ടായി. കഴിഞ്ഞതവണ പ്രസംഗത്തിന് ജാസ്മിൻ ഡോണി ഒന്നാംസ്ഥാനത്തിനർഹതനേടി. ക്വിസ് മത്സരത്തിന് ക്ലൗദിയായും മീനജോൺസനും രണ്ടാം സ്ഥാനത്തിനർഹതനേടി. ജേതാക്കളെ പ്രത്യേകം അഭിനന്ദിക്കുന്നു.

ഭദ്രാസനതല കലാമത്സരങ്ങൾക്ക് ഇവിടെ വേദിയൊരുക്കാൻ നമുക്ക് അവസരമുണ്ടായി-കേന്ദ്രതലത്തിൽ നടത്തുന്ന പരീക്ഷകൾക്ക് മെയിൻറോഡ് പള്ളിയാണ് സെന്ററായി തിരഞ്ഞെടുത്തിട്ടുള്ളത്. ഭദ്രാസനത്തിലെ യൂണിറ്റ് പ്രവർത്തനങ്ങളെ വിലയിരുത്തലിൽ ഒന്നാം സ്ഥാനത്തിനും രണ്ടാം സ്ഥാനത്തിനും ഇതിനു മുമ്പ് അർഹതനേടിയിട്ടുണ്ടെങ്കിലും കുറച്ചുവർഷങ്ങളായി മൂന്നാം സ്ഥാനത്ത് നിലയുറപ്പിച്ചിരിക്കുകയാണ്. ഗോൾഡൻ ജൂബിലിയുടെ ഭാഗമായി ഭദ്രാസനതലത്തിൽ വിവിധ ഗെയിംസ് മത്സരങ്ങൾ നടത്തുകയുണ്ടായി. ഭദ്രാസനതലത്തിൽ നടത്തിയ പ്രബന്ധ മത്സരം വൻ വിജയമായിരുന്നു. മറ്റൊരു ഭദ്രാസന തല ആകർഷണം ഭക്ഷ്യമേളയായിരുന്നു. ഗോതമ്പ് കൊണ്ട് മാത്രം തയ്യാറാക്കുന്ന ഭക്ഷ്യ വസ്തുക്കളായിരുന്നു മത്സര ഇനം. ഇടവകയിലെ മറ്റു ആത്മീയ സംഘടനകളുമായി യോജിച്ച് പ്രവർത്തിക്കുവാൻ സമാജത്തിന് സാധിച്ചിട്ടുണ്ട്.

വി.ദൈവമാതാവിന്റെ നാമത്തിലുള്ള സമാജത്തിനാവശ്യമായ നേതൃത്വം നൽകി അതിനെ പരിപോഷിപ്പിച്ച പരിശുദ്ധ കാതോലിക്കാബാവായോടും അഭിവന്ദ്യതിരുമേനിയോടും മുൻ വികാരിമാരോടും ഇപ്പോഴത്തെ വികാരി റവ.ഫാ.ജോൺ ഉറുമ്പിൽ അവർകളോടും പ്രാസംഗികരോടും മറ്റു ആത്മീയ പ്രവർത്തകരോടും പള്ളി മേനേജിംഗ് കമ്മറ്റിയോടും പള്ളി കൈസ്ഥാനിയോടും ഞങ്ങളെ സഹായിക്കുന്ന സ്പോൺസർമാരോടും ഉദാരമതികളോടും പ്രത്യക്ഷമായോ പരോക്ഷമായോ സഹായിക്കുകയും സഹകരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന എല്ലാവരോടുമുള്ള കൃതജ്ഞത രേഖപ്പെടുത്തികൊണ്ടും ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിച്ചുകൊണ്ടും ഈ റിപ്പോർട്ട് ഉപസംഹരിക്കുന്നു.

മീന ജോൺസ് പുലിക്കോട്ടിൽ, സെക്രട്ടറി

പരുമല പരിശുദ്ധന്റെ പരിമളം തലമുറകളിലേക്ക്...

ജാസ്മിൻ ഡോണി

മുളന്തുരുത്തിയിൽ ജനിച്ച് പരുമല കേന്ദ്രമാക്കി ഇടയപരിപാലനം നടത്തി മലങ്കരസഭയ്ക്ക് സുധീരമായ നേതൃത്വം നൽകി, കേരള നവോത്ഥാനത്തിന് ശക്തമായ സംഭാവനകൾ നൽകി, വിശുദ്ധിയുടെ കയ്യൊപ്പ് വിശ്വാസ ഹൃദയങ്ങളിൽ സമ്മാനിച്ച യുഗപുരുഷനാണ് പരുമലതിരുമേനി.

ജീവിക്കുന്ന മദ്ധ്യസ്ഥനായ തിരുമേനിയുടെ സാമൂഹ്യ ആദ്ധ്യാത്മിക ദർശനങ്ങൾ ഇന്നത്തെ തലമുറയ്ക്ക് ജീവിതത്തിൽ എങ്ങിനെ പകർത്താം? തപോനിഷ്ഠയിലൂന്നിയ ജീവിതദർശനങ്ങളുടെ വാതായാനങ്ങളിലേക്ക് അനുവാചകരുടെ ശ്രദ്ധ ക്ഷണിക്കട്ടെ.

ദൈവവേലയ്ക്കായി സ്വയം സമർപ്പിക്കപ്പെട്ട ബാല്യത്തിനുടമയായിരുന്നു കൊച്ചയ്പ്പോര. "കനകല്ലൂരി" എന്ന മസൂരി രോഗം കഠിനമായിരിക്കെ ഒരു ദിവ്യദർശനത്തിൽ ദൈവമാതാവ് പ്രത്യക്ഷപെട്ട് രോഗം ഭേദപ്പെടുമെന്നും ശിഷ്ടായുസ്സ് ദൈവവേലയ്ക്കായി സമർപ്പിക്കണമെന്നും പറഞ്ഞു. ഉടനെ തന്നെ ദൈവവേലയ്ക്കായി സ്വയം പ്രതിഷ്ഠിക്കുകയും ചെയ്തു. ദൈവത്താൽ ആകൃഷ്ടരാകാത്തവർ ദൈവവേലയ്ക്കായി കടന്നു വരുമ്പോൾ പൗരോഹിത്യ വൃത്തിയുടെ യഥാർത്ഥ അർത്ഥതലങ്ങൾ തന്നെ മാറിപ്പോകുന്നു. സ്ഥാനമാനങ്ങളോ മെത്രാൻ സ്ഥാനലബ്ധിയോ ആഗ്രഹിച്ചിരുന്നില്ല പരുമല തിരുമേനി. പിന്നെയോ പൗരോഹിത്യത്തിന്റേയും സന്യാസത്തിന്റേയും ആഴങ്ങളിലേക്ക് കടന്നുചെന്ന് രണ്ടിനേയും ജീവിതവിശുദ്ധിയുടെ പ്രകാശത്തിൽ ജ്വലിപ്പിച്ചു.

നിരന്തരമായ ധ്യാന-മനനങ്ങളിൽകൂടി ആർജ്ജിച്ച ആദ്ധ്യാത്മികതയുടെ കരുത്ത് സമൂഹത്തിന്റെ പരിവർത്തനത്തിനായി ഉപയോഗപ്പെടുത്തി. മനുഷ്യത്വരഹിതമായ സാമൂഹ്യനിലപാടുകൾക്കെതിരെ പ്രതികരിക്കുവാനും സാമൂഹ്യമാറ്റത്തിന്റെ ആവശ്യകത അനിവാര്യമാണെന്ന് പഠിപ്പിക്കുവാനും തിരുമേനിയ്ക്കു സാധിച്ചു.

പ്രാർത്ഥനാ ജീവിതത്താൽ പ്രശ്നങ്ങളെ അതിജീവിച്ചു.

വെട്ടിക്കൽ ദയറായെ തന്റെ വ്രതാനുഷ്ഠാനങ്ങൾക്ക് പറ്റിയ പർണശാലയാക്കി മാറ്റിയ തപോവര്യനായിരുന്നു പരിശുദ്ധതിരുമേനി. പ്രാർത്ഥന, ഉപവാസം, നോമ്പ് മുതലായ സത്യവിശ്വാസാചാരങ്ങൾ അനുഷ്ഠിച്ച് രോഗികളെ സൗഖ്യമാക്കുന്നതിനും ഭൂതങ്ങളെ പുറത്താക്കുന്നതിനും ദൈവീക ശക്തി ആർജിച്ചു. മലങ്കര മെത്രാപ്പോലീത്ത പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസോസ് രണ്ടാമൻ തിരുമേനി പല സാമുദായിക വ്യവഹാരങ്ങൾക്കുമായി പോകുമ്പോൾ "കൊച്ചുതിരുമേനീ പ്രാർത്ഥിക്കണെ" എന്ന് ഏൽപിക്കുന്ന പതിവുണ്ടായിരുന്നു. കൊച്ചുതിരുമേനിയുടെ അന്ത്യനാളുകളിൽ ആ പ്രാർത്ഥനയുടെ ദിവ്യനാളം നഷ്ടപ്പെടുന്നതോർത്ത് വിഷമിക്കുന്ന വലിയ തിരുമേനിയെ ചരിത്രം ചിത്രീകരിക്കുന്നു. എത്ര വിശുദ്ധിയുടെ പടവുകൾ കയറിയാലും പരീക്ഷിക്കാൻ വന്ന സാത്താനെ പ്രാർത്ഥനയുടെ ശക്തിയാൽ പരാജയപ്പെടുത്തുന്നതു കാണാം. ഇന്നിന്റെ ഏറ്റവും വലിയ പ്രശ്നം കുടുംബത്തിനായും സഭയ്ക്കായും സമൂഹത്തിനായും പ്രാർത്ഥിയ്ക്കാൻ സമയമില്ലാത്തതാണ്. സ്വന്തം കഴിവിൽ അമിതമായി അഹങ്കരിക്കാതെ ദൈവകൃപയ്ക്കായി യാചിപ്പാൻ, പ്രാർത്ഥനയ്ക്കായി താഴ്ന്നിരിപ്പാൻ ആഹ്വാനം ചെയ്യുന്ന, തിരുമേനിയുടെ പ്രാർത്ഥനയും നമസ്ക്കാരങ്ങളും നമുക്ക് പ്രചോദനമേകട്ടെ.

അനുകരിക്കാൻ മാതൃകകളില്ലാത്ത ലോകത്തിൽ ജീവിതംകൊണ്ട് സാക്ഷ്യം.

പ്രസംഗിക്കാനും ഉപദേശിക്കാനും നമുക്കിന്ന് ഒരുപാട് പേർ ചുറ്റിലുമുണ്ട്. എന്നാൽ ക്രിസ്തീയ സാക്ഷ്യത്തിൻ ജീവിച്ചുകാണിക്കുന്ന, അനുകരിക്കാൻ തക്ക മാതൃകകൾ നമുക്കില്ല. സമ്പത്തിനും സ്വാർത്ഥ താൽപര്യങ്ങൾക്കും പിന്നാലെ

പായുന്ന മാതാപിതാക്കളെ കണ്ടുവളരുന്ന വരും തലമുറയ്ക്ക് ഒരു നല്ല മാതൃക കാട്ടികൊടുക്കുവാൻ നമുക്കാകുമോ? തുമ്പമൺ ഇടവകയിൽ വസൂരി രോഗം ബാധിച്ചപ്പോൾ തിരുമേനി അവിടെപ്പോയി താമസിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. അനേകം രോഗികൾ അത്ഭുതകരമായി സൗഖ്യം പ്രാപിച്ചു.

ഭക്ഷണസാധനങ്ങൾ വാങ്ങാൻ പണം സ്വരൂപിച്ച് കൂട്ടിവെയ്ക്കുന്ന പതിവ് പരുമല സെമിനാരിയിൽ ഉണ്ടായിരുന്നില്ല. 32 പൈസ മാത്രം ശേഷിപ്പ് ഉള്ളപ്പോൾ ഒരു വ്യക്തി ആഹാരസാധനങ്ങൾ വേണ്ടുവോളം സെമിനാരിയിൽ എത്തിച്ച സംഭവം, തിരുമേനിയുടെ സ്വശിഷ്യന്മാരിൽ ദൈവാശ്രയബോധം വർദ്ധപ്പിക്കുന്നതിന് കാരണമായി. യഹോവയിൽ ഉള്ള വിശ്വാസം, നാളെയെകുറിച്ച് ചിന്താഭാരം ഇല്ലാത്ത ക്രിസ്തീയഭാവം, സഹോദര സ്നേഹം, സമസൃഷ്ടികളോടുള്ള സ്നേഹവായ്പ് എന്നീ ക്രിസ്തുവിന്റെ ഭാവം നമ്മിൽ എങ്ങനെ വളർത്തണം എന്നതിന് ഉത്തമ ദർശനങ്ങളായിരുന്നു തിരുമേനിയുടെ ജീവിതം. ക്രിസ്ത്യാനിയെന്നതിന് ശരിയായ മാനം നാനാജാതിമതസ്ഥർക്ക് സ്വജീവിതത്തിലൂടെ വരച്ചുകാട്ടിയ മഹാത്മാവാണ് തിരുമേനി.

സഭയ്ക്ക് പരിപോഷണം നൽകി.

സമുഹമദ്ധ്യേ മലങ്കരസഭയിലെ വിശ്വാസികളുടെ കൊഴിഞ്ഞുപോക്കിനെക്കുറിച്ച് ചിന്തിക്കുന്ന ഈ കാലത്തിനു വിപരീതമായി തന്റെ പ്രവർത്തനങ്ങൾക്കൊണ്ട് കത്തോലിക്ക സഭയിൽ നിന്നുവരെ വിശ്വാസികളെ നമ്മുടെ സഭയിലേക്ക് ആകർഷിക്കാൻ സാധിച്ച പ്രതിഭാധനനായിരുന്നു അദ്ദേഹം. അൽവാരീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തയായിരുന്നു അവരിൽ പ്രധാനി. (അദ്ദേഹത്തെ ബാഹ്യകേരളത്തിന്റെ ആദ്യമെത്രാപ്പോലീത്തായാക്കി) ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കാനും നിരണം, കൊല്ലം, തുമ്പമൺ എന്നീ മൂന്നു ഭദ്രാസനങ്ങളുടെ ഭരണചുമതല നിർവഹിക്കുന്നതിനും പുണ്യ പിതാവിന് കഴിഞ്ഞു. വിവിധ ഇടവകകളെ കൃത്യമായ ഇടവേളകളിൽ സന്ദർശിക്കുന്നതിനും ഇടവകാംഗങ്ങൾക്കിടയിലെ ആഭ്യന്തരകലഹങ്ങൾ പരിഹരിക്കുന്നതിനും ഇടവകകളെ പേരു ചൊല്ലി വിളിച്ച് ഉപദേശിക്കുന്നതിനും പരുമലയെ ആത്മീയ പരിപോഷണത്തിനുള്ള കേന്ദ്രമാക്കുന്നതിനും ശ്രേഷ്ഠ ഇടയന് പിതാവിന് സാധ്യമായി. ആത്മീയ നേതൃത്വത്തിനു എന്നും പിൻപറ്റാവുന്ന പാവനമായ ഇടയ ശുശ്രൂഷയുടെ കർമ്മ മണ്ഡലങ്ങൾ മലങ്കര സഭയ്ക്കായി നൽകിയ ക്രാന്തദർശിയാണ് തിരുമേനി.

നവോത്ഥാന നായകനായ തിരുമേനി

ദൈവം തന്നെ വിളിച്ചത് തപോവര്യനായി ഒതുങ്ങി ജീവിക്കാൻ മാത്രമല്ലെന്ന് ജീവിതം കൊണ്ട് കാണിച്ച തിരുമേനിയുടെ മാതൃക പ്രസക്തമാണ്. ഭക്തിജീവിതത്തോടൊപ്പം സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്ന ഒരു സമൂഹത്തിന്റെ നവോത്ഥാനം തന്റെ ഉത്തരവാദിത്തമാണെന്ന് ആ പരിശുദ്ധൻ മനസ്സിലാക്കി. ഊർശ്ലേം യാത്രകഴിഞ്ഞ് തിരിച്ചെത്തിയ തിരുമേനിയുടെ സാമൂഹിക ദർശനങ്ങൾ വ്യക്തമായ ലക്ഷ്യം കണ്ടു. എല്ലാവർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിച്ചു. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും താഴ്ന്നജാതിക്കാരുടെ മക്കൾക്കുവേണ്ടിയും വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങി. ദളിത് വിഭാഗത്തിനെ സമൂഹത്തിന്റെ മുഖ്യധാരിയെത്തിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ ലക്ഷ്യംകണ്ടു. പഴയനസ്രാണി ക്രിസ്ത്യാനികളുടെ ശക്തമായ എതിർപ്പിനെ വകവെയ്ക്കാതെ താഴ്ന്ന വിഭാഗക്കാരെ സഭയോടു ചേർത്ത് യേശുക്രിസ്തുവിന്റെ പ്രേഷിതദൗത്യം ഇടയശുശ്രൂഷയോടൊപ്പം നിറവേറ്റി. സർക്കാർ തലത്തിൽ താഴ്ന്ന വിഭാഗങ്ങളുടെ സൗജന്യ പഠനത്തിന് സമ്മർദ്ദം ചെലുത്തി ഉത്തരവിറക്കാനായി. സവർണക്കു മാത്രമായിരുന്ന സർക്കാർ ഉദ്യോഗങ്ങളിൽ ഏവർക്കും സമത്വം ആവശ്യപ്പെട്ട മലയാളി മെമ്മോറിയലിന്റെ അദ്ധ്യക്ഷതവഹിച്ചു. ക്ഷാമം ഉണ്ടായകാലത്ത് പണപിരിവ് നടത്തി തിരുവിതാംകൂർ രാജാവിന് നൽകി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുപുറമെ ദാരിദ്ര്യലഘൂകരണത്തിനും താഴ്ന്ന ജാതിക്കാർക്ക് രാജപാത വിട്ടുകിട്ടുന്നതിനും ശക്തമായി പ്രവർത്തിച്ചു. 19–ാംനൂറ്റാണ്ടിന്റെ കേരള നവീകരണത്തിനായി ഭരണകർത്താക്കളോട് ന്യായപരമായി ഇടപ്പെട്ട് ലക്ഷ്യം നേടാൻ സാമൂഹ്യ പരിഷ്കർത്താവിന്റെ കുപ്പായമണിഞ്ഞു.

എല്ലാവർക്കും വിദ്യാഭ്യാസം, പ്രേഷിതദൗത്യം അക്രൈസ്തവരിലൂടെ, ദളിതവിമോചനം, താഴ്ന്ന ജാതിക്കാരുടെ ഉന്നമനം, തുടങ്ങിയ ആശയങ്ങളെ പ്രവർത്തി പഥത്തിലാക്കി സമൂഹത്തിന് മാതൃക നൽകി.

നമുക്ക് ഉൾക്കൊള്ളേണ്ടത് ആ മഹാത്മാവിന്റെ സാമൂഹികദർശനങ്ങൾ അന്നത്തെപ്പോലെ ഇന്ന് എങ്ങനെ പ്രവർത്തിപഥത്തിലാക്കാം എന്നതാണ്. നമുക്കും ലക്ഷ്യങ്ങളുണ്ടാകണം. സാമൂഹ്യ നിലപാടുകളുണ്ടാകണം. സ്വാർത്ഥപരമായ, രാഷ്ട്രീയപരമായ, സാമ്പത്തിക ലക്ഷ്യം വെച്ചുകൊണ്ടല്ല കാലഘട്ടത്തിന്റെ വെളിച്ചത്തിൽ നിലകൊള്ളുന്ന സാമൂഹ്യദർശനമുള്ളവരാകണം. നാം ഇന്ന് വിദ്യാസമ്പന്നരാണ്. എന്നാൽ ക്രൈസ്തവ മൂല്യങ്ങൾ നഷ്ടപ്പെട്ട അജ്ഞതയുടെ ലോകത്താണ് നാം. നമുക്ക് വിമോചിപ്പിക്കാൻ താഴ്ന്ന വി

ഭാഗങ്ങളില്ല. എന്നാൽ പാശ്ചാത്യജീവിതശൈലിയുടെ അതിപ്രസരം കൊണ്ട് ദുഷ്കരിക്കപ്പെട്ട വ്യക്തിബന്ധങ്ങളുടേയും കുടുംബബന്ധങ്ങളുടേയും തകർച്ച നാം തിരിച്ചറിയേണ്ടതുണ്ട് ഇടയദൗത്യത്തേക്കാൾ നമ്മുടെയിടയിൽതന്നെ കഷ്ടപ്പെടുന്നവർക്ക് വരുമാനത്തിന്റെ ഒരംശം വ്യക്തികൾ മുഖേനയോ സംഘടനകൾ മുഖേനയോ എത്തിക്കാൻ നമുക്ക് വഴിതുറന്നുകൂടേ? മറ്റുള്ളവർക്കായി ജീവിതം ഉഴിഞ്ഞുവെച്ച തിരുമേനിയുടെ സാമൂഹിക ദർശനങ്ങൾ ഉൾക്കൊള്ളാൻ യുവതലമുറ പ്രതിജ്ഞാബദ്ധരാവട്ടെ.

പരുമലയിലെ ബോധിവൃക്ഷം

പരുമലതിരുമേനി ജീവിച്ചിരുന്നപ്പോൾ തന്നെ വിശുദ്ധനായി അറിയപ്പെട്ടിരുന്നു. 1947 നവംബർ - 2ന് മലങ്കര ഓർത്തഡോക്സ് സഭ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. ഇസഡ് എം.പാറേട്ടിന്റെ ഭാവനയിൽ പരുമലതിരുമേനി, പരുമലയിലെ ബോധിവൃക്ഷമാണ്-ധാരാളം ശിഖിരങ്ങളും പച്ചിലയുമുള്ള, സമീപപ്രദേശങ്ങളിൽ എല്ലാം തണുപ്പ് പ്രദാനം ചെയ്യുന്ന ബോധിവൃക്ഷം. ഇവിടെ ലഭിക്കുന്ന ആദ്ധ്യാത്മിക അനുഭവം നിരവധി ജീവിതത്തിന് സ്വസ്ഥത പകരുന്നു. ഡോ.പൗലോസ് മാർ ഗ്രീഗോറിയോസ് പറയുന്നു. ഭാരതം ഇന്നു കൃതകൃത്യയാണ്. ഇതുപോലെ സ്വജീവിതം മുഴുവൻ ദൈവത്തിന്റെ വിശുദ്ധിയും സ്നേഹവും സാക്ഷാത്കരിക്കുവാൻ പിറന്ന ഒരു കുറ്റമറ്റ ഒരു പൈതലിനെ പ്രസവിച്ച ഭാരതാംബ ഇന്ന് ധന്യമാണ്. കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രമായ അഭിവൃദ്ധിക്കായി പ്രയത്നിച്ച പരുമല മാർ ഗ്രീഗോറിയോസ് തിരുമേനി മലയാളത്തിന്റെ സൂര്യതേജസ്സാണ്. ആ സൂര്യരശ്മികളുടെ പൊൻ പ്രഭയിൽ നമുക്കും മദ്ധ്യസ്ഥത യാചിക്കാം.

കാലികമാവട്ടെ ആദ്ധ്യാത്മിക ദർശനങ്ങൾ...
നക്ഷത്ര ശോഭയേകട്ടെ ജീവിതദർശനങ്ങൾ...
പ്രബുദ്ധമാകട്ടെ സാമൂഹ്യ ദർശനങ്ങൾ...

■

വേര്...

-കവിത-

മൃദുദലങ്ങളാൽ
പൊട്ടിമുളച്ചു
വളർന്നൊരുവൃക്ഷമേ...
നിനക്കറിയുമോ....?
നിൻ ശിഖിരങ്ങളെങ്ങനെ
പുഷ്ടിയായതെന്ന്,
ഇലകളിടതൂർന്ന്
തളിരിട്ടതെന്ന്
ഫലങ്ങൾക്കതി
സ്വാദിൻ മേന്മയുടെ
ഉൾക്കാമ്പിനിത്രയും
ദൃഢതയുമായതെന്ന്....!!

നിയോർക്കുന്നുണ്ടോ....?
ദലങ്ങളെ വീഴ്ത്തുന്ന
വസന്തത്തിൽ കാറ്റും,
ഫലങ്ങളെ പൊഴിക്കുന്ന
വേനലിൻ കാറ്റും,
തൊലികളെ വിണ്ടുകീറുമാ-
ശിശിരകാലകാറ്റും,
വന്നു വിളിച്ചോരോ
മാത്രത്തോറും നിന്നെ
തളർത്താതെയെന്നും
വളർത്തിയതാരെന്ന്....?

നിയോർക്കണം....!!

രുദ്രഭാവജ്വതുഭേദമി-
ങ്ങനെ മാറിമറിയുമ്പോ-
ഴോരോ ദിനവുമുഴിയിൽ
നിൻ ലാവണ്യ ഭംഗിയ്ക്കായി
പൂഴിലാഴ്ന്നു കിടന്ന-
ഹോരാത്രം പ്രയത്നം
ചെയ്യുമീ "വേരെ"ന്ന
രുധിര നാളത്തെ-
യോർക്കണമെന്നുമെന്നും....

നിനക്കറിയുമോ...?
വിണ്ണിലേക്കുയരുന്ന നിൻ
ശിഖിര മുകുളങ്ങൾക്കുൾ-
കരുത്തു നൽകുവാനായി
മണ്ണിലേക്കാഴ്ന്നിറങ്ങിയ
'വേരെ'ന്ന സഹന്ന പർവ്വത്തെ
മറക്കരുതന്ത്യം വരെയും,
മണ്ണോട് നിലം പതിയ്ക്കുമാ-
നേരവയുമെന്നേയ്ക്കും...

അറിയുക...!!!

'വേരി'നെ മറക്കുവാൻ
കഴിയിലന്ത്യം വരയുമാ
വൃക്ഷം കണക്കെ
വെറുക്കരുതന്ത്യം വരയുമീ-
യുലകത്തിൽ മാനവാ-
പോറ്റിപുലത്തിയ നിൻ
മാതാപിതാക്കളെ, നീ
മണ്ണോടും ചേരും നാഴികയോളം...!!

യൂഥിക

കുന്നംകുളത്തിന്റെ പുണ്യം

-കവിത-

സുധീർ പി.പുലിക്കോട്ടിൽ

സുകൃതമീ കുന്നംകുളത്തിന്റെ പരിമളം
പരുമലത്തിരുമേനിപാർത്തഗേഹം
പ്രാർത്ഥനാ മുഖരിതം തീർത്ഥകേന്ദ്രം സദാ
ഭക്തർ തൻ യാചനാ മന്ത്ര സാന്ദ്രം
കാതോർത്തുനോക്കുകിൽ കേട്ടിടാമിപ്പോഴും
പുണ്യവാൻ തന്നുടെ ദിവ്യനാദം
ത്യാഗം ജ്വലിച്ചു ജ്വലിച്ചുഗ്രതാപത്താൽ
ഉൾതാപമെല്ലാമുരുക്കും സ്വരം!
ഒന്നു ശിരസ്സുവണക്കിനമിക്കുവാൻ
തമ്പുരാൻ തന്നൊരീ പാദപീഠം
പാരം പരുമല താണ്ടുവാനാകാത്തോർ
ക്കാലംബമായോരഭയസ്ഥാനം
ശ്രേഷ്ഠമാം വീഥിയിലുന്നതം ഭൂമിയിൽ
ശില്പി തന്ത്രത്തിന്റെ ചാരുതയിൽ
ചതുരക്കളങ്ങളാൽ ചാതുര്യമായങ്ങിനെ
വിരചിതം സുന്ദരം 'കുരിശുപള്ളി'
അര ശതാബ്ദത്തിന്റെ സൗഷ്ടവം മൗലിയിൽ
ചാരിതാർത്ഥ്യത്തിന്റെ പൊൻ തിളക്കം!
ശിരസ്സുയർത്തിക്കൊണ്ടു മേഘജാലങ്ങളെയു
രസ്സുംവിധം ചിരം മരുവിടുന്നു
മുന്തിരിവള്ളികളിൽ തൂണുകൾ കാഹളം
മന്ദമായൂതുന്ന മാലാഖമാർ
സ്വർഗ്ഗീയ സുന്ദരം മദ്ബഹാമന്ദിര
അഗ്നിപക്ഷങ്ങൾ തൊഴുന്ന പുണ്യം
ജാതിഭേതങ്ങൾതന്നന്ധകാരങ്ങളെ
ചാമ്പലായ് മാറ്റുന്നൊരന്തരീക്ഷം
പരുമലപള്ളിയിൽ കബറിടംതന്നിലാ
നെയ്ത്തിരി പൂക്കൾ വിടർന്നഗന്ധം
എല്ലാർക്കുമെല്ലാർക്കുമേതു ദു:ഖങ്ങളും
കൊണ്ടു തള്ളാനുള്ളോരാഴിപോലെ
വല്ലാതെ വേദനക്കാടുകൾ താണ്ടുവോർ
ക്കല്ലലാറ്റുന്നോരുതെന്നൽപോലെ
കാൽവരികുന്നിൽ കുരിശിൽ പിടഞ്ഞൊരു
നാഥന്റെ ത്യാഗസ്മരണപോലെ
കുന്നംകുളത്തിന്റെ പുണ്യമീധന്യമാം
ദേവാലയത്തിന്റെ പൊൻതിളക്കം

1968 ലെ ദേവാലയ നിർമ്മാണ കമ്മിറ്റി

ഇരിക്കുന്നവർ വലത്ത് നിന്ന് :
ശ്രീ എം.ഐ.ചാക്കുണ്ണി (കൺവീനർ), ഫാ.ഡേവിഡ് തെക്കേക്കര (പ്രസിഡന്റ്), ഫാ. ജോസഫ് കാക്കശ്ശേരി (സെക്രട്ടറി), അസി.എഞ്ചിനീയർ റ്റി.എം. സൈമൺ
നിൽക്കുന്നവർ ഇടത്തു നിന്ന് :
ശ്രീ.പി.പി. ഉക്രു (ജൂനി.എഞ്ചിനീയർ) ശ്രീ.പി.സി. ഉക്രു, ശ്രീ കെ.ഒ. ഉക്രു (ജൂനി എഞ്ചിനീയർ) കെ.റ്റി. ജോർജ്ജ് (ട്രസ്റ്റി)

കുന്നംകുളത്തെ കണ്ണട വ്യാപാര രംഗത്ത് 23 വർഷത്തെ
സേവന പാരമ്പര്യവുമായി...

ഷെറീസ് കണ്ണട വ്യാപാരം

ഇൻസ്റ്റൈൽ ബ്യൂട്ടിപാർലറിന് മുൻവശം, കോറസ് ഷോപ്പിംഗ് കോംപ്ലക്സ്
ഗുരുവായൂർ റോഡ്, കുന്നംകുളം
Phone : **04885 222433** / Mobile : **9447 604333**

ഷെറീസ് കണ്ണട വ്യാപാരം

യൂണിയൻ ബാങ്ക് ബിൽഡിംഗ്, റോയൽ ഹോസ്പിറ്റൽ റോഡ്
കുന്നംകുളം Mobile : **9400 422433**

എന്റെ പരുമല തിരുമേനി

ലാസർ സി.സി.

മലങ്കരയിൽ തിളങ്ങുന്ന രണ്ട് കണ്ണുകൾ അന്നത്തെ പത്രോസ് ത്രിത്രീയൻ പാത്രീയർക്ക് ബാവ കണ്ടു. അത് ഊർശ്ലേമിൽ നടണമെന്ന് ബാവ വിചാരിച്ചു. പക്ഷേ ദൈവം അത് ഒരുക്കിയത് മലങ്കരയ്ക്കാണ്. പത്രോസ് പാത്രീയർക്കീസ് ബാവയാണ് വടക്കൻ പറവൂർ പള്ളിയിൽ വെച്ച് തിരുമേനിയക്ക് പട്ടം കെട്ടിയത്. അന്ന് ഏഴ് മെത്രാന്മാരുണ്ടായിരുന്നതിൽ ഏറ്റവും പ്രായം കുറവ് പരുമല തിരുമേനിയ്ക്കായിരുന്നു. ബാവയുടെ ഇഷ്ടപ്രിയനായിരുന്നു പരുമല തിരുമേനി. ബാവ പോകുന്നിടത്തെല്ലാം പരിഭാഷകനായി തിരുമേനിയെ കൂടെ കൊണ്ടു പോകാറുണ്ടായിരുന്നു.

ഞാൻ എന്നെപ്പറ്റി രണ്ടു വാക്ക് പറഞ്ഞു കൊള്ളട്ടെ. ഞാൻ വളരെ വർഷങ്ങളായി കുർബ്ബാനയ്ക്ക് വേണ്ടി രാവിലെ 5 മണിക്ക് മുമ്പ് മെയിൻ റോഡ് പള്ളി തുറന്ന് മദ്ബഹാ ശുശ്രൂഷയ്ക്കായി വരിക പതിവുണ്ട്. ഞാൻ പള്ളി തുറക്കുന്ന പല ദിവസങ്ങളിലും നമസ്ക്കാര മേശയുടെ അടുത്ത് തിരുമേനി ഉള്ളതായി എനിക്ക് അനുഭവപ്പെട്ടിട്ടുണ്ട്. ശരിക്കും മുഖം കാണാൻ സാധിച്ചിട്ടില്ലെങ്കിലും നല്ല സുഗന്ധ വാസന പള്ളിയിൽ ഒരുപാടു സമയം തങ്ങി നിൽക്കാറുണ്ട്. ഞാൻ മദ്ബഹായുടെ അകത്ത് കയറിയാൻ 51-ാം മസുമുറായും, മോറോൻ യേശു മിശിഹാ... എന്നു തുടങ്ങുന്ന പ്രാർത്ഥനയും ചൊല്ലിക്കൊണ്ടിരിക്കും. എന്റെ ഒരു അനുഭവമാണ് ഞാൻ എഴുതിയത്.

പഴമക്കാർ പറഞ്ഞ് ഞാൻ കേട്ടിട്ടുള്ള ചില കാര്യങ്ങൾ: നോമ്പ് കാലത്ത് ആർത്താറ്റ് പള്ളിയിൽ ആർക്കും വെള്ളം കിട്ടാതെ വന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. പരുമല തിരുമേനി ആർത്താറ്റ് പള്ളിയിൽ താമസിക്കുന്ന കാലം ഈ വാർത്ത തിരുമേനി അറിഞ്ഞു. മൂന്നു ദിവസത്തേക്ക് ഉപവാസ പ്രാർത്ഥന തിരുമേനിയുടെ നേതൃത്വത്തിൽ ആരംഭിച്ചു. തന്റെ കൂടെ നടക്കുന്ന ചാക്കുണ്ണി ചേട്ടനോട് തിരുമേനി പറഞ്ഞു. മഴക്കാറ് വല്ലതുമുണ്ടോയെന്ന് നോക്കാൻ. നോക്കിയപ്പോൾ ചെറിയ ഒരു മഴക്കാറ് കണ്ടു. ചാക്കുണ്ണി ചേട്ടൻ പള്ളിയകത്തേക്കു പൊന്നോളൂ, മഴ പെയ്തോളും എന്ന് തിരുമേനി പറഞ്ഞു. അല്പസമയത്തിനകം നല്ല മഴ പെയ്തു. ധാരാളം വെള്ളവും ലഭിച്ചു. എല്ലാവരും തൃപ്തിപ്പെട്ട് ദൈവത്തെ സ്തുതിച്ചു.

പഴഞ്ഞി പള്ളിയിൽ കുർബ്ബാന കഴിഞ്ഞ് തിരുമേനി പള്ളിയുടെ വാരാന്തയിൽ വിശ്രമിക്കുകയായിരുന്നു. ആ സമയത്ത് മാവിൽ നിന്നും ഒരു മാങ്ങ വീണു. തന്റെ കൂടെയുള്ള ശെമ്മാശനോട് ആ മാങ്ങ എടുത്തു കൊണ്ടു വരുവാൻ തിരുമേനി പറഞ്ഞു. അപ്പോൾ അവിടെ ഏതാനും കൊച്ചുകുട്ടികൾ കളിക്കുന്നുണ്ടായിരുന്നു. അതിൽ ഒരു കുട്ടി ഓടിവന്ന് ആ മാങ്ങ എടുത്ത് കടിച്ചു. ശെമ്മാശന് വലിയ പ്രയാസം തോന്നി. "സാരമില്ല, ദൈവം നമുക്ക് വേറെ മാങ്ങ തരും" എന്ന് തിരുമേനി പറഞ്ഞു. ആ പറഞ്ഞ സമയത്ത് ഒരു ചെറിയ ചില്ല ഒടിഞ്ഞു വീണു. ധാരാളം മാങ്ങകൾ അതിലുണ്ടായിരുന്നു. ശെമ്മശൻ അത് തിരുമേനിയ്ക്ക് കൊണ്ടു വന്ന് കൊടുത്തു.

ഈ പള്ളിയിൽ പല അത്ഭുതങ്ങളും നടന്നിട്ടുണ്ട്. പൈശാചിക ബാധ നിമിത്തം മറ്റുള്ളവരെ ഉപദ്രവിച്ചിരുന്ന ചാക്കോച്ചനെ ഇവിടെ കൊണ്ടുവന്നു. പാറമേൽ കുരിയാക്കോസ് അച്ചൻ ഉള്ളകാലം. "എന്നെ ഉപദ്രവിക്കല്ലേ, അച്ചാ ഞാൻ പോകില്ല" എന്ന് ചാക്കോച്ചൻ അട്ടഹസിച്ച് പറഞ്ഞു. അച്ചൻ അയാളോട് ശാന്തമായി സംസാരിച്ചു. അപ്പോൾ അയാൾ പറഞ്ഞു "അച്ചനെ എനിക്ക് പേടിയില്ല അച്ചന്റെ പിന്നിൽ നിൽക്കുന്ന ചുവന്ന കുപ്പായം ഇട്ട ആളെ എനിക്കു പേടിയാ. അദ്ദേഹത്തെ നോക്കാൻ പോലും എനിക്ക് ഭയമാകുന്നു. ഞാൻ പൊയ്ക്കൊള്ളാം." സൗഖ്യമായ ചാക്കോച്ചേട്ടന്റെ ശരീരത്തിൽ പലയിടത്തും തിരുമേനിയുടെ സ്ലീബായുടെ അടയാളം ഉണ്ടായിരുന്നു.

പള്ളിപണിക്കുവേണ്ടി വെള്ളം തരുവാൻ സ്കൂൾ അധികൃതർ വിസമ്മതിച്ചു. അതിനടുത്ത ദിവസം കിണറ്റിൽ ഒരു തുള്ളി വെള്ളം ഇല്ലാതെ വറ്റിക്കിടക്കുന്നത് കണ്ടു. സ്കൂൾ അധികൃതർക്ക് പരിഭ്രാന്തിയായി. അവർ പള്ളിയിൽ വന്ന് മാപ്പപേക്ഷിക്കുകയും കുർബ്ബാന ചൊല്ലിക്കുകയും കഞ്ഞി നേർച്ചയായി കൊടുക്കുകയും ചെയ്തു. പിന്നീടവർക്ക് വെള്ളം ആവശ്യത്തിന് ലഭിച്ചു. ഈ കുർബ്ബാന ചൊല്ലിക്കലും കഞ്ഞി നേർച്ചയായി കൊടുക്കുന്നതും ഇന്നും തുടർന്നു പോരുന്നു.

കുരിശുപള്ളിയിൽ നടത്തപ്പെടുന്ന ശനിയാഴ്ച കുർബ്ബാനയിൽ അനവധി ആളുകൾ സംബന്ധിക്കുകയും അനുഗ്രഹം പ്രാപിക്കുകയും ചെയ്യുന്നു. മലങ്കരസഭയുടെ പരിശുദ്ധനായ പുണ്യപിതാവായ പരുമല തിരുമേനിയുടെ നാമത്തിൽ മദ്ധ്യസ്ഥത യാചിക്കുകയും കർത്താവിൽ നിന്നും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്യുവാൻ ദൈവമായ കർത്താവ് ഓരോരുത്തരേയും സഹായിക്കട്ടെ. ■

സെഹിയോൻ ബംഗ്ലാവ്

ഫാ.ഇയ്യോബ് ഒ.ഐ.സി

മലങ്കരസഭാചരിത്രത്തിൽ നിരവധി സ്ഥലങ്ങളിൽ കാണുന്ന ഒരു പേരാണ് കുന്നംകുളം സെഹിയോൻ ബംഗ്ലാവ്. നവീകരണക്കാരുമായി ഉണ്ടായ വ്യവഹാരകാലഘട്ടത്തിലാണ് ഇതിന്റെ ജനനം. ആ കാലത്ത് ചരിത്രപ്രസിദ്ധമായ ആർത്താറ്റ് വലിയ പള്ളിയടക്കം കുന്നംകുളം പള്ളികളിൽ അഭി.തിരുമേനിമാർക്ക് പ്രവേശിച്ച് വൈദികശുശ്രൂഷകൾ നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. ഈ പുരാതനപള്ളികൾ അന്യാധീനപ്പെട്ടിരിക്കുന്നതുകൊണ്ട് കുന്നംകുളത്തു താമസിക്കാൻ ഒരു ആസ്ഥാനമുണ്ടാക്കാനാണ് പരുമല തിരുമേനി ആദ്യം ശ്രമിച്ചത്. (പരുമല തിരുമേനി നിരണം ഭദ്രാസനാധിപൻ ആയിരുന്നെങ്കിലും, കേസ്സുനടത്തിപ്പിനായി പുലിക്കോട്ടിൽ തിരുമേനിക്ക് ആലപ്പുഴയിലും, കോട്ടയത്തുമായി താമസിക്കേണ്ടിയിരുന്നതിനാൽ, യാത്രസൗകര്യങ്ങൾ കുറവായിരുന്ന ആ കാലഘട്ടത്തിൽ മലങ്കരമെത്രാപ്പോലീത്തായ്ക്കുവേണ്ടി മലങ്കര മുഴുവൻ യാത്രചെയ്ത് ജനങ്ങളെ വിശ്വാസത്തിൽ നിലനിർത്താൻ പുലിക്കോട്ടിൽ തിരുമേനി നിയമിച്ചത് പരുമല കൊച്ചുതിരുമേനിയെ ആയിരുന്നു.)

1069 (1894) വൃശ്ചികം 3-ാം തീയതി പുലിക്കോട്ടിൽ തിരുമേനിയുടെ ആശീർവാദത്തോടും അനുവാദത്തോടും കൂടി കുന്നംകുളം-ഗുരുവായൂർ മെയിൻ റോഡരികിലായി (സർവ്വെ 1591-ാം നമ്പ്ര്) ഒരു പറമ്പു വാങ്ങിച്ച് അവിടെ ഒരു ബങ്കളാവ് പണിയിച്ച് അതിനെ യെരുശലേമിലെ മർക്കോസിന്റെ മാളികയുടെ ഓർമ്മയ്ക്കായി 'സെഹിയോൻ ബങ്കളാവ്' എന്ന് നാമകരണം ചെയ്തു. വിശുദ്ധ കുർബ്ബാന ചൊല്ലുന്നതിനും പ്രാർത്ഥനയ്ക്കുമായി അവിടെ ഒരു പ്രത്യേക സ്ഥലം വേർതിരിക്കുകയുമുണ്ടായി. പിന്നീട് പരി. പരുമല തിരുമേനിയും പുലിക്കോട്ടിൽ തിരുമേനിയും കുന്നംകുളത്തു വരുമ്പോൾ താമസിച്ചിരുന്നത് ഇവിടെയായിരുന്നു. (1899 ജുലൈ 3-ാം തീയതി അൽവാരീസ് മാർ യൂലിയോസ് തിരുമേനിയുടെ മിഷനിലെ ഡിണ്ടിങ്കൽ പള്ളിക്കു വേണ്ടി ഫാ. വാൾട്ടർ കമ്പീസിന് കോർ-എപ്പിസ്കോപ്പാസ്ഥാനം നൽകിയത് ഈ സെഹിയോൻ ബംഗ്ലാവിലെ പള്ളിയിൽ വച്ചായിരുന്നു. പരി. പരുമല തിരുമേനിയുടെ പ്രഥമ പട്ടംകൊടയും കുന്നംകുളം ചാലിശ്ശേരി പള്ളിയിൽ വച്ച് 4 കുന്നംകുളം സ്വദേശികൾക്കായിരുന്നു.)

1875 ജൂൺ മാസം 12-ാം തീയതി അന്തോഖ്യാപാത്രിയർക്കീസ് ഇഗ്നാത്തിയോസ് പത്രോസ് മൂന്നാമൻ കുന്നംകുളത്ത് എഴുന്നള്ളുകയും 1877 മെയ് മാസത്തിൽ അവിടെ നിന്ന് തിരിച്ചു പോകുകയും ചെയ്തു. 1895 സെപ്തംബർ 25-ാം തീയതി പരി. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തു. അദ്ദേഹത്തിന്റെ 40-ാം അടിയന്തിരം മലങ്കരസഭ ഭക്തിപൂർവ്വം കൊണ്ടാടി. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി സഭ "മാർ ഇഗ്നാത്തിയോസ് പത്രോസ് സ്മാരക ദ്രവ്യശേഖരം" സംഭരിക്കുവാൻ തുടങ്ങി. കുന്നംകുളത്തും അദ്ദേഹത്തിന്റെ നാല്പതാം അടിയന്തിരം നടത്തുകയും മലങ്കരയിൽ പരി. ബാവാ ആദ്യം കാലു കുത്തിയ സ്ഥലമായതിനാലും രണ്ടു പേർക്ക് മേല്പട്ടസ്ഥാനവും മറ്റു പട്ടംകൊടകളും നടത്തിയ സ്മരണകളാലും അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി കുന്നംകുളം സെഹിയോൻ ബംഗ്ലാവിന്റെ സമീപത്ത് ഒരു സ്ഥാപനമുണ്ടാക്കാൻ തീരുമാനിച്ചു. ഓരോ പള്ളിക്കും ഓരോ പള്ളിക്കൂടങ്ങൾ വേണമെന്ന് പരി. പുലിക്കോട്ടിൽ തിരുമേനിയും, പരി. പരുമല തിരുമേനിയും ചിന്തിച്ചിരുന്ന ആ കാലത്ത് കുന്നംകുളത്ത് ഒരു ഹൈസ്കൂൾ തുടങ്ങണമെന്ന ആഗ്രഹം മുളയെടുത്തു. അന്ന് കൊച്ചിരാജ്യത്ത് രണ്ടു ഹൈസ്കൂളുകളെ പ്രൈവറ്റ് മാനേജ്മെന്റിൽ ഉണ്ടായിരുന്നുള്ളൂ. ഒന്ന് എറണാകുളത്തും ഒന്ന് തൃശൂരും. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അഭി. തിരുമേനിമാർ

ആദ്യമേ മനസ്സിലാക്കിയിരുന്നു. ആധുനികവിദ്യാഭ്യാസം കൊണ്ടേ ജനങ്ങൾ ഉണരുകയുള്ളൂ എന്ന് അവർ മുൻകുട്ടി കണ്ടു. അതിനായി വിദ്യാലയങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം ഇടവകജനങ്ങളെ ആഹ്വാനം ചെയ്തു. കുന്നംകുളത്തെ 'മാർ ഇഗ്നാത്തിയോസ് ഹൈസ്കൂൾ' അവരുടെ അശ്രാന്ത പരിശ്രമത്തിന്റെ ഫലമാണ്.

("പരുമല കാലം ചെയ്ത മാർ ഗ്രിഗോറിയോസ് തിരുമേനി, സെഹിയോൻ ബങ്കളാവിൽ മാർ ദീവന്നാസിയോസ് തിരുമേനിയൊന്നിച്ച് താമസിച്ചിരുന്ന കാലത്ത് ബങ്കളാവിന്റെ പറമ്പിൽ ഏതാനും കെട്ടിടങ്ങൾ പണിയിച്ച് 1897-ന് 1075 ചിങ്ങം 1-ാം തീയതി ഒരു ലോവർ സെക്കണ്ടറി ആൺ പള്ളിക്കൂടം തുടങ്ങുകയും, അതിന് അന്ത്യോഖ്യാപാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ സ്ഥാനപ്പേരായ "മാർ ഇഗ്നാത്തിയോസ്" എന്ന് നാമകരണം ചെയ്യുകയും ചെയ്തു." പി. സി. കുഞ്ഞാത്തു. ആർത്താറ്റ് പള്ളി ചരിത്രം)

1075 ചിങ്ങത്തിലെ 'ഇടവകപത്രിക'യിൽ 'മാർ ഇഗ്നാത്യോസ് സ്കൂൾ' എന്ന ശീർഷകത്തിൽ ഒരു മുഖലേഖനം കാണാം. അതിൽ പറയുന്നു: "ഈ പേരിൽ കുന്നംകുളങ്ങര അങ്ങാടിയിൽ ഈ മാസം 1-ാം തിയ്യതി മുതൽ ഒരു ഇംഗ്ലീഷ് പള്ളിക്കൂടം ആരംഭിച്ചിരിക്കുന്നതായി അറിയുന്നതിൽ സന്തോഷിക്കുന്നു. തല്ക്കാലം ലോവർ സെക്കണ്ടറി പരീക്ഷ വരെ പഠിപ്പിക്കുന്ന ക്ലാസ്സുകളെ ഇട്ടിട്ടൊള്ളൂ എങ്കിലും ക്രമേണ ഒരു ഹൈസ്കൂൾ ആയി ഉയർത്തണമെന്നാണ് ഇതിന്റെ ഭാരവാഹികൾ ഉദ്ദേശിച്ചിരിക്കുന്നത്. ചില പ്രത്യേക സംഗതികളാൽ അവിടേക്കു നീങ്ങുവാൻ ആവശ്യപ്പെട്ട നി. വ.ദി.ശ്രീ നിരണം ഇടവകയുടെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പരിശ്രമത്താലും കുന്നംകുളംപട്ടണത്തിൽ എന്നു മാത്രമല്ല മലങ്കര സുറിയാനിസമുദായം ഒട്ടുക്ക് വിശ്രുതന്മാരായ പനക്കൽ മാത്തു അവർകളുടേയും പാത്തപ്പൻ അവർകളുടേയും ഉത്സാഹത്താലും അല്ലായിരുന്നെങ്കിൽ ഈവിധം ഒരു പള്ളിക്കൂടം ഉണ്ടാകാൻ ഇടയാകാതെ പോയേനെ." "പള്ളിക്കൂടം ആരംഭിച്ച ദിവസമായ ചിങ്ങം 1-ാം തിയ്യതി നി.വ.ദി.ശ്രീ മലങ്കരയുടെ ദീവന്നാസിയോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ അഗ്രസനാധിപത്യത്തിൻകീഴ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അവർകൾ, പട്ടക്കാർ മുതലായ അസംഖ്യം ആളുകൾ ചേർന്ന മഹാന്മാരുടെ ഒരു യോഗം കൂടി." തുടർന്ന് യോഗനടപടികളെക്കുറിച്ച് വിശദമായി ഇടവകപത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നു കൊല്ലം കഴിഞ്ഞ് 1902-ൽ അത് പൂർണ്ണ ഹൈസ്കൂളാക്കി ഉയർത്തി. അങ്ങനെ പഴയ കൊച്ചിരാജ്യത്തെ പ്രൈവറ്റ് മാനേജ്മന്റിലെ മൂന്നാമത്തെ ഹൈസ്കൂളിന്റെ പ്രണേതാവായി പരുമല കൊച്ചുതിരുമേനി വിരാജിക്കുന്നു.

മാർ ഇഗ്നാത്യോസ് ഹൈസ്കൂളിലെ സമ്മാനദാനം

പ്രിയ പത്രാധിപരവർകൾക്കു വന്ദനം

കുന്നംകുളം മാർ ഇഗ്നെഷ്യസ്സ് ഹൈസ്കൂളിലെ വിജയികളായ വിദ്യാർത്ഥികളുടെ ഉത്സാഹത്തിന്നായി മറ്റു സ്കൂളുകളിൽ പരിഷ്കൃത സമ്പ്രദായമനുസരിച്ച് സംഭാവനകൾ കൊടുത്തു വരുന്നതുപോലെ ഈ വിദ്യാലയത്തിലുള്ള വിദ്യാർത്ഥികൾക്ക് ഈ മാസം (ജൂൺ) 21-ാംനു വിരുതു കൊടുക്കുന്നതിന് ഒരു മഹായോഗം കൂടിട്ടുണ്ടായിരുന്നു. അഗ്രാസനാധിപത്യം വഹിപ്പാൻ നിശ്ചയിച്ചിരുന്ന വടക്കെ ഡിവിഷ്യൻ പെഷ്കാർ കെ. നാരായണമെനോൻ ബി.എ. അവർകൾക്കു ഒഴിച്ചുകൂടാത്ത ചില ജോലി നിമിത്തം വരുന്നതിനു ഏനമാകാഞ്ഞതിനാൽ മലവക കൊൺസേർവെയിറ്റൻ മിസ്റ്റർ പി. അർവാർ ഷെട്ടിയാർ ബി.എ. അവർകളുടെ അഗ്രാസനാധിപത്യത്തിൻ കീഴ് ഒരു യോഗം കൂടി. യോഗനിശ്ചയത്തിന്ന് ഏകദേശം പത്തു മിനിട്ടു മുമ്പായി അഗ്രാസിനർ അവർകളും മറ്റു മഹാന്മാരും വരികയും ചെയ്തു. കാലം ചെയ്തുപോയിരിക്കുന്ന പരിശുദ്ധപിതാവായ മാറാൻ മാർ ഇഗ്നെഷ്യസ്സ് പാത്രിയർക്കീസു ബാവാ തിരുമനസ്സിലെയും മാർ ദിവന്നാസ്യോസ്സു മാർ ഗ്രീഗോറിയോസ്സ് എന്നീ വന്ദ്യസഭാപാലകരുടെയും പടങ്ങൾ നോക്കി കാണുകയും വിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തുകൊണ്ടിരിക്കുമ്പോൾ മണി മൂന്ന് അടിച്ചു. ഉടനെതന്നെ സഭ ആരംഭിച്ചു. ഇന്നത്തെ ഈ മഹായോഗത്തിൽ വന്നിരിക്കുന്ന ചില മഹാന്മാരുടെ പേരുകൾ താഴെ ചേർത്തുകൊള്ളുന്നു.

മദ്രാസ് ഹൈക്കോട്ടുവക്കീൽ സുബ്ബയ്യാ അവർകൾ ബി.എ.ബി.എൽ.

തൃശിവപേരൂർ മജിസ്രേട്ട് മിസ്റ്റർ എം. ചാക്കൊ ബി. എ..

ഇഞ്ചിനീർ ആപ്പീസിൽ മാനേജർ മിസ്റ്റർ പി.സി. ജോബ് ബി.എ.

ദിവ്യശ്രീ ഫാദർ സി. മാത്തു കത്തനാർ.

ദിവ്യശ്രീ ഫാദർ റ്റി. കുരിയാക്കൊസു കത്തനാർ

ദിവ്യശ്രീ ഫാദർ മത്തായി കത്തനാർ

റവറന്റ് കെ. മാത്തൻ. സ്ഥലത്തെ അപ്പൊത്തിക്കിരി മിസ്റ്റർ എച്ച്.എം.സിമെല്ലൊ സ്ഥലത്തെ മജിസ്രേട്ടു സുബ്ബരായർ. ഏഫ്. നിക്കോൾസൺ മദാമ്മ. റ്റി. ഗോപാല പണിക്കർ ബി.എ., മാനേജർ മിസ്റ്റർ പി. ഐ. പാത്തപ്പൻ, മിസ്റ്റർ പി.കെ. ഇട്ടിമാത്തു, സി. എം. താരു, മിസ്റ്റർ സി.റ്റി. താരു, മിസ്റ്റർ പി.വി. താവു, മിസ്റ്റർ പി.സി. ചാക്കുണ്ണി, മിസ്റ്റർ പി.കെ. ചിമ്മാരു, മിസ്റ്റർ സി.ഇ. പീറ്റർ, മിസ്റ്റർ പി.കെ. വറിയു, മിസ്റ്റർ റ്റി.പി. പാത്തു. മറ്റു ചില മഹാന്മാരും സ്ഥലത്തെ ഡിസ്ട്രിക്ട് സ്കൂൾ സഹായാദ്ധ്യാപക

ന്മാരും മിഷ്യൻ സ്കൂളിലെയും അഭിവർദ്ധനി സംഘം സ്കൂളിലെയും അദ്ധ്യാപകന്മാരും വിദ്യാർത്ഥികളും ഉണ്ടായിരുന്നു. വിശാലമായ സ്കൂൾ ഹാളും വരാന്തകളും ജനങ്ങളാൽ നിറയപ്പെട്ടിരുന്നു. അഗ്രാസനാധിപതി ആസനപ്രാപ്തനായി സഭ മിക്കവാറും നിശ്ബ്ദാവസ്ഥയെ പ്രാപിച്ചശേഷം ചെറിയ കുട്ടികളുടെ ഇംഗ്ലീഷ് മലയാളം കവിതകളെ കേൾക്കയായിരുന്നു. അതു കഴിഞ്ഞശേഷം അനുവാദപ്രകാരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ പി. രാജരത്നം ബി.എ. അവർകൾ സ്കൂളിന്റെ തല്ക്കാലപര്യന്തമുള്ള വിവരണസമേതം അത്രചുരുങ്ങിയതല്ലാത്ത റിപ്പോർട്ടുവായന കഴിഞ്ഞ ഉടനെ ഉണ്ടായ ആഹ്ലാദസൂചകമായ ഹസ്തതാഡനാനന്തരം സമ്മാനദാനം ആരംഭിച്ചു. വിജയികളായ വിദ്യാർത്ഥികളുടെ പേരുകൾ വായിക്കപ്പെടുകയും അവർ ഒരോരുത്തരായി അഗ്രാസനരുടെ കയ്യിൽ നിന്ന് സമ്മാനങ്ങൾ വാങ്ങി പോരുകയും ചെയ്തു. സമ്മാനങ്ങൾ എല്ലാം ഉപയോഗമുള്ള പുസ്തകങ്ങൾ ആയിരുന്നു. അനന്തരം അനുവാദപ്രകാരം ഫാദർ സി. മാത്തു കത്തനാർ ഹൈസ്കൂളിനെ പറ്റിയും അതിന്റെ ഉത്ഭവത്തെപ്പറ്റിയും അതിന്റെ പേരിനെ പറ്റിയും അല്പം പറഞ്ഞു. എഫ്. നിക്കൊൾസൺ മദാമ്മ സമയോചിതമായി ഒരു ഗുണദോഷത്തെ കുട്ടികളോടു പറയുകയും അതിനെ മിസ്റ്റർ സി. ജെകോബ പരിഭാഷപ്പെടുത്തുകയും ചെയ്തു. മദാമ്മയുടെ ഗുണദോഷം അല്പം ദീർഘിച്ചുപോയി എന്ന് പറയേണ്ടിയിരിക്കുന്നു. ഉടനെ ടി സ്കൂളിലെ ബൈബിൾ റ്റീച്ചർ ഫാദർ വി. മത്തായി കത്തനാർ വളരെ ഭംഗിയോടും ചാതുര്യമായും കേൾവിക്കാരെ ഒന്നാകെ ഭ്രമിപ്പിക്കത്തക്കസ്ഥിതിയിൽ പ്രസംഗിച്ചു. പ്രസംഗമദ്ധ്യേ സുറിയാനിസഭയിലെ പൂർവ്വികന്മാരായ വിശുദ്ധ ഗ്രന്ഥകർത്താക്കന്മാരുടെ ഒന്നു രണ്ടു കവിതകൾ സുറിയാനിയിൽ ചൊല്ലി മലയാളത്തിൽ വ്യാഖ്യാനിക്കുകയും ചെയ്തു. ഇതു സഭാവാസികളുടെ ശ്രദ്ധയെ എന്നുതന്നെയുമല്ല അഗ്രാസനരുടെ ശ്രദ്ധയെ കൂടെ ആകർഷിച്ചു എന്ന് പറയേണ്ടിയിരിക്കുന്നു. ഉടനെ അഗ്രാസനർ അവർകൾ പ്രസംഗം ആരംഭിച്ചു. മിസ്റ്റർ എം.എ. ചാക്കൊ മജിസ്ട്രേട്ടിന്റെ അത്യുത്സാഹത്താൽ ആകുന്നു തനിക്ക് ഇന്ന് ഇങ്ങനെയുള്ള ഒരു സദസ്സിൽ വന്നുകൂടുവാൻ സംഗതി ആയത് എന്നും കൊച്ചിരാജ്യത്തിൽ ജെക്കൊബൈറ്റ് സിറിയൻ അധിവസിക്കുന്ന സ്ഥലം കുന്നംകുളം ആകുന്നു എന്നും അതിനാൽ ഈ സ്ഥലത്തെ കോടീശ്വരന്മാർ ഉത്സാഹിച്ചാൽ ഇത് ഒരു ഹൈസ്കൂൾ അല്ല കോളെജാക്കുന്നതിനു യാതൊരു പ്രയാസവുമില്ലെന്നും ടെക്നിക്കൽ സ്കൂൾ ഏർപ്പെടുത്തുന്നതിനു കാലം വൈകിയിരിക്കുന്നു എന്നും മറ്റും സൂചിപ്പിച്ചുകൊണ്ടു പ്രസംഗം സമർപ്പിച്ചു.

ഇടവകപത്രിക 1901 ജൂലൈ

പിതാക്കന്മാരെ ഓർക്കുന്ന കുന്നംകുളം

ലോഫ്സൺ.കെ.സി

കുന്നംകുളം സംസ്ക്കാരത്തിന്റെ ചരിത്രപരമായ ഒരു പ്രത്യേകത ഇവിടെ കുറിക്കുവാൻ ആഗ്രഹിക്കുകയാണ്. സഭ പിതാക്കന്മാരെ പരിശുദ്ധൻ എന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ എന്നത് നോക്കാതെ അനുഭവ വെളിച്ചത്തിൽ പരിശുദ്ധന്മാർ എന്ന ബോദ്ധ്യപ്പെട്ടവരെ ആദരിക്കുന്ന ഒരു പ്രത്യേകത കുന്നംകുളത്തെ വിശ്വാസികൾക്കുണ്ട്.

പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് (ഒന്നാമൻ) കാലം ചെയ്തശേഷം അധികം താമസിയാതെ അദ്ദേഹത്തിന്റെ നാമത്തിൽ ഒരു സ്മാരക കബറിടം കുന്നംകുളം പഴയപള്ളിയിൽ സ്ഥാപിതമായി. അത് നശിപ്പിക്കപ്പെട്ടപ്പോൾ പിന്നീട് കുന്നംകുളം കിഴക്കെ അങ്ങാടിയിൽ സ്മാരക കബറിടം പണിത് മാർത്തോമാ ശ്ലീഹായുടെ നാമത്തിൽ പുത്തൻപള്ളി സ്ഥാപിക്കുകയും ചെയ്തു. അന്നുമുതൽ പ്രധാന പെരുന്നാൾ, കുന്നംകുളത്തിന്റെ ദേശീയ ഉത്സവമായി, ആചരിക്കുന്നത് പുലിക്കോട്ടിൽ തിരുമേനിയുടെ ഓർമ്മദിനമായ വൃശ്ചികം 12നാണ് (നവംബർ 24, 25)

കുന്നംകുളം സെഹിയോൻ ബംഗ്ലാവിൽ താമസിച്ച മാർ ഗ്രീഗോറിയോസ് തിരുമേനി കാലം ചെയ്തതിന്റെ പിറ്റേവർഷം 1903ൽ, അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് 45 വർഷം മുൻപ്, മാർ ഗ്രീഗോറിയോസ് സ്മാരക ദേവാലയം പടുത്തുയർത്തിയത് ചരിത്ര സംഭവമാണെന്ന് നമുക്കറിയാവുന്നതാണ്.

പരിശുദ്ധനായി സഭ പ്രഖ്യാപിച്ചിട്ടില്ലെങ്കിലും കോട്ടയം ഇടവകയുടെ പാമ്പാടി കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് കാലം ചെയ്ത് അധികം താമസിയാതെ അടുപ്പൂട്ടി പള്ളിയോട് ചേർന്ന് 1968 ഡിസംബർ 21ന് പാമ്പാടി കുരിശ് എന്നറിയപ്പെടുന്ന കുരിശുപള്ളികൂദാശ ചെയ്യപെടുകയുണ്ടായി.

പരിശുദ്ധ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവ കാലംചെയ്തപ്പോൾ അദ്ദേഹത്തിന്റെ ഓർമ്മയ്ക്ക് ഒരു ദേവാലയം 1955ൽ സ്ഥാപിതമായ സെന്റ് തോമസ് കുരിശിൻതൊട്ടിയോട് ചേർന്ന് നിർമ്മിക്കാൻ ആർത്താറ്റ് കുന്നംകുളം മഹാഇടവകപൊതുയോഗം നിശ്ചയിച്ചു. ഗീവർഗ്ഗീസ് സഹദായുടെ നാമത്തിൽ 1975 ജനുവരി 3നു കൂദാശചെയ്ത അന്നുമുതൽ ഗീവർഗ്ഗീസ് ദ്വിതീയൻ ബാവായുടെ ഓർമ്മ പ്രധാന പെരുന്നാളായി കുന്നംകുളത്ത് ആഘോഷിച്ചുവരുന്നു.

ഇതാ ഞാനും, ദൈവം എനിക്ക് തന്ന മക്കളും

(എബ്രാ 2:13)

തിരുമേനി എഴുതിയ അവസാനത്തെ ലേഖനം



ഗീവർഗ്ഗീസ് മാർ ഒസ്ത്താത്തിയോസ് മെത്രാപ്പോലീത്ത

ക്രൈസ്തവകുടുംബ ജീവിതത്തിൽ ഏറെ ശ്രദ്ധയോടെയും വിശ്വസ്തതയോടെയും കൂടെ നിർവ്വഹിക്കേണ്ട ദൗത്യമാണ് മാതാപിതാക്കളുടേത്. പൂർവ്വീകപിതാക്കന്മാരിൽ നിന്ന് പഠിച്ചനന്മയും, അവരിലൂടെ ഏൽപിക്കപ്പെട്ട ദൈവികമായതിനെ തലമുറകൾക്ക് നൽകുന്ന ശ്രേഷ്ഠമായ ശുശ്രൂഷയും ഇതിൽ അന്തർലീനമായിരിക്കുന്നു. നന്മയിൽ നടക്കുകയും വിശുദ്ധിയോട് ചേർന്ന് നിൽക്കുകയും, അവിഹിതമായ അശുദ്ധി കുടഞ്ഞ് കളയുകയും ചെയ്യുന്ന നിർമ്മലരായ മാതാപിതാക്കൻമാർക്ക് മാത്രമേ, തലമുറയെ ദൈവത്തിനായി ഒരുക്കുവാൻ കഴിയൂ. അവരിലൂടെ മാത്രമേ സഭയ്ക്കും, സമൂഹത്തിനും നന്മകൾ ലഭിക്കൂ. കുടുംബബന്ധങ്ങൾ ശിഥിലമായിക്കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തിൽ ബന്ധങ്ങളിലെ പവിത്രത കാത്തു സൂക്ഷിക്കേണ്ടത് അനിവാര്യമാണ്. മാതാപിതാക്കൻന്മാരുടെ കടമ എത്രയും ഉന്നതമാണ് എന്ന് ഓർമ്മിപ്പിക്കാനാണ് നമ്മുടെ വാർദ്ധക്യത്തിൽ ഈ കുറിപ്പ് എഴുതുന്നത്.

ദൈവസന്നിധിയിൽ ഇന്നല്ലെങ്കിൽ, നാളെ നാം നിൽക്കുമ്പോൾ മറുപടിയായി പറയേണ്ട ഒരു വാചകമാണ് തലക്കെട്ടായി നൽകിയിരിക്കുന്നത്. ഇതാ, ഞാനും, നീ എനിക്ക് തന്നെ മക്കളും. മക്കളെ ഏൽപിച്ചത് ദൈവമാണെന്നും ഉടമസ്ഥന്റെ ഇഷ്ടപ്രകാരം അവരുടെ മേൽനോട്ടം നമ്മെ ഭരമേൽപ്പിച്ചിരിക്കുന്നു എന്നതും സ്പഷമാക്കുന്ന വാക്യമാണിത്. ഇതാ ഞാൻ എന്റെ സ്വത്തും എന്ന് പറയുവാൻ സാധ്യമല്ല. സ്വന്തമാക്കിയത് എല്ലാം പാഴ്‌വസ്തുക്കളാണെന്നും, യഥാർത്ഥ സ്വത്തുക്കൾ ഏതെന്ന് തിരിച്ചറിയുവാൻ സാധിക്കാതെ പോയി എന്നും തിരിച്ചറിയുന്ന നാഴികയിൽ, ദൈവസന്നിധിയിലേക്ക് അനുയാത്ര ചെയ്യുവാൻ സ്വത്തിനും, പ്രൗഢിക്കും, കൊട്ടാരത്തിനും സാധിക്കുകയില്ല. മക്കളെ നന്മയുടെ വഴിയിൽ വളർത്താൻ കഴിയാതെ പോകുന്നവൻ മൂഢനാണ്.

കുടുംബം സ്നേഹത്തിന്റെ പങ്കിടലാണ്. ഭാര്യയേയും ഭർത്താവിനേയും കുറിച്ച് 'ഇരുവരും' എന്ന് വേദപുസ്തകം സാക്ഷിക്കുന്നു. ഒരു കുഞ്ഞു പിറക്കുമ്പോഴാണ് 'കുടുംബം' എന്ന് വിളിക്കുന്നത്. പരസ്പര പങ്കിടുകയും, മൂന്നാമതൊരു ബിന്ദുവിലേക്ക് ഇരുവരും സ്നേഹം പകരുകയും ചെയ്യുന്ന അനുഭവമാണ് കുടുംബം. സന്യാസകുടുംബങ്ങളിൽ ആത്മീയമക്കാളാണ് അംഗങ്ങൾ.

ബാങ്കിലെ പണത്തിന്റെ പേരുപ്പം കണ്ട് ആനന്ദിക്കുന്ന അനേകർ ഉണ്ട്. മക്കളെ നേർവഴിയിൽ നടത്തുവാൻ പല മാതാപിതാക്കൾക്കും സമയം കിട്ടുന്നില്ല. മക്കൾ അവനവന് ബോധിച്ച വഴിയിൽ നടക്കുന്നു; തിരുത്തുവാൻ ആളില്ലാതെ, തിരുത്തലുകൾ അംഗീകരിക്കാതെ. കാരം നഷ്ടപ്പെട്ട ഉപ്പും ചാരവും നിലത്തിനും വളത്തിനും കൊള്ളാത്തതുപോലെ ചവിട്ടപ്പെടുവാൻ തക്കവണ്ണം ഊർന്നുപോയ കുഞ്ഞുങ്ങൾ അനേകരുണ്ട്. അമ്മമാരാണ് ഇങ്ങനെയുള്ള നഷ്ടങ്ങളുടെ യഥാർത്ഥ കുറ്റക്കാർ. മക്കളെ സ്നേഹിക്കുവാനും, സ്വയം മാതൃകയായി ജീവിക്കുവാനും അമ്മയ്ക്ക് കഴിയുമ്പോൾ മക്കൾ നഷ്ടപ്പെടുമെന്ന ഭീതി വേണ്ട. യാതൊരു ധാർമ്മീകതയും ഇല്ലാതെ, സദാ അസഭ്യം പുലമ്പുന്ന മദ്യപാനിയായ അപ്പനെ, യാന്ത്രികമായി മക്കൾ അനുസരിച്ചേക്കാം. കുറെക്കഴിയുമ്പോൾ അണക്കെട്ടിന് വിള്ളൽ വീണാൽ സംഭവിക്കുന്ന ദുരന്തം അവിടെ സംഭവിക്കാം. മക്കൾ നന്നാവണമെങ്കിൽ അപ്പൻ സ്വഭാവശുദ്ധിയുള്ള, ആത്മീകനായിരിക്കണം. അപ്പന് ബോധിച്ച വഴിയിൽ അപ്പൻ നടന്നാൽ മക്കൾ പിശാചിനെ കൂട്ട് പിടിക്കുമെന്നതിന് തർക്കമില്ല. മദ്യപിക്കുന്ന അപ്പൻമാരുണ്ടെങ്കിൽ മദ്യം ഉപേക്ഷിക്കാൻ സ്നേഹത്തോടെ നാം ഓർമ്മിപ്പിക്കണം. മക്കൾ നന്മയിൽ വളരണം എന്ന് നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, ഒരു ഉപദേശവും കൊടുക്കേണ്ട, മക്കൾ വളരണം എന്ന് ആഗ്രഹിക്കുന്ന വഴികൾ സ്വയം പ്രാവർത്തികമാക്കിയാൽ മതി. മാതാപിതാക്കളെയാണ് മക്കൾ അനുകരിക്കുന്നത്.

ഇന്ന് പല കുഞ്ഞുങ്ങൾക്കും വേദപു

സ്തക പരിജ്ഞാനം ഇല്ല. പ്രാർത്ഥനകൾ പോലും അറിയാത്ത കുഞ്ഞുങ്ങൾ ഉണ്ട്. ഞായറാഴ്ച രാവിലെ കുഞ്ഞുങ്ങളെ ട്യൂഷന് വിടുന്ന മാതാപിതാക്കൾ ഭാവിയിൽ ദു:ഖിക്കും എന്നതിൽ സംശയമില്ല. അറിവ് ധാരാളം ലഭിക്കും. പുസ്തകവും, ഇന്റർനെറ്റും അറിവിന്റെ ഉറവിടമാണ്. എന്നാൽ ജ്ഞാനം ദൈവികമാണ്. അറിവുണ്ടായിട്ടും മനുഷ്യന് അടിതെറ്റുന്നത് ഈ ദൈവിക ജ്ഞാനത്തിന്റെ അഭാവം മുലമാണ്. ബാലൻ നടക്കേണ്ടുന്ന വഴിയിൽ നടത്തുവാൻ ദൈവത്താൽ നിയമിക്കപ്പെട്ടവരാണ് മാതാപിതാക്കന്മാർ. കുടുംബപ്രാർത്ഥന മുടക്കരുത് എന്ന് സ്നേഹത്തോടെ നാം ഓർമ്മിപ്പിക്കുന്നു. കുടുംബപ്രാർത്ഥനയാണ് കുടുംബത്തിലെ ആത്മിക സ്രോതസ്. പരസ്പരം കലഹിക്കുന്ന മാതാപിതാക്കൾ ദുർമാതൃകയാണ് കാണിക്കുന്നത്.

നയമാന്റെ വീട്ടിൽ നിന്നിരുന്ന ഇസ്രായേൽ പെൺകുട്ടിയാണ് യജമാനന്റെ സൗഖ്യത്തിന് വഴി തെളിച്ചത്. നമ്മുടെ കുഞ്ഞുങ്ങൾ മിഷനറിമാരായി പ്രകാശം പരത്തുന്നവരാകണമെങ്കിൽ അവരുടെ ഇളം പ്രായത്തിൽ തന്നെ ദൈവികമായതിനെ നൽകുവാൻ മാതാപിതാക്കൾ പരിശ്രമിക്കണം. പൈതങ്ങളെ എന്റെ അടുക്കൽ വിടുവിൻ-എന്നതും പൈതങ്ങളെ തടയരുത് എന്നതും മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കർത്തൃവാചകമാണ്. ലോകത്തിലെ മഹാന്മാർ എല്ലാവരുടെയും ജീവിതത്തിൽ അവരുടെ മാതാപിതാക്കൻമാരുടെ സ്വാധീനം ശക്തമാണ് എന്ന് കാണുന്നു. ആകയാൽ വാത്സല്യമക്കളെ, നിങ്ങളെ സ്നേഹപൂർവം ഓർമിപ്പിക്കുന്നു. മക്കൾ ദൈവികദാനമാണ്. ഉടയവന്റെ ഹിതപ്രകാരം ദൈവികരായി വളർത്തി ലോകത്തിനും സഭയ്ക്കും കൊള്ളാവുന്നവരായി അവരെ സമർപ്പിക്കുന്നവരാണ് മാതാപിതാക്കൾ. നല്ല മാതൃകകളെ വച്ചേച്ചുപോരുന്ന മാതാപിതാക്കൾ ഭാഗ്യവാന്മാർ. മക്കൾക്കായി സൽപ്രവർത്തികളാകുന്ന സമ്പാദ്യം കരുതിവയ്ക്കുന്നവരുടെ ജീവിതം ദൈവസന്നിധിയിൽ ആദരിക്കപ്പെടും. ഇതാ ഞാനും, ദൈവം എനിക്ക് തന്ന മക്കളും എന്ന പറയുവാൻ തക്കവണ്ണം സ്വയം വിശുദ്ധീകരിക്കപ്പെടുവാനും, തലമുറകളെ ദൈവത്തിനായി ഒരുക്കുവാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■

K.C.Laughson

Achievements of Mar Joseph Dionysius (1832-1909)

M ultifaceted personality - Sabha Thejjas-the versatile genius
A rdent follower of orthodox faith and tradition of St.Thomas
R ealizing renovator to substitute mothertongue for prayers

J ournalistic visioner to publish Kerala Pathaka & Edavaka Pathrika
O rganizer of the church movements like Sunday School Association
S ocial reformer who ventured to uplift the poor and the downtrodden
E minent foreseer to print books both in Syriac & Malayalam
P riest trainer through seminaries at Parumala & (MD) Kottayam
H umble teacher to seek earnest prayer from his own disciple



D emocratic ruler to enunciate the need of Malankara Association
I ntelligent administrator to appoint Priest & Layman trustees
O ptimistic founder of Orthodox Students Movement of India
N avigator of the church in the turmoil of protestant attack
Y eilding statesman for the faith & order of the orthodox church
S ecular educator to start 250 schools in his own domain
I mmortal leader captivating the followers like St.Gregorios
U ntiring intellect to unite and scaffold his fellow bishops
S cholastic guide to empower priests through Vaideeka Sangham

പ്രാർത്ഥനാശംസകളോടെ
എം.ജി.എം സോഷ്യൽ ബ്രാഞ്ച്
പഴയപള്ളി , കുന്നംകുളം
എം.ജി.എം ഘോഷയാത്രസംഘം


ഹോമിയോപ്പതിക് സെന്റർ
ചെമ്മണ്ണൂർ ബിൽഡിംഗ്, പട്ടാമ്പി റോഡ്, കുന്നംകുളം
Dr.Mini Mohan (DHMS)
പരിശോധന സമയം
രാവിലെ രാവിലെ 8 മുതൽ 12 വരെ
വൈകീട്ട് 3 മുതൽ 5 വരെ
SUNDAY HOLIDAY
HELMET HOME
CHEMMANOOR BUILDING
PATTAMBI ROAD, KUNNAMKULAM
CHEMMANNOOR
POLLUTION TESTING CENTER
Near Muncipal Park, M.O. Road, Kunnamkulam
എല്ലാ വിധ വാഹനങ്ങളുടെയും പുക പരിശോധിച്ച്
ഗവ: അംഗികൃത സർട്ടിഫിക്കറ്റ് നൽകപ്പെടുന്നു.

ഗോൾഡൻ ജൂബിലി ആശംസകളോടെ...
ANIL
Ph: 04885 274008
9447 381095
ZIGMA
ZIGMA
Agencies
& Rentals
ചിറക്കൽ - കാട്ടകാമ്പാൽ
K.S. കാലിത്തീറ്റ അംഗീകൃത വ്യാപാരി കൂടാതെ കാട, മുയൽ,
കോഴി, ആട് എന്നിവയ്ക്കുള്ള തീറ്റകൾ വിറ്റുവരുന്നു.
കസേര, മേശ, ടാർപ്പായ, ഗ്യാസ് സ്റ്റൗ മുതയാലവ വാടകയ്ക്ക് കൊടുക്കുന്നു

ഗോൾഡൻ ജൂബിലി ആശംസകളോടെ...
SUNIL
Ph: 00971 525215100
00971 67426408
زيجما لتجارة الديزل ذ.م.م.
ZIGMA DIESEL TRADING LLC
Dubai - UAE - P.O. Box: 296450

For if we live, we live to the Lord, and if we die, to the lord.
So, then, whether we live or whether we die, we are the Lord's

ROMAN'S 14:8

Everlasting Memories

K.C. Pappachan

June 6th 1940 - July 21st 2014

Founder - HERO BINDERS, Bangalore

Inserted by Kannanaikkal Family

With Best Compliments From

HERO BINDERS

Specialist in High Quality Custom Made Binding for Thesis, Project Reports & other Books

HERO OFFSET PRINTERS

PREPRESS, OFFSET, SCREEN DIGITAL & PRINT FINISHERS

High-quality products
Timely service
Competitive prices

No. 35, Bugle Rock Road, Basavanagudi, Gandhi Bazaar, Bangalore - 560 004.
Tel : +91 80 26616128 **Mob. : 98451 81733** Email : herooffset@gmail.com

CREATIVE™ DIMENSIONS
YOUR IDEAS VISUALISED
MULTI COLOR OFFSET PRESS

No.62, 7th Cross, CT Bed, T R Nagar Main Road, Banashankari 2nd Stage,
Bangalore - 560070. Mobile : +918123010800 Email : binny@creativedimensions.co

magic box
PREMIUM PACKAGING & PRINTING SOLUTIONS

Factory : 23, 5th Main, J.C. Industrial Layout, Kanakapura Road, Bangalore - 560062.
Mobile : +918123010800 Email : info@magicbox.net.in

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ തനിമ

2017 ജൂലൈ 3 ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ

ഇൻഡ്യയുടെ പരമാധികാര നീതിന്യായ പീഠമായ സുപ്രീംകോടതി മാർത്തോമ്മാശ്ലീഹാ യുടെ ഓർമ്മദിവസമായ 2017 ജൂലൈ 3-ാം തീയതി തോമ്മാശ്ലീഹാ എ.ഡി. 52-ൽ സ്ഥാപിച്ച മലങ്കരസ ഭയുടെ സ്വാതന്ത്ര്യവും തനിമയും സ്പഷ്ടമാക്കി ക്കൊണ്ടു നല്കിയ വിധി മലങ്കര സഭാമക്കളുടെ അഭിമാനമാണ്. ആരും പ്രതീക്ഷിക്കാത്ത ഈ ദിവസത്തിൽ മലങ്കരസഭയുടെ സർവ്വസ്വാതന്ത്ര്യം അരക്കിട്ടുറപ്പിച്ചു കിട്ടിയ ഈ വിധി ഒരു ദൈവനി യോഗം തന്നെ. വിധിയുടെ അന്തഃസത്തയിൽ ഊന്നൽ കൊടുത്തിട്ടുള്ള അടിസ്ഥാന സത്യങ്ങ ളാണ് ഇവിടെ പരാമർശിക്കുന്നത്.

1. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

പുരാതന ക്രൈസ്തവ ലോകത്തിലെ മൂന്നു പ്രധാന വിഭാഗങ്ങളാണ് ഗ്രീക്ക് (ബൈസന്റയിൻ) സഭാപാരമ്പര്യവും ലത്തീൻ (റോമൻ) സഭാപാരമ്പ ര്യവും സുറിയാനി സഭാ പാരമ്പര്യവും. ഇവ മൂന്നും ഭാഷാധിഷ്ഠിതവും സംസ്കാരാധിഷ്ഠിതവുമാണ്. ഇവ മൂന്നും പുരാതന റോമാ സാമ്രാജ്യത്തിൽ വിക സനം പ്രാപിച്ചു. പേർഷ്യൻ സഭാപാരമ്പര്യവും അർമ്മീനിയൻ സഭാ പാരമ്പര്യവും ജോർജിയൻ സഭാ പാരമ്പര്യവും റോമാ സാമ്രാജ്യത്തിനു വെളി യിൽ പേർഷ്യയിലും അർമീനിയയിലും ഇൻഡ്യ യിലും ജോർജിയയിലുമായി രൂപം പ്രാപിച്ചിട്ടുള്ള വയാണ്.

റോമാ സാമ്രാജ്യത്തിനു വെളിയിലുണ്ടായ ക്രിസ്തീയ സഭാ മേലദ്ധ്യക്ഷന്മാർക്ക് 3-ാം നൂറ്റാണ്ടു മുതൽ (282 എ.ഡി.) കാതോലിക്ക (പൊ തുപിതാവ്) എന്ന സ്ഥാനവും റോമാ സാമ്രാജ്യ ത്തിനുള്ളിലുണ്ടായിരുന്ന ക്രിസ്തീയ സഭാ മേല ദ്ധ്യക്ഷന്മാർക്ക് 5-ാം നൂറ്റാണ്ടു മുതൽ പാത്രി യർക്കീസ് (പ്രധാന പിതാവ്) എന്ന സ്ഥാനവും നിലവിൽ വന്നു. ഓർത്തഡോക്സ് സുറിയാനി സഭാ പാരമ്പര്യത്തിന്റെ റോമാ സാമ്രാജ്യത്തിലുള്ള ഭരണ ആസ്ഥാനം അന്ത്യോഖ്യായും പേർഷ്യാ സാമ്രാജ്യത്തിലുള്ള സഭാ ആസ്ഥാനം സെലൂക്യ- സ്റ്റെസിഫോണും ആയിരുന്നു. എ.ഡി. 410 ൽ മാറുത്ത (+420) എന്ന മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ സെലൂക്യ-സ്റ്റെസിഫോണിൽ 40 മേൽപ്പട്ടക്കാർകൂടി പേർഷ്യൻ സഭയുടെ പ്രധാനമേലദ്ധ്യക്ഷന് "The Great Metropolitan and Chief of all Bishiops" എന്ന പദവി നല്കി. 7-ാം നൂറ്റാണ്ടായ പ്പോൾ പേർഷ്യയിൽ നെസ്തോ റിയ വിശ്വാസികൾ, കൽക്കി ദോൻ സുന്നഹദോസ് അനുഭാ വികൾ, കൽക്കിദോന്യ ഇതരർ എന്നീ വിഭാഗങ്ങളിൽ മൂന്നു കാതോലിക്കേറ്റുകൾ നിലവിൽ



ഡോ.മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

വന്നു. റോമാ സാമ്രാജ്യത്തിലുള്ള പാശ്ചാത്യ സുറി യാനി ഓർത്തഡോക്സ് സഭയിലെ ആശ്രമത്തിൽ താമസിച്ച പേർഷ്യൻ സ്വദേശി മാർ മാറുത്താ (+649) എന്ന മേൽപ്പട്ടക്കാരൻ എ.ഡി. 629 ൽ പേർഷ്യയിൽ വന്ന് കൽക്കിദോന്യ ഇതര സുറി യാനി ഓർത്തഡോക്സ്കാരുടെ അദ്ധ്യക്ഷനായി, "മപ്രിയാന" (വർദ്ധിപ്പിക്കുന്നവൻ) എന്ന സ്ഥാനനാ മത്തിൽ തിഗ്രീസ് ആസ്ഥാനമാക്കി 20 വർഷം ഭരണം നടത്തി. കൽക്കിദോന്യ ഇതര സുറിയാനി സഭാപിതാക്കന്മാരായിരുന്ന പേർഷ്യൻ സ്വദേശി മാർ പീലക്സിനോസിന്റെയും അന്ത്യോഖ്യായിലെ മാർ സേവേറിയോസിന്റെയും മാർ യാക്കോബ് ബുർദ്ദാനായുടെയും വേദശാസ്ത്ര-ആരാധനാ പാരമ്പര്യങ്ങൾ ഈ കാലഘട്ടത്തിൽ ഇവിടെ പ്രചാ രത്തിൽ വന്നു.

എ.ഡി. 869 ലെ കഫർത്തൂത്താ സുന്നഹ ദോസിൽ വച്ച് മഫ്രിയാന അഥവാ കാതോലിക്കോ സിന്റെയും അന്ത്യോഖ്യൻ പാത്രിയർക്കീസി ന്റെയും സ്വതന്ത്രഭരണ പ്രദേശങ്ങൾ ക്രമീകരിക്കു കയും സമ്മേളനത്തിലും വി. കുർബ്ബാനയിലും പാത്രിയർക്കീസിന്റെ നാമത്തിനു തൊട്ടു പുറകെ കാതോലിക്കോസിന്റെ നാമവും ഉണ്ടായിരിക്കണം എന്നും ഇരുവരും അവരവരുടെ ഭരണ സീമകൾ ലംഘിച്ചു പ്രവർത്തിച്ചുകൂടായെന്നും കാതോ ലിക്കാ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഒരു പാത്രിയർക്കീസ് വാഴിക്ക പ്പെടരുതെന്നും പൗരസ്ത്യരും പാശ്ചാത്യരുമായ ഈരണ്ടു മേൽപ്പട്ടക്കാർ അടങ്ങുന്ന സമിതി പുതിയ പാത്രിയർക്കീസിന്റെ വാഴ്ചയിൽ ആര് സുന്നഹദോസ് അദ്ധ്യക്ഷനായി കൈവയ്പു നട ത്തണമെന്ന് തീരുമാനിക്കണമെന്നും വ്യവസ്ഥകൾ ഉണ്ടാക്കി. ഇപ്രകാരം സ്വതന്ത്രഭരണം നടത്തിയ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കാ ശ്രേണിയിൽ തീഗ്രീ സിലെ അവസാന കാതോലിക്ക 1852-1859 വരെ ഭരിച്ച ബസ്സേലിയോസ് ബഹനാൻ നാലാമൻ ആയി രുന്നു. ഇങ്ങനെ പേർഷ്യയിൽ വൈധവ്യം പ്രാപിച്ച പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ കാതോലിക്കേറ്റ് സ്ഥാപനം 1912 ൽ അബ്ദേദ് മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ പുനഃസ്ഥാപിച്ചതു വഴി മാർത്തോമ്മാശ്ലീഹാ യുടെ കാലം മുതൽ സ്വതന്ത്രമായിരുന്ന മലങ്കര സഭ കിഴ ക്കിന്റെ ഓർത്തഡോക്സ് സുറിയാനി സഭയിൽ

ഉൾപ്പെട്ട് സർവ്വസ്വതന്ത്ര'രണാധികാരമുള്ള കാതോലിക്കേറ്റ് ആയി അംഗീകരിക്കപ്പെട്ടു.

2. അന്ത്യോഖ്യാ പാത്രിയർക്കീസും മലങ്കര സഭയുടെ കാതോലിക്കായും

അന്ത്യോഖ്യ പാത്രിയർക്കീസ് ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനും (Primate) വി. പത്രോസ് ശ്ലീഹായാൽ സ്ഥാപിതമായ പാശ്ചാത്യ സുറിയാനി ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസും ആണ്. മലങ്കര സഭയുടെ കാതോലിക്ക, മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര സഭ ഉൾപ്പെടുന്ന പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷ (Primate) നാണ്. രണ്ടു പ്രധാന മേലദ്ധ്യക്ഷന്മാരും അവരവരുടെ ഭരണാതിർത്തിക്കുവെളിയിൽ പ്രവർത്തിക്കുവാൻ പാടില്ല. ഇതിന് ചരിത്രപരവും കാനോനികവും വേദശാസ്ത്രപരവുമായ അടിസ്ഥാനമുണ്ട്. എന്നാൽ പാശ്ചാത്യ സുറിയാനി സഭയുടെ അന്ത്യോഖ്യ പാത്രിയർക്കീസ് ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായ കാതോലിക്കായോടൊപ്പം സന്നിഹിതനാകുമ്പോൾ രണ്ടു സമന്മാരായ പ്രധാന മേലദ്ധ്യക്ഷന്മാരിൽ "ബഹുമാനാർഹമായ പ്രധാന മേലദ്ധ്യക്ഷത" (Primacy of honour) നല്കുന്നത് സമന്മാരിൽ മുമ്പൻ (First among two equal primates) എന്ന നിലയിലാണ്. ഇത് കഫർത്തുത്താ സുന്നഹദോസ് (എ.ഡി. 869) മുതൽ നിലവിലുള്ളതും മലങ്കരസഭാ ഭരണഘടനയുടെ 1,2,101 വകുപ്പുകളുടെ അടിസ്ഥാന ത്തിലും ആകുന്നു. അബ്ദേദു മശിഹാ പാത്രിയർക്കീസിന്റെ 19-2-1913 ലുള്ള കല്പനയുടെ അവസാനഭാഗത്ത് "അന്ത്യോഖ്യായുടെ അപ്പോസ്തോലിക സിംഹാസനവുമായുള്ള സ്നേഹബന്ധത്തിൽ നിന്ന് നിങ്ങൾ വേറിട്ടുപോകരുതെന്ന" നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കാതോലിക്കാ ക്ഷണിക്കാതെ പാത്രിയർക്കീസിനു മലങ്കരയുടെ പൗരസ്ത്യ കാതോലിക്കായുടെ ഭരണസീമയിൽ പ്രവേശിക്കുവാൻ പാടില്ലായെന്ന കഫർത്തുത്താ സുന്നഹദോസിന്റെ അനുശാസന പ്രകാരവും റോയൽ കോർട്ടുവിധി, വട്ടിപ്പണക്കേസ് വിധി ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടുമാണ് 1934 ൽ മലങ്കര സഭാ പിതാക്കന്മാർ ഭരണഘടന ഉണ്ടാക്കിയപ്പോൾ 1, 101, 114, 118 വകുപ്പുകളിൽ അന്ത്യോഖ്യാ പാത്രിയർക്കീസും മലങ്കര സഭയുമായുള്ള ബന്ധം സൂചിപ്പിച്ചിട്ടുള്ളത്. 1934 ലെ ഭരണഘടനയുടെ 1, 114, 118 വകുപ്പുകളിൽ മലങ്കരസഭ അന്ത്യോഖ്യാ പാത്രിയർക്കീസിന് അബ്ദേദു മശിഹാ പാത്രിയർക്കീസിന്റെ നിർദ്ദേശം ബഹുമാനിച്ച് നല്കിയിട്ടുള്ള ബഹുമാന സ്ഥാനം നിലനില്ക്കണമെങ്കിൽ 101-ാം വകുപ്പു പ്രകാരം കാതോലിക്കായുടെ സഹകരണത്തോടെ വാഴിക്കപ്പെടുന്ന പാത്രിയർക്കീസിനെ മാത്രമേ മലങ്കര സഭ പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭ ഉൾപ്പെടുന്ന ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി അംഗീകരിക്കുകയുള്ളു എന്ന യാഥാർത്ഥ്യം വിസ്മരിക്കാവുന്നതല്ല. മാത്രമല്ല 1995 ലെ സുപ്രീംകോടതി വിധിക്കുശേഷം അതിലെ വിധി ന്യായങ്ങൾക്കെതിരെ മലങ്കരസഭാ ഭരണത്തിൽ അനധികൃതമായി ഇടപെട്ട് വിവിധ വൈദിക സ്ഥാനികളെ വാഴിക്കുകയും എന്നുമാത്രമല്ല കാതോലിക്കായുടെ എതിർപ്പിനെ അവഗണിച്ചും പ്രവർത്തിച്ചതിനാൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കര സഭയുടെ മേൽ ഉണ്ടായിരുന്നതായ ആത്മീയാവകാശം പോലും എല്ലാ അർത്ഥത്തിലും ശൂന്യബിന്ദുവിലായിത്തീർന്നു എന്ന് 2017 സുപ്രീംകോടതി വിധി സ്പഷ്ടമാക്കി. കാതോലിക്കായുടെ സ്ഥാനം ഉറപ്പിക്കുവാൻ എടുത്ത ഒരു നടപടിയും പാത്രിയർക്കീസിനെ നിഷേധിക്കുന്നതിനുള്ളതല്ലെന്നും സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സഭയിൽ ശാശ്വത സമാധാനമുണ്ടാക്കുവാൻ അന്നത്തെ പാത്രിയർക്കീസു വിഭാഗം കൂടി അംഗീകരിച്ച് നിരീക്ഷകനുള്ള ഫീസിന്റെ പകുതി അവർ തന്നെ കോടതിയിൽ കെട്ടി വച്ചു. സുപ്രീംകോടതി നിരീക്ഷകൻ ജസ്റ്റീസ് മളീമഠിന്റെ ചുമതലയിൽ നടത്തപ്പെട്ട അസോസിയേഷൻ ബഹിഷ്ക്കരിച്ച് ബദൽ അസോസിയേഷൻ കൂടുകയും ബദൽ ഭരണഘടനയ്ക്കു 2002 ൽ രൂപം കൊടുക്കുകയും ഈ നടപടികളെല്ലാം അന്ത്യോഖ്യ പാത്രിയർക്കീസ് അംഗീകരിക്കുകയും ചെയ്തതു വഴി അദ്ദേഹം സുപ്രീംകോടതി വിധിയോടും അദ്ദേഹത്തിന്റെ മുൻഗാമികൾ അംഗീകരിച്ച മലങ്കരസഭയുടെ 1934 ലെ ഭരണഘടനയോടും എതിർപ്പും അനാദരവും കാണിച്ചതിനാൽ അന്ത്യോഖ്യപാത്രിയർക്കീസ് കുറ്റക്കാരനാണെന്നാണ് കോടതി വിധിച്ചത്. ഒരു വിശുദ്ധ അധികാരിയുടെ മേൽ മറ്റൊരു വിശുദ്ധാധികാരിക്ക് (One Primate over another pri-mate) ഉള്ള ആത്മീയാധികാരം എന്നതുകൊണ്ട് ഒരാളിന്റെ അധികാരത്തെ ഇല്ലാതാക്കുകയോ കീഴാക്കുകയോ എന്നതുമില്ലയെന്നും ആത്മീയാധികാരം പാത്രിയർക്കീസിലെന്നപോലെ കാതോലിക്കായിലും മലങ്കര മെത്രാപ്പോലീത്തായിലും നിക്ഷിപ്തമാണെന്നും സഭാ ഭരണഘടന 94,100 എന്നീ വകുപ്പുകൾ ഉദ്ധരിച്ചുകൊണ്ട് കോടതി ചൂണ്ടിക്കാട്ടി.

3. ഇടവകപ്പള്ളികളുടെ സ്വാതന്ത്ര്യം

മലങ്കര സഭ ഒരു ട്രസ്റ്റാണ്. അത് അങ്ങിനെ തന്നെ നില നില്ക്കും. അത് ഏത് ഉദ്ദേശ്യത്തോടെരൂപപ്പെട്ടുവോ ആ ഉദ്ദേശ്യം പൂർത്തീകരിക്കുവാൻ അത് എന്നും നില നിൽക്കേണ്ടത് ആവശ്യമാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ വിശ്വസിക്കുന്നവർ എല്ലാവരും ഈ ട്രസ്റ്റിന്റെ ഭാഗമാണ്. ആയതിനാൽ ഈ വിശ്വാസത്തിൽ നില്ക്കുന്ന എല്ലാ ഇടവകപ്പള്ളികളും മലങ്കര സഭയുടെ ഘടകങ്ങളാണ്. തന്മൂലം ഇടവകപ്പള്ളികൾക്ക് മലങ്കര സഭയുടെ ട്രസ്റ്റിൽ നിന്ന് വ്യത്യസ്ഥമായി നിലനില്പില്ല. ഇതിന്റെ അടിസ്ഥാനത്തിൽ മലങ്കര സഭയുടെ 1934 ലെ ഭരണഘടന എല്ലാ ഇടവകൾക്കും

അതിലെ ഇടവകജനങ്ങൾക്കും ബാധകമാണ്. സഭയുടെ ഭരണസംവിധാനത്തിനുള്ള ക്രമീകരണമാണ് 1934 ലെ ഭരണഘടന. മലങ്കര സഭയുടെ വിശ്വാസിയായി നിലനിൽക്കുന്നിടത്തോളം ഇതനുസരിച്ചു വർത്തിക്കുവാൻ എല്ലാവരും ബാദ്ധ്യസ്ഥരാണ്. ആയതിനാൽ ഒരു ഇടവകയ്ക്കും അവരുടെ ഉൾഭരണത്തിനുവേണ്ടി പ്രത്യേക ഉടമ്പടികളോ ഭരണസംവിധാനമോ ഉണ്ടാക്കുവാൻ അവകാശമില്ല. ഭരണഘടനയുടെ 132-ാം വകുപ്പനുസരിച്ച് അതിന് നിലനിൽപ്പില്ല. ഏതെങ്കിലും ഇടവകകൾക്ക് ഉപനിയമങ്ങൾ (Byelaws) ഉണ്ടാക്കണമെങ്കിൽ അവ ഇടവകയോഗം, മെത്രാസന ഇടവകയോഗം, മെത്രാസന കൗൺസിൽ ഇവ പാസ്സാക്കി മാനേജിംഗ് കമ്മിറ്റിയുടെ റൂൾ കമ്മിറ്റിക്കു സമർപ്പിക്കേണ്ടതും റൂൾക്കമ്മിറ്റി സഭാ മാനേജിംഗ് കമ്മിറ്റിയിൽ കൊണ്ടുവന്ന് പാസ്സാക്കി നടപ്പിലാക്കാവുന്നതുമാണ് (സഭാ ഭരണഘടന 129-ാം വകുപ്പ്)

പള്ളിസ്വത്തുക്കളുടെ ഉടമസ്ഥത (Ownership) മലങ്കരസഭ എന്ന Endowement- ൽ നിലനിൽക്കും. ഇടവകക്കാർ സഭാഭരണഘടനപ്രകാരം അതിന്റെ ഉപഭോക്താക്കളാണ്. ഇടവകയിലെ ഒരംഗത്തിനോ ഭൂരിപക്ഷം ആളുകൾക്കോ ഇടവക വിട്ടുമാറിപ്പോകാം. എന്നാൽ അവർക്ക് ഇടവകയുടെ യാതൊരു സ്ഥാവരജംഗമ സ്വത്തുക്കളും കൊണ്ടുപോകുവാൻ അവകാശമില്ല. ഇടവകയിൽ നിൽക്കുന്നിടത്തോളം കാലം അവർ അവയുടെ ഗുണഭോക്താക്കൾ ആയിരിക്കും. ഉദാ:പള്ളിയുടെ ഭണ്ഡാരത്തിൽ ആർക്കും പണമിടാം. പക്ഷെ പിന്നീട് അത് മലങ്കര സഭയുടെ ഭാഗമായിതിനാൽ അയാൾക്ക് തിരിച്ചെടുക്കുവാൻ സാദ്ധ്യമല്ല.

ഇടവകപള്ളിയുടെ പണം കൈകാര്യം ചെയ്യുന്നതിന് ഇടവകപൊതുയോഗത്തിനുള്ള ഉൾഭരണ സ്വാതന്ത്ര്യം ഭരണഘടനയുടെ 22, 122 വകുപ്പുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇടവകയുടെ ആരാധനാപരമായ കാര്യങ്ങൾക്ക് പണം ചെലവഴിക്കുവാനും ഇടവകയുടെ വിദ്യാഭ്യാസസ്ഥാപനങ്ങളോ ആശുപത്രികളോ അനാഥശാലകളോ തുടങ്ങിയവയുടെ നടത്തിപ്പിനും ഭദ്രാസനത്തിനും സഭാകേന്ദ്രത്തിനും കൊടുക്കേണ്ട വരുമാനങ്ങൾക്കും കൊടുക്കുവാനും അവകാശമുണ്ട്. എന്നാൽ പള്ളിവക സ്ഥാവരവസ്തുക്കൾ വാങ്ങിക്കുകയോ വിൽക്കുകയോ ചെയ്യണമെങ്കിൽ ഇടവക പൊതുയോഗം പാസ്സാക്കിയാലും മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദമില്ലെങ്കിൽ സാധിക്കുകയില്ല.

ഒരു മലങ്കരസഭാംഗം അയാളുടെ ഇടവകപ്പള്ളിയിൽ നിന്ന് മറ്റൊരു ഇടവകയിലേക്കു സ്ഥലം മാറിപ്പോകുമ്പോഴും വിട്ടുപോയ ഇടവകയുടെ സ്വത്തിൽ നിന്ന് ഒന്നും കൊണ്ടുപോകുവാൻ സാധിക്കയില്ല. പുതുതായി ചേരുന്ന ഇടവകയിൽ ഏതെങ്കിലും ഓഹരി കൊടുക്കേണ്ട ആവശ്യവുമില്ല. മലങ്കരസഭാംഗത്തിന് മലങ്കരസഭയുടെ പൊതുസ്വത്തായി നിലനിൽക്കുന്ന ഏത് ഇടവകയുടെയും സ്വത്തുക്കളുടെ ഗുണഭോക്താവാകുവാൻ അവകാശമുണ്ട്; ഇടവകയുടെ നിലവിലുള്ള ക്രമീകരണങ്ങൾക്ക് അയാൾ വിധേയപ്പെടണമെന്നു മാത്രം.

4. ഇന്ത്യൻ ഭരണഘടനയിലെ മതസ്വാതന്ത്ര്യവും (25, 26 വകുപ്പുകൾ) പൗരോഹിത്യ കൃപാദാനവും.

ഏതുമതത്തിൽ വിശ്വസിക്കുവാനും അതു പ്രചരിപ്പിക്കുവാനും അതിൽ നിന്ന് എപ്പോൾ വേണമെങ്കിലും മറ്റൊരു മതത്തിലേക്കു മാറുവാനുമുള്ള മതസ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുണ്ട്. ആയതിനാൽ 1934 ലെ ഭരണഘടന പ്രകാരമുള്ള അസ്സോസിയേഷനിൽ നിന്ന് സ്വമേധയാ അംഗങ്ങൾക്ക് എപ്പോൾ വേണമെങ്കിലും വിട്ടുപോകുവാൻ അവകാശമുണ്ടെന്നും വി. പത്രോസിൽക്കൂടിയുള്ള അപ്പോസ്തോലിക പിൻതുടർച്ചയിലും കൃപയുടെ ഒഴുക്കിലും വിശ്വസിക്കുന്നവർക്ക് വി. തോമ്മാശ്ലീഹായുടെ അപ്പോസ്തോലിക പിൻതുടർച്ചയിൽ വിശ്വസിക്കുന്നവരുമായി പൊരുത്തപ്പെട്ടു പോകുവാൻ സാദ്ധ്യമല്ലാത്തതിനാൽ കാതോലിക്കാ വിഭാഗം വികാരിയെ പാത്രിയർക്കീസ് വിഭാഗത്തിന്റെ മേൽ അടിച്ചേൽപ്പിക്കുന്നത് മതസ്വാതന്ത്ര്യ നിഷേധമാണെന്നുമായിരുന്നു പാത്രിയർക്കീസ് വിഭാഗത്തിന്റെ നിലപാട്. ആയതിനാൽ രണ്ടു വിഭാഗങ്ങളും ഉള്ള ഇടവകയിൽ ഇരുവിഭാഗത്തിനും ആരാധനാ സ്വാതന്ത്ര്യം വ്യത്യസ്തമായി അനുവദിക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ഏതു മതവിഭാഗത്തിനും അതിന്റെ ആരാധനാ സംവിധാനങ്ങൾ കാത്തുസൂക്ഷിക്കുവാൻ അവകാശമുണ്ടെന്നും 1934 ലെ ഭരണഘടന അനുസരിച്ച് മലങ്കരസഭയുടെ ഭരണസംവിധാനങ്ങൾ സൂക്ഷിക്കുന്നത് ഇൻഡ്യൻ ഭരണഘടനയുടെ ലംഘനമല്ലെന്നും കോടതി വിധിച്ചു. പൗരസ്ത്യ സഭകളിൽ ഒന്നായ മലങ്കരസഭയും എപ്പിസ്ക്കോപ്പൽ പാരമ്പര്യം അനുസരിക്കുന്നതുകൊണ്ട് അപ്പോസ്തോലിക പിൻതുടർച്ച മലങ്കര സഭയ്ക്കില്ലായെന്നു പറയുവാൻ സാദ്ധ്യമല്ലെന്നും തോമ്മാശ്ലീഹായിൽക്കൂടിയുള്ള അപ്പോസ്തോലിക പിൻതുടർച്ച മലങ്കര സഭയ്ക്കുണ്ട് എന്ന് പാത്രിയർക്കീസ് വിഭാഗം സമ്മതിക്കുകയും ചെയ്തിട്ടുണ്ട് എന്നും കോടതി കണ്ടെത്തി.

പാത്രിയർക്കീസ് നിയമിച്ച വികാരിയുടെ അടുത്തു കുമ്പസാരിക്കുമ്പോൾ കർത്താവിൽ നിന്ന് വി. പത്രോസിൽക്കൂടി പാത്രിയർക്കീസിലേക്കും അവിടെ നിന്നും വികാരിയിലേക്കും അവിടെ നിന്ന് പാപമോചനം അനുതാപിയിലേക്കും ഒഴുകുന്നുവെന്ന വളരെ വിചിത്രമായ അവരുടെ വാദത്തിന് ഹിന്ദു ജഡ്ജിമാർ തക്കതായ വേദശാസ്ത്ര വിശകലനത്തോടെ നല്കിയ മറുപടി ഇപ്രകാരമാണ്. മതപരമായ അനുഷ്ഠാനങ്ങൾക്കും ആചാരങ്ങൾക്കും ഇടവകവികാരിമാരുടേയോ വൈദികരുടേയോ നിമയമനവുമായി ബന്ധമില്ല. അന്ത്യോഖ്യ പാത്രിയർക്കീസിന് എന്ത് ആത്മീക മേലധികാരം ഉണ്ടായാലും മലങ്കരസഭയിൽ വികാരിമാരെ നിയമിക്കുവാനുള്ള ലൗകിക ഭരണാധികാരം അദ്ദേഹത്തിനില്ല. അത് 1934 ലെ ഭരണഘടന അനുസരിച്ചു മാത്രമെ നടക്കുകയുള്ളു.

അത് മലങ്കര സഭാംഗങ്ങൾ എല്ലാവർക്കും മാത്രമല്ല അന്ത്യോഖ്യാ പാത്രിയർക്കീസിനും എന്നും ബാധകമാണ്. അത് 1958 ലെ സുപ്രീംകോടതി വിധിയിലും 1995 ലെ സുപ്രീംകോടതി വിധിയിലും സമർത്ഥിച്ചിട്ടുള്ളതാണ്. ഇവിടെയും വീണ്ടും അതെടുത്തു പറഞ്ഞു എന്നുമാത്രമേയുള്ളു.ആത്മീകാധികാരം മലങ്കര മെത്രാപ്പോലീത്തായിലും കാതോലിക്കായിലും ഭദ്രാസന മെത്രാപ്പോലീത്തായിലും ഉള്ളപ്പോൾ പിന്നെ അന്ത്യോഖ്യ പാത്രിയർക്കീസു തന്നെ വാഴിക്കണമെന്ന് ശഠിക്കുന്നത് ഇൻഡ്യൻ ഭരണഘടനാപരമായോ മലങ്കര സഭാ ഭരണഘടനാപരമായോ ന്യായമല്ലെന്നു മാത്രമല്ല പാത്രിയർക്കീസിന് ഒരു കാലത്തും ഒരു നീതിന്യായ കോടതിയും ഈ അവകാശം അനുവദിച്ചിട്ടില്ലെന്നും നിഷേധിച്ച അധികാരം വീണ്ടും ആവശ്യപ്പെടുന്നുവെന്നേ അർത്ഥമുള്ളു എന്നും വ്യക്തമാക്കി. ആത്മീകാധികാരം അയാൾ എത്ര ഉന്നതനായിരുന്നാലും അയാളുടെ മാത്രം കുത്തകാവകാശമല്ല. പൗരോഹിത്യ ശ്രേണിയിലുള്ള എല്ലാവർക്കും അവരവരുടെ സ്ഥാനത്തിനുസരിച്ചുള്ള കാര്യനിർവ്വഹണത്തിനാവശ്യമായ ആത്മീക കൃപയുണ്ട്. ഇത് ഏതെങ്കിലും ഒരു സ്ഥാനിയുടെ വാഴിക്കപ്പെടലിലോ നിയമനത്തിലോ പൈപ്പിൽക്കൂടെ വെള്ളം ഒഴുകിച്ചെല്ലുന്നതുപോലെയുള്ള കൃപാപ്രവാഹമല്ല; ആര് വാഴിച്ചാലും നിയമിച്ചാലും ആത്മീക കൃപ സ്ഥാനത്തിനനുസരിച്ച് സ്ഥാനിക്കു കിട്ടുന്നത് യേശുക്രിസ്തുവിൽ നിന്നാണ്. അതിൽ കാർമ്മികത്വം വഹിക്കുന്നവരെല്ലാം കേവലം ശുശ്രൂഷയുടെ നിർവ്വാഹകരാണ്. കൃപ യേശുക്രിസ്തുവിൽ നിന്ന് നേരിട്ട് സ്ഥാനാർത്ഥിക്ക് ലഭിക്കുന്നു; അത് കാർമ്മികനിൽ നിന്ന് ഒഴുകിച്ചെല്ലുന്നതല്ല എന്ന പൗരസ്ത്യ ഓർത്തഡോക്സ് വേദശാസ്ത്രം പാത്രിയർക്കീസ് വിഭാഗത്തെ ഹിന്ദു ജഡ്ജിമാർ പഠിപ്പിക്കേണ്ടിവന്നു. മലങ്കര സഭയുടെ പരമോന്നത അധികാരി കിഴക്കിന്റെ കാതോലിക്കാ ആയതിനാൽ അദ്ദേഹത്തെ മലങ്കരസഭാമക്കൾ എല്ലാവരും അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. ഒരു സമൂഹം വിഭിജിക്കപ്പെടാമെങ്കിലും പള്ളികളോ ആരാധന സ്ഥലങ്ങളോ വിഭജിക്കപ്പെടുവാനോ അത്തരത്തിൽ പള്ളിയിലോ സെമിത്തേരിയിലോ സമാന്തര ആരാധനകളോ ഭരണക്രമങ്ങളോ അനുവദിക്കുവാനോ നിയമപരമായി സാദ്ധ്യമല്ലെന്നും അത് ഇൻഡ്യൻ ഭരണഘടനയുടെ മതസ്വാതന്ത്ര്യ തത്വത്തിന് വിരുദ്ധമല്ലെന്നുമാണ് സുപ്രീംകോടതി വിധിച്ചത്.

5. സഭാസമാധാനം

1938–ൽ മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗം കൊടുത്ത ഒന്നാം സമുദായക്കേസ് 12–9–1958 ൽ കാതോലിക്കാവിഭാഗത്തിന് അനുകൂലമായി വിധിച്ചു. 1934 ലെ ഭരണഘടന സാധുതയുള്ളതും മലങ്കര സഭയുടെ സുഗമമായ നടത്തിപ്പിന് അത് പ്രയോജനകരമാണെന്നും വിധിച്ചു. സമാധാന ശ്രമങ്ങൾ നടന്നു. മലങ്കര സഭയുടെ മൂന്നാം കാതോലിക്ക ഗീവർഗീസ് ദ്വിതീയൻ ബാവായും അന്ത്യോഖ്യ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ ബാവായും പരസ്പരം സ്ഥാനന്യായേന 1934 ലെ മലങ്കര സഭാ ഭരണയ്ക്കുവിധേയമായി അംഗീകരിച്ചു. സഭയിൽ സമാധാനമുണ്ടായി. പാത്രിയർക്കീസ് വിഭാഗത്തിലായിരുന്ന മൂന്നു മെത്രാച്ചന്മാരും അനേകം വൈദികരും ജനങ്ങളും ചേർന്ന് സഭ' ഒന്നായി (16–12–1958). അതേ അന്ത്യോഖ്യാ പാത്രിയർക്കീസ് 8–4–1959 ൽ കാതോലിക്കായ്ക്ക് കല്പന അയച്ചു; പാത്രിയർക്കീസിനെ അംഗീകരിച്ച ഭരണഘടനയുടെ വ്യവസ്ഥകൾ അറിയില്ലെന്നും കാതോലിക്ക "പരിശുദ്ധ കാതോലിക്ക" എന്നോ " മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിൽ " എന്നോ ഉപയോഗിക്കുവാൻ പാടില്ലയെന്നും എഴുതി. കാതോലിക്കാ മറുപടി അയച്ചതിൽ (8–6–1959) ഹൂദായ കാനോൻ, അബ്ദേദ് മശിഹാ പാത്രിയർക്കീസിന്റെ കാതോലിക്കാസ്ഥാപന കല്പനകൾ ഇവ ഉദ്ധരിച്ചുകൊണ്ട് അവയെല്ലാം കാതോലിക്കായ്ക്ക് ഉപയോഗിക്കുവാൻ അർഹതപ്പെട്ടതാണെന്ന് 1934 ഭരണഘടന പ്രകാരം സ്ഥാപിച്ചു. വീണ്ടും എഴുത്തുകുത്തുകൾ തുടർന്നു. എങ്കിലും അതേ പാത്രിയർക്കീസുതന്നെ മലങ്കര സഭയുടെ 1934 ലെ ഭരണ ഘടനയുടെ 114–ാം വകുപ്പു പ്രകാരം മലങ്കരസഭാ സുന്നഹദോസിന്റെ ക്ഷണം സ്വീകരിച്ച് മലങ്കരയിൽ എത്തി 22–5–1964 ൽ 4–ാം കാതോലിക്കാ ഔഗേൻ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. സ്ഥാനാരോഹണത്തിന്റെ തലേദിവസം കാതോലിക്കായുടെയും പാത്രിയർക്കീസിന്റെയും ഭരണ പ്രദേശങ്ങൾ നിജപ്പെടുത്തുകയും ഗൾഫ് രാജ്യങ്ങളിലേക്ക് ഇപ്പോൾ മലങ്കര സഭ വൈദികരെ അയയ്ക്കുന്ന നടപടി തുടരുവാനും ഉഭയസമ്മത ഉടമ്പടി ഉണ്ടാക്കി.

1972 വരെ 8 വർഷത്തേക്ക് സഭ' ഒരു പരിധി വരെ യോജിപ്പിൽ പോയി. കാതോലിക്കായുടെയും മുൻപാത്രിയർക്കീസ് വിഭാഗത്തിലുണ്ടായിരുന്ന മെത്രാച്ചന്മാരുടെയും കൂട്ടായ അപേക്ഷ നിരാകരിച്ച് 1973ൽ പാത്രിയർക്കീസ് ഒരു മെത്രാനെ തന്റെ ഡലിഗേറ്റായി മലങ്കരയിൽ അയച്ചതോടെ സമാധാന യഞ്ജം വീണ്ടും ഉണ്ടായി. അദ്ദേഹം അച്ചന്മാരെയും ശെമ്മാശന്മാരെയും മഞ്ഞിനിക്കര കേന്ദ്രമാക്കി വാഴിക്കൽ തുടങ്ങി. 1–9–1973 ൽ പാത്രിയർക്കീസ് മലങ്കര സഭാംഗമായ ഒരു വൈദികനെ മെത്രാനായി വാഴിച്ചയച്ചു. 1974–ലും രണ്ടു മെത്രാന്മാരെക്കൂടി വാഴിച്ചയച്ചു. 10–1–1975 ൽ ഔഗേൻ കാതോലിക്കായെ പാത്രിയർക്കീസ് സ്ഥാന ഭ്രഷ്ടനാക്കി. കാതോലിക്കായുടെ കൂടെ നിന്ന മുൻ പാത്രിയർക്കീസ് മെത്രാൻ പൗലൂസ് മാർ പീലക്സിനോസിനെ ബദൽ കാതോലിക്കാ ആയി വാഴിച്ചയച്ചു. സഭയിലെ സമാധാനാന്തരീക്ഷം പൂർണ്ണമായും കലുഷിതമായി. 16–6–75 ൽ കാതോലിക്കാ ഔഗേൻ ബാവായെ അന്ത്യോഖ്യാ സഭയുടെ സുന്നഹദോസ് മുടക്കി. 1979 ൽ കാതോലിക്കാ വിഭാഗം പാത്രിയർക്കീസിന് മലങ്കര സഭയിൽ

മെത്രാന്മാരെ വാഴിക്കാനുള്ള അധികാരത്തെ ചോദ്യം ചെയ്തു കേസ് കൊടുത്തു. അതിന്റെ അവസാന വിധി 1995 ജൂൺ 20 ന് കാതോലിക്കാ വിഭാഗത്തിന് അനുകൂലമായി ഉണ്ടായി. 1958 ലെ സുപ്രീംകോർട്ട് വിധിയെ പൂർണ്ണ മായും അംഗീകരിച്ചും ഉറപ്പാക്കിയും 1995 ൽ സുപ്രീംകോടതി വിധി ഉണ്ടായി.

വിധിയെത്തുടർന്ന് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ 9 പ്രാവശ്യം സമാധാന ചർച്ചകൾ നടന്നു. ഫലമുണ്ടായില്ല. 1997 ൽ പാത്രിയർക്കീസ് വിഭാഗത്തിൽ നില കൊണ്ട നാലു മെത്രാപ്പോലീത്താമാർ 1995 ലെ വിധിയനുസരിച്ച് 1934 ലെ ഭരണഘടന പ്രകാരം മലങ്കര സഭയുടെ മെത്രാന്മാരായി. സുപ്രീംകോടതി നിർദ്ദേശം അനുസരിച്ച് 1995 ലെ വിധി നടത്തിപ്പ് 2002 മാർച്ചിൽ ജസ്റ്റീസ് മളീമഠിന്റെ നേതൃത്വത്തിൽ പരുമലയിൽ കൂടി. പുതിയ മാനേജിംഗ് കമ്മിറ്റിയെ തെരഞ്ഞെടുത്തു. മലങ്കര സഭയിൽ നിന്ന് വേറിട്ടു നില്ക്കുവാൻ പാത്രിയർക്കീസ് വിഭാഗം തീരുമാനിച്ച് " മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ" എന്ന പേരിൽ പുതിയ സഭ രൂപപ്പെടുത്തി; ഒരു പുതിയ ഭരണഘടനയും അംഗീകരിച്ചു. വീണ്ടും സഭാ സമാധാന'യഞ്ജം' പുതിയ വഴിത്തിരിവിലായി.

കോലഞ്ചേരി പള്ളി 1913 ലെ ഉടമ്പടി പ്രകാരമാണ്, അല്ലാതെ 1934 ലെ ഭരണഘടന പ്രകാരമല്ല ഭരിക്കപ്പെടേണ്ടതെന്ന് കാണിച്ച് 2006 ൽ പാത്രിയർക്കീസ് വിഭാഗം കൊടുത്ത കേസ്, സമാന സ്വഭാവമുള്ള വരിക്കോലി, മണ്ണത്തൂർ, നെച്ചൂർ, കണ്യാട്ടുനിരപ്പ് എന്നീ പള്ളികളുടെ കേസുകളോടൊപ്പം സുപ്രീംകോടതിയിൽ എത്തി. 2017 ജൂലൈ 3 ന് സുപ്രീംകോടതി വിധിയുണ്ടായി. സമാധാനം മലങ്കര സഭയിൽ ശാശ്വതമായി പുനഃസ്ഥാപിക്കുവാൻ 1934 ലെ സഭാ ഭരണഘടന മലങ്കര സഭയിലെ എല്ലാ അംഗങ്ങളും അനുസരിച്ചു നടക്കണമെന്ന 1958, 1995 വിധികളുടെ എല്ലാ പഴുതുകളും അതിനെതിരെ ഉയർന്ന വാദമുഖങ്ങളെയും ഖണ്ഡിച്ച് സുപ്രീംകോടതി വിധിച്ചു.

ഇനി എന്ത്? സഭാ സമാധാനം ശാശ്വതമാക്കുവാൻ ഒരേ ഒരു വഴിയേ ഉള്ളു. മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാവിഭാഗവും 1934 ലെ ഭരണ ഘടന അംഗീകരിച്ച് ഒന്നായിത്തീരുക എന്നതുമാത്രം.

ഇനി എന്ത്? സഭാ സമാധാനം ശാശ്വതമാക്കുവാൻ ഒരേ ഒരു വഴിയേ ഉള്ളു. മലങ്കര സഭയിലെ പാത്രിയർക്കീസ് വിഭാഗവും കാതോലിക്കാവിഭാഗവും 1934 ലെ ഭരണ ഘടന അംഗീകരിച്ച് ഒന്നായിത്തീരുക എന്നതുമാത്രം. ■

യുവജന പ്രസ്ഥാനം

മലങ്കര സഭയിലെ യുവജനങ്ങളെ സേവനത്തിലൂടെ, ആത്മീയ പ്രവർത്തനങ്ങളിലൂടെ വളർത്തുന്നതിനുവേണ്ടി സ്ഥാപിച്ച പ്രസ്ഥാനമാണ് യുവജനപ്രസ്ഥാനം.

മെയിൻ റോഡ് സെയ്ന്റ് ഗ്രീഗോറിയോസ് പള്ളിയിൽ 30 വർഷമായി സജീവപ്രവർത്തനങ്ങളിൽ യുവജനപ്രസ്ഥാനം ഏർപ്പെട്ടിരിക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഊന്നി പുതുതലമുറയെ വാർത്തെടുക്കാൻ അജയ്യമായി യുവജന പ്രസ്ഥാനം നിലനിൽക്കുന്നു. ഇടവക അംഗങ്ങളെയും സൺഡേസ്കൂൾ വിദ്യാർത്ഥികളെയും ഏകോപിച്ചാണ് ഈ പ്രസ്ഥാനം മുന്നോട്ടുപോകുന്നത്.

സഭയുടെ എല്ലാവാർഷിക യുവജനപ്രസ്ഥാന ക്യാമ്പുകളിലും നമ്മുടെ പള്ളിയൂണിറ്റിനെ പ്രതിനിധീകരിച്ച് പങ്കെടുക്കാറുണ്ട്.

നമ്മുടെ യുവജനപ്രസ്ഥാനം നടത്തിയ ഏറ്റവും ശ്രദ്ധേയമായ ഒരു പരിപാടിയായിരുന്നു Fun city. എല്ലാ വർഷവും ഓണത്തിനോടനുബന്ധിച്ച് പായസോത്സവും ക്രിസ്തുമസിന് ക്രിസ്തുമസ് കരോളും നടത്തുന്നു. ഇതിൽ നിന്നും ലഭിക്കുന്ന വരുമാനംകൊണ്ട് ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ പ്രധാനം ഡയാലിസിന് ധനസഹായം നൽകുന്നതാണ്.

ക്രിസ്തുമസിന്റെ ഭാഗമായി പുൽകൂട് ഒരുക്കലും ക്രിസ്തുമസ് നൈറ്റ് നടത്തുന്നതിനും പ്രധാന ചുക്കാൻ വഹിക്കുന്നത് യുവജനപ്രസ്ഥാനമാണ്. യുവജനപ്രസ്ഥാനം നടത്തിയ പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ പ്രശംസനീയമാണ്.

സഭാമാനേജിംഗ് കമ്മിറ്റി അംഗമായ സി.കെ.ബാബുവും കാതോലിക്കാബാവ പേഴ്സണൽ സെക്രട്ടറിയായി സേവന മനുഷ്ഠിക്കുന്ന പ്രിൻസ് ശെമ്മാശനും ഈ യുവജന പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന വ്യക്തിത്വങ്ങളാണ്.

മെർവിൻ.റ്റി.പോൾ, സെക്രട്ടറി

സഭാതേജസ്സ് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് ദ്വിതീയൻ (ദിവന്നാസിയോസ് V)

1832–1909

1832 ഡിസംബർ 7 ജനനം	: പാലൂർ-ചാട്ടുകുളങ്ങര (ആർത്താറ്റ്) ഇടവകയിലെ കുന്നംകുളം വലിയങ്ങാടി പുലിക്കോട്ടിൽ കുര്യൻ താണ്ടമ്മ ദമ്പതികളുടെ മകൻ
1845 ഒക്ടോബർ 5 ശെമ്മാശൻ	: കോതമംഗലം ചെറിയ പള്ളിയിൽ വെച്ച് ചേപ്പട്ട് മാർ ദിവന്നാസ്യോസിൽനിന്ന് ശെമ്മാശപട്ടം
1849 പൂർണ്ണശെമ്മാശൻ	: ആർത്താറ്റ് പള്ളിയിൽ സ്റ്റേഫാനോസ് മാർ അത്താനാസ്യോസിൽ നിന്ന് പൂർണ്ണശെമ്മാശപട്ടം
1852 ആഗസ്റ്റ് 18 കശ്ശീശ	: ചാലിശ്ശേരി പള്ളിയിൽ യൂയാക്കീം മാർ കുരിയാക്കോസിൽനിന്ന് കശ്ശീശ പട്ടം
1856 നമസ്കാരക്രമം	: പാലക്കുന്നത്ത് അത്താനാസ്യോസ് കോട്ടയത്ത് നിന്ന് പുറത്തിറക്കിയ നവീകരിച്ച നമസ്ക്കാര ക്രമത്തിനു പകരം സത്യനമസ്ക്കാരക്രമം കോഴിക്കോട്ടുനിന്നും കുന്നംകുളത്തുനിന്നും പ്രസിദ്ധീകരിച്ചു.
1864 ഏപ്രിൽ 29 മെത്രാപ്പോലീത്ത	: ആമീദിൽവെച്ച് യാക്കോബ് പാത്രിയർക്കീസിൽ നിന്നും ജോസഫ് മാർ ദിവന്നാസ്യോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തായായി.
1873 സെപ്റ്റംബർ 8 പള്ളിപ്രതിപുരുഷയോഗം	പരുമല സെമിനാരിയിൽ പള്ളി പ്രതി പുരുഷയോഗം വിളിച്ചുകൂട്ടി സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ രൂപീകരിച്ചു.
1875 പത്രോസ് തൃതീയൻ ബാവ	: ക്ഷണപ്രകാരം പത്രോസ് തൃതീയൻ ബാവ മലങ്കരയിൽ എഴുന്നെള്ളി പാലക്കുന്നത്ത് അത്താനാസ്യോസിനുള്ള രാജകീയ വിളംബരം പിൻവലിച്ചു.
1876 മുളന്തുരുത്തി സുന്നഹദോസ്	: 1873 ലെ പരുമല പള്ളി പ്രതിപുരുഷയോഗതീരുമാനങ്ങളെ ദൃഢപ്പെടുത്തിയ മുളന്തുരുത്തി സുന്നഹദോസ്.
1989റോയൽ കോടതി വിധി	: മലങ്കരസഭയ്ക്ക് അനുകൂലമായ റോയൽ കോടതി വിധി.
1901 ജൂബിലി	: പൗരോഹിത്യ സുവർണ്ണജൂബിലി ആഘോഷം
1909 ജൂലൈ 2	: കോട്ടയം ചെറിയ പള്ളിയിൽ ദിവംഗതനായി. പഴയ സെമിനാരിയിൽ കബറടക്കം.
2009 ശതാബ്ദി ആഘോഷം	: സഭാതേജസ്സ് എന്ന സ്ഥാനനാമം നൽകി ആദരിയ്ക്കൽ.

മിനി സി.സി

30 YEARS EXPERIENCE



SILPAULIN®
THE TOUGHEST PLASTIC FILM
AS PER IS 14611-1998

RTA

Authorised Dealer:-

RAHILA TRADING AGENCIES

9/760, Court Road, Calicut-673 001
Tel (Shop): 0495-2366286, 2366038
Mobile: 9447931063, 9995017486, 9496470773
E-mil: rahila.agencies@yahoo.com

Supreme
People who know plastics best

Scientia
ACADEMY OF SCIENCE

ADMISSION STARTED

PLUS TWO AND 10TH
(State syllabus- All english medium schools)

- At the heart of **kunnamkulam**
- **Regular** batches and **crash** batches
- Well equipped lab and library
- Good learning atmosphere
- **Encourage average** students by providing remediation class
- Also keep **nourishment** to co curricular activities by conducting exhibitions and celebrations
- **Regular diagnostic** and achievement evaluation
- Seminar series by subject experts
- Updates of students **progress reports**

Second Floor, Amrutha Complex,
Bhavana Theatre Road - Kunnamkulam
E: scientiakkm@gmail.com | W: www.scientiaacademy.in

98463 28776
95390 61022

പാവന സ്മരണയ്ക്ക്

കെ. ഐ. ചുമ്മാർ
10/04/1991

അമ്മിണി ചുമ്മാർ
03/10/2017

സി. വി. ഉല്ലാസ്

18/08/2001

" ആചാര്യേശാ മശിഹാകൂദാശകളർപ്പിച്ച ഈ ആചാര്യന്നേകുക പുണ്യം നാഥാ സ്തോത്രം "

വെരി.റവ.ജോസഫ് പുലിക്കോട്ടിൽ കോർഎപ്പിസ്ക്കോപ്പ

Inserted by:- Sajan Pulikkottil & Family

RAMBO MON C.

S/o C. Mon Thomas
Cheeran House, St. Gregorious Nagar,
Near G.H.S, Guruvayoor Road
Kunnamkulam

We pray to the Lord to keep you safe where ever you are.
Dear, we miss you every moment of our lives
-forever waiting to be back with you

God's Better Plans for Us

GOLDEN JUBILEE SOUVENIR

G ladly shared, the gracious trees on a mount
O ptimistically, the three of them on a moonlit night,
L ongings they had, thanking their creator
D ecisive visions of their prosperous future.
"**E** xclusive treasure chest for jewls and ornaments
N eatly and beautifully be made of me," one speaks.

"**J** ourney of the emperor with his royal retinue
U nique ship built of me", the second continues.
"**B** ecome the tallest to show the thankfulness to God,"
I nforms its great desire, enthusiastically the third.
L aboriously the cutter begins his work, each tree weeps
E normous pieces were shaped for different uses:
E legant manger in Bethlehem from the first of the trees.

S econd tree trunk very glad to be kept in a big ship yard
O bviously annoyed at the decision, a small boat to build.
U ltimately made a cross from the trunk of the third.
V irtuous Lord fulfills our ambitions better, never bad
E vershining Jewel Jesus shines in the manger chest
N oble Christ, the emperor, with his desciples in the boat
I ncarnated God, the redeemer raised on the great cross
R ejoice in God's better plans for us, not ours!

Clement K. Laughson

മാർത്തോമ പൈതൃകം

മാർത്തോമാ ക്രിസ്ത്യാനികൾ, സുറിയാനി ക്രിസ്ത്യാനികൾ നസ്രാണികൾ എന്ന പേരുകളിൽ അറിയപ്പെട്ടിരുന്നവർ

AD52 ***സഭാ സ്ഥാപനം*** : മാർതോമശ്ലീഹാ ഭാരതത്തിൽ സഭ സ്ഥാപിക്കുന്നു.
(എ.ഡി 1498 വരെയുള്ള ഒന്നാംഘട്ടം)

1498 ***പോർച്ചുഗീസ് വരവ് :***(1653 വരെയുള്ള രണ്ടാംഘട്ടം.)
കേരള ക്രൈസ്തവരുടെ സ്വകീയതയും സ്വത്വവും ഭിന്നമാക്കപ്പെട്ട ഘട്ടം.
സഭയുടെമേൽ റോമൻ കത്തോലിക്കാ സഭയുടെ കടന്നാക്രമണം.
ലത്തീൻ കത്തോലിക്കാ വിഭാഗത്തിന്റെ ഉത്ഭവം.

1599 ***ഉദയംപേരൂർ സുന്നഹദോസ്*** : ഭാരത്തിലെ മാർത്തോമ്മ ക്രിസ്ത്യാനികളെ
കത്തോലിക്കാ സഭയുടെ ഭാഗമാക്കുന്നു, നിർബന്ധത്താൽ.
ദേശീയ സഭയുടെ രേഖകൾ ഇല്ലാതാക്കുവാനുള്ള ശ്രമം.
(ഉദയംപേരൂർ സുന്നഹദോസിൽ നിന്ന് വിട്ടു നിന്ന രണ്ട് ഇടവകകൾ:
പാലൂർ ചാട്ടുകുളങ്ങര-ആർത്താറ്റ്, തിരുവിതാംകോട്)

1653 ***കൂനൻ കുരിശ് വിപ്ലവം*** : മട്ടാഞ്ചേരിപള്ളി മലങ്കര സുറിയാനി സഭാ മക്കൾ
റോമൻ കത്തോലിക്കാസഭയുടെ നുകത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിക്കുവാൻ
കുരിശിൽ ആലാത്തുകെട്ടി സത്യപ്രതിജ്ഞ ചെയ്ത് മേലാൽ വിദേശികളുടെ
ആധിപത്യം വേണ്ട എന്ന് പ്രഖ്യാപിക്കൽ.
തോമസ് അർക്കദിയാക്കോൻ മാർത്തോമ്മ ഒന്നാമനായി വാഴിക്കപ്പെടുന്നു.
ലത്തീൻ കത്തോലിക്ക വിഭാഗത്തോടുകൂടി കൂനൻ കുരിശ് സത്യത്തെ
അംഗീകരിക്കാതെ റോമൻ കത്തോലിക്കാ സഭയോടുകൂടെ നിന്നവർ സ്വയം
പഴംകൂറ്റുകാർ എന്ന് പേരുസ്വീകരിക്കുന്നു; സീറോ മലബാർ റീത്ത് ആരംഭിക്കുന്നു.

1665 ***അന്ത്യോഖ്യൻ ബന്ധം*** : അബ്ദുൾ ജലീൽ മാർ ഗ്രീഗോറിയോസ് കേരള സഭയിൽ എത്തി
അന്ത്യോഖ്യൻ സഭയുമായി ആദ്യമായി ബന്ധം ഉണ്ടാക്കുന്നു.

1701 ***കൽദായ സുറിയാനി സഭ :*** റോമാ നുകത്തിൽ നിന്ന് വേർപ്പെടുന്നു.

1774 ***മലബാർ സ്വതന്ത്ര്യ സുറിയാനി സഭ*** : 1772 ൽ അന്ത്യോഖ്യൻ മെത്രാൻ മാർ
ഗ്രീഗോറിയോസ് കാട്ടുമങ്ങാട്ട് കുര്യൻ കത്തനാരെ മാർ കൂറിലോസ് എന്ന
പേരിൽ മെത്രാഭിഷേകം ചെയ്യുന്നു. തൊഴിയൂരിൽ 1974 ൽ
മലബാർ സ്വതന്ത്ര്യ സുറിയാനി സഭ ഉത്ഭവിക്കുന്നു.

1782 ***ടിപ്പുസുൽത്താന്റെ ആക്രമണം:*** ആർത്താറ്റ് ചാട്ടുകുളങ്ങര പള്ളി തീ വെച്ച്
നശിപ്പിക്കുന്നു. അനേകം വിശ്വാസികളെ മരങ്ങളിൽ തൂക്കിലേറ്റുന്നു.

1806 ***ആർത്താറ്റ് പടിയോല :*** വിദേശാധിപത്യ വിശ്വാസ വിപരീതികളോട് ഒരിക്കലും
കൂട്ടു കൂടില്ല എന്ന തീരുമാനം. പുലിക്കോട്ടിൽ അച്ചന്റെ (സഭാജ്യോതിസ്) നേതൃത്വത്തിൽ

1815 ***കോട്ടയം പഴയ സെമിനാരി സ്ഥാപനം:*** പുലിക്കോട്ടിൽ ജോസഫ് മാർ
ദിവന്നാസ്യോസ് - സഭാജ്യോതിസ്സ് കേരളത്തിൽ ആദ്യമായി ഇംഗ്ലീഷ് വിദ്യാഭ്യാസം.
പ്രൊട്ടസ്റ്റന്റ് മിഷനറികളുടെ സഹായം തേടുന്നു.

1836 ***പ്രൊട്ടസ്റ്റന്റ് മിഷനറിമാരുമായുള്ള ബന്ധം വിച്ഛേദിക്കുന്നു.***: പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ
വേദവിപരീതം സെമിനാരിയിൽ നിന്നും നിഷ്ക്കാസനം ചെയ്യുന്നു.

1889 ***മാർത്തോമ്മ സഭ:*** മാതൃ സഭയിൽ നിന്നും വേർപിരിഞ്ഞ്
നവീകരണക്കാർ മാർത്തോമ്മ സഭ രൂപീകരിക്കുന്നു.
ബ്രഹ്മവാറിൽ നിന്നും കത്തോലിക്കാസഭയിൽ നിന്ന് ഒരു വിഭാഗം
മാതൃസഭയിൽ തിരിച്ചെത്തുന്നു.

1912 ***കാതോലിക്കേറ്റ് സ്ഥാപനം*** : അബ്ദേദ് മശിഹ പാത്രയാർക്കീസ് ബാവ

1930 ***മലങ്കര കത്തോലിക്ക സഭയുടെ ഉത്ഭവം :*** മാതൃ സഭയിൽ നിന്നും ഒരു വിഭാഗം
കത്തോലിക്കാ സഭയിലേക്ക്

1958 ***സഭാ സമാധാനം*** : യാക്കോബായ വിഭാഗം സുപ്രീംകോടതി വിധിയെ തുടർന്ന്
മാതൃസഭയിൽ തിരിച്ചെത്തുന്നു.

1961 ***ഇവാഞ്ചലിയ്ക്കൽ സഭ*** :മർത്തോമ്മ സഭയിൽ നിന്നും വേർപ്പിരിയുന്നു.

2002 ***യാക്കോബായ സുറിയാനി സഭ*** : പുതിയ സഭ രൂപീകരിക്കുന്നു.

2017 ***സുപ്രീം കോടതി വിധി*** :1934 ലെ ഭരണഘടന സ്വീകരിക്കുന്നവർക്ക് മാത്രം
മാതൃസഭയിൽ തുടരാം എന്ന സുപ്രധാന വിധി-ജൂലൈ 3.

ക്ലൗദിയ കെ.എൽ

ഗോൾഡൻ ജൂബിലി മത്സര വിജയികൾ

സി.കെ.ബാബു

ഭദ്രാസനതല മർത്ത്മറിയം സമാജം അംഗങ്ങൾക്കുവേണ്ടി നടത്തിയ മത്സരങ്ങളിലെ വിജയികൾ

1. ഉപന്യാസം – *വിഷയം* : ആധുനിക മലങ്കര സഭയിൽ വനിതകൾക്കുള്ള പങ്ക്.
ഒന്നാംസ്ഥാനം : കുഞ്ഞാറം സി.കെ, സെയ്ന്റ് തോമസ് പുത്തൻപള്ളി, കുന്നംകുളം
രണ്ടാം സ്ഥാനം : ജോളി പോൾസൺ, സെയ്ന്റ് ഇഗ്നേഷ്യസ് പള്ളി, കാട്ടകാമ്പാൽ

2, പാചകമേള (ഗോതമ്പ് കൊണ്ട് മാത്രം ഉണ്ടാക്കുന്ന വിഭവങ്ങൾ)
ഒന്നാംസ്ഥാനം : ജെനി ജോൺ, സെയ്ന്റ് തോമസ് പുത്തൻപള്ളി, കുന്നംകുളം
രണ്ടാംസ്ഥാനം: ഷീല ബാബു, സെയ്ന്റ് ഗ്രീഗോറിയോസ്, ചൊവ്വന്നൂർ

3, ഗെയിംസ്

ഗെയിം–1 ഒന്നാംസ്ഥാനം : ഷീബ സണ്ണി, സെയ്ന്റ് ഗ്രീഗോറിയോസ് മെയിൻ റോഡ് & സീന ബാബു, മാർ ബസ്സേലിയോസ് യൂണിറ്റ്, പട്ടിത്തടം, പഴഞ്ഞി
രണ്ടാംസ്ഥാനം : സൂസൻ വർഗ്ഗീസ്, സെയ്ന്റ് ഗ്രീഗോറിയോസ് മെയിൻ റോഡ്, & മണി സൈമൺ, സെയ്ന്റ് ഗ്രീഗോറിയോസ്, മരത്തംകോട്

ഗെയിം–2 ഒന്നാംസ്ഥാനം : അബി പോൾ, സെയ്ന്റ് തോമസ് പുത്തൻപള്ളി
രണ്ടാസ്ഥാനം:ഷീല ഉണ്ണി, സെയ്ന്റ് മേരീസ്, പഴഞ്ഞി

ഗെയിം–3 ഒന്നാംസ്ഥാനം: ഷീല ബാബു, സെയ്ന്റ് ഗ്രീഗോറിയോസ്, ചൊവ്വന്നൂർ
രണ്ടാസ്ഥാനം:ഷീല ഉണ്ണി, സെയ്ന്റ് മേരീസ്, പഴഞ്ഞി

സണ്ടേസ്കൂൾ ഭദ്രാസന തല മത്സര വിജയികൾ

ക്വിസ്സ് (വിദ്യാർത്ഥികൾക്ക്)
ഒന്നാംസ്ഥാനം : ആൽവിൻസ് കെ. വിൽസൻ & ഹെലനി സി.ഗീവർ
(സെയ്ന്റ് ജോർജ്ജ് സണ്ടേസ്കൂൾ, അടുപ്പൂട്ടി)
രണ്ടാസ്ഥാനം : ലിനി സി. ഡി. & അത്തനാസ് പി. ജോർജ്ജ്
(എം.ജി.എം. സണ്ടേസ്കൂൾ, മെയിൻ റോഡ്)

ഉപന്യാസം (അരമണിക്കൂർ മുമ്പ് വിഷയം നൽകിയത്)
***വിഷയം* (വിദ്യാർത്ഥികൾക്ക്) : സാമൂഹ്യ വ്യതിയാനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം**
ഒന്നാംസ്ഥാനം : ലിജി സി.ഡി. (എം.ജി.എം. സണ്ടേസ്കൂൾ മെയിൻ റോഡ്, കുന്നംകുളം)
രണ്ടാസ്ഥാനം : ഹിമ പോൾസൺ (എം.പി.എം. സണ്ടേസ്കൂൾ വടക്കേ അങ്ങാടി, മരത്തംകോട്)

വിഷയം (അദ്ധ്യാപർക്ക്) :
സമകാലീന സമൂഹത്തിൽ പരിശുദ്ധ പരുമല തിരുമേനിയുടെ ആത്മീയ ദർശനങ്ങളുടെ പ്രസക്തി.
ഒന്നാംസ്ഥാനം : ജാസ്മിൻ ഡോണി (എം.ജി.എം. സണ്ടേസ്കൂൾ മെയിൻ റോഡ്, കുന്നംകുളം)
രണ്ടാസ്ഥാനം : ഷൈസി കെ.സി.
(സെയ്ന്റ്. തോമസ് സണ്ടേസ്കൂൾ, പുത്തൻ പള്ളി, കുന്നംകുളം)

മദ്ബഹ ശുശ്രൂഷക സംഘം നടത്തിയ മത്സരങ്ങളുടെ വിജയികൾ
1, ഭദ്രാസനതല **ആരാധന ഗീത മത്സരം** (ശ്ഹീമാ നമസ്കാരം, വി.കുർബ്ബാന ക്രമം)
ഒന്നാംസ്ഥാനം : സെബിൻ, ശ്രീജിത്ത്, ഷെജിൻ, ആൽവിൻ (സെയ്ന്റ് ഗ്രീഗോറിയോസ്, മരത്തംകോട്)
രണ്ടാസ്ഥാനം: റോണി റ്റി.എസ്., ജോസഫ് ജി. പനയ്ക്കൽ, ആൽവിൻ ഗ്രിഗർ, ഗ്രിഗറി സാം വിൽസൺ (സെയ്ന്റ് ഗ്രീഗോറിയോസ് യൂണിറ്റ്, മെയിൻ റോഡ്)

അഖില മലങ്കര അടിസ്ഥാനത്തിൽ നടത്തിയ ഗവേഷണ പ്രബന്ധമത്സരം
ഒന്നാംസ്ഥാനം :ഡോ.സ്മിത സാറാ പടിയറ, അടൂർ
രണ്ടാസ്ഥാനം: ബെറ്റി ചാക്കോ, സെയ്ന്റ്. മേരീസ് കത്തീഡ്രൽ, ആർത്താറ്റ്
മൂന്നാംസ്ഥാനം : ജാസ്മിൻ ഡോണി, സെയ്ന്റ് ഗ്രീഗോറിയോസ് മെയിൻ റോഡ്, കുന്നംകുളം

പരിശുദ്ധ പരുമല കൊച്ചു തിരുമേനി

ജീവിത രേഖ

വർഗീസ് ജോൺ തോട്ടപ്പുഴ

- 1848 ജൂൺ 15/1023 മിഥുനം 3

  മുളന്തുരുത്തി ചാത്തുരുത്തി ഭവനത്തിൽ കൊച്ചു മത്തായിയുടെയും മറിയത്തിന്റെയും പുത്രനായി ജനിച്ചു. ബാല്യകാല നാമം കൊച്ചയ്പോര

- 1857 സെപ്റ്റംബർ 26/ 1033 കന്നി 14 സ്ലീബാപെരുന്നാൾ

  കരിങ്ങാശ്ര പള്ളിയിൽ വച്ച് പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറുയോ പട്ടമേറ്റു

  (കോതമംഗലം പള്ളിയിൽ വച്ച് ശെമ്മാശുപട്ടമേറ്റതായും കാണുന്നു. വർഷം 1858 എന്നും കാണുന്നുണ്ട്).

- 1864 ഒക്ടോബർ – നവംബർ/1040 തുലാം.

  യൂയാക്കീം മാർ കുറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് ശെംശോനോ പട്ടമേറ്റു. (വർഷം 1865 (1041) എന്നും കാണുന്നു.

- 1864 നവംബർ – ഡിസംബർ/1040 വൃശ്ചികം

  യുയാക്കീം മാർ കുറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശീശാപട്ടവും തുടർന്ന് കോർ എപ്പിസ്കോപ്പാ സ്ഥാനവുമേറ്റു. (വർഷം 1865 (1041) എന്നും കാണുന്നുണ്ട്).

- 1872 ഏപ്രിൽ 7/ മീനം 26 (സുക)/ 1047 മീനം 27 ഞായറാഴ്ച

  മുളന്തുരുത്തി പള്ളിയിൽ വച്ച് മലങ്കരയുടെ (പുലിക്കോട്ടിൽ) ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത റമ്പാൻ സ്ഥാനം നൽകി.

  വചനിപ്പു പെരുനാൾ (സുറിയാനി കണക്കിന് മീനം 25) എന്നും കാണുന്നുണ്ട്. അതു ശരിയാണെങ്കിൽ 1872 ഏപ്രിലിൽ 6 ശനിയാഴ്ച ആണ് വരേണ്ടത്.

- 1876 ഡിസംബർ10/വൃശ്ചികം 28 (സുക)/1052 വൃശ്ചികം 27 ഞായറാഴ്ച

  വടക്കൻ പറവൂർ മാർ തൊമ്മൻ പള്ളിയിൽ വച്ച് മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ 'മാർ ഗ്രിഗോറിയോസ്' എന്ന പേരിൽ 'നിരണത്തു ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. പൂർണ്ണ പേര് 'ഗീവർഗീസ് മാർ ഗ്രിഗോറിയോസ്'. ഇതോടൊപ്പം അങ്കമാലി ഭദ്രാസനത്തിനുവേണ്ടി അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായും (+ 1891 മാർച്ച് 9) വാഴിക്കപ്പെട്ടു. കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ്, കടവിൽ പൗലോസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്തമാർ സഹകാർമ്മികരായിരുന്നു.

- 1877 മെയ് 5/നീസാൻ 23

  നിരണം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായി നിയമിച്ചു കൊണ്ടുള്ള സ്താത്തികോൻ ലഭിച്ചു. അതനുസരിച്ചു താഴെ പറയുന്ന 22 പള്ളികളുടെ ഭരണം ഏറ്റു.

  നിരണം മർത്തമറിയം, ചെറുകോൽ, വീയപുരം, തലവടി, വേങ്ങ, എടത്വ, തിരുവല്ല, കട്ടപ്പുറത്ത്, തിരുവല്ല കാവിൽ, കല്ലൂപ്പാറ, മല്ലപ്പള്ളി, തുരുത്തിക്കാട്, കാർത്തികപ്പള്ളി, ചെന്നിത്തല, പരുമല, മണ്ണംതോട്ടുവഴി, തലവടികുഴി, മേപ്രാൽ, കാരയ്ക്കൽ, വെണ്ണിക്കുളം, കവിയൂർ, കരുവാറ്റ.

  ക്നാനായ ഭദ്രാസന രൂപീകരണത്തോടെ (1910) തുരുത്തിക്കാട്ടു പള്ളി ആ ഭദ്രാസനത്തിൽ ചേർത്തു. ചേപ്പാട്, പള്ളിപ്പാട്, കാരിച്ചാൽ പള്ളികൾ കൊല്ലം ഭദ്രാസനത്തിലും ഉമയാറ്റുകരപള്ളി

തുമ്പമൺ ഭദ്രാസനത്തിലുമാണ് ആദ്യം ഉൾപ്പെടുത്തിയിരുന്നത്.

- 1889 ജൂലൈ 29 തിങ്കളാഴ്ച

  കോട്ടയം പഴയ സെമിനാരിയിൽ വച്ച് അൽവാറീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ് (പ്രധാന കാർമ്മികൻ) മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

- 1892 മെയ് 29 ഞായറാഴ്ച

  കൊളംബോയിലെ സന്മരണമാതാവിന്റെ പള്ളിയിൽ (ഛൗ്യ ഘമറ്യ ീള ഴീീറ റലമവേ) വച്ച് റിനിവിലാത്തി മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ്, അൽവറീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

- 1895 ജനുവരി 27/ മകരം 15 ഞായറാഴ്ച

  പരുമല പള്ളി താല്ക്കാലികമായി കൂദാശ ചെയ്തു. പിറ്റേന്ന് ഊർശ്ലേം യാത്ര ആരംഭിച്ചു.

- 1902 നവംബർ 2/ തുലാം 20 (സുക)/1078 തുലാം 17 ഞായറാഴ്ച

  പരുമല പള്ളിയിൽ വച്ച് രാത്രി (തിങ്കളാഴ്ച വെളുപ്പിന്) ഒരു മണിക്ക് കാലം ചെയ്തു. (കാലം ചെയ്ത സമയം പരിഗണിച്ചാൽ തീയതി 1902 നവംബർ 3 ആണ് വരേണ്ടത്).

- 1902 നവംബർ 4 ചൊവ്വാഴ്ച

  മുറിമറ്റത്തു പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ പരുമല പള്ളിയിൽ കബറടക്കപ്പെട്ടു.

- 1947 നവംബർ 2

  മാർ ബസേലിയോസ് യൽദോ മഫ്രിയാനാ (കോതമംഗലം ബാവാ) യോടൊപ്പം വിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടു.



Approved Engineer, Registerd Building Supervisor (A Grade)
Qualified Supervisor & Construction Consultant

Mob: 93 49 852 070 Off: 04885 222080, Resi: 04885 225421

Office : M/s Ullas
Opp.Municipal Office
Guruvayoor Road,
Kunnamkulam - 680503

Resi: Tholath House
Near Muncipal Quarters
Guruvayoor Road,
Kunnamkulam - 680503

സാമൂഹ്യ വ്യതിയാനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം

ലിജി.സി.ഡി
എം.ജി.എം.സണ്ടേസ്കൂൾ, മെയിൻ റോഡ്

ഇന്നത്തെ തലമുറയിലെ സാമൂഹ്യ വ്യതിയാനങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം എടുത്തു പറയേണ്ടതാണ്. ഇന്ന് യുവസമൂഹം തീർത്തും താളം തെറ്റിയ രീതിയിലാണ് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാ രീതിയിലും യുവജനത പുതുമോടി അണിഞ്ഞിരിക്കുന്നു. ഫെയ്സ്ബുക്ക്, വാട്സ്ആപ്പ് തുടങ്ങിയ സാമൂഹ്യ മാധ്യമങ്ങൾ യുവതലമുറയെ തീർത്തും കീഴ്പെടുത്തിയിരിക്കുന്നു. അവരുടെ ജീവിതത്തിലെ പ്രധാന ഭാഗമായി ഇക്കാലത്ത് സ്മാർട്ട് ഫോൺ മാറിയിരിക്കുന്നു. എവിടെ നോക്കിയാലും തലകുനിഞ്ഞ് ഫോണിൽ നോക്കിയിരിക്കുന്ന യുവാക്കളെ കാണാനാകും. പഴയകാലഘട്ടത്തിൽ നിന്ന് പല മാറ്റങ്ങളും ഇന്നത്തെ യുവ തലമുറയിൽ ദർശിക്കാനാകും. മദ്യപാനം പോലുള്ള പ്രവൃത്തികൾ തെറ്റാണെന്ന് ന്യായീകരിക്കുന്ന രീതി മാറി, അത്തരം പ്രവർത്തികൾ അനുകരിക്കാനുള്ള വാസന ഏറി വരികയാണ്. മയക്കുമരുന്ന് പോലുള്ള ലഹരി വസ്തുക്കളിൽ ഹരം കണ്ടെത്താൻ അവർ ശ്രമിക്കുന്നു. ആരും മാതൃക നൽകാൻ ഇല്ലാതെ തികച്ചും അരക്ഷിതമായ അവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് അവരുടെ ജീവിതം.

മാതാപിതാക്കൾ മാതൃക കാട്ടിയിരുന്ന പഴയ തലമുറ തീർത്തും അന്യമായി മാറിക്കൊണ്ടിരിക്കുന്നു. വസ്ത്രധാരണരീതിയും കൂട്ടുകെട്ടും തുടങ്ങി എല്ലാം മക്കളുടെ ഇഷ്ടത്തിന് മാറി കൊടുക്കുന്ന അപ്പനമ്മമാരെയാണ് ഇന്നത്തെ സമൂഹത്തിൽ കാണാനാവുക. ദൈവാശ്രയം ഒട്ടും ഇല്ലാതെ ജീവിതത്തിൽ ആനന്ദം മാത്രം ആസ്വദിക്കുന്ന രീതിയിൽ നിന്ന് യുവജനതയെ തിരിച്ചു കൊണ്ടു വരേണ്ടതാണ്. മാതാപിതാക്കൾ തന്നെ മക്കൾക്ക് മോശമായ പെരുമാറ്റങ്ങൾ പഠിപ്പിക്കാൻ കാരണമാകുന്നു. ഞായറാഴ്ചകളിൽ വി.കുർബ്ബാനകളിൽ സംബന്ധിക്കാതെ മക്കളെ ട്യൂഷൻ സെന്ററുകളിൽ തള്ളി വിടുന്ന മാതാപിതാക്കളെ കാണാനാകും. അല്ലെങ്കിൽ കുർബ്ബാനയുടെ അവസാനം പള്ളിയിലെത്തിക്കുന്ന അവസ്ഥയാണ് ഇന്നുള്ളത്. ദൈവാശ്രയത്തിൽ ഏറെ പിന്നിലായി കൊണ്ടിരിക്കുകയാണ്, ഇന്നത്തെ തലമുറ.

ഇന്നത്തെ സമൂഹത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർ ഏറിയ പങ്കും യുവാക്കളാണ്. ലഹരിക്കടിമപ്പെട്ട് സുബോധം നഷ്ടപ്പെട്ട് പണത്തിന് വേണ്ടി എന്തും ചെയ്യുന്ന അവസ്ഥയിലേക്ക് മാറിയിരിക്കുകയാണ് അവർ. കരച്ചിൽ മാറ്റാൻ മാതാപിതാക്കൾ അവരുടെ ഫോണുകളാണിപ്പോൾ കുഞ്ഞുങ്ങളുടെ കൈയ്യിൽ നൽകുന്നത്. അവിടം തൊട്ട് ഫോണില്ലാതെ ജീവിക്കാൻ പിന്നീട് കുഞ്ഞുങ്ങൾക്ക് കഴിയുന്നില്ല. ഇന്നത്തെ കാലത്ത് കാണുന്ന മറ്റൊരു ഭ്രമം സെൽഫിയോടാണ്. സെൽഫിയെടുത്ത് അപകടത്തിൽപ്പെട്ട് ജീവൻ നഷ്ടപ്പെടുന്നവരും അനവധിയാണ്. സാമൂഹ്യ മാധ്യമങ്ങൾക്ക് നല്ല ഗുണങ്ങളും അനവധി ദോഷങ്ങളും ഉണ്ട്. പഠനത്തിനും മറ്റും വളരെ സഹായകരമാകുന്നവയാണ് ഇവ. നല്ല രീതിയിൽ ഉപയോഗിച്ചാൽ അതിന്റെ ദൂഷ്യ വശങ്ങളിൽ നിന്ന് ഒരു പരിധിവരെ രക്ഷപ്പെടാം.

ഇന്നത്തെ യുവജനതയ്ക്ക് നല്ല സുഹൃദ്ബന്ധങ്ങൾ ലഭിക്കുന്നില്ല. പഴയക്കാലത്ത് കൂട്ടുകുടുംബമായി കഴിയുന്നതിനാൽ പ്രായമായ മുത്തശ്ശനും മുത്തശ്ശിയും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കുഞ്ഞുങ്ങൾക്ക് നൽകിയിരുന്നു. നല്ല പഥ്യോപദേശങ്ങളിൽ ആണ് ആ സമൂഹം മുന്നോട്ട് പോയിരു

ന്നത്. എന്നാൽ ഇന്ന് അണു കുംടുംബമായി ചുരുങ്ങി; ഒരുമിച്ച് കുടുംബാംഗങ്ങൾ തമ്മിൽ കാണുവാനോ സംസാരിക്കുവാനോ ഉള്ള സമയം ലഭിക്കാതെ പോകുന്നു. കുട്ടികൾക്ക് ആവശ്യമായ ഉപദേശങ്ങൾ ലഭിക്കുന്നില്ല. സോഷ്യൽ മീഡിയകളിലെ കൂട്ടുകാരെ വിശ്വസിക്കുകയും അപകടങ്ങളിൽപ്പെടുകയും ചെയ്യുന്നവരുണ്ട്. കുട്ടികൾക്ക് അവരുടെ പ്രശ്നങ്ങൾ തുറന്നു പറയാൻ ഇക്കാലത്ത് അവസരം കിട്ടുന്നില്ല. ആരോടും ഒന്നും പറയാതെ വിഷമങ്ങൾ ഉള്ളിൽ ഒതുക്കി വയ്ക്കുന്ന പ്രവണതയാണ് കാണാൻ കഴിയുന്നത്. തീർത്തും ഒറ്റപ്പെട്ടുപോകുന്ന യുവ സമൂഹത്തെയാണ് നാം കാണുന്നത്.

നമ്മുടെ സഭയിൽ സണ്ടേസ്കൂളിന് വളരെ പ്രാധാന്യം അർഹിക്കുന്നുണ്ട്. കുഞ്ഞുങ്ങളെ സണ്ടേസ്കൂളിൽ പഠിപ്പിക്കുന്നതിലൂടെ നല്ലൊരു ജീവിത ശൈലിയും നല്ല പെരുമാറ്റവും ആർജിക്കാൻ കുട്ടികൾക്ക് കഴിയുന്നുണ്ട്. നമ്മുടെ സഭയിലെ യുവജനങ്ങളുടെ സംഘടനകൾ നല്ല യുവജനതയെ വാർത്തെടുക്കാൻ സഹായിക്കുന്നുണ്ട്. ധാരാളം പ്രവർത്തനങ്ങൾ ഈ സംഘടനകൾ നടത്തുന്നുണ്ട്. മാതൃകാപരമായ പുതുതലമുറയെ വളർത്താൻ നമ്മുടെ സഭ മുൻകൈ എടുക്കുന്നു. ഈയടുത്ത് ഉണ്ടായ പ്രളയത്തിൽ ധാരാളെ യുവാക്കൾ തങ്ങളുടെ ജീവൻപോലും നോക്കാതെ രക്ഷാപ്രവർത്തനത്തിനായി മുന്നിട്ടിറങ്ങിയിരുന്നു. ആളുകളെ കണ്ടെത്തുന്നതിനായി സാമൂഹ്യ മാധ്യമങ്ങളും അവർ ഉപയോഗിച്ചു. ഇത്തരം പ്രവർത്തനങ്ങളിൽ കൃത്യമായ ലക്ഷ്യം കാണാനും പുതുതലമുറയ്ക്ക് സാധിച്ചു. സാമൂഹ്യമാധ്യമങ്ങളുടെ നല്ല രീതിയിലുള്ള ഉപയോഗം വളരെ പ്രയോജനകരമായി ഇവിടെ കാണാൻ സാധിക്കും. നല്ലത് മാത്രം ഉൾകൊള്ളാൻ കഴിയുന്ന തരത്തിൽ പുതുതലമുറ ഉയരേണ്ടത് അത്യാവശ്യമാണ്.

ലഹരിക്കടിമപ്പെട്ടും മറ്റും ജീവിതം നശിപ്പിക്കാതെ ദൈവത്തെ മുറകെ പിടിച്ചുകൊണ്ട് ജീവിതത്തെ മുന്നോട്ടു നയിക്കാൻ യുവജനതയ്ക്ക് സാധിക്കട്ടെ. പഴയ കാലത്തിലെന്നപോലെ ഇക്കാലത്തും മുതിർന്നവരുടെ അഭിപ്രായത്തിന് യുവജനത ശ്രദ്ധ നൽകേണ്ടതാണ്. എല്ലാതരത്തിലും മാറ്റങ്ങൾ മാത്രം കാണാനാകുന്ന തരത്തിലാണ് യുവജനങ്ങളുടെ പങ്കാളിത്തം. സ്ത്രീയെന്നോ പുരുഷനെന്നോ ഭേദമില്ലാതെ എല്ലാ തലത്തിലും യുവജനത മുന്നോട്ട് കുതിക്കുന്നു. പല കണ്ടുപിടുത്തങ്ങളിലും രാഷ്ട്രീയ മേഖലകളിലും സ്ത്രീ പുരുഷനെ തുല്യമായി മുന്നേറുന്നു. പുതുതലമുറ ദൈവാശ്രയം മുറുകെ പിടിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു. ■

ഗോൾഡൻ ജൂബിലി പ്രോഗ്രാം

ടി.സി.പോൾ
പ്രോഗ്രാം കൺവീനർ

2017 ഡിസംബർ 31	മൂന്നിന്മേൽ വി.കുർബ്ബാന, **ഗോൾഡൻ ജൂബിലി ഉദ്ഘാടനം** *പരി.മോറാൻമാർ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വതീയൻ കാതോലിക്കാ ബാവ*
2018 ഫെബ്രുവരി 4	**വി.കുർബ്ബാന ധ്യാന പഠനം** - *റവ.ഫാ.ഡോ.സണ്ണിചാക്കോ*
ഫെബ്രുവരി 11	**വി.കുർബ്ബാന ധ്യാന പഠനം** - *റവ.ഫാ.എബ്രഹാം തോമസ്*
ജൂൺ 13	**ഇടവകദിനം**, പഠനഉപകരണ കിറ്റ് വിതരണം (എൽ.കെ.ജി.മുതൽ ഡിഗ്രി വരെ, 750 വിദ്യാർത്ഥികൾക്ക്), പൊതുസമ്മേളനം
ജൂലൈ 14,15	**മാർ കുരിയാക്കോസ് സഹദായുടെ പെരുന്നാൾ** *അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ കാർമികത്വത്തിൽ*
ജൂലൈ 29	**സൗജന്യ മെഡിക്കൽ ക്യാമ്പ്**
ആഗസ്റ്റ് 20	പ്രളയ കെടുതി സഹായം, **ദുരിതാശ്വാസ ക്യാമ്പ് സന്ദർശനം**
ആഗസ്റ്റ് 22	മർത്ത് മറിയം **ഉപന്യാസ മത്സരം**
ആഗസ്റ്റ് 25	യുവജന സമാജം **പായസമേള**
സെപ്തംബർ 9	സണ്ടേസ്കൂൾ **പൂർവ്വ അധ്യാപക - വിദ്യാർത്ഥി സംഗമം**
സെപ്തംബർ 16	**സണ്ടേസ്കൂൾ സഹപാഠ്യ മത്സരം** - ആർത്താറ്റ് ജില്ല
സെപ്തംബർ 21	മർത്ത് മറിയം സമാജം ഫുഡ് ഫെസ്റ്റ് & **കായിക മത്സരം**
സെപ്തംബർ 23	**സണ്ടേസ്കൂൾ സഹപാഠ്യ മത്സരം** - ആർത്താറ്റ് ജില്ല
ഒക്ടോബർ 15	**വി.കുർബ്ബാന**-*അഭി.ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപോലീത്ത*
ഒക്ടോബർ 19	**സണ്ടേസ്കൂൾ ക്വസ്സ് മത്സരം** (വിദ്യാർത്ഥികൾക്ക്) **ഉപന്യാസ മത്സരം** (ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കും, അധ്യാപകർക്കും)
ഒക്ടോബർ 28	**അരിവിതരണം** (516 പേർക്ക്)
നവംബർ 1,2	**പരുമല മാർ ഗ്രീഗോറിയോസ് ഓർമ്മപെരുന്നാൾ** - *അഭി. യൂഹാനോൻ മാർ തേവോദോറോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമികത്വത്തിൽ*, **അവാർഡ് വിതരണം.**
നവംബർ 18	മദ്ബഹാ ശുശ്രൂഷക സംഘം **ഭദ്രാസനതല ആരാധനാ ഗീത മത്സരം**
നവംബർ 20	എം.ജി.ഒ.സി.എസ്.എം. **വ്യക്തി വികസന ക്യാമ്പ്**
നവംബർ 25	പൂർവ്വ വിദ്യാർത്ഥികളുടെ **ഭവനദാന തീരുമാനം**
ഡിസംബർ 10	മദ്ബഹാ ശുശ്രൂഷക സംഘം **അഖിലമലങ്കര തല മത്സരത്തിലെ ഗവേഷണ പ്രബന്ധങ്ങൾ സ്വീകരിക്കൽ**
ഡിസംബർ 16	**സൗജന്യ മെഡിക്കൽ ക്യാമ്പ്**
ഡിസംബർ 20-24	**ക്രിസ്തുമസ് കരോൾ** യുവജന സമാജം
ഡിസംബർ 23	മദ്ബഹാ ശുശ്രൂഷക സംഘം **കേക്ക് മേള**
ഡിസംബർ 24	വി.മൂന്നിന്മേൽ **കുർബ്ബാന**
ഡിസംബർ 25	**ക്രിസ്തുമസ്**, പതാക ഉയർത്തൽ
ഡിസംബർ 26	വി.മൂന്നിന്മേൽ **കുർബ്ബാന, മദ്ധ്യസ്ഥ പ്രാർത്ഥന**
ഡിസംബർ 27	**വി.കുർബ്ബാന** സ്മാരക കുരിശ്, **സുവിശേഷ യോഗം**
ഡിസംബർ 28	**വി.മൂന്നിന്മേൽ കുർബ്ബാന**, മദ്ധ്യസ്ഥ പ്രാർത്ഥന, **സുവിശേഷ യോഗം**
ഡിസംബർ 29	**വി.കുർബ്ബാന** സ്മാരക കുരിശ്, **സുവിശേഷ യോഗം**

ഗോൾഡൻ ജൂബിലി പ്രോഗ്രാം

ഡിസംബർ 30	4.30ന് **സമാപന സമ്മേളനം**
പ്രാർത്ഥന	
സ്വാഗതം	റവ. ഫാ.ജോൺ ഉറുമ്പിൽ, വികാരി.
അദ്ധ്യക്ഷൻ	*പരി.മോറാൻമാർ ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വതീയൻ കാതോലിക്കാ ബാവ*
റിപ്പോർട്ട്	ശ്രീ.ടി.സി.പോൾ (പ്രോഗ്രാം കൺവീനർ)
ഉദ്ഘാടനം	ശ്രീ.എ.സി.മൊയ്തീൻ (ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)
ഭവനദാന ഫണ്ട്	ഇടവക വികാരി ഫാ.ജോൺ ഉറുമ്പിൽ പരി.പിതാവിന് സണ്ടേസ്കൂൾ പൂർവ്വ വിദ്യാർത്ഥികളുടെ ഭവനദാനത്തിലേക്കുള്ള ചെക്ക് സമർപ്പിക്കൽ

സോവനീർ & ഇടവക ഡയറക്ടറി പ്രകാശനം

ദുരിതാശ്വാസ ഫണ്ട് (2-ാം ഘട്ടം)	ഇടവക കൈസ്ഥാനി ശ്രീ.റ്റി.ഐ.ഉല്ലാസ് പരി.പിതാവിന് ഒരുലക്ഷം രൂപയുടെ ചെക്ക് സമർപ്പിക്കൽ.
വിദ്യാഭ്യാസ അവാർഡ് & സ്കോളർഷിപ്പ് വിതരണം	ശ്രീമതി സീത രവീന്ദ്രൻ (മുൻസിപ്പൽ ചെയർപേഴ്സൺ, കുന്നംകുളം)
ഡയാലിസിസ് ചികിത്സ ഫണ്ട് വിതരണം	ശ്രീമതി സുമാ ഗംഗാധരൻ (ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ & വാർഡ് കൗൺസിലർ)
ആശംസകൾ	റവ.ഫാ.ടി.പി.ഗീവർഗ്ഗീസ് (ഭദ്രാസന സെക്രട്ടറി) റവ.ഫാ.ടി.സി.ജേക്കബ് (വൈദീക സംഘം, സെക്രട്ടറി) റവ.ഫാ.സോളമൻ ഒ.ഐ.സി (ബഥനി ആശ്രമം)
മെമെന്റോ വിതരണം	ശ്രീ.സി.കെ.ബാബു (സഭാ മാനേജിംഗ് കമ്മറ്റി മെമ്പർ)
കൃതജ്ഞത	ശ്രീ.കെ.സി.ലോഫ്സൺ (കൺവീനർ, റിസപ്ഷൻ)

കാതോലിക്കാ മംഗളഗാനം

50-ാം സ്ഥാപന പെരുന്നാൾ

വൈകീട്ട് 7 ന്	സന്ധ്യാ നമസ്ക്കാരം തുടർന്ന് കൊടിയും സ്ലീബായും, ശ്ലൈഹീകവാഴ്‌വ്, അത്താഴവിരുന്ന്.
ഡിസംബർ 31	
രാവിലെ 7.30ന്	പ്രഭാത നമസ്ക്കാരം, **വി.മൂന്നിന്മേൽ കുർബ്ബാന** (പരി.കാതോലിക്കാബാവ, അഭി.ഡോ.മാത്യൂസ് മാർ സേവേറിയോസ്, അഭി.ഡോ.സഖറിയാസ് മാർ അപ്രേം എന്നിവരുടെ കാർമികത്വത്തിൽ) കൊടിയും സ്ലീബായും, സ്നേഹവിരുന്ന്.
വൈകീട്ട് 6 ന്	സന്ധ്യാ നമസ്ക്കാരം തുടർന്ന് **ഗാനമേള**
അർദ്ധരാത്രി 12ന്	പുതുവത്സര പ്രാർത്ഥന
2019 ജനുവരി 1	രാവിലെ 7ന് വി.കുർബ്ബാന



മെയിൻ റോഡ് സണ്ടേസ്കൂൾ

"പൈതങ്ങളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ അവരെ തടുക്കരുത്" എന്ന യേശുനാഥന്റെ തിരുമൊഴികൾക്ക് ഊന്നൽ നൽകി കർത്താവിന്റെ പക്കൽ അയക്കുന്ന പൈതങ്ങളെ സ്വർഗ്ഗീയ പൗരന്മാരായി വളർത്തുക എന്ന ലക്ഷ്യത്തോടെ പരുമല തിരുമേനി സ്ഥാപിച്ച കുരിശിനോട് ചേർന്ന് ഒരു താല്കാലിക കെട്ടിടത്തിലാണ് സണ്ടേസ്കൂളിന്റെ ആരംഭം.

സണ്ടേസ്കൂൾ സിലബസിനു പുറമേ ആരാധനയ്ക്കുപയോഗിക്കുന്ന ഗീതങ്ങളും പ്രത്യേക ശ്രദ്ധയോടെ പഠിപ്പിച്ചിരുന്നു. 1960 കളിൽ വലിയ ദേവാലയത്തിന്റെ പണി ആരംഭിച്ചപ്പോൾ കാണിയാമ്പാൽ റോഡിലുള്ള മുലെപ്പാട്ട് പുവർഹോമിൽ സണ്ടേസ്കൂൾ പ്രവർത്തനം തുടർന്നു വന്നു. പള്ളികൂദാശ കഴിഞ്ഞ് സണ്ടേസ്കൂൾ പ്രവർത്തനം ദേവാലയത്തിലേക്ക് മാറ്റുകയും ചെയ്തു. ഇക്കാലത്തെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി.പി.ഇയ്യുകുട്ടി അവർകൾ ആയിരുന്നു. ഒ.എസ്.എസ്.എ.ഇ സിലബസ് നിലവിൽ വരുന്നതുവരെ കുന്നംകുളം സിറിയൻ ക്രിസ്ത്യൻ അസ്സോസിയേഷൻ പാഠ്യപദ്ധതി അനുസരിച്ചായിരുന്നു പഠനം നടത്തിയിരുന്നത്.

1973 മുതൽ സണ്ടേസ്കൂൾ പ്രവർത്തനസമയം ഞായറാഴ്ച വി.കുർബ്ബാനയോടുകൂടി ആരംഭിച്ച് ഉച്ചയ്ക്ക് 12.30 വരെയായി നിജപ്പെടുത്തി ശ്രീ. പി.പി.ഇയ്യുക്കുട്ടി അവർകളുടെ കാലഘട്ടത്തിൽ അദ്ദേഹത്തിനുവേണ്ടി ശ്രീ.സി.എം. ജോബ് കുറച്ചുനാൾ ചുമതലവഹിച്ചു. എം.ജി.എം.എ സണ്ടേസ്കൂൾ ബ്രാഞ്ച് സെക്രട്ടറി ശ്രീ സി.വി. ഉല്ലാസിനെ പിന്നീട് ഹെഡ്മാസ്റ്ററായി നിയമിച്ചു.

പള്ളിയകത്ത് വിവാഹകൂദാശ നടത്തുന്ന ദിവസങ്ങളിൽ സണ്ടേസ്കൂൾ പ്രവർത്തനത്തിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ പള്ളിയുടെ വടക്കുവശത്ത് ഷീറ്റു മേഞ്ഞ ഒരു കെട്ടിടം പണിയുവാൻ ആർത്താറ്റ് കുന്നംകുളം മഹാ ഇടവക പൊതുയോഗം തീരുമാനിക്കുകയുണ്ടായി. ശ്രീ ടി.ഐ. ഉട്ടൂപ്പ് കൺവീനറായുള്ള കമ്മറ്റി 1982 ൽ കെട്ടിടം പൂർത്തിയാക്കുകയും ചെയ്തു.

കുന്നംകുളം ഭദ്രാസനത്തിന്റെ ആദ്യത്തെ അദ്ധ്യാപക പ്രതിനിധിയായി സണ്ടേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ സി.വി.ഉല്ലാസ് തെരഞ്ഞെടുക്കപ്പെട്ടു. ഭദ്രാസത്തിലെ ആദ്യത്തെ ത്രിദിന അദ്ധ്യാപക ക്യാമ്പ് നടത്തുവാൻ നമുടെ സണ്ടേസ്കൂളിനു ഭാഗ്യം ലഭിച്ചു. ജില്ലാ ഏകദിന ക്യാമ്പുകളും ഭദ്രാസന ഒ.വി.ബി.എസ് പരിശീലന ക്യാമ്പുകളും ഇവിടെ അനേക തവണ നടത്തുവാൻ അവസരം ലഭിക്കുകയുണ്ടായി. ഞങ്ങളുടെ ഹെഡ്മാസ്റ്റർ ശ്രീ. സി.വി.ഉല്ലാസിനെ കുന്നംകുളം ഭദ്രാസന സണ്ടേസ്കൂൾ ഡയറക്ടറായും സഭാ മാനേജിംഗ് കമ്മറ്റി മെമ്പറായും ഞങ്ങളുടെ അദ്ധ്യാപകൻ ശ്രീ.കെ.സി. ലോഫ്സൺ മാസ്റ്ററെ ആർത്താറ്റ് ജില്ലാ സണ്ടേസ്കൂൾ ഇൻസ്പെക്ടറായും തെരഞ്ഞെടുത്തത് ഞങ്ങൾക്കു ഏറെ സന്തോഷത്തിന് അവസരം നല്കി. നമുടെ സണ്ടേസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും പൂർവ്വ അദ്ധ്യാപകനും ദിവ്യബോധനം ആദ്യബാച്ചിലെ വിദ്യാർത്ഥിയും ആയ ശ്രീ.പി.പി.ജോർജ്ജുകുട്ടി പുരോഹിത പദവിലേക്കുയർത്തപ്പെട്ടപ്പോൾ ഞങ്ങൾ അദ്ദേഹത്തെ അനുമോദിച്ചു. പിന്നീട് അദ്ദേഹം ഡോക്ടറേറ്റ് നേടിയപ്പോൾ വീണ്ടും അഭിനന്ദിക്കുവാൻ അവസരം ലഭിച്ചു. ബഹു.ജോർജ്ജ് പുലിക്കോട്ടിൽ അച്ചനെ മെത്രാപ്പോലീത്താസ്ഥാനത്തേക്ക് തെരഞ്ഞെടുത്തപ്പോൾ ഏറ്റവും സന്തോഷിച്ചത് സണ്ടേസ്കൂൾ ആയിരുന്നു. അദ്ദേഹം നമ്മുടെ ക്ഷണം സ്വീകരിച്ച് സണ്ടേസ്കൂളിൽ വരികയും ആ സന്തോഷത്തിൽ

പങ്കുചേരുകയും ചെയ്തു. അഭിവന്ദ്യ ഡോ.ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായുടെ പൗരോഹിത്യ ജൂബിലിയും ആഘോഷിക്കുവാൻ സണ്ടേസ്കൂളിന് അവസരം കിട്ടി. കുന്നംകുളം സഹായ മെത്രാപ്പോലീത്തയായി ചുമതല ഏറ്റ ഉടൻ നമ്മുടെ സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിൽ നടന്ന ആർത്താറ്റ് ജില്ലാ സണ്ടേസ്കൂൾ ഏകദിന സമ്മേളനത്തിൽ വെച്ച് 2017 മെയ് 18 ന് അദ്ദേഹത്തെ ആദരിക്കുവാൻ നമുക്ക് സാദ്ധ്യമായി. തദവസരത്തിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന നമ്മുടെ സണ്ടേസ്കൂളിന്റെ പ്രസിഡന്റ് റവ.ഫാ.സ്റ്റീഫൻ ജോർജ്ജിനേയും അനുമോദിക്കുവാൻ നമുക്ക് അവസരം ലഭിച്ചു.

സണ്ടേസ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയും അദ്ധ്യാപികയുമായിരുന്ന ശ്രീമതി മേരി പി.ഐയെ കേരള സർവ്വകലാശാലയിലെ എം.എ. പരീക്ഷയ്ക്ക് 90 ലെ ഒന്നാം റാങ്ക് കരസ്ഥമാക്കിയതിന് അനുമോദിക്കുകയുണ്ടായി. കേരളത്തിൽ പോളിടെക്നിക് പരീക്ഷയിൽ 99 ൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ ശ്രീ. കെ.ഐ പോൾ സണ്ടേസ്കൂളിന്റെ അഭിമാനമാണ്. 2001 ആഗസ്റ്റ് 18 ന് ഞങ്ങളിൽ നിന്ന് പരലോകപ്രാപ്തനായ ഉല്ലാസ് മാസ്റ്ററേയും ഏഴാം ക്ലാസ്സ് അദ്ധ്യാപികയായിരിക്കെ ശാരീരികമായി ഞങ്ങളിൽ നിന്നും വേർപ്പെട്ടുപോയ ലില്ലി ടീച്ചറേയും ആറാം ക്ലാസ്സ് വിദ്യാർത്ഥിയായിരിക്കെ മൺമറഞ്ഞുപോയ ഷൈനി സൈമണേയും പ്രത്യേകം അനുസ്മരിക്കുന്നു..

അഖില മലങ്കര അടിസ്ഥാനത്തിലെ മത്സര പരീക്ഷയ്ക്ക് 7, 8 ക്ലാസ്സുകളിൽ തുടർച്ചയായി റാങ്ക് കരസ്ഥമാക്കിയ ഞങ്ങളുടെ സണ്ടേസ്കൂൾ വിദ്യാർത്ഥിയും ഇപ്പോഴത്തെ അദ്ധ്യാപികയുമായ കെ.എൽ ക്ലൗദിയ, 5-ാം ക്ലാസ്സിൽ റാങ്ക് നേടിയ ഞങ്ങളുടെ സണ്ടേസ്കൂൾ വിദ്യാർത്ഥി ലിനി.സി.ഡി എന്നിവരെ ആദരിക്കുവാൻ ഞങ്ങൾക്ക് അവസരം ലഭിച്ചു. കുന്നംകുളം ഭദ്രാസന കൗൺസിൽ മെമ്പറായി തിരഞ്ഞെടുക്കപ്പെട്ട ഞങ്ങളുടെ ലോഫ്സൺ മാസ്റ്റർ ഭദ്രാസന ത്തിന്റെ പ്രസിദ്ധീകരണമായ സഭാ ജ്യോതിസ്സ് എന്ന ത്രൈമാസികയുടെ ആദ്യത്തെ ചീഫ് എഡിറ്ററായി നിയമിക്കപ്പെട്ടതിലും ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥി ശ്രീ. സി.കെ.ബാബു, സഭാ മാനേജിംഗ് കമ്മറ്റി മെമ്പറായി തിരഞ്ഞെടുക്കട്ടപ്പെട്ടതിലും ഞങ്ങൾ അതീവ സന്തുഷ്ടരാണ്. 2015 മുതൽ ലോഫ്സൺ മാസ്റ്റർ സണ്ടേസ്കൂൾ പരീക്ഷ ബോർഡ് മെമ്പറായി പ്രവർത്തിച്ചുവരുന്നു. അഭിവന്ദ്യ യൂലിയോസ് തിരുമേനി, ഫാ. പത്രോസ്. ജി. പുലിക്കോട്ടിൽ (ഭദ്രാസന വൈദീക സംഘം മുൻ സെക്രട്ടറി) ഫാ. ജെയ്ക്കബ് റ്റി.സി (ഇപ്പോഴത്തെ വൈദീക സംഘം ഭദ്രാസന സെക്രട്ടറി), ഫാ.ഇയ്യോബ് ഒ.ഐ.സി (ബഥനി) എന്നീപൂർവ്വ വിദ്യാർത്ഥികൾ ഞങ്ങളുടെ അഭിമാനമാണ്. ശ്രീ.ഗ്രിഗറി സാം വിൽസൺ, എം.ജി.ഒ.സി.എസ്. എം, ബാലസമാജം എന്നീ പ്രസ്ഥാനങ്ങളുടെ ഭദ്രാസന ചുമതല വഹിക്കുവാൻ തിരഞ്ഞെടുക്കപ്പെട്ടതിൽ ഞങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ എം.ടെക് ഫുഡ് പ്രോസസിംഗ് & അഗ്രികൾച്ചറൽ എഞ്ചിനീയറിംഗിൽ 2017 ലെ ഒന്നാം റാങ്ക് നേടിയ കെ.എൽ. ക്ലൗദിയയെ ആദരിക്കുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷം സീമാതീതമാണ്.

ഞങ്ങളുടെ അദ്ധ്യാപകരിൽ ഭൂരിഭാഗം പേരും സണ്ടേസ്കൂൾ 12-ാം ക്ലാസ്സ് യോഗ്യത നേടിയവരാണ ്കുറേപേർ ദിവ്യബോധനം കോഴ്സ് പാസായവരുമാണ്. മദ്ധ്യവേനലവധികാലത്ത് കുഞ്ഞുങ്ങൾക്ക് ഇമ്പകരമായ ഒ.വി.ബി.എസ് ക്ലാസ്സുകൾ കഴിഞ്ഞ മൂന്നു ദശാബ്ദക്കാലത്തിലധികമായി നടത്തി വരുന്നു. 2001 ഏപ്രിൽ മുതൽ ഹെഡ്മാസ്റ്ററുടെ ചുമതല വഹിക്കുന്നത് കെ.സി. ലോഫ്സൺ മാസ്റ്ററാണ്. ഇടവകയിൽ നിന്നുള്ള ഗ്രാന്റും ഉദാരമതികളിൽ നിന്നുള്ള സംഭാവനയുമാണ് ധനാഗമമാർഗ്ഗങ്ങൾ. സ്റ്റാഫ് മീറ്റിംഗ് ചേർന്ന് യുക്തമായ തീരുമാനങ്ങൾ എടുത്ത് പ്രവർത്തനം സുഗമമായി നടത്തിവരുന്നു.

2007ൽ ഇടവകയെ ആർത്താറ്റ് കുന്നംകുളം മഹാ ഇടവകയിൽ നിന്ന് വിടുർത്തി ഒരു സ്വതന്ത്ര്യ ഇടവകയായി പ്രഖ്യാപിച്ചതുമുതൽ വികാരിമാരായി സേവനം അനുഷ്ഠിച്ച റവ.ഫാ. സാമുവേൽ വി.എം. റവ.ഫാ.ജോസഫ് ചെറുവത്തൂർ, റവ.ഫാ.സ്റ്റീഫൻ ജോർജ്ജ് ഇപ്പോളത്തെ വികാരി റവ.ഫാ.ജോൺ ഉറുമ്പിൽ എന്നിവർ സണ്ടേസ്കൂളിനെ കൂടുതൽ സ്നേഹക്കുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശം നല്കുകയും ചെയ്തുതരുന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്. റവ.ഫാ.വി.എം. സാമുവേൽ അച്ചൻ വികാരിയായിരിക്കെയാണ് പള്ളിയുടെ കിഴക്കുഭാഗത്തേക്ക് സണ്ടേസ്കൂൾ ക്ലാസ്സുകൾ മാറ്റിയത്.

സണ്ടേസ്കൂൾ പ്രവർത്തനത്തെ പ്രാർത്ഥനാകരങ്ങളിൽ വഹിക്കുന്ന ഏവരേയും ഞങ്ങൾക്കു മാർഗ്ഗ നിർദ്ദേശം നൽകുന്ന വികാരിയേയും ഞങ്ങൾക്കു പ്രോത്സാഹനം നൽകുന്ന മാതാപിതാക്കളേയും സഹായസഹകരണങ്ങൾ ചെയ്തുതരുന്ന കൈസ്ഥാനിയേയും പള്ളി മാനേജിംഗ് കമ്മറ്റിയേയും അഭ്യുദയകാംക്ഷികളേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു അവരേവർക്കും ആത്മാർത്ഥമായ കൃതഞ്ജത അർപ്പിക്കുന്നു. കാരുണ്യവാനായ കർത്താവിന്റെ കൃപയിൽ ആശ്രയിച്ചുകൊണ്ടും പരിശുദ്ധ പരുമല തിരുമേനിയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിച്ചുകൊണ്ടും റിപ്പോർട്ട് ഉപസംഹരിക്കുന്നു. ■

ജോളമ്മ പത്രോസ്, സ്റ്റാഫ് സെക്രട്ടറി

എഡിറ്റോറിയൽ

കുന്നംകുളം പ്രദേശത്തിന്റെ ആത്മീയ വളർച്ചയിൽ നിർണ്ണായ ഭാഗധേയത്വം വഹിക്കുന്ന മെയിൻ റോഡ് സെന്റ് ഗ്രീഗോറിയോസ് സ്മാരക കുരിശുനോട് ചേർന്ന് 1968 ൽ സ്ഥാപിതമായ ദേവാലയത്തിന്റെ കനകജൂബിലിയോടനുബന്ധിച്ച് ഒരു സ്മരണികയും ഇടവക ഡയറക്ടറിയും പ്രസിദ്ധീകരിക്കണമെന്ന് പൊതുയോഗം നിശ്ചയിച്ച് ചുമതല ഏൽപിച്ചപ്പോൾ സിൽവർ ജൂബിലി സോവനീർ പ്രസിദ്ധീകരണത്തിന്റെ അനുഭവങ്ങളും കൂടെ വന്ന് കൂടെ നിന്ന പ്രിയപ്പെട്ട ഉല്ലാസേട്ടനും ആണ് ഓർമ്മയിൽ ഓടിയെത്തിയത്. പരുമല പരിശുദ്ധനോടുള്ള ആദരവും ഭക്തിയും മൂലം സാഹിത്യസൃഷ്ടികൾ വളരെ പെട്ടെന്ന് ലഭിക്കുകയുണ്ടായി. സമയത്തിന്റേയും സ്ഥലത്തിന്റേയും പരിമിതിമൂലം ചിലത് നീക്കിവെക്കേണ്ടിവന്നതിൽ ഖേദിക്കുന്നു.

ഫലങ്ങളെ ആസ്വദിയ്ക്കുമ്പോൾ വൃക്ഷങ്ങളെ നട്ടവരേയും നനച്ചവരേയും ഓർക്കേണ്ടതുണ്ടല്ലോ വരാനിരിക്കുന്നവർക്ക് സുഖഗമനം സാധ്യമാക്കുവാൻ വഴിത്താരയിലെ കല്ലിനേയും മുള്ളിനേയും പഴിക്കാതെ അവയെ പെറുക്കികളയുന്നവരാണല്ലോ ശ്രേഷ്ഠർ അത്തരം മഹത് വ്യക്തികളുടെ അനുഗ്രഹീത ദർശനവും സ്പർശനവും ഏറ്റുവാങ്ങിയ പാരമ്പര്യമാണ് ഇവിടെ പങ്കുവെയ്ക്കുവാൻ ശ്രമിച്ചിട്ടുള്ളത്. -ഇത് സാർത്ഥകമാക്കാൻ ഒരു പരിശ്രമമാണ് ഈ ഉദ്യമം ദേവാലയത്തിന്റെ ചരിത്രവീഥിയിൽ തങ്ങളുടെ ആശ്രാന്തപരിശ്രമം കൊണ്ട് നാഴികകല്ലുകൾ സ്ഥാപിച്ച മൺമറഞ്ഞ ധിഷണ ശാലികളെ ഏവരേയും സ്മരിക്കുന്നു. ഈ ഉദ്യമം പൂർത്തിയാക്കുവാൻ സഹായിച്ചവർ നിരവധിയാണ്. വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയ ഫാ.ജോൺ ഉറുമ്പിൽ, ഫാ.ഇയ്യോബ് ഒ.എ.സി, സ്മരണികയിലേക്ക് രചനകൾ നൽകിയവർ സാമ്പത്തികമായി പിന്തുണച്ചുകൊണ്ട് പരസ്യം നൽകിയവർ, പരസ്യം ശേഖരിച്ചവർ, പ്രോത്സാഹനം തന്നവർ ഇടവക ട്രസ്റ്റി, സെക്രട്ടറി, മാനേജിംഗ് കമ്മറ്റി അംഗങ്ങൾ ആത്മീയ സംഘടന ഭാരവാഹികൾ, ഫോട്ടോഗ്രഫി സഹായം നൽകിയ ജോജിൻ രാജു, ബിമിൻ പി.ഐ, ഡി.റ്റി.പ്പി യും മനോഹരമായ ലേഔട്ടും, ഡിസൈനിങ്ങും നിർവ്വഹിച്ച ഡോട്ട് ക്രിയേഷനിലെ ജിമ്മി, ജിന്റോ, മുദ്രണം നിർവ്വഹിച്ച കേരള ഓഫ്സെറ്റ് പ്രിന്റേഴ്സ് ഉടമ കെ.ഐ.ബിജു, പ്രസ്സിലെ ജീവനക്കാർ - ഏവർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത...

പരിശ്രമത്തിന്റെ സമഗ്രതയോ പൂർണതയോ അവകാശപ്പെടുന്നില്ല. പരുമല പരിശുദ്ധന്റെ സാന്നിദ്ധ്യം ഈദേവാലയത്തിൽ അനുഭവിച്ചറിയുവാനും പരിശുദ്ധ പിതാക്കൻമാരുടെ അനുകരണയോഗ്യമായ മാതൃക ഉൾകൊള്ളുവാനും ഒരു ഉൾവിളി ഉണ്ടാക്കുവാൻ കഴിഞ്ഞാൽ ശ്രമം സാഫല്യമായി. "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികളാകുവിൻ" (1കൊരിന്ത്യർ 11:1) എന്ന പൗലോസ് അപ്പോസ്തോലന്റെ വാക്കുകൾക്ക് ചെവികൊടുക്കാം. ഈ യത്നത്തിൽ സഹായിച്ച ഏവർക്കും ഒരിക്കൽകൂടി നന്ദി..നന്ദി..നന്ദി..

ആദരവോടെ...

സുവനീർ എഡിറ്റോറിയൽ ബോർഡിനുവേണ്ടി
ലോഫ്സൺ.കെ.സി

ഗോൾഡൻ ജൂബിലി സമാപന സമ്മേളനം


SELVIN
ELECTRICALS
Wadakkanchery Road or Byju Road, Kunnamkulam - 680 503, Thrissur Dt.
Ph: 04885 - 224588, 225316 | selvinelectricals@gmail.com
Wholesale & Retail Dealers in : Electrical Accessories & All Electrical Goods Etc.
HAVELLS
Finolex
khaitan
The name is enough
USHA
legrand
ALMONARD
Crompton Greaves
hager
VIVA
GM
V-GUARD
PHILIPS
ANCHOR
CONA
Original Genuine
LUKER
LARSEN & TOUBRO
RTC
Goldmedal
SWITCHES & SYSTEMS

ഫാ.ജോൺ ഉറുമ്പിൽ
(വികാരി)

സീത രവീന്ദ്രൻ
(മുൻസിപ്പൽ ചെയർപേഴ്സൺ)

ഫാ.റ്റി.പി.ഗീവർഗ്ഗീസ്
(ഭദ്രാസന സെക്രട്ടറി)

ഫാ.റ്റി.സി.ജേക്കബ്ബ്
(ഭദ്രാസന വൈദീക സംഘം സെക്രട്ടറി)

ഫാ.സോളമൻ ഒ.ഐ.സി
(ബഥനി ആശ്രമം)

സി.കെ.ബാബു
(സഭാ മാനേജിംഗ് കമ്മറ്റി)

റ്റി.സി.പോൾ
(പ്രോഗ്രാം കൺവീനർ)

സുമ ഗംഗാധരൻ
(വാർഡ് കൗൺസിലർ)

കെ.സി.ലോഫ്സൺ
(റിസപ്ഷൻ കൺവീനർ)

50–ാം സ്ഥാപക പെരുന്നാൾ – മൂന്നിന്മേൽ വി. കുർബ്ബാന

പരി. കാതോലിക്കാബാവ, അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ്, ഡോ. സക്കറിയാസ് മാർ അപ്രേം എന്നിവരുടെ കാർമ്മികത്വത്തിൽ

മദ്ബഹ ശുശ്രൂഷക സംഘം

In loving Memory of

P.I. ITTOOP

20 December 2005

Inserted by: ALP School, Cheruchalpuram

പരിശുദ്ധനായ ചാത്തുരുത്തിൽ
ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ
പുണ്യ പാദങ്ങളിൽ ഭക്ത്യാദരപൂർവ്വം നമിച്ചുകൊണ്ട്

ലെഫ്നന്റ് കേണൽ ചാത്തുരുത്തിൽ
മത്തായി ജോർജ്ജും കുടുംബാംഗങ്ങളും
(Lt.Col C.M. George - Rtd- & Family)